# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോട്ടയം ജില്ലാ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.കെടിഎം.പി.16/375/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 05/04/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോട്ടയം ജില്ലാ പഞ്ചായത്ത്

സർ,

വിഷയം : കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഇമെയിൽ മുഖാന്തിരം)
2. സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
4. ഓഫീസ് കോപ്പി

നമ്പർ: കെഎസ്എ.കെടിഎം.പി.16/375/2023 തീയ്യതി: 05/04/2023

## കോട്ടയം ജില്ലയിലെ കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2022 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 53 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഷൈജു.എസ് | സീനിയർഡെപ്യൂട്ടിഡയറക്ടർ | 01-08-2022 | 06-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 01-08-2022 | 06-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.മായ ആർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി സുധാ ജേക്കബ്, ഓഡിറ്റ് ഓഫീസർ
ശ്രീ രാജേഷ് എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സാറാമ്മ ജോൺ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ഷാജിമോൻ പി.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ ശിവരാജ് പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ജോബി കുര്യൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി നിർമ്മല ജിമ്മി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ സിജു തോമസ് | സെക്രട്ടറി | 01-04-2021 | 30-09-2021 |
| ശ്രീമതി മേരി ജോ വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-10-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുരേഷ് എസ് | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-05-2021 |
| അനില അന്ന വർഗ്ഗീസ് | എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇൻ ചാർജ്) | 01-06-2021 | 11-07-2021 |
| അശോകൻ റ്റി.എം | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 12-07-2021 | 31-03-2022 |
| അനില അന്ന വർഗ്ഗീസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇൻ ചാർജ്) | 01-04-2021 | 04-10-2021 |
| വറുഗീസ് ഈപ്പൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 06-10-2021 | 31-03-2022 |
| ഡോ ബിന്ദുകുമാരി | സൂപ്രണ്ട്, ജില്ലാ ആശുപത്രി | 01-04-2021 | 31-03-2022 |
| ഷിനോ പി.എസ് | പ്രോജക്റ്റ് ഡയറക്ടർ, പിഎയു | 01-04-2021 | 31-03-2022 |
| മനോജ്കുമാർ പി.കെ | അസിസ്റ്റന്റ് ഡയറക്ടർ,റീജിയണൽപൌൾട്രിഫാം, മണർകാട് | 01-04-2021 | 31-03-2022 |
| സബിത.പി | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-05-2021 |
| അജിമോൻ റ്റി.എസ് | പട്ടികജാതി വികസന ഓഫീസർ | 01-06-2021 | 26-01-2022 |
| സുനിൽ എം.എസ് | പട്ടികജാതി വികസന ഓഫീസർ | 27-01-2022 | 31-03-2022 |
| ഗീത അലക്സാണ്ടർ | ഫാം സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം,കോഴ | 01-04-2021 | 15-09-2021 |
| റെജിമോൾ തോമസ് | ഫാം സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം, കോഴാ | 16-09-2021 | 31-03-2022 |
| നിഷ മേരി സിറിയക്ക് | സീനിയർ അഗ്രികൾച്ചറൽ ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം, കോഴ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| രതീഷ് ജെ.ബാബു | പ്രിൻസിപ്പാൾ,ഗവ വി എച്ച് എസ് എസ്, പാമ്പാടി | 01-04-2021 | 31-03-2022 |
| ബെന്നി വില്യം | ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസ് | 01-04-2021 | 31-03-2022 |
| ഡോ ജേക്കബ് വർഗ്ഗീസ് | ജില്ലാ മെഡിക്കൽ ഓഫീസർ, കോട്ടയം | 01-04-2021 | 15-11-2021 |
| ഡോ. പ്രിയ എൻ | ജില്ലാ മെഡിക്കൽ ഓഫീസർ, കോട്ടയം | 16-11-2021 | 31-03-2022 |
| അഭിലാഷ് കെ.ദിവാകർ | ജില്ലാ മിഷൻ കോഓർഡിനേറ്റർ, കുടുംബശ്രീ | 01-04-2021 | 31-03-2022 |
| റീന ജോൺ | കൃഷി ഡെപ്യൂട്ടി ഡയറക്ടർ | 01-04-2021 | 31-03-2022 |
| അജി വിൽബർ | ജില്ലാ മെഡിക്കൽ ഓഫീസർ, ഹോമിയോ കോട്ടയം | 01-04-2021 | 31-03-2022 |
| ബിന്ദു കെ. | ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം | 01-04-2021 | 11-07-2021 |
| എൻ.സുജയ | ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം | 12-07-2021 | 31-03-2022 |
| ജയശ്രീ സി. | ഡി.എ.ഓ.(ഐ.എസ്.എം.) | 01-04-2021 | 31-03-2022 |
| ഡോ.ആർ.വി.അജിത്ത് | ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| സുമേഷ് കുമാർ റ്റി. | അസിസ്റ്റന്റ് എക്സി.എൻജിനീയർ, കൃഷി | 01-04-2021 | 31-03-2022 |
| നിഷ മേരി സിറിയക് | സീനിയർ അഗ്രിക്കൾച്ചർ ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം, വാലാച്ചിറ | 01-04-2021 | 29-04-2021 |
| എൻ.എ.റഫീഖ് | സീനിയർ അഗ്രിക്കൾച്ചർ ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം, വാലാച്ചിറ | 30-04-2021 | 31-03-2022 |
| ചന്ദ്രബോസ് പി.പി. | ജില്ലാ സാമൂഹ്യനീതി ഓഫീസർ | 01-04-2021 | 30-04-2021 |
| പ്രമോദ് കുമാർ എൻ.പി. | ജില്ലാ സാമൂഹ്യനീതി ഓഫീസർ | 01-05-2021 | 05-12-2021 |
| ജോസഫ് റിബല്ലോ | ജില്ലാ സാമൂഹ്യനീതി ഓഫീസർ | 06-12-2021 | 09-01-2022 |
| പ്രോമോദ്കുമാർ എൻ.പി. | ജില്ലാ സാമൂഹ്യനീതി ഓഫീസർ | 10-01-2022 | 16-01-2022 |
| ജോസഫ് റിബല്ലോ | ജില്ലാ സാമൂഹ്യനീതി ഓഫീസർ | 17-01-2022 | 01-03-2022 |
| പ്രമോദ് കുമാർ എൻ.പി. | ജില്ലാ സാമൂഹ്യനീതി ഓഫീസർ | 02-03-2022 | 31-03-2022 |
| സിൽവി മാത്യൂ | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം | 01-04-2021 | 28-10-2021 |

| | | | |
|---|---|---|---|
| | (ഇൻ-ചാർജ്ജ്) | | |
| ജയലക്ഷ്മി | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം (ഇൻ-ചാർജ്ജ്) | 29-10-2021 | 09-11-2021 |
| റാഫി പോൾ | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം (ഇൻ-ചാർജ്ജ്) | 10-11-2021 | 12-11-2021 |
| ജയലക്ഷ്മി | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം (ഇൻ-ചാർജ്ജ്) | 12-11-2021 | 28-11-2021 |
| റാഫി പോൾ | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം (ഇൻ-ചാർജ്ജ്) | 29-11-2021 | 17-12-2021 |
| സി.ആർ.ശാരദ | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം (ഇൻ-ചാർജ്ജ്) | 18-12-2021 | 23-01-2022 |
| മിനി ജോസഫ് | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം | 24-01-2022 | 31-03-2022 |
| അർജ്ജുനൻപിള്ള ആർ | മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം | 01-04-2021 | 31-03-2022 |
| റെനി കെ.ഉമ്മൻ | ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം | 01-04-2021 | 04-05-2021 |
| ജയദേവൻ | ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം | 05-05-2021 | 31-03-2022 |
| ഡോ.ജയശ്രീ സി | ജില്ലാ മെഡിക്കൽ ഓഫീസർ, ഐ.എസ്.എം. | 01-04-2021 | 31-03-2022 |
| റ്റി.കെ.ചന്ദ്രശേഖരൻ | സൂപ്രണ്ട്, ജില്ലാ ഹോമിയോ ആശുപത്രി | 01-04-2021 | 30-04-2021 |
| ഗീതാ കെ.ശ്രീനിവാസൻ | സൂപ്രണ്ട്, (ഇൻ-ചാർജ്ജ്), ജില്ലാ ഹോമിയോ ആശുപത്രി | 01-05-2021 | 31-05-2021 |
| സ്മിതാ എം.പീതാംബരൻ | സൂപ്രണ്ട്, ജില്ലാ ഹോമിയോ ആശുപത്രി | 01-06-2021 | 16-02-2022 |
| സുകുമാരി എ.റ്റി. | സൂപ്രണ്ട്, ജില്ലാ ഹോമിയോ ആശുപത്രി | 17-02-2022 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് വിശകലനം | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്യാഷ് വെരിഫിക്കേഷൻ | 1-6 |
| 7 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | 2020 വർഷം ലഭിച്ച 5,000/- രൂപയുടെ ചെക്ക് എൻക്യാഷ് ചെയ്തില്ല | 1-9 |
| 10 | 8.08 കോടി രൂപ വിവിധ ഏജൻസികളിൽ നിക്ഷേപിച്ചതിന്റെ വിശദാംശമില്ല | 1-10 |
| 11 | വിവിധ ഡെപ്പോസിറ്റുകൾ ലഭിച്ചത് സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ ക്രോഡീകരിച്ചിട്ടില്ല- കണക്കുകളിൽ അവ്യക്തത | 1-11 |
| 12 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും മറ്റ് തദ്ദേശ സ്ഥാപന വിഹിതങ്ങളുടെയും വിനിമയം- അപാകതകൾ | 1-12 |
| 13 | വാണിജ്യബാങ്ക് അക്കൗണ്ടിൽ വികസനഫണ്ട്, ജിഎസ് ടി തുകകളുടെ നിക്ഷേപം ക്രമവിരുദ്ധം | 1-13 |
| 14 | ടെൻഡർ ഫീസിനത്തിൽ ലഭിച്ച തുക കൃഷി വകുപ്പ് ഡയറക്ടറുടെ അക്കൗണ്ടിൽ സൂക്ഷിക്കുന്നു-ജില്ലാപഞ്ചായത്തിന് തിരികെ ലഭിച്ചില്ല | 1-14 |
| 15 | എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള SBI അക്കൗണ്ട് - അക്കൗണ്ടിന്റെ ആവശ്യകത വ്യക്തമല്ല. | 1-15 |
| 16 | ടെൻഡർ ഫീസിനത്തിൽ 2.04 കോടി രൂപ എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ -മറ്റ് തദ്ദേശസ്ഥാപനങ്ങൾക്ക് നൽകാനുള്ള തുക സംബന്ധിച്ചും ജില്ലാപഞ്ചായത്ത് തനത് ഫണ്ടിലേക്ക് ലഭ്യമാക്കേണ്ട തുക സംബന്ധിച്ചും വ്യക്തമായ കണക്കുകളില്ല. | 1-16 |
| 17 | വിവിധ സ്ഥാപനങ്ങളിലെ ലേലനടപടികൾ - തുക പൂർണ്ണമായും ജില്ലാപഞ്ചായത്തിന് ലഭ്യമായിട്ടില്ല | 1-17 |
| 18 | ഹാർവെസ്റ്റർ വാടക ജില്ലാ പഞ്ചായത്തിൽ അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല | 1-18 |
| 19 | ഹൈക്കോടതിയിൽ കെട്ടിവച്ച തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ചില്ല | 1-19 |
| 20 | കാഞ്ഞിരപ്പള്ളി -മീഡിയാസെന്റർ - ഗ്രാമപഞ്ചായത്തിന് കൈമാറിയതിന്റെ | 1-20 |

| | | |
|---|---|---|
| | വിശദാംശങ്ങൾ - ലഭ്യമായില്ല | |
| 21 | ഓണം അഡ്വാൻസ് -തുക തിരികെ ഈടാക്കിയിട്ടില്ല | 1-21 |
| 22 | മിനിമാസ്റ്റ്/ഹൈമാസ്റ്റ് ലൈറ്റുകളുടെ സ്ഥാപനം നടപടി ക്രമം പാലിച്ചില്ല | 1-22-1 |
| 23 | മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി ഹൈമാസ്റ്റ് /മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചു | 1-22-2 |
| 24 | ജില്ലാ പഞ്ചായത്തിൽ പ്രോജക്ടുകളുടെ നിർവ്വഹണവും വെറ്റിങ്ങും ഒരേ ഉദ്യോഗസ്ഥൻ നൽകുന്നു | 1-22-3 |
| 25 | സർക്കാർ അനുമതി ഇല്ലാതെ ആംബുലൻസ് വാങ്ങി | 1-23 |
| 26 | സംയുക്ത പ്രോജക്ടുകൾക്ക് വിഹിതം നൽകൽ- ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-24 |
| 27 | നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമല്ല. | 1-25 |
| 28 | ക്യാൻകോട്ടയം- ഫിറ്റ് കോട്ടയം-പാല ജനറൽ ആശുപത്രിക്ക് റേഡിയേഷൻ മെഷീൻ വാങ്ങൽ -മെഷീൻ നാളിതുവരെ ലഭ്യമായില്ല-ആവശ്യമായ തുക KMCSL ന് നൽകിയിട്ടില്ല | 1-26 |
| 29 | വൈക്കം താലൂക്ക് ആശുപത്രിയിൽ മാമോഗ്രാം സ്ഥാപിക്കൽ-വ്യക്തമായ ധാരണയില്ലാതെ സ്വാകാര്യ ബാങ്കിൽ 1.40 കോടി രൂപ നിക്ഷേപിച്ചു- പ്രൊജക്ട് ലക്ഷ്യം കൈവരിച്ചില്ല | 1-27 |
| 30 | കൊയ്ത്ത് മെതിയന്ത്രങ്ങൾ വാങ്ങൽ- ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല | 1-28 |
| 31 | കസ്റ്റം ഹയറിങ്ങ് സെന്റർ -കൊയത്ത് മെതിയന്ത്രങ്ങളുടെ അറ്റകുറ്റപ്പണി - വാങ്ങൽ നടപടിക്രമങ്ങളിൽ അപാകത | 1-29 |
| 32 | ലക്ഷങ്ങൾ ചെലവഴിച്ച് വാങ്ങിയ കൊയ്ത്തുത്ത് മെതിയന്ത്രങ്ങൾ നാശോന്മുഖമായ നിലയിൽ | 1-30 |
| 33 | തലയാഴം പഞ്ചായത്തിൽ പാലച്ചുവട് -പുത്തൻപാലം(ആമേട) – ഉല്ലല -തൃപ്പൊക്കടം തോട് തെളിയിക്കൽ- ആവശ്യാധിഷ്ഠിതമല്ലാതെയുള്ള പ്രവൃത്തി നിർവ്വഹണം-ചെലവ് നിരാകരിക്കുന്നു | 1-31 |
| 34 | മുളക്കുളം -കുന്നപ്പള്ളി -ഇടയാറ്റ് പാടശേഖരം -തോട് ആഴം കൂട്ടൽ -പ്രോജക്റ്റ് പൂർത്തീകരിച്ചില്ല- നീരൊഴുക്ക് തടസ്സപ്പെടാൻ സാദ്ധ്യത | 1-32 |
| 35 | കുറിച്ചി പഞ്ചായത്തിലെ കൊല്ലറ മണ്ണങ്കര ഫാം റോഡ് നിർമ്മാണത്തിൽ അപാകതകൾ | 1-33 |
| 36 | സമഗ്ര എബിസി പ്രൊജക്റ്റ് - ചെലവ് രേഖകൾ കൃത്യമല്ല | 1-34 |
| 37 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകൽ-- സർക്കാർ ഉത്തരവിന് വിരുദ്ധമായി ഉയർന്ന നിരക്കിലെ ലാപ് ടോപ്പ് വാങ്ങി നൽകി | 1-35 |
| 38 | വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, നിർവ്വഹിച്ച പ്രോജക്ട് സംബന്ധമായ രേഖകൾ ലഭ്യമല്ല. | 1-36 |
| 39 | കങ്ങഴഡിവിഷൻ- വെള്ളാവൂർ ഗ്രാ.പ-പൂണിക്കാവ് എസ് സി കുടിവെള്ളപദ്ധതി-ജിഎസ് ടി അധികമായി നൽകി- തിരികെ ഈടാക്കിയില്ല | 1-37 |

| | | |
|---|---|---|
| 40 | കാഞ്ഞിരപ്പള്ളി ഡിവിഷൻ- മണിമല പഞ്ചായത്ത്-1-ാം വാർഡിൽ പഞ്ചായത്ത് സ്റ്റേഡിയത്തിൽ ഓപ്പൺ സ്റ്റേജ്- നിർമ്മാണം പാതി വഴിയിൽ ഉപേക്ഷിച്ച നിലയിൽ- | 1-38 |
| 41 | തലയാഴം ഡിവിഷനിൽ കല്ലറ പഞ്ചായത്ത്- നെട്ടിത്തറ പാറേൽ റോഡ് നിർമ്മാണം-പ്രൊജക്റ്റ് ഫലപ്രാപ്തിയെത്തിയില്ല | 1-39 |
| 42 | കടുത്തുരുത്തി ഡിവിഷൻ-ഞീഴൂർ ഗ്രാമപഞ്ചായത്ത്- വനിത തൊഴിൽ പരിശീലനകേന്ദ്രം-പണി പൂർത്തീകരിക്കുകയോ തുടർ പ്രൊജക്റ്റ് തയ്യാറാക്കി ലക്ഷ്യം കൈവരിക്കുകയോ ചെയ്തിട്ടില്ല. | 1-40 |
| 43 | ഇടക്കോലി GHSSമെയിന്റനൻസ് -രണ്ടു പ്രൊജക്റ്റ് പ്രകാരം ചെയ്തത് ഒരേ പ്രവൃത്തി. | 1-41 |
| 44 | ഗുണഭോക്തൃസമിതി വഴിയുള്ള പ്രൊജക്റ്റ് നിർവ്വഹണം -സർക്കാർ നിർദ്ദേശപ്രകാരമുള്ള പരിധി പാലിച്ചില്ല | 1-42 |
| 45 | പൂഞ്ഞാർ ഗ്രാമപഞ്ചായത്ത്-പാറമട കുടിവെള്ളപദ്ധതി പൂർത്തീകരണം-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 1-43 |
| 46 | അകലക്കുന്നം ഗ്രാമപഞ്ചായത്ത് -കല്ലൂർക്കുളം RRC ലൈബ്രറി കെട്ടിട നിർമ്മാണം -സർക്കാർ ഉത്തരവിൽ അധികരിച്ച് കെട്ടിടനിർമ്മാണം-പണി പൂർത്തീകരിച്ചില്ല | 1-44 |
| 47 | കുറവിലങ്ങാട് ഡിവിഷൻ-കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത്-ജലമൈത്രി ശുദ്ധജലവിതരണപദ്ധതി-മെറ്റൽ സ്റ്റാക്കിങ്ങ് -വോയിഡ്സ് കുറവ് ചെയ്തില്ല | 1-45 |
| 48 | മീനച്ചിൽ പഞ്ചായത്ത് - 5-ാം വാർഡിൽ വനിതകൾക്ക് വിശ്രമകേന്ദ്രം നിർമ്മാണം- കെട്ടിടം പണി പാതിവഴിയിൽ | 1-46 |
| 49 | ചിറക്കടവ് പഞ്ചായത്ത് എസ് ആർവി കുടിവെള്ളപദ്ധതി- പഴയ GIപൈപ്പുകൾ ലേലനടപടികൾക്കായി കൈമാറിയില്ല. | 1-47 |
| 50 | വൈക്കപ്രയാർ -മൺപാത്രനിർമ്മാണപ്രവർത്തനം നടത്തുന്നവർക്ക് വർക്ക്ഷെഡ്- തദ്ദേശസ്ഥാപനങ്ങളുടെ ആസ്തിയിലുൾപ്പെടാത്ത സ്ഥലത്തുള്ള നിർമ്മാണം | 1-48 |
| 51 | കരാർ വയ്ക്കാൻ കാലതാമസം- പിഴ ഈടാക്കിയില്ല | 1-49 |
| 52 | ബാരൽ വില തനത് ഫണ്ടിൽ സൂക്ഷിക്കുന്നു- സർക്കാർ ഫണ്ടിന് നഷ്ടം | 1-50 |
| 53 | എരുമേലി ഗ്രാമ പഞ്ചായത്ത് -തിരുവള്ളുവർ ഹൈസ്കൂൾ ഗേൾസ് ഫ്രണ്ട് ലി ടോയ് ലെറ്റ് നിർമ്മാണം -പൂർത്തീകരണ വിവരം ലഭ്യമല്ല | 1-51 |
| 54 | ജില്ലാ ആശുപത്രി (അലോപ്പതി) KMSCL -ൽ നിന്നും വാങ്ങിയ ഉപകരണങ്ങൾ ,മരുന്നുകൾ എന്നിവ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-52 |
| 55 | ചീഫ് മെഡിക്കൽ ഓഫീസർ ,ഹോമിയോ നടപ്പാക്കിയ പ്രോജക്ടിൽ അപാകതകൾ | 1-53 |

| | | |
|---|---|---|
| 56 | ഭവന നിർമ്മാണ പ്രവൃത്തികൾ ലക്ഷ്യം കൈവരിച്ചില്ല | 1-54 |
| 57 | ക്ഷീര വർദ്ധിനി -ക്ഷീര സഹകരണ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് നിരീക്ഷിച്ചില്ല. | 1-55 |
| 58 | തനത് ഫണ്ടിൽ നിന്നും നൽകിയ തുക അസിസ്റ്റന്റ് ഡയറക്ടർ(RPF)ന്റെ അക്കൗണ്ടിൽ ലഭിച്ചിട്ടില്ല | 1-56 |
| 59 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ | 1-57 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കഞ്ഞഴ ഡിവിഷൻ- വെള്ളാവൂർ ഗ്രാമ പഞ്ചായത്ത് -പൂണിക്കാവ് എസ് സി കുടിവെള്ളപദ്ധതി-ജിഎസ് ടി ഇനത്തിൽ അധികമായി തുക നൽകി-തിരികെ ഈടാക്കിയില്ല | 3-1 |
| 2 | കുറവിലങ്ങാട് ഡിവിഷൻ-കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത്-ജലമൈത്രി ശുദ്ധജലവിതരണപദ്ധതി-മെറ്റൽ സ്റ്റാക്കിങ്ങ് -വോയിഡ്സ് കുറവ് ചെയ്തില്ല | 3-2 |
| 3 | തലയാഴം പഞ്ചായത്തിൽ പാലച്ചുവട് -പുത്തൻപാലം(ആമേട) – ഉല്ലല -തുപ്പൊക്കടം തോട് തെളിയിക്കൽ- ആവശ്യാധിഷ്ഠിതമല്ലാതെയുള്ള പ്രവൃത്തി നിർവ്വഹണം | 3-3 |
| 4 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകൽ-- സർക്കാർ ഉത്തരവിന് വിരുദ്ധമായി ഉയർന്ന നിരക്കിലെ ലാപ് ടോപ്പ് വാങ്ങി നൽകി | 3-4 |
| 5 | ഇടക്കോലി GHSS മെയിന്റനൻസ് - രണ്ടു പ്രോജക്ട് പ്രകാരം ചെയ്തത് ഒരേ പ്രവൃത്തി | 3-5 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ് വിശകലനം

ജില്ലാ പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ 14.02.2022 ലെ 6(3)-ാം നമ്പർ തീരുമാനം പ്രകാരം 2021-22 വർഷത്തെ പുതുക്കിയ ബജറ്റ് അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. ബജറ്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 74831777 | 37164939 |
| വരവ് | 1168972545 | 810642972 |
| ആകെ | 1243804322 | 847807911 |
| ചെലവ് | 1206731075 | 722285201 |
| നീക്കിയിരിപ്പ് | 37073247 | 125522710 |

ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന വരവുചെലവ് കണക്കുകളും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ അന്തരം ഉള്ളതായി മേൽ പട്ടിക വ്യക്തമാക്കുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ജനറൽ കമ്മിറ്റിയുടെയും മതിയായ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2021-22 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 634,280,222/- രൂപയും ചെലവ് 612,062,523/- രൂപയും തൻവർഷ പ്രവർത്തന മിച്ചം 22,217,699/- രൂപയുമാണ്. 31/03/2022-ലെ ജില്ലാ പഞ്ചായത്തിന്റെ ആസ്തിമൂല്യം 1,191,832,526/- രൂപയും ബാധ്യതകളുടെ മൂല്യം 867,058,706/- രൂപയും ജനറൽ ഫണ്ട് 324,773,820/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. 31/03/2022 തീയതിയിലെ ജില്ലാപഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.
2. വിവിധ ഫണ്ടുകളിൽ നിന്നുള്ള പ്രോജക്ട് ചെലവുകൾ റവന്യൂ,ക്യാപ്പിറ്റൽ വേർതിരിച്ച് യഥാക്രമം ചെലവ്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനങ്ങളായി അക്കൗണ്ടിങ്ങ് ക്രമീകരണം ചെയ്തതിന്റെ ആധികാരികമായ രേഖകൾ ലഭ്യമല്ല.
3. ഇ-ഗ്രാമ സ്വരാജ് ബാങ്ക് അക്കൗണ്ടിലെ 31/03/2022 ലെ ധനകാര്യ പത്രിക B-17 ഷെഡ്യൂളിലെ നീക്കിയിരിപ്പും B-4 ഷെഡ്യൂളിലെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് നീക്കിയിരിപ്പും തമ്മിൽ 540,828/- രൂപ വ്യത്യാസം കാണുന്നു. ധനകാര്യ കമ്മീഷൻ ഗ്രാന്റ് നീക്കിയിരിപ്പും ആയതിന്റെ ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പും പൊരുത്തപ്പെടേണ്ടതായിരുന്നു.
4. സംയുക്ത പ്രോജക്ടിനായി ലഭിച്ച നഗരസഭ വിഹിതം 2021-22 വർഷം ചെലവഴിച്ചിട്ടില്ല. എന്നാൽ 5 ലക്ഷം രൂപ റവന്യൂ ചെലവിന് ആനുപാതിക തുക 160300104-Contribution Towards Joint Venture Projects-Municipalities ശീർഷകത്തിലേക്ക് ജേർണൽ വൗച്ചറിലൂടെ ക്രമീകരിച്ചിരിക്കുന്നു. ചെലവില്ലാത്ത നഗരസഭ വിഹിതമായി തുക ക്രമീകരിച്ചത് ആധികാരികമല്ല.
5. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിയോഗം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് അതാത് ഗ്രാന്റ് ശീർഷകങ്ങളിൽ വാർഷിക കണക്കുകളിൽ പ്രതിഫലിച്ചിട്ടില്ല. ടി ഗ്രാന്റുകളുടെ വിനിയോഗം

എ.സി.ആർ. സൂക്ഷിച്ച് രേഖപ്പെടുത്തി സെക്രട്ടറി ആധികാരികമാക്കുന്നില്ല.

6. ഡെപോസിറ്റ് രജിസ്റ്റർ സാമ്പത്തിക വർഷ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല. ആയതിനാൽ B-7 ഷെഡ്യൂളിലെ 31/03/2022 ലെ നീക്കിയിരിപ്പിന്റെ കൃത്യതയും വിശദാംശവും വ്യക്തമല്ല.
7. ജില്ല പഞ്ചായത്തിന്റെ വിവിധയിനങ്ങളിലുള്ള നികുതിയിതര വരുമാനങ്ങളുടെ കളക്ഷൻ രജിസ്റ്റർ സാമ്പത്തിക വർഷത്തെ വിവരങ്ങൾ ക്രോഡീകരിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ RP-3,RP-4,RP-5,RP-6 പ്രകാരമുള്ള തൻവർഷ വരവിന്റെ കൃത്യത അനുബന്ധരേഖകളുടെ അടിസ്ഥാനത്തിൽ ഉറപ്പാക്കിയിട്ടില്ല.
8. സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
9. 350800199-Other Creditors ശീർഷകത്തിൽ 2021-22 വർഷം ലഭിച്ച വരവ് 30 ലക്ഷം രൂപ ഏതിനത്തിലുള്ള വരവാണ് എന്ന് വ്യക്തമല്ല. ജില്ല പഞ്ചായത്ത് ഫണ്ടിന്റെ ബാധ്യതയായ തുകയാണോ പ്രസ്തുത ശീർഷകത്തിലുള്ളത് എന്ന് വ്യക്തതയില്ല.
10. സ്റ്റേൽ ചെക്ക് ശീർഷകത്തിലെ തുകയുടെ വിശദാംശവും ക്രമീകരണവും രജിസ്റ്റർ സൂക്ഷിച്ച് നിരീക്ഷിക്കുന്നില്ല.
11. 350800119 ശീർഷകത്തിൽ 2021-22 വർഷം ലഭിച്ച വരവ് 321,722/- രൂപ ഏതിനത്തിലുള്ള വരവാണ് എന്ന് വ്യക്തമല്ല. ജില്ല പഞ്ചായത്ത് ഫണ്ടിന്റെ ബാധ്യതയായ തുകയാണോ പ്രസ്തുത ശീർഷകത്തിൽ അക്കൗണ്ട് ചെയ്തത് എന്ന് വ്യക്തതയില്ല.
12. 350800299 ശീർഷകത്തിലെ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയ 59,939/- രൂപ ജില്ലാ പഞ്ചായത്തിന് ഏതിനത്തിലുള്ള ബാധ്യതയാണ് എന്നതിൽ വ്യക്തതയില്ല.
13. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടില്ല.
14. സുസ്ഥിര ആസ്തി സൃഷ്ടിക്കുന്ന പ്രവൃത്തികൾ വിവിധ പ്രോജക്ടുകൾ തൻവർഷം നിർവ്വഹിച്ചിട്ടുണ്ടെങ്കിലും ആകെ RP-38 പ്രകാരം 6.23 കോടി രൂപ മാത്രമാണ് സുസ്ഥിര ആസ്തിയായി 2021-22 വർഷം ചെലവ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. ഇപ്രകാരമുള്ള അക്കൗണ്ടിങ്ങ് അപാകത മൂലം പഞ്ചായത്തിന്റെ യഥാർത്ഥ ധനകാര്യ സ്ഥിതി (Financal Position) ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കാത്ത അവസ്ഥ നിലനിൽക്കുന്നു.
15. 412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. പാർട്ട് ബില്ലുകളുടെ ക്രമീകരണം നിരീക്ഷിക്കുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
16. Prior Period ആയി ക്രമീകരിക്കപ്പെട്ട I-18 ഷെഡ്യൂൾ പ്രകാരമുള്ള ഇനങ്ങളുടെ ആധികാരികത വിശദീകരിക്കപ്പെട്ടിട്ടില്ല.
17. പ്രോജക്ട് നം.454/22 പ്രകാരം 599,600/- രൂപ KEL-ൽ നിക്ഷേപിച്ചത് ANERT-ൽ നിക്ഷേപിച്ചതായാണ് അക്കൌണ്ട് ചെയ്തിരിക്കുന്നത്.
18. വിവിധ പ്രോജക്ടുകൾ പ്രകാരം (908/22-70,000/-, 910/22-2.2 ലക്ഷം, 292/22-2.3 ലക്ഷം) വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 5.2 ലക്ഷം രൂപ നിക്ഷേപ ശീർഷകത്തിൽ അക്കൌണ്ട് ചെയ്തിട്ടില്ല.
19. പ്രോജക്ട് നം.1077/22 പ്രകാരം മൈനർ ഇറിഗേഷനിൽ നിക്ഷേപിച്ച 12.5 ലക്ഷം രൂപ ഭൂജല വകുപ്പിലെ നിക്ഷേപ ശീർഷകത്തിലാണ് അക്കൌണ്ട് ചെയ്തിരിക്കുന്നത്.
20. പൊതുമരാമത്ത് വകുപ്പിൽ(PWD) പ്രോജക്ട് നം.1025/22 പ്രകാരം നിക്ഷേപിച്ച 42,000/- രൂപ നിക്ഷേപ ശീർഷകത്തിൽ അക്കൌണ്ട് ചെയ്തിട്ടില്ല.
21. KEL ന് 2021-22 വർഷം നൽകിയ 19,655,467/- രൂപയിൽ (1.96 കോടി) ആകെ 18.16 ലക്ഷം രൂപ മാത്രമാണ് നിക്ഷേപ ശീർഷകത്തിൽ അക്കൌണ്ട് ചെയ്തിരിക്കുന്നത്.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ

അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തി 2022-23 വർഷം തന്നെ പരിഹരിക്കേണ്ടതാണ്. കണക്കുകൾ കൃത്യമാക്കുന്നതിന് അക്കൗണ്ട് ചെയ്യുന്ന ജേർണൽ വൗച്ചറുകളുടെ വിശദാംശങ്ങൾ അതുമായി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും തയ്യാറാക്കി സെക്രട്ടറി കൃത്യമായി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2021-22 സാമ്പത്തിക വർഷത്തെ റസിപ്റ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശങ്ങളും, ഓഡിറ്റിന് ശേഷം വരവ്, ചെലവ്, നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 37164939 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 810642972 |
| ആകെ | 847807911 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 722285201 |
| നീക്കിയിരിപ്പ് | 125522710 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4975369 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 29,08,21,286 |

## 1-4 ഗ്രാന്റ് വിനിയോഗം

കോട്ടയം ജില്ല പഞ്ചായത്തിന്റെ 2021-22 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗം സംബന്ധിച്ചും വിവിധ ഏജൻസികളിൽ നിന്ന് ലഭിച്ച പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് സംയുക്ത പ്രോജക്ടിനും മറ്റ് പ്രത്യേക ഉദ്ദേശ്യത്തിനുമായി ലഭിച്ച ഫണ്ടുകളുടെയും വിനിമയം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ പട്ടികയിൽ വിവരിക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 265,172,366/- | 265,172,366/- | 235,897,000/- | 29,278,366/- | 88.96 |
| വികസന ഫണ്ട്-SCP | 0 | 120,474,000/- | 120,474,000/- | 109,214,768/- | 11,259,232/- | 90.65 |
| വികസന ഫണ്ട്-TSP | 0 | 8,771,800/- | 8,771,800/- | 7,122,469/- | 1,649,331/- | 81.20 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 0 | 80,281,793/- | 80,281,793/- | 50,859,975/- | 29,421,818/- | 63.35 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 0 | 118,721,967/- | 118,721,967/- | 26,165,946/- | 92,556,021/- | 22.04 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 125,884,600/- | 125,884,600/- | 96,902,812/- | 28,981,788/- | 76.98 |
| മെയിന്റനൻസ് ഗ്രാന്റ്- Non Road | 0 | 128,624,730/- | 128,624,730/- | 57,117,381/- | 71,507,349/- | 44.41 |
| SSA ഗ്രാന്റ് | 559,783/- | 15,269/- | 575,052/- | 0 | 575,052/- | - |
| RMSA ഫണ്ട് | 19,740,915/- | 150,000/- | 19,890,915/- | 5,358,813/- | 14,532,102/- | - |
| വെർച്വൽ ക്ലാസ്റൂം RGPSA ഗ്രാന്റ് | 312,266/- | 0 | 312,266/- | 0 | 312,266/- | - |
| മൃഗസംരക്ഷണ ഗ്രാന്റ് | 387,516/- | 0 | 387,516/- | 0 | 387,516/- | - |
| ഹയർ സെക്കന്ററി ഗ്രാന്റ് | 4,098,681/- | 0 | 4,098,681/- | 0 | 4,098,681/- | - |
| കേരളോൽസവം | 64,691/- | 0 | 64,691/- | 118/- | 64,573/- | - |
| ഹയർ സെക്കന്ററി ഗ്രാന്റ് (ശുചിത്വം) | 609,857/- | 0 | 609,857/- | 0 | 609,857/- | - |
| നബാർഡ് ഫണ്ട് | 6,542,818/- | 0 | 6,542,818/- | 5,490,247/- | 1,142,571/- | - |
| കോവിഡ് ഫണ്ട് | 0 | 301,743/- | 301,743/- | 300,410/- | 1,333/- | - |
| ഉണഭോക്തൃ വിഹിതം | 38,677/- | 0 | 38,677/- | 0 | 38,677/- | - |
| സംസ്ഥാന അവാർഡ് | 500,000/- | 0 | 500,000/- | 0 | 500,000/- | - |
| ഗ്രാമ പഞ്ചായത്ത് വിഹിതം (ക്യാപ്പിറ്റൽ) | 577,356/- | 0 | 577,356/- | 0 | 577,356/- | - |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം (ക്യാപ്പിറ്റൽ) | 2,250,774/- | 0 | 2,250,774/- | 1,750,774/- | 500,000/- | - |
| മുനിസിപ്പാലിറ്റി വിഹിതം (റവന്യൂ) | 900,000/- | 0 | 900,000/- | 0 | 900,000/- | - |
| ഗ്രാമ | 3,178,955/- | 591,719/- | 3,770,674/- | 2,800,071/- | 970,603/- | - |

| | | | | | | |
|---|---|---|---|---|---|---|
| പഞ്ചായത്ത് വിഹിതം (റവന്യൂ) | | | | | | |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം (റവന്യൂ) | 1,818,092/- | 250,000/- | 2,068,092/- | 400,000/- | 1,668,092/- | - |
| ഗ്രാമ പഞ്ചായത്ത് പ്രത്യേക ഫണ്ട് | 55,116/- | 0 | 55,116/- | 0 | 55,116/- | - |

വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ ബജറ്റ് അലോട്ട്മെന്റിന് പുറമേ 31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന പ്രകാരം അധിക അലോട്ട്മെന്റ് മുൻവർഷം ചെലവഴിക്കാതെ ലാപ്സായ തുക ക്യാരി ഓവറായി ലഭിച്ചിട്ടുണ്ട്. കൂടാതെ മെയിന്റനൻസ് ഗ്രാന്റ്-Non Road ഫണ്ടിൽ നിന്ന് വോട്ടിങ്ങ് മെഷീൻ ചാർജായി 2020-21 വർഷം കുറവു ചെയ്ത തുക 873,130/- രൂപ തൻവർഷം 24/02/2022-ലെ സ.ഉ.(സാധാ) നം.1276/2022/ധന പ്രകാരം പ്രത്യേക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ടുകളിൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി 07/10/2021 ലെ G.O.(Rt) No.6591/2021/Fin പ്രകാരം മുൻവർഷം ലാപ്സായ തുക അധിക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്. വിവിധ ഗ്രാന്റിനങ്ങളിൽ ലഭിച്ച അധിക അലോട്ട്മെന്റിന്റെ വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു. തൻവർഷം സർക്കാർ ഗ്രാന്റുകളിൽ നിന്ന് സ്രോതസ്സിൽ തുകയൊന്നും കുറവ് ചെയ്തിട്ടില്ല.

| സർക്കാർ ഗ്രാന്റ് - ഇനം | സംസ്ഥാന ബജറ്റ് അലോട്ട്മെന്റ് | അധിക/ ക്യാരി ഓവർ അലോട്ട്മെന്റ് | ആകെ ലഭിച്ച അലോട്ട്മെന്റ് |
|---|---|---|---|
| വികസന ഫണ്ട്-General | 235,897,000/- | 29,275,366/- | 265,172,366/- |
| വികസന ഫണ്ട്-SCP | 109,613,000/- | 10,861,000/- | 120,474,000/- |
| വികസന ഫണ്ട്-TSP | 7,177,000/- | 1,594,800/- | 8,771,800/- |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 119,119,000/- | 8,632,600/-<br>873,130/- | 128,624,730/- |
| മെയിന്റനൻസ് ഗ്രാന്റ്- Road | 113,852,000/- | 12,032,600/- | 125,884,600/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-Untied | 43,925,000/- | 34,975,619/-<br>1,381,174/- | 80,281,793/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-Tied | 65,887,000/- | 52,834,967/- | 118,721,967/- |

ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ 2021-22 വർഷത്തെ ബജറ്റ് അലോട്ട്മെന്റ് പഞ്ചായത്തിന്റെ ഇ-ഗ്രാമ സ്വരാജിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ടിലും (ICICI ബാങ്ക് അക്കൗണ്ട് നം.626701035301) മുൻവർഷത്തെ ക്യാരിഓവർ വിഹിതം ട്രഷറിയിൽ അലോട്ട്മെന്റായുമാണ് ലഭിച്ചത്. വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും വിനിമയത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.

1. ഗ്രാന്റ് പത്രിക പ്രകാരമുള്ള മേഖലാടിസ്ഥാനത്തിലുള്ള ചെലവ് കണക്കുകൾ സുലേഖ ചെലവ് പത്രികയിലെ ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. 2021-22 വർഷത്തെ ഇ-ഗ്രാമസ്വരാജ് ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ 1,381,174/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied ഫണ്ടിൽ വരവായി ഗ്രാന്റ് പത്രികയിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.
3. ധനകാര്യ പത്രിക പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied ഫണ്ടിൽ നിന്നുള്ള ആകെ ചെലവിൽ 7 ലക്ഷം രൂപയുടെ ചെലവ്(പ്രോജക്ട് നം.331/22-5 ലക്ഷം, പ്രോജക്ട് നം.323/22-2 ലക്ഷം ) ഗ്രാന്റ് പത്രികയിലും സുലേഖ ചെലവ് പത്രികയിലും ഉൾപ്പെട്ടിട്ടില്ല.
4. ധനകാര്യ പത്രിക പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied ഫണ്ടിൽ നിന്നുള്ള ആകെ ചെലവിൽ 10 ലക്ഷം രൂപയുടെ ചെലവ്(പ്രോജക്ട് നം.979/22) ഗ്രാന്റ് പത്രികയിലും സുലേഖ ചെലവ് പത്രികയിലും ഉൾപ്പെട്ടിട്ടില്ല.
5. പ്രോജക്ട് നം.273/22 പ്രകാരം കളക്ടറുടെ ദുരന്ത നിവാരണ ഫണ്ട് 466,223/- രൂപ ചെലവഴിച്ചത് സുലേഖ ചെലവ് പത്രികയിൽ സംസ്ഥാനാവിഷ്കൃത ഫണ്ട് ചെലവായി ഉൾപ്പെട്ടിട്ടില്ല. എന്നാൽ ആകെ പദ്ധതി ചെലവിൽ ടി തുക കൂടി ഉൾപ്പടെയുള്ള ചെലവാണ് പ്രതിഫലിക്കുന്നത്.
6. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും ഗുണഭോക്തൃ വിഹിതത്തിന്റെയും മുന്നിരിപ്പ് വിശദാംശം എ.സി.ആറിൽ ലഭ്യമല്ല. ജില്ലാ പഞ്ചായത്ത് ഫണ്ടിലുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ഏത് കാലയളവിൽ ഏത് ഉദ്ദേശ്യത്തിന് ലഭ്യമായതാണ് എന്നതിന്റെ വിവരം ലഭ്യമല്ല.
7. സുലേഖ ചെലവ് പത്രിക പ്രകാരം 2021-22 വർഷത്തെ കേന്ദ്രാവിഷ്കൃത ഫണ്ട് ചെലവ് 7,392,207/- രൂപയാണ്. എന്നാൽ ധനകാര്യ പത്രിക പ്രകാരം RMSA ഫണ്ട് 5,358,813/- രൂപയും നബാർഡ് ഫണ്ട് 5,400,247/- രൂപയും ഉൾപ്പടെ 10,759,060/- രൂപയുടെ ചെലവ് കാണുന്നു. കേന്ദ്രാവിഷ്കൃത ഫണ്ടിന്റെ പ്രോജക്ട് ചെലവ് ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. പ്രോജക്ട്/പ്രോജക്ടിതര ചെലവ് തിരിച്ച് എ.സി.ആർ. തയ്യാറാക്കിയിട്ടില്ല.
8. വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം ജില്ലാ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു. പ്രസ്തുത വിഹിതങ്ങൾ ലഭിച്ചതിന്റെ ഉദ്ദേശ്യം, ലഭിച്ച കാലയളവ്, വിഹിതം ഒടുക്കിയ തദ്ദേശ ഭരണ സ്ഥാപനം തുടങ്ങിയ അടിസ്ഥാന വിവരങ്ങളൊന്നും സൂക്ഷിച്ചിട്ടില്ല.
9. ബ്ലോക്ക് പഞ്ചായത്ത് വിഹിതം(റവന്യൂ) ശീർഷകത്തിൽ നിന്ന് 4 ലക്ഷം രൂപ ചെലവുള്ളതായി ധനകാര്യ പത്രികയിൽ കാണുന്നു. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നും ചെലവില്ല.

സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും മറ്റ് തദ്ദേശ ഭരണ സ്ഥാപന വിഹിതങ്ങളുടെയും കണക്കുകളിലും രേഖകൾ സൂക്ഷിക്കുന്നതിലും മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നു. പ്രസ്തുത അപാകതകൾക്ക് വിധേയമായിട്ടാണ് ഈ റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകുന്നത്.

## 1-5 പദ്ധതി അവലോകനം

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 13-ാം പഞ്ചവത്സരപദ്ധതിയിലെ (2017-22) അവസാന വാർഷികപദ്ധതിയ്ക്ക് (2021-22) 18.3.2022 ൽ ചേർന്ന ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ I(5)-ാം നമ്പർ തീരുമാനപ്രകാരം അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്. ജില്ലാ ആസൂത്രണസമിതിയുടെ 25-3-22 ലെ 81898/21/DPC/DPO/KTMനം.ഉത്തരവ് പ്രകാരം ഭേദഗതി നിർദ്ദേശങ്ങളോടെ വാർഷികപദ്ധതിയ്ക്ക് അന്തിമ അംഗീകാരം ലഭിച്ചു. വാർഷികപദ്ധതിയിൽ 329 സ്പിൽഓവർ പ്രോജക്ടുകളും 414 പുതിയ പ്രോജക്ടുകളും ഉൾപ്പടെ ആകെ 743 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്.വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 100,23,80,615/-രൂപയാണ്.വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭനടപടികളായ ആസൂത്രണസമിതി രൂപീകരണം, വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽ വികസനരേഖ തയ്യാറാക്കൽ, വികസനസെമിനാർ എന്നിവ നിശ്ചിതസമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി

രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 02.02.2021 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 03.02.2021 |
| നിർവ്വഹണോദ്യോഗസ്ഥരുടെ യോഗം | 04.02.2021 |
| സ്റ്റേക്ക് ഹോൾഡർമാരുടെ യോഗം | 05.02.2021 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 12.02.2021 |
| വികസനസെമിനാർ | 15.02.2021 |
| പദ്ധതി അന്തിമമാക്കൽ-ജനറൽ കമ്മറ്റി അംഗീകാരം | 16.02.2021 |

പദ്ധതിനിർവ്വഹണം

അംഗീകാരം ലഭിച്ച 743 പ്രോജക്റ്റുകളിൽ 395 എണ്ണം മാത്രമാണ് നടപ്പാക്കിയത്. വിവിധ സ്രോതസ്സുകളിൽ നിന്നായി വാർഷികപദ്ധതിയുടെ ആകെ ചെലവ് 59,81,27,526/- രൂപയാണ്. ചെലവ് കേവലം 60%. അംഗീകാരം ലഭിച്ച പ്രോജക്റ്റുകളിൽ പകുതിയോളം നടപ്പാക്കാത്തതും ലഭ്യമായ വികസനഫണ്ടിന്റെ നല്ലൊരു ഭാഗം വിനിയോഗിക്കാൻ സാധിക്കാതെ വന്നതും ഗുരുതരമായ വീഴ്ചയാണ്. പദ്ധതി ആസൂത്രണത്തിൽ സംഭവിച്ച പാളിച്ചകൾ, അശാസ്ത്രീയമായ ഫണ്ട് വകയിരുത്തൽ, ആവശ്യകത കൃത്യമായി നിർണ്ണയിക്കാതെ പ്രോജക്റ്റുകൾ തെരഞ്ഞെടുക്കൽ, സ്ഥലലഭ്യത ഉറപ്പാക്കാതെ പ്രോജക്റ്റുകൾ വിഭാവനം ചെയ്യൽ, പ്രോജക്റ്റ് നടപ്പാക്കുന്നതിൽ നിർവ്വഹണോദ്യോഗസ്ഥരുടെ ഭാഗത്തുണ്ടായ വീഴ്ചകൾ എന്നിവ മൂലം ഭൂരിഭാഗം പ്രോജക്റ്റുകളും നടപ്പാക്കാൻ സാധിക്കാതെ വന്നതാണ് ചെലവു ശതമാനം കുറയുന്നതിനിടയാക്കിയത്. മേല്പറഞ്ഞ വസ്തുതകൾ ഭരണസമിതിയുടെയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും സമഗ്രവിചിന്തനത്തിന് വിധേയമാക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി നിർവ്വഹണവും _

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്റ്റുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | തയ്യാറാക്കിയ പ്രൊജക്റ്റുകളുടെ എണ്ണം | നടപ്പാക്കിയ പ്രൊജക്റ്റുകളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1. | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് | 161 | 103 | 20,00,14,674/- | 13,15,43,459/- | 65.76 |
| 3. | ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം | 1 | 1 | 13,20,000/- | 9,90,000/- | 75 |
| 4. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) | 22 | 13 | 2,96,18,433/- | 1,71,10,059/- | 57.76 |
| 5. | ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസം | 5 | 5 | 2,88,43,000/- | 2,64,48,120/- | 91.69 |
| 6. | ജില്ലാമിഷൻ കോർഡിനേറ്റർ, കുടുംബശ്രീ | 1 | 1 | 2,14,00,000/- | 9,00,000/- | 4.2 |


| | | | | | | |
|---|---|---|---|---|---|---|
| 7. | ജില്ലാ പട്ടികജാതി വികസന ഓഫീസർ | 1 | 1 | 1,00,00,000/- | 1,00,00,000/- | 100 |
| 8. | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം | 4 | 4 | 2,42,00,000/- | 1,97,01,400/- | 81.41 |
| 9. | ജില്ലാ സാമൂഹ്യ സുരക്ഷ ഓഫീസർ | 3 | 3 | 90,00,000/- | 77,27,538/- | 85.86 |
| 10. | ജില്ലാ മെഡിക്കൽ ഓഫീസർ- അലോപ്പൊതി | 2 | 2 | 2,45,00,000/- | 2,45,00,000/- | 100 |
| 11. | ജില്ലാ മെഡിക്കൽ ഓഫീസർ- ഹോമിയോ | 1 | 1 | 20,00,000/- | 20,00,000/- | 100 |
| 12. | ജില്ലാ മെഡിക്കൽ ഓഫീസർ-ISM | 1 | 1 | 20,00,000/- | 20,00,000/- | 100 |
| 13. | മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, കോട്ടയം | 1 | 1 | 14,30,000/- | 14,30,000/- | 100 |
| 14. | എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ് | 4 | 1 | 63,00,982/- | 20,33,394/- | 32.27 |
| 15. | പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ്(PAU) | 6 | 6 | 12,64,13,858/- | 12,48,93,858/- | 98.7 |
| 16. | ഫാം സൂപ്രണ്ട്, ജില്ലാകൃഷിത്തോട്ടം | 2 | 2 | 6,00,000/- | 4,50,012/- | 75 |
| 17. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ, സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം | 2 | 1 | 11,00,000/- | 3,97,976/- | 36.18 |
| 18. | ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി (അലോപ്പതി) | 11 | 8 | 1,67,63,833/- | 1,37,86,990/- | 82.24 |
| 19. | ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി (ആയുർവേദം) | 1 | 1 | 50,00,000/- | 50,00,000/- | 100 |

| | | | | | | |
|---|---|---|---|---|---|---|
| 20. | ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി (ഹോമിയോ) | 2 | 2 | 11,50,000/- | 11,48,947/- | 99.90 |
| 21. | അസിസ്റ്റന്റ് ഡയറക്ടർ, റീജിയണൽ പൗൾട്രിഫാം | 4 | 4 | 1,64,16,060/- | 1,63,42,276/- | 99.55 |
| 22. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ത.സ്വ.ഭ.വ) | 508 | 234 | 47,43,09,775/- | 18,97,23,497/- | 40 |
| | ആകെ | 743 | 395 | 100,23,80,615/- | 59,81,27,526/- | 59.6 |

അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ(കൃഷി)ക്ക് 57.76% തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. ആയത് ഉദ്പാദനമേഖലയിലെ ചെലവിൽ സാരമായ കുറവ് വരുത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് എക്സി.എഞ്ചിനീയർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് ചെലവ് ശതമാനം യഥാക്രമം 32.27%, 40% വീതം മാത്രമാണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 508 പ്രോജക്റ്റുകൾ വിഭാവനം ചെയ്തുവെങ്കിലും 234 എണ്ണം മാത്രമാണ് നടപ്പാക്കിയത്.

<u>വിവിധ മേഖലകളിലെ വകയിരുത്തലും ചെലവു വിവരവും</u> _

| ക്രമ നം. | മേഖല | അംഗീകാരം ലഭിച്ചത് | നടപ്പിലാക്കിയ പദ്ധതികൾ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1. | ഉത്പാദനം | 85 | 47 | 13,83,65,095/- | 7,03,48,145/- | 50.84 |
| 2. | സേവനം | 401 | 169 | 61,94,78,672/- | 37,21,74,341/- | 60.07 |
| 3. | പശ്ചാത്തലം | 257 | 179 | 24,45,36,848/- | 15,56,05,040/- | 63.63 |
| | ആകെ | 743 | 395 | 100,23,80,615/- | 59,81,27,526/- | 59.67 |




ഉത്പാദന മേഖലയിലെ ചെലവ് 50 ശതമാനം മാത്രമാണ്. സേവനമേഖലയിൽ തയ്യാറാക്കിയ പ്രൊജക്റ്റുകളിൽ പകുതി പോലും നടപ്പാക്കിയില്ല.


സെക്രട്ടറി നടപ്പാക്കിയ പ്രവൃത്തികളിൽ ഭൂരിഭാഗവും നിക്ഷേപ/വിഹിതംകൈമാറൽ പ്രവൃത്തികളായിരുന്നു. വൈദ്യുതിബോർഡ് ,വാട്ടർ അതോറിറ്റി, ഭൂജലവകുപ്പ്, എന്നീ നിർവ്വഹണ ഏജൻസികളിലായി വൻതുക നിക്ഷേപിച്ചിട്ടുണ്ട്. കൃത്യമായ ആവശ്യകതാനിർണ്ണയം നടത്താതെയും വിശദമായ പഠനം നടത്താതെയുമാണ് പ്രോജക്റ്റുകൾ നടപ്പാക്കിയത്. കരാർ കാലാവധിയ്ക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ/പൂർത്തീകരണസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. 2021-22 വാർഷികകണക്കുകൾ പ്രകാരം കെഎസ്ഇബിയിൽ 19634729/-രൂപ, വാട്ടർ അതോറിറ്റിയിൽ 22231366/-രൂപ, ഭൂജലവകുപ്പിൽ 21178654/-രൂപവീതം വിവിധ നിക്ഷേപപ്രവൃത്തികൾക്ക്

നിക്ഷേപിച്ചത് വിനിയോഗിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. വികസനപ്രവർത്തനങ്ങൾക്ക് ലഭ്യമായ ഫണ്ടിന്റെ നല്ലൊരുഭാഗം നിർവ്വഹണഏജൻസികളുടെ അക്കൗണ്ടിൽ നിഷ്ക്രിയമായി ശേഷിക്കുന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്കായി 39.8 ലക്ഷം രൂപ വിവിധ പ്രൊജക്റ്റുകൾപ്രകാരം ചെലവഴിച്ചിരുന്നു.

പൊതുവിദ്യാഭ്യാസവകുപ്പ് ഡെപ്യൂട്ടിഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥനായി ജില്ലയിലെ വിവിധസ്കൂളുകൾക്ക് അലമാര, ഇൻസിനറേറ്റർ, ഫർണീച്ചർ എന്നിവ നൽകുന്നതിനായി 1.5കോടിരൂപയിലധികം ചെലവഴിച്ചിട്ടുണ്ട്. ക്ഷീരവികസനവകുപ്പ് ഡെപ്യൂട്ടിഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥനായി 1.10കോടി രൂപ മിൽക്ക് ഇൻസെന്റീവ് നൽകിയിട്ടുണ്ട്. ദാരിദ്ര്യലഘൂകരണവിഭാഗം പ്രൊജക്റ്റ് ഓഫീസർ വിവിധ ഭവനനിർമ്മാണപദ്ധതികൾക്കായി 12.48കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. അസി.എക്സി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ആർഎംഎസ്എ സഹായത്തോടെ കൊമ്പുകുത്തി, കുവക്കടവ്,പനക്കച്ചിറ ഹയർസെക്കൻഡറി സ്കൂളുകൾക്ക് കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിരുന്നു.

കൃഷി അസിസ്റ്റന്റ് എക്സി.എൻജിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 85.50 ലക്ഷത്തോളം രൂപ ചെലവഴിച്ച് തൻവർഷം 3 കൊയ്ത്ത്മെതിയന്ത്രങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽയന്ത്രത്തിന്റെ നിയന്ത്രണം , മേൽനോട്ടം നടത്തിപ്പ് എന്നിവയ്ക്കായി സർക്കാർ നിർദ്ദേശപ്രകാരമുള്ള സമിതി രൂപീകരിച്ചിരുന്നില്ല.യന്ത്രത്തിന്റെ ഉപയോഗം കൃത്യമായി മോണിട്ടർ ചെയ്യേണ്ടതും ഫലപ്രദമായി ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

സഞ്ചിതനിധിയിലേയ്ക്ക് 14.26 കോടിയിലധികം രൂപ തിരികെ എടുക്കപ്പെട്ടു




പ്രോജക്ടുകൾ നടപ്പാക്കാത്തതിനാലും സമയബന്ധിതമായി ബില്ലുകൾ മാറാത്തതിനാലും ചുവടെ ചേർക്കുംപ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ട തുക |
|---|---|
| വികസന ഫണ്ട്-ജനറൽ | 2,92,78,366/- |
| വികസന ഫണ്ട്-SCP | 1,12,59,232/- |
| വികസന ഫണ്ട്-TSP | 16,49,331/- |
| മെയിന്റനൻസ് ഗ്രാന്റ്-Road | 2,89,81,788/- |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 7,15,07,349/- |
| ആകെ | 142676066/- |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഏറ്റെടുത്ത റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ മിക്കവയും നടപ്പാക്കാത്തതിനാൽ 2.89 കോടിയിലധികം രൂപ മെയിന്റനൻസ് ഗ്രാന്റ് റോഡ് ഇനത്തിൽ തന്നെ നഷ്ടമായി. വിവിധ സ്കൂളുകളുടെ മെയിന്റനൻസ് പ്രൊജക്റ്റുകൾ പൂർത്തീകരണത്തിലേക്ക് എത്തിയ്ക്കാൻ സാധിക്കാതിരുന്നത് റോഡിതരമെയിന്റനൻസ് ഫണ്ട് 7.15കോടിയിലധികം രൂപ നഷ്ടപ്പെടുന്നതിനിടയായി. മാത്രമല്ല ക്യാരി ഓവർ (20%) ചെയ്തു കിട്ടിയില്ലയെങ്കിൽ മറ്റു ഫണ്ടുകളും പൂർണ്ണമായി നഷ്ടപ്പെടുകയും ചെയ്യും. കഴിയുന്നതും പ്രാവർത്തികമാക്കാവുന്നതും പ്രയോജനപ്രദവുമായ പ്രോജക്ടുകൾ തയ്യാറാക്കുകയും സമയബന്ധിതമായി പൂർത്തിയാക്കുകയും ചെയ്ത് ഫണ്ട് നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ വരും വർഷങ്ങളിൽ സ്വീകരിയ്ക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ പ്രസ്തുത വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

മോണിറ്ററിംഗ്

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

## 1-6 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാംവകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന അക്കൗണ്ടന്റ്, കാഷ്യർ എന്നിവരുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പരിശോധന നിർവ്വഹിച്ച തീയതി/സമയം | ക്യാഷ് (Rs.) | ഡി.ഡി/ചെക്ക് | റിമാർക്സ് |
|---|---|---|---|---|
| 1. | 24.11.2022@ 03:00 PM | 0/- | ഇല്ല | കൃത്യത ബോധ്യപ്പെട്ടു |
| 2. | 01.03.2023 @03:55 PM | 51,610/- | ഇല്ല | കൃത്യത ബോധ്യപ്പെട്ടു |

## 1-7 ആഭ്യന്തരനിയന്ത്രണ സംവിധാനം

ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ജോലി വിഭജനരേഖയുടെ അടിസ്ഥാനത്തിൽ ചുമതലകൾ കൈമാറിയിട്ടുണ്ട്. അടിസ്ഥാന രജിസ്റ്ററുകളായ ഡെപ്പോസിറ്റ് രജിസ്റ്റർ അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. ബിൽ രജിസ്റ്ററിൽ തനത് ഫണ്ട് ചെലവുകൾ മാത്രമാണ് ഉൾപ്പെടുത്തിയത്. ജില്ലാപഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മേൽനോട്ടം കാര്യക്ഷമമായി നടക്കുന്നില്ല.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം. / തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 415/2022-18/06/2022 | 2020-21 | 01/09/2022-ലെ 12/2021 /RPAW/KLM |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21/06/2019-20/07/2019 | 2017-18,2018-19 | 09/08/2019-ലെ LBA(HQ)11/111/84-35/2019-20/3313 |

1-9 2020 വർഷം ലഭിച്ച 5,000/- രൂപയുടെ ചെക്ക് എൻക്യാഷ് ചെയ്തില്ല

ജില്ലാ പഞ്ചായത്തിന് 2019-20 വർഷം ലഭിച്ച 5,000/- രൂപയുടെ ചെക്ക് നാളിതുവരെയും ബാങ്ക് അക്കൗണ്ടിൽ എൻക്യാഷ് ചെയ്തിട്ടില്ല എന്ന് കാണുന്നു. പഞ്ചാബ് നാഷണൽ ബാങ്കിന്റെ 2982000103029819 നം. അക്കൗണ്ടിന്റെ മാർച്ച്-2022 ലെ റീക്കൺസിലേഷനിൽ 31900206/29.01.2020 കോൺട്രാ വൗച്ചർ പ്രകാരമുള്ള 2727212/06.01.2020 നം. ചെക്കാണ് എൻക്യാഷ് ചെയ്യാതെ അവശേഷിക്കുന്നത്. റിസർവ് ബാങ്കിന്റെ റഗുലേഷൻ പ്രകാരം 01/04/2012 മുതൽ ചെക്കിന്റെ കാലാവധി മൂന്ന് മാസമാണ്. ടി ചെക്ക് ലഭിച്ച് രണ്ട് വർഷമായിട്ടും പണമാക്കിയിട്ടില്ല. ജില്ലാ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച തുക എൻക്യാഷ് ചെയ്യാതിരുന്നതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.43/2021-22/25.02.2023) നൽകിയതിന് മറുപടി ലഭിച്ചില്ല. മേൽപറഞ്ഞ ചെക്ക് തുക ഏതിനം വരവാണ് എന്നും ഒടുക്കിയ വ്യക്തി/സ്ഥാപനം ഏതാണ് എന്നും കണ്ടെത്തി ചെക്ക് റീവാലിഡേറ്റ് ചെയ്ത് ജില്ലാ പഞ്ചായത്ത് ഫണ്ടിൽ എൻക്യാഷ് ചെയ്യേണ്ടതാണ്. തുക ജില്ലാ പഞ്ചായത്ത് ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റായ ശേഷം പ്രസ്തുത മാസത്തെ ബാങ്ക് സ്റ്റേറ്റ്മെന്റും മാസാവസാനത്തെ റീക്കൺസിലേഷൻ നടത്തിയ റീക്കൺസിലേഷൻ പത്രികയും ഉൾപ്പടെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതാണ്.

1-10 8.08 കോടി രൂപ വിവിധ ഏജൻസികളിൽ നിക്ഷേപിച്ചതിന്റെ വിശദാംശമില്ല

2021-22 വർഷത്തിന് മുൻപുള്ള കാലയളവിൽ ജില്ലാ പഞ്ചായത്ത് വിവിധ ഏജൻസികളിലായി വിവിധ പ്രവൃത്തികൾക്ക് മുൻകൂറായി നിക്ഷേപിച്ച തുകകളുടെ വിശദാംശം സൂക്ഷിച്ചിട്ടില്ല. ഓഡിറ്റിന് ലഭ്യമാക്കിയ 2021-22 വർഷത്തെ അഡ്വാൻസ് രജിസ്റ്ററിൽ മുന്നിരിപ്പിന്റെ വിശദാംശം ക്യാരി ഓവർ ചെയ്ത് ചേർത്തിട്ടില്ല. അഡ്വാൻസ് രജിസ്റ്ററിൽ നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം, നിക്ഷേപിച്ച ഏജൻസി, നിക്ഷേപിച്ച തീയതി തുടങ്ങിയവ രേഖപ്പെടുത്തുകയും പ്രവൃത്തികളുടെ പുരോഗതി കാലികമാക്കുകയും (Status Updation) ചെയ്യേണ്ടതായിരുന്നു. എന്നാൽ 80,799,070/- രൂപ മുന്നിരിപ്പായി അവശേഷിക്കുന്ന നിക്ഷേപത്തിന്റെ വിവരങ്ങൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. നിക്ഷേപ തുകയുടെ വിവരം താഴെ ചേർക്കുന്നു(01/04/2021 തീയതിയിൽ).

| ഏജൻസി | തുക |
|---|---|
| സപ്ലെയർ( വിവിധ ഏജൻസികൾ) | 1,146,283/- |
| കേരള വാട്ടർ അതോറിറ്റി(KWA) | 36,689,103/- |
| കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്(KSEB) | 16,593,988/- |
| ഭൂജല വകുപ്പ്(GWD) | 17,621,106/- |
| പൊതുമരാമത്ത് വകുപ്പ് | 3,015,918/- |
| അനെർട്ട് | 1,423,554/- |
| നിർമ്മിതി കേന്ദ്രം | 454,000/- |
| അക്രഡിറ്റഡ് ഏജൻസി | 2,426,961/- |
| നിർവ്വഹണ ഉദ്യോഗസ്ഥർ | 1,310,657/- |
| മറ്റുള്ളവർ | 117,500/- |
| ആകെ | 80,799,070/- |

KWA, KSEB, GWD എന്നീ ഏജൻസികളിലെ മുൻവർഷങ്ങളിലെ നിക്ഷേപം തൻവർഷം ക്രമീകരിച്ചിട്ടുള്ളതായും കാണുന്നു. നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിക്കുമ്പോൾ 2021-22 വർഷത്തെ മുന്നിരിപ്പ് വിശദാംശത്തിൽ വിനിയോഗ വിവരം, ക്രമീകരണ ജേർണൽ വൗച്ചർ നംപർ തുടങ്ങിയ വിവരങ്ങൾ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതായിരുന്നു. KWA യിലെ നിക്ഷേപത്തിൽ 15,929,868/- രൂപ ക്രമീകരിക്കുകയും 5,807,869/- രൂപ പ്രോജക്ടുകൾക്ക് ചെലവഴിക്കാതെ ഏജൻസിയിൽ നിന്നും ജില്ല പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കുകയും ചെയ്തതായി ധനകാര്യ പത്രികയിൽ കാണുന്നു. എന്നാൽ മുന്നിരിപ്പ് വിശദാംശം സൂക്ഷിക്കാത്ത സാഹചര്യത്തിൽ ക്രമീകരണവും തിരിച്ചടവും ഏതെല്ലാം പ്രോജക്ടുകളുടേതാണെന്നത് വ്യക്തമല്ല. പ്രോജക്ട് നടപ്പാക്കാതെ തുക തിരിച്ചടയ്ക്കുന്ന സാഹചര്യത്തിൽ അതിനായി ചെലവഴിച്ച സർക്കാർ ഗ്രാന്റ് ഉണ്ടെങ്കിൽ തുക സർക്കാരിലേക്ക് അടവാക്കേണ്ട സാഹചര്യവും നിലനിൽക്കുന്നു. KSEB, GWD എന്നിവയിലെ നിക്ഷേപങ്ങളിൽ യഥാക്രമം 794,305/-, 192,452/- രൂപ വീതമാണ് തൻവർഷം ക്രമീകരിച്ചത്.

ധനകാര്യ പത്രികയിലെ വിവരങ്ങൾക്കനുസൃതമായ അനുബന്ധ രേഖകളും രജിസ്റ്ററുകളും സാമ്പത്തിക വർഷത്തെ മുന്നിരിപ്പ് ഉൾപ്പടെ വിശദാംശങ്ങൾ സൂക്ഷിക്കാതെയും കണക്കുകളുടെ സംക്ഷിപ്തം സാക്ഷ്യപ്പെടുത്തുകയുമാണ് ജില്ല പഞ്ചായത്തിൽ വിവിധ ഇടപാടുകൾ നടത്തുന്നത് എന്ന് അഡ്വാൻസ് രജിസ്റ്ററിൽ നിന്ന് വ്യക്തമാകുന്നു. കൃത്യമായ സാക്ഷ്യപ്പെടുത്തലുകളുടെയും അനുബന്ധരേഖകളുടെയും പിൻബലമില്ലാതെയും മുന്നിരിപ്പ് വിശദാംശങ്ങൾ സൂക്ഷിക്കാതെയും വിവിധ നിക്ഷേപങ്ങൾ ക്രമീകരിച്ചതിനാൽ പ്രസ്തുത ഇടപാടുകളുടെ ആധികാരികത വ്യക്തമല്ല. മേൽവിവരിച്ച അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.41/2021-22 /24.02.2023) നൽകിയതിന് മറുപടി ലഭിച്ചില്ല. വിവിധ ഏജൻസികളിൽ നിക്ഷേപിച്ച തുകകൾ 2021-22 വർഷത്തെ മുന്നിരിപ്പിന്റെ വിശദാംശം(നിക്ഷേപിച്ച വർഷം, പ്രോജക്ട്, പ്രോജക്ട് പുരോഗതി) രേഖപ്പെടുത്തി രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്. നിക്ഷേപ തുക ക്രമീകരിച്ചതിന്റെ ജേർണൽ വൗച്ചർ വിവരങ്ങൾ പോസ്റ്റ് ചെയ്യേണ്ടതാണ്. എല്ലാ ശീർഷകങ്ങളുടെയും അഡ്വാൻസ് രജിസ്റ്റർ പൂർത്തീകരിച്ച് 2021-22 വർഷത്തെ കണക്കുകളുടെ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി രജിസ്റ്റർ ഉൾപ്പടെ പ്രഥമ മറുപടിയിൽ നൽകേണ്ടതാണ്.

## 1-11 വിവിധ ഡെപ്പോസിറ്റുകൾ ലഭിച്ചത് സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ ക്രോഡീകരിച്ചിട്ടില്ല- കണക്കുകളിൽ അവ്യക്തത

ജില്ലാ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച വിവിധ നിക്ഷേപ തുകകൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ രേഖപ്പെടുത്തി കണക്കുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ഓരോ സാമ്പത്തിക വർഷത്തെയും ഇടപാടുകൾ വർഷം തിരിച്ച് രേഖപ്പെടുത്തുകയും സാമ്പത്തിക വർഷത്തെ കണക്കുകൾ ക്രോഡീകരിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ധനകാര്യ പത്രികയുടെ അനുബന്ധരേഖയായി സൂക്ഷിക്കുകയുമാണ് ചെയ്യേണ്ടിയിരുന്നത്. 31/03/2022 ലെ ബാലൻസ് ഷീറ്റ് ബി-7 ഷെഡ്യൂൾ പ്രകാരം 5,638,974/- രൂപയുടെ നിക്ഷേപം ജില്ല പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നുണ്ട്. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-58(3)(എ) പ്രകാരം സാമ്പത്തിക വർഷത്തെ ഡെപ്പോസിറ്റ് കണക്കുകൾ ക്രോഡീകരിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതായിരുന്നു. ഡെപ്പോസിറ്റ് രജിസ്റ്ററിലെ കണക്കുകൾ കൃത്യമായി തയ്യാറാക്കുകയും സംക്ഷിപ്തം തയ്യാറാക്കി ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കാതിരുന്നതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.44/2021-22/25.02.2023) നൽകിയതിന് മറുപടി ലഭിച്ചില്ല. 2021-22 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ മുന്നിരിപ്പ് വിശദാംശം ഉൾപ്പടെ തയ്യാറാക്കി 2021-22 കണക്കുകളുടെ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്. രജിസ്റ്റർ തയ്യാറാക്കി സാമ്പത്തിക വർഷത്തെ കണക്കുകൾ ക്ലോസ് ചെയ്ത ശേഷം കാലഹരണപ്പെട്ട നിക്ഷേപങ്ങൾ അടിയന്തിരമായി കണ്ടുകെട്ടാനുള്ള നടപടി ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി സ്വീകരിക്കേണ്ടതാണ്.

### 1-12 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും മറ്റ് തദ്ദേശ സ്ഥാപന വിഹിതങ്ങളുടെയും വിനിമയം-അപാകതകൾ

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-13 പ്രകാരം ഓരോ ഫണ്ടുകൾക്കും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓരോ ഇടപാടും സാമ്പത്തിക വർഷത്തെ കണക്കുകളും സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ജില്ലാ പഞ്ചായത്ത് ഫണ്ടിലുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും മറ്റ് തദ്ദേശ സ്ഥാപന വിഹിതങ്ങളുടെയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ മേൽചട്ട പ്രകാരം പരിപാലിക്കുന്നില്ല എന്ന് കാണുന്നു. 31/03/2022 ൽ ജില്ലാ പഞ്ചായത്ത് ഫണ്ടിലുള്ള ഗ്രാന്റുകളുടെ വിനിമയം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ വ്യക്തമല്ല. ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | തുക |
|---|---|
| സർവ്വ ശിക്ഷാ അഭിയാൻ(SSA) | 575,052/- |
| രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ(RMSA) | 14,532,102/- |
| വെർച്വൽ ക്ലാസ് റൂം ഫണ്ട്(RGPSA) | 312,266/- |
| മൃഗസംരക്ഷണ വകുപ്പ് ഗ്രാന്റ്(ക്യാപ്പിറ്റൽ) | 387,516/- |
| ഹയർ സെക്കന്ററി ഗ്രാന്റ് | 4,098,681/- |
| കേരളോൽസവം ഗ്രാന്റ് | 64,573/- |
| ഹയർ സെക്കന്ററി(ടോയ്‌ലെറ്റ്) ഗ്രാന്റ് | 609,857/- |
| നബാർഡ് അസിസ്റ്റൻസ് | 1,142,571/- |
| പാൻഡമിക് ഫണ്ട് | 1,333/- |
| ഗുണഭോക്തൃ വിഹിതം | 38,677/- |
| സംസ്ഥാന സർക്കാർ അവാർഡ് | 500,000/- |
| സംയുക്ത പ്രോജക്ട്-ഗ്രാമപഞ്ചായത്ത്(ക്യാപ്പിറ്റൽ) | 577,356/- |
| സംയുക്ത പ്രോജക്ട്-ബ്ലോക്ക് പഞ്ചായത്ത്(ക്യാപ്പിറ്റൽ) | 500,000/- |
| സംയുക്ത പ്രോജക്ട്-നഗരസഭ(റവന്യൂ) | 900,000/- |
| സംയുക്ത പ്രോജക്ട്-ഗ്രാമപഞ്ചായത്ത്(റവന്യൂ) | 970,603/- |
| സംയുക്ത പ്രോജക്ട്-ബ്ലോക്ക് പഞ്ചായത്ത്(റവന്യൂ) | 1,668,092/- |
| പ്രത്യേക ഉദ്ദേശ്യം-ഗ്രാമപഞ്ചായത്ത്(റവന്യൂ) | 55,116/- |
| ആകെ | 26,933,795/- |

മേൽപറഞ്ഞ ഫണ്ടുകളുടെ വിനിമയത്തിലെ അപാകത ചുവടെ വിവരിക്കുന്നു.

1. വിവിധ ഗ്രാന്റുകളുടെ മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല. 31/03/2022 ൽ ജില്ലാ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്ന വിവിധ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളും മറ്റ് തദ്ദേശ സ്ഥാപന വിഹിതങ്ങളും ഏതെല്ലാം കാലയളവിൽ ഏത് ഉദ്ദേശ്യത്തിന് ലഭിച്ചതാണ് എന്നുള്ള വിവരം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ മുന്നിരിപ്പായി ചേർത്തിട്ടില്ല.
2. മേൽപറഞ്ഞ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളിൽ RMSA, നബാർഡ് ഗ്രാന്റ്, പാൻഡമിക് ഫണ്ട് എന്നിവയ്ക്ക് മാത്രമാണ് 2021-22 വർഷം ചെലവുള്ളത്. ടി ഫണ്ടുകളുടെ ചെലവ് സുലേഖ ചെലവ് പത്രികയിലെ കേന്ദ്രാവിഷ്കൃത ഫണ്ട് ചെലവുമായി പൊരുത്തപ്പെടുന്നില്ല. പ്രോജക്ടിലും പ്രോജക്ടിതരമായും ചെലവഴിക്കുന്ന ഫണ്ടുകളുടെ വിവരം എ.സി.ആറിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ബാക്കിയുള്ള ഗ്രാന്റുകൾ ജില്ലാ പഞ്ചായത്ത് ഫണ്ടിൽ മുന്നിരിപ്പ് തന്നെ വർഷാവസാനവും ബാധ്യതയായി അവശേഷിക്കുന്നു.

3. ഗ്രാമപഞ്ചായത്ത് വിഹിതം(റവന്യൂ) ചെലവായി 2,800,071/- രൂപയാണ് ധനകാര്യ പത്രികയിൽ കാണുന്നത്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം 3,700,000/- ആണ് ഗ്രാമപഞ്ചായത്ത് വിഹിതം ചെലവ്.
4. ബ്ലോക്ക് പഞ്ചായത്ത് വിഹിതം(റവന്യൂ) ചെലവായി 4 ലക്ഷം രൂപയാണ് ധനകാര്യ പത്രികയിൽ കാണുന്നത്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവില്ല.
5. ഓരോ ഫണ്ടും പ്രത്യേകം ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കണമെന്ന് മേൽപറഞ്ഞ ചട്ടത്തിൽ നിർദ്ദേശിച്ചെങ്കിലും വിവിധ തദ്ദേശഭരണ സ്ഥാപന വിഹിതങ്ങളും ഭൂരിഭാഗം ഗ്രാന്റുകളും പ്രത്യേക ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിച്ചിട്ടില്ല.

കൃത്യമായ കണക്കുകൾ സൂക്ഷിക്കാതെയും ഇടപാടുകൾ സാക്ഷ്യപ്പെടുത്താതെയും പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളും മറ്റ് തദ്ദേശ സ്ഥാപന വിഹിതങ്ങളും ജില്ലാ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നതും വിനിമയം നടത്തുന്നതും മേൽവിവരിച്ച ചട്ടങ്ങളുടെ ലംഘനമാണ്. അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.45/2021-22/25.02.2023) നൽകിയതിന് മറുപടി ലഭിച്ചില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-13 വാണിജ്യബാങ്ക് അക്കൗണ്ടിൽ വികസനഫണ്ട്, ജിഎസ് ടി തുകകളുടെ നിക്ഷേപം ക്രമവിരുദ്ധം

കുട്ടനാട് പാക്കേജ് പ്രകാരവും ജില്ലാപഞ്ചായത്ത് നേരിട്ട് വാങ്ങി നൽകിയതുമായ കൊയ്ത്ത് മെതിയന്ത്രങ്ങളുടെ വാടക പഞ്ചാബ് നാഷണൽ ബാങ്കിലുള്ള ഹാർവെസ്റ്റർ അക്കൗണ്ടിലേക്കാണ് (അക്കൗണ്ട് നം 2982000103029819)അടവാക്കി വരുന്നത്. ടി തുക ജില്ലാപഞ്ചായത്തിന്റെ തനത് വരുമാനമാണ്. ടി അക്കൗണ്ടിൽ ഹാർവെസ്റ്റർ വാടക കൂടാതെ ജില്ലാപഞ്ചായത്ത് കെട്ടിടത്തിലുള്ള മറ്റ് ഓഫീസുകളിൽ നിന്നുള്ള വാട്ടർ ചാർജ് , കറണ്ട് ചാർജ് എന്നിവയും നിക്ഷേപിച്ചിട്ടുണ്ട്. ടി തുകകൾ കൂടാതെ ഈ അക്കൗണ്ടിൽ മറ്റ് സംസ്ഥാന/കേന്ദ്ര സർക്കാരിലേക്ക് അടവാക്കേണ്ട തുകകളും നിക്ഷേപിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിക്ഷേപിച്ച തീയതി | ഇനം | തുക |
|---|---|---|
| 16-4-21(as Per Bank Book) | CGST<br>SGST | 41013/-<br>41013/- |
| 14-1-22(as Per Bank Book) | CGST<br>SGST | 3565/-<br>3565/- |
| 2-03-22 | KWA (Refund Of Un Utilised Amountof Deposit Work) | 58,07,869/- |
| 23-3-22 | KWA (Refund Of Un Utilised Amountof Deposit Work) | 3,01,722/- |

ടി തുകകളിൽ വികസനഫണ്ടിൽ നിന്നും മുൻവർഷം വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചതിൽ ചെലവഴിക്കാതെ തിരികെ ലഭിച്ച തുകയുമുണ്ട്. കേന്ദ്രസംസ്ഥാന സർക്കാരിലേക്ക് ഒടുക്കേണ്ട ജിഎസ് ടി ഉൾപ്പടെയുള്ള ടി തുകകൾ ബന്ധപ്പെട്ട ശീർഷകങ്ങളിൽ സർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (48/3-3-23)മറുപടി ലഭ്യമാക്കിയില്ല. ജില്ലാപഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടിൽ വികസനഫണ്ട് സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല. ടി തുകയും മുൻവർഷങ്ങളിൽ വികസനഫണ്ട് തുകകളുടെ നിക്ഷേപം ഏതെങ്കിലുമുണ്ടോയെന്ന് പരിശോധിച്ച് ടി തുകകൾ സർക്കാരിലേക്ക് ഒടുക്കേണ്ടതും ജിഎസ്ടി ഇനത്തിലെ തുക ബന്ധപ്പെട്ട ശീർഷകങ്ങളിൽ അടവുവരുത്തി വിവരം അറിയിക്കേണ്ടതുമാണ്.

1-14 ടെൻഡർ ഫീസിനത്തിൽ ലഭിച്ച തുക കൃഷി വകുപ്പ് ഡയറക്ടറുടെ അക്കൗണ്ടിൽ സൂക്ഷിക്കുന്നു-ജില്ലാപഞ്ചായത്തിന് തിരികെ ലഭിച്ചില്ല

ജില്ലാ പഞ്ചായത്തിൽ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ഇ-ടെണ്ടർ മുഖേന നടപ്പാക്കുന്ന പ്രൊജക്ടുകളുടെ ടെൻഡർ ഫീസ്, ഇഎംഡി എന്നിവ കൃഷിവകുപ്പ് ഡയറക്ടറുടെ അക്കൗണ്ടിലാണ് വരവ് വെയ്ക്കുന്നത്. ടി തുക ജില്ലാ പഞ്ചായത്തിന്റെ തനത് വരുമാനമാണ്. 2017-18 മുതലുള്ള ടെൻഡർ ഫീസ് നാളിതുവരെ ജില്ലാപഞ്ചായത്തിന് ലഭിച്ചിട്ടില്ല. 2021-22 വർഷം ഇ-ടെണ്ടർ വഴി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ വിവരം, ടെണ്ടർഫാറവില, എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റിന്റെ പേര് | അടങ്കൽ | കരാറുകാരുടെ എണ്ണം | ടെൻഡർ ഫോം വില | ആകെ ഫീസ് |
|---|---|---|---|---|---|
| 1 | സീഡ് ഫാം കോഴ, ടോയ് ലറ്റ് നിർമ്മാണം | 500000 | 4 | 1000 | 4000 |
| 2 | തലയാഴം പഞ്ചായത്ത്-തേവലക്കാട്ട്കരി പാടശേഖരം അടിസ്ഥാനസൗകര്യവികസനം | 1000000 | 3 | 2000 | 6000 |
| 3 | പുതുപ്പള്ളി ഗ്രാമപഞ്ചായത്ത്-വാർഡ് 11ൽ വലിയതോട് തടയണ നിർമ്മാണം | 2000000 | 2 | 2500 | 5000 |
| 4 | ആർപ്പൂക്കര പഞ്ചായത്ത്-കന്യാക്കോൺ പാടശേഖരം -അടിസ്ഥാനസൗകര്യവികസനം | 1000000 | 2 | 2000 | 4000 |
| 5 | കൊയ്ത്ത് യന്ത്രങ്ങളുടെ അറ്റകുറ്റപ്പണിക്ക് സ്പെയർ പാർട്ട്സ് വാങ്ങൽ | 1200000 | 2 | 2500 | 5000 |
| 6 | വാകത്താനം ഗ്രാമപഞ്ചായത്ത്-കോളശ്ശേരിക്കരി പാടശേഖരം പുറംബണ്ട്, വാച്ചാൽ നിർമ്മാണം | 1000000 | 2 | 2000 | 4000 |
| 7 | സീഡ് ഫാം കോഴ-ട്രയിനിങ്ങ് ഹാൾ നിർമ്മാണം | 1000000 | 3 | 2000 | 6000 |
| 8 | വെളിയന്നൂർ ഗ്രാമപഞ്ചായത്ത്-കുറ്റിക്കാട്ട് പാടശേഖരം-കനാൽ നിർമ്മാണം | 1000000 | 3 | 2000 | 6000 |
| 9 | കൊയ്ത്ത് മെതിയന്ത്രങ്ങൾ വാങ്ങൽ | 9000000 | 5 | 2500 | 12500 |
| 10 | കൊയ്ത്ത് യന്ത്രങ്ങളുടെ അറ്റകുറ്റപ്പണി | 1500000 | 2 | 2500 | 5000 |
| | ആകെ | | | | 57500 |

2021-22 വർഷം ടെൻഡർ ഫീസിനത്തിൽ 57500/-രൂപ ജില്ലാപഞ്ചായത്തിന് ലഭിക്കാനുണ്ട്. ടെൻഡർ

ഫീസിനത്തിൽ2017-18 മുതൽ 2021-22 വരെ ലഭിക്കാനുള്ള ആകെതുകയായ 5,90,194/- രൂപ തിരികെ ജില്ലാ പഞ്ചായത്തിന് ലഭിക്കാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് 22-9-2022 ലെ നം AE(2)1007/2019 കത്ത് പ്രകാരം കാർഷിക വികസന വകുപ്പിനെ അറിയിച്ചിട്ടുള്ളതായി നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. തുക ലഭ്യമാക്കി ജില്ലാപഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

ടെണ്ടർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ടെണ്ടർ നടപടികളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന അടിസ്ഥാന രജിസ്റ്ററായ ടെണ്ടർ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ടെണ്ടർ ചെയ്യുന്ന വേലയുടെ പേര്, ടെണ്ടർ തുറക്കുന്ന സമയം, ലഭിച്ച വിവരം, അംഗീകരിച്ച വിവരം, തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ടെണ്ടർ രജിസ്റ്റർ തയ്യാറാക്കേണ്ടതും പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-15 എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള SBI അക്കൗണ്ട് - അക്കൗണ്ടിന്റെ ആവശ്യകത വ്യക്തമല്ല.

കോട്ടയം ജില്ലാപഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ പേരിൽ SBI, കളക്ടറേറ്റ് ബ്രാഞ്ചിൽ 671353622090 അക്കൗണ്ട് നമ്പരായി ഒരു സേവിങ്ങ്സ് ബാങ്ക് അക്കൗണ്ട് ഉള്ളതായി കാണുന്നു. പ്രസ്തുത അക്കൗണ്ടിൽ 31-3-2022 ൽ 22,55,990/-രൂപ ബാലൻസ് ഉള്ളതായും 25-12-22 ൽ ബാലൻസ് 19,29,686.43/- രൂപയായി മാറിയതായും കാണുന്നു. ടി അക്കൗണ്ടിലേക്ക് പലിശയിനത്തിലുള്ള തുക മാത്രമേ തൻവർഷം ലഭിച്ചിരുന്നുള്ളൂ. 2-8-22ൽ ടി അക്കൗണ്ടിൽ നിന്ന് 10000/-രൂപ പിൻവലിച്ചിട്ടുള്ളതായും ശ്രീ ഷാജൻ ജേക്കബ് എന്നയാൾക്ക് രണ്ട് തവണയായി 2,16,747/-രൂപ വീതവും നൽകിയതായും കാണുന്നു.

ടി പാസ് ബുക്ക് 1-4-21 മുതൽ 25-12-21 വരെയുള്ള കാലയളവിലെ അക്കൗണ്ട് വിനിയോഗവിവരങ്ങൾ ബാങ്കിൽ നിന്നും പതിച്ച് ലഭ്യമാക്കിയിരുന്നില്ല. പ്രസ്തുത അക്കൗണ്ടിന്റെ കാഷ് ബുക്ക്/ചെക്ക് ഇഷ്യൂ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പ്രസ്തുത അക്കൗണ്ട് ഏത് ആവശ്യത്തിന് ഏത് ഫണ്ട് വിനിയോഗിച്ച് ആരംഭിച്ചതാണെന്നും മേൽ ചൂണ്ടിക്കാട്ടിയ ചെലവുകൾ ഏത് ആവശ്യത്തിനാണെന്നും വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 47/1-3-23) മറുപടിയായി ടി അക്കൗണ്ടിലേക്ക് വന്ന സെക്യൂരിറ്റി ഡെപ്പോസിറ്റായി ലഭിച്ച 10000/രൂപ ട്രഷറിയിൽ അടയ്ക്കുന്നതിനായി 02.08.22 ൽ പിൻവലിക്കുകയും ട്രഷറിയിൽ പണമായി അടയ്ക്കാൻ സാധിക്കാതിരുന്നതിനാൽ 03.08.22 ൽത്തന്നെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചതായും അറിയിച്ചു. ശ്രീ.ഷാജൻ ജേക്കബ് എന്ന കരാറുകാരന് റിട്ടെൻഷൻ തുകയായി നൽകിയ തുക തെറ്റായി രണ്ട് തവണ മാറി നൽകിയിരുന്നു എന്നും ടി തുക അടിയന്തിരമായി അക്കൗണ്ടിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചു. എന്നിരുന്നാലും പ്രസ്തുത അക്കൗണ്ട് ഏത് ആവശ്യത്തിനാണ് നിലനിർത്തുന്നത് എന്നത് വിശദീകരിച്ചിട്ടില്ല. കരാറുകാരന് അധികമായി നൽകിയ 216747/- രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. അക്കൗണ്ട് പരിപാലിക്കുന്നത് സംബന്ധിച്ച് കൃത്യമായ വിവരം ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ടി അക്കൗണ്ട് അനധികൃതമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അക്കൗണ്ടിന്റെ ആവശ്യകത സംബന്ധിച്ച് രേഖാമൂലം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-16 ടെൻഡർ ഫീസിനത്തിൽ 2.04 കോടി രൂപ എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ -മറ്റ് തദ്ദേശസ്ഥാപനങ്ങൾക്ക് നൽകാനുള്ള തുക സംബന്ധിച്ചും ജില്ലാപഞ്ചായത്ത് തനത് ഫണ്ടിലേക്ക് ലഭ്യമാക്കേണ്ട തുക സംബന്ധിച്ചും വ്യക്തമായ കണക്കുകളില്ല.

കോട്ടയം ജില്ലാ പഞ്ചായത്ത്, ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവയുടെ പൊതുമാരാമത്ത് പ്രവൃത്തികളുടെ ഇ-ടെൻഡർ നടപടികളുടെ ഭാഗമായി ഓൺലൈൻ സമ്പ്രദായത്തിലൂടെ ഈടാക്കിയ ടെൻഡർ ഫീ ഇനത്തിലുള്ള തുകയും(ഫോറം വില+GST), ഇ.എം.ഡി ഫീ ഇനത്തിലുള്ള തുകയും എൽ എസ് ജി ഡി എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള എസ്.ബി.ടി,

കളക്ടറേറ്റ് ശാഖയിലുള്ള ബാങ്ക് അക്കൗണ്ടിൽ(നം.67255971951) വരവ് വെക്കുന്നുണ്ട്. ടി അക്കൗണ്ടിന്റെ 2021-22 വർഷത്തെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമായില്ല. 29-1-23 ൽ ടി അക്കൗണ്ടിൽ 2,04,14,029/- രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു എന്നാൽ ടിയിനത്തിൽ ജില്ലാ പഞ്ചായത്തിനുള്ള വരുമാനം ബന്ധപ്പെട്ട വരുമാന ഹെഡിലും, ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾക്കും, സംസ്ഥാന സർക്കാരിനുള്ള വിഹിതം( ജി.എസ്.റ്റി) ബാധ്യത ഹെഡിലും അക്കൗണ്ട് ചെയ്യുന്നില്ല. കൂടാതെ പ്രസ്തുത വരവ് സംബന്ധിച്ച രജിസ്റ്ററുകളോ മറ്റ് അനുബന്ധ രേഖകളോ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകയുടെ കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല. ഗണ്യമായ തുകയുടെ സാമ്പത്തിക വിനിമയം സംബന്ധിച്ച് രജിസ്റ്ററുകൾ സൂക്ഷിക്കാത്ത നടപടി ക്രമപ്രകാരമല്ല. ഇതു സംബന്ധമായി തികഞ്ഞ അവ്യക്തതയാണ് നിലനിൽക്കുന്നത്. പ്രസ്തുത വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (49/3.3.23) മറുപടിയായി ജില്ലാ പഞ്ചായത്തിലേക്ക് കൈമാറേണ്ടതായ തുക 2020-21 വരെയുള്ളത് കൈമാറിയിട്ടുണ്ടെന്നും അതാത് സ്ഥാപനങ്ങളിൽ ഇ-ടെണ്ടർ ഫീസ് വരവുവയ്ക്കുന്നതിനായി ബാങ്ക് അക്കൗണ്ട് ആരംഭിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം പാലിക്കാത്ത ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളുടെ തെറ്റായ നടപടിമൂലമാണ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഇത്രയും ഭീമമായ തുക ബാലൻസ് വരാൻ ഇടയാക്കിയതെന്ന് അറിയിച്ചു.

മുൻകാലങ്ങളിൽ ഉൾപ്പെടെ ജില്ലാപഞ്ചായത്ത് നടത്തിയ ടെൻഡറുകളുടെ കൃത്യമായ കണക്ക് തയ്യാറാക്കി ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് മാറ്റി നൽകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 വിവിധ സ്ഥാപനങ്ങളിലെ ലേലനടപടികൾ - തുക പൂർണ്ണമായും ജില്ലാപഞ്ചായത്തിന് ലഭ്യമായിട്ടില്ല

2021-22 വർഷം ജില്ലാപഞ്ചായത്തിന് കൈമാറിക്കിട്ടിയ വിവിധ സ്ഥാപനങ്ങളിൽ നടന്ന ലേലനടപടികൾ ജില്ലാപഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കമ്മറ്റി തീരുമാനം നം | തീരുമാനം |
|---|---|
| 2(2) Dt 3-8-21 | വെച്ചൂർ ദേവിവിലാസം HSSപൊളിച്ചുമാറ്റേണ്ട കെട്ടിടങ്ങളുടെ ലേലം ഉറപ്പിച്ചതിന് അംഗീകാരം - RS 25,000/- |
| 6(1) Dt 3-8-21 | കോട്ടയം ജനറൽ ആശുപത്രി പൊളിച്ചുമാറ്റേണ്ട തടിറാക്കുകളുടെ ലേലം ഉറപ്പിച്ചതിന് അംഗീകാരം - RS 2,05,000/- |
| 2(1,2,3) Dt 30-9-21 | വിവിധ സ്കൂളുകളിലെ ഉപയോഗശൂന്യമായ ഉരുപ്പടികളുടെ ലേലം ഉറപ്പിച്ച് നൽകി<br>1. മാഞ്ഞൂർഗവ.എച്ച്എസ്- RS 59118/-<br>2.കടുത്തുരുത്തിഗവ. എച്ച്എസ്എസ് - RS 50150/-<br>3. വാഴൂർ HSS-RS 71036/- |
| 2(1) Dt 16-11-21 | നെടുങ്കുന്നം GHSSലെ ഉപയോഗശൂന്യമായ ഉരുപ്പടികളുടെ |

| | |
|---|---|
| | ലേലം ഉറപ്പിച്ച് നൽകി Rs 91450/- |

ടി ലേലതുകകൾ ജില്ലാപഞ്ചായത്തിൽ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം52/6-3-23) മറുപടി ലഭ്യമായില്ല . 2021-22 വർഷത്തെ വാർഷികകണക്കുകൾ പ്രകാരം Auction Of Obselete Asset എന്ന ശീർഷകത്തിലെ വരുമാനം 3.96ലക്ഷം രൂപ മാത്രമാണ്. ഇതിൽ നിന്നും മേൽ പട്ടികയിലെ തുകകൾ പൂർണ്ണമായും ജില്ലാപഞ്ചായത്തിന് ലഭിച്ചിട്ടില്ലായെന്ന് കാണുന്നു. വിവിധ സ്കൂളുകൾ ഉൾപ്പെടെ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ലേലതുകകൾ ജില്ലാപഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതും ബന്ധപ്പെട്ട സ്ഥാപനങ്ങളുടെതന്നെ അറ്റകുറ്റപ്പണികൾക്കായി വിനിയോഗിക്കേണ്ടതുമാണ്. ലേലത്തുക ജില്ലാപഞ്ചായത്തിന് കൃത്യമായി ലഭ്യമാകുന്നുണ്ടെന്ന് അധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്.

### 1-18 ഹാർവെസ്റ്റർ വാടക ജില്ലാ പഞ്ചായത്തിൽ അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ( കൃഷി) ഓഫീസിൽ നിന്നും വാടകയ്ക്ക് നൽകുന്ന വിവിധ ഹാർവെസ്റ്ററുകളുടെ ലോഗ് ബുക്കുകൾ പരിശോധിച്ചതിൽ ചില പാടശേഖരങ്ങളിൽ കൊയ്ത്തിന് ഉപയോഗിച്ച ദിവസങ്ങളിലെ വാടക ഒടുക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഹാർവെസ്റ്റർ നമ്പർ | ലോഗ്ബുക്ക് പ്രകാരം വാടകയ്ക്ക് നൽകിയതിന്റെ വിശദാംശങ്ങൾ | ഈടാക്കേണ്ടിയിരുന്ന വാടക (മണിക്കൂറിന് 600/ നിരക്കിൽ) | വാഹന വാടക | ആകെ |
|---|---|---|---|---|
| കെ.പി 2 | മുണ്ടാർ ആറാം നമ്പർ പാടശ്ശേഖരത്തിന് 12.04.22 മുതൽ 30.04.22 വരെ തീയതികളിലായി ആകെ 23.4 മണിക്കൂർ | 23.4X 600= 14040 | 5000 | 19040 |
| കെ.പി 3 | വാഴമന സൗത്ത് പാടശ്ശേഖരം-വൈക്കം 23.03.22 മുതൽ 27.04.22 വരെ തീയതികളിലായി ആകെ 64.9 മണിക്കൂർ | 64.9X 600= 38940 | 5000 | 43940 രൂപ |
| Kubota Dc 68G കമ്പൈൻഡ് ഹാർവെസ്റ്റർ | മേവെള്ളൂർ പാടശ്ശേഖരം- 08.07.21- 26.7 മണിക്കൂർ | 26.7X 600= 16020 | 5000 | 21020 രൂപ |
| Kubota Dc 68G കമ്പൈൻഡ് ഹാർവെസ്റ്റർ | കേളക്കരി മാടപ്പള്ളിക്കാട് പാടശ്ശേഖരം- ചെങ്ങളം - | 81X600= 48600 | 5000 | 53600രൂപ |

| | | | | |
|---|---|---|---|---|
| | 20.11.21 മുതൽ 12.12.21വരെ തീയതികളിലായി ആകെ 81 മണിക്കൂർ | | | |
| Kubota Dc 68G കമ്പൈൻഡ് ഹാർവെസ്റ്റർ | കിണറ്റിൻകര ബ്ലോക്ക് പാടശേഖരം മുണ്ടാർ 04.01.22 മുതൽ 11.01.22 വരെ തീയതികളിലായി ആകെ 27മണിക്കൂർ | 27X 600= 16200 | 5000 | 21200 രൂപ |
| | ആകെ | | | 158800 |

മേൽ പരാമർശിച്ച തീയതികളിലെ ഹാർവെസ്റ്റർ വാടക ജില്ലാ പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 38/23.02.23 ന് മറുപടി ലഭ്യമാക്കിയില്ല. ഹാർവെസ്റ്റർ വാടകയിനത്തിലുള്ള 158800 രൂപ ജില്ലാ പഞ്ചായത്തിൽ ഒടുക്കിയതിന്റെ വിശദാംശങ്ങൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക ഒടുക്കിയിട്ടില്ല എന്ന നിഗമനത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്.

1-19 ഹൈക്കോടതിയിൽ കെട്ടിവച്ച തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ചില്ല

കോട്ടയം ജില്ലാപഞ്ചായത്തിന്റെ 2005-06 വാർഷിക പദ്ധതിയിൽപ്പെടുത്തി ജില്ലയിലെ വിവിധ ഡിവിഷനുകളിലെ ഹൈസ്കൂൾ ക്ലാസിലെ 3500 പെൺകുട്ടികൾക്ക് ഇംഗ്ലീഷ് , കണക്ക് വിഷയങ്ങൾ പഠിപ്പിക്കുന്നതിനായി ഒരു കുട്ടിക്ക് ആയിരം രൂപ നിരക്കിൽ 3500000 രൂപ അടങ്കലായി പ്രോജക്ട് തയ്യാറാക്കിയിരുന്നു. ഗുണഭോക്തൃലിസ്റ്റ് ജില്ലാപഞ്ചായത്ത് കമ്മിറ്റിയിൽ സമർപ്പിച്ച് അംഗീകാരം നേടാത്തതിനാൽ കരാർ പ്രകാരം ഒന്നാം ഗഡുവായി നൽകേണ്ട 875000 രൂപ ( 25% തുക) ജില്ലാ പഞ്ചായത്തിൽ നിന്നും നൽകിയിരുന്നില്ല. പ്രോജക്ട് നടത്തിപ്പ് ഏറ്റെടുത്ത വിശ്വസമ്പത്ത് ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടറായ എം.വി.സദാനന്ദൻ തദ്ദേശസ്വയംഭരണവകുപ്പ് സ്ഥാപനങ്ങൾക്കുള്ള ബഹു.ഓംബുഡ്സ്മാൻ മുമ്പാകെ OP276/2006 നമ്പരായി കേസ് ഫയൽ ചെയ്യുകയും ടിയാൾക്ക് തുക അനുവദിച്ച് ബഹു.ഓംബുഡ്സ്മാൻ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

പ്രസ്തുത വിധിക്കെതിരെ ജില്ലാ പഞ്ചായത്ത് ഹൈക്കോടതിയിൽ 28887/2006 നമ്പരായി കേസ് ഫയൽ ചെയ്തിരുന്നു. ഹൈക്കോടതി നിർദ്ദേശപ്രകാരം 875000 രൂപ ടിയാൾക്ക് അനുവദിച്ചുകൊണ്ടും ശേഷിക്കുന്ന തുകയായ 2625000 രൂപ എസ് ബി ഐ എറണാകുളം ശാഖയിൽ കോഡ് 1015 എന്ന അക്കൗണ്ടിൽ ഹൈക്കോടതി രജിസ്ട്രാർ ജനറലിന്റെ പേരിൽ ലീൻ നൽകി നിക്ഷേപിക്കാൻ ജില്ലാ പഞ്ചായത്തിനോട് നിർദ്ദേശിക്കുകയും വിവിധ ഇടക്കാല ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ശ്രീ. എം. വി . സദാനന്ദന് 1947000 രൂപ എസ് ബി ഐ അക്കൗണ്ടിൽ നിന്നും നൽകുകയും ചെയ്തിരുന്നു. 09/04/2008 ലെ ജഡ്ജ്മെന്റ് പ്രകാരം പദ്ധതി പ്രകാരം എത്ര കുട്ടികൾക്ക് പ്രയോജനം ലഭിച്ചുവെന്ന് കൃത്യമായി കണക്കാക്കി തുക അനുവദിക്കുന്നതിന് ബഹു.ഓംബുഡ്സ്മാന് കൈമാറി ഉത്തരവായിരുന്നു. തുടർന്ന് പരാതിക്കാരൻ ഓംബുഡ്സ്മാനിൽ ഒരു പരാതി O.P.No.1048/2015 ആയി ഫയൽ ചെയ്യുകയും ടി പരാതി 30/09/2021 ൽ തീർപ്പാക്കി ഓംബുഡ്സ്മാൻ ഉത്തരവാകുകയും ചെയ്തിരുന്നു. ടി ഉത്തരവ് പ്രകാരം 2822

കുട്ടികൾക്ക് പരിശീലനം നൽകിയതിന്റെ രേഖകൾ മാത്രമാണ് പരാതിക്കാരൻ ഹാജരാക്കിയിട്ടുള്ളതെന്നും 1000 രൂപ നിരക്കിൽ 2822000 രൂപയ്ക്ക് മാത്രമേ അർഹതയുള്ളൂവെന്നും കൂടുതൽ തുക അനുവദിക്കേണ്ടതില്ലായെന്നും ഉത്തരവായിരുന്നു. ഈ സാഹചര്യത്തിൽ കോടതിയിൽ കെട്ടിവച്ച 678000/- രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കുന്നതിന് പകരം ജില്ലാപഞ്ചായത്ത് കമ്മറ്റിയുടെ 21-10-21 ലെ 10(6) നമ്പർ തീരുമാനപ്രകാരം ജില്ലാ പഞ്ചായത്തിന്റെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതിന് അനുമതി നൽകുന്നതിന് ബഹു.സർക്കാരിനോട് അഭ്യർത്ഥിച്ച് തീരുമാനിച്ചിരുന്നു. കോടതിയിൽ കെട്ടി വച്ച തുകയായ 678000/-രൂപ കോടതിയിൽ നിന്നും ലഭ്യമാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.52/6-3-22) മറുപടി ലഭ്യമായിരുന്നില്ല. ടി തുക കോടതിയിൽ നിന്ന് ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ദുരന്തനിവാരണപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ സർക്കാർ അനുമതി ലഭ്യമാകാത്ത പക്ഷം ടി തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-20 കാഞ്ഞിരപ്പള്ളി -മീഡിയാസെന്റർ - ഗ്രാമപഞ്ചായത്തിന് കൈമാറിയതിന്റെ വിശദാംശങ്ങൾ - ലഭ്യമായില്ല

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽപ്പെടുത്തി പ്രോജക്ട് നമ്പർ 671/20 പ്രകാരം കാഞ്ഞിരപ്പള്ളി പഞ്ചായത്തിൽ പണികഴിപ്പിച്ച കെട്ടിടം മീഡിയ സെന്ററിന് നൽകിയ നടപടി നിയമപ്രകാരമല്ലായെന്ന് 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ1-18 പ്രകാരം ചൂണ്ടിക്കാണിച്ചിരുന്നു. ജില്ലാപഞ്ചായത്ത് കമ്മറ്റിയുടെ 24-2-22ലെ 1(2)നം തീരുമാനപ്രകാരം ടി കെട്ടിടം പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തി കരാർ അടിസ്ഥാനത്തിൽ മുറികൾ വാടകയ്ക്ക് നല്കുന്നതിന് വേണ്ട നടപടികൾ കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നതിനും, കൂടാതെ കാലാകാലങ്ങളിൽ ആവശ്യമായി വരുന്ന അറ്റകുറ്റപ്പണികൾ നടത്തി കെട്ടിടം സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിന് കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിനോട് നിർദേശിച്ച് തീരുമാനിച്ചു. മീഡിയസെന്ററിന്റെ കെട്ടിടം ഒഴിപ്പിച്ച് ഗ്രാമപഞ്ചായത്തിന് കൈമാറാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (52/6-3-22) മറുപടി ലഭ്യമായിരുന്നില്ല. ടി കെട്ടിടം ഗ്രാമപഞ്ചായത്തിന് കൈമാറാൻ അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-21 ഓണം അഡ്വാൻസ് -തുക തിരികെ ഈടാക്കിയിട്ടില്ല

2021-22 വാർഷിക കണക്കിലെ B18ഷെഡ്യൂൾ പ്രകാരം 12000/-രൂപ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ തിരികെ ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. ഇതിൽ 3000/-രൂപ 2022-23വർഷം തിരികെ ലഭിച്ചിരുന്നു. അഡ്വാൻസ് രജിസ്റ്റർ പ്രകാരം ശ്രീ. യശോധരൻ കെ പി എന്നയാൾക്ക് 2/09/2019 ൽ ഓണം അഡ്വാൻസായി നൽകിയ 15,000/-രൂപയിലെ 9000/-രൂപ നാളിതുവരെ ലഭിച്ചിട്ടില്ല. ടി തുക ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം33/7-2-23) മറുപടി ലഭ്യമായിരുന്നില്ല. ശ്രീ. യശോധരൻ കെ പി എന്നയാൾ നിലവിൽ ജില്ലാപഞ്ചായത്തിൽ നിന്നും ട്രാൻസ്ഫർ ആയി പോയിരുന്നു. ജില്ലാപഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിക്കേണ്ട ടി തുക ഈടാക്കുന്നതിനായി വകുപ്പുതലനടപടികൾ സ്വീകരിച്ച് തുക ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-22-1 മിനിമാസ്റ്റ്/ഹൈമാസ്റ്റ് ലൈറ്റുകളുടെ സ്ഥാപനം നടപടി ക്രമം പാലിച്ചില്ല

2021-22 വർഷം ജില്ലാപഞ്ചായത്ത് 19105000 /- രൂപ ചെലവഴിച്ച് (വിശദമായ പരിശോധനക്ക് എടുത്തത്) ജില്ലയുടെ വിവിധ ഭാഗങ്ങളിലായി ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസിയായ കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് ഹാജരാക്കിയ ഓഫർ ലറ്റർ പ്രകാരമുള്ള തുകയാണ് അവർക്ക് നല്കിയിട്ടുള്ളത്. അക്രഡിറ്റഡ് ഏജൻസി വഴി പ്രോജക്ടുകൾ നടപ്പാക്കുന്നത് സംബന്ധിച്ച വിവിധ സർക്കാർ ഉത്തരവുകൾ പാലിക്കുന്നതിൽ വീഴ്ച

ഉണ്ടായിട്ടുള്ളതായി കാണുന്നു. 6 മീറ്റർ മിനിമാസ്റ്റ് ലൈറ്റുകളും 8മുതൽ 12 വരെ മീറ്റർ ഹൈമാസ്റ്റ് ലൈറ്റുകളുമാണ് സ്ഥാപിച്ചിട്ടുള്ളത്. വിശദപരിശോധനക്കെടുത്ത ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകളുടെ എണ്ണവും ചെലവും (ഇനം തിരിച്ച്) ചുവടെ ചേർക്കുന്നു.

| 6 മീറ്റർ മിനിമാസ്റ്റ് ലൈറ്റുകളുടെ(3X150W) എണ്ണവും ചെലവും (1 എണ്ണത്തിന്റെ വില 125000 രൂപ ) | | | | |
|---|---|---|---|---|
| ക്രനം | പ്രോജക്ട് /നം | എണ്ണം | ഫണ്ടിനം | ചെലവ് |
| 1 | ഭരണങ്ങാനം ഡിവിഷനിലെ വിവിധ കോളനികളിൽ, 271/22 | 12 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1500000 |
| 2 | പൊൻകുന്നം ഡിവിഷനിലെ വിവിധ കോളനികളിൽ, 43/22 | 12 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1500000 |
| 3 | കുറവിലങ്ങാട് ഡിവിഷൻ - വിവിധ പഞ്ചായത്തുകൾ,978/22 | 18 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2250000 |
| 4 | എരുമേലി ഡിവിഷൻ, 904/22 | 12 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1500000 |
| 5 | തുക്കൊടിത്താനം, 452/22 | 1 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 125000 |
| 6 | കുറിച്ചി ഡിവിഷൻ, 454/22 | 1 | | 125000 |
| | ആകെ | 56 | | 7000000 |
| 6 മീറ്റർ മിനിമാസ്റ്റ് ലൈറ്റുകളുടെ ( 4X 100W) എണ്ണവും ചെലവും | | | | |
| 1 | ഭരണങ്ങാനം ഡിവിഷൻ,912/22 | 9 | | 990000 |
| 2 | വാകത്താനം ഡിവിഷൻ, 410/22 | 10 | | 1000000 |
| 3 | വാകത്താനം ഡിവിഷൻ, 409/22 | 15 | | 1500000 |
| 4 | കുറിച്ചി ഡിവിഷൻ, 454/22 | 1 | | 110000 |
| 5 | വെള്ളൂർ ഡിവിഷൻ | 6 | | 600000 |
| 6 | കിടങ്ങൂർ ഡിവിഷൻ, 443/22 | 26 | | 2580000 |
| 7 | കുറിച്ചി ഡിവിഷൻ, 868/22 | 2 | | 220000 |
| | ആകെ | 69 | | 7000000 |
| 8 മീറ്റർ ഹൈമാസ്റ്റ് ലൈറ്റുകളുടെ ( 4X 150W) എണ്ണവും ചെലവും (1 എണ്ണത്തിന്റെ വില 166666 രൂപ) | | | | |
| 1 | പൂഞ്ഞാർ ഡിവിഷൻ,421/22 | 9 | | 1500000 |
| 2 | പൂഞ്ഞാർ ഡിവിഷൻ,906/22 | 9 | | 1500000 |
| 3 | മുണ്ടക്കയം ഡിവിഷൻ, 436/22 | 3 | | 500000 |
| | ആകെ | 21 | | 3500000 |
| 8 മീറ്റർ മിനിമാസ്റ്റ് ലൈറ്റുകളുടെ ( 4X 200W) എണ്ണവും ചെലവും | | | | |
| 1 | അയർക്കുന്നം ഡിവിഷൻ,253/22 | 4 | | 800000 |
| 2 | കുറിച്ചി ഡിവിഷൻ, 454/22 | 1 | | 225000 |
| 3 | വെള്ളൂർ ഡിവിഷൻ | 2 | | 400000 |
| 4 | കുറിച്ചി ഡിവിഷൻ,868/22 | 1 | | 180000 |
| | ആകെ | 8 | | 1605000 |

| | | | |
|---|---|---|---|
| | ആകെ ചെലവ് | | 19105000/- |

നിർവ്വഹണം സംബന്ധിച്ച പൊതുവായ അപാകതകൾ

- സർക്കാർ ഉത്തരവ് നം 77/2019ഫിൻ തീ4/7/2019 പ്രകാരം കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിന് ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളും പൊതുവായ സിവിൽ പ്രവൃത്തികളും PMC ആയി ചെയ്യുന്നതിന് അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. എന്നാൽ 19105000/- രൂപയുടെ മിനി മാസ്റ്റ്/ഹൈമാസ്റ്റ് ലൈറ്റുകൾ നേരിട്ട് ചെയ്യുന്നതിന് (Non PMC) കമ്പനിക്ക് വർക്ക് ഓർഡർ നല്കിയത് മേൽ സർക്കാർ ഉത്തരവിന് വിരുദ്ധമാണ്.
- പൊതുമരാമത്ത് സ്വഭാവമുള്ള പ്രവൃത്തി ആയതിനാൽ ഒരു യൂണിറ്റിന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ക്ഷമതയുള്ള കേന്ദ്രങ്ങളിൽ നിന്നും സാങ്കേതിക അനുമതി വാങ്ങിയ ശേഷം മാത്രം പ്രവൃത്തി അക്രഡിറ്റഡ് ഏജൻസിയെ ഏൽപ്പിക്കാവുന്നതാണ് (ഏജൻസി നേരിട്ട് നിർവ്വഹണം നടത്തുന്നവക്ക്). എന്നാൽ സാങ്കേതിക അനുമതി ലഭിച്ചിട്ടില്ലാത്ത പ്രവൃത്തി അക്രഡിറ്റഡ് ഏജൻസി നല്കിയ ഓഫർ സ്വീകരിച്ച് അവരെ ഏൽപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. സാങ്കേതിക അനുമതി വാങ്ങാതെ മരാമത്ത് പ്രവൃത്തിയുടെ നിർവ്വഹണം പഞ്ചായത്ത് രാജ് പൊതുമരാമത്ത് ചട്ടങ്ങൾ , ചട്ടം 6 ,7നം, പൊതുമരാമത്ത് മാന്വലിനും, പദ്ധതി രൂപീകരണചട്ടങ്ങൾക്കും വിരുദ്ധമാണ്.
- ഏജൻസി ചെയ്ത പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തുകയോ ഉപയോഗിച്ചിട്ടുള്ള സാധനങ്ങളുടെ ഗുണ നിലവാരം ഉറപ്പ് വരുത്തുകയോ ചെയ്തിട്ടില്ല. ന്യായമായ നിരക്കാണ് നിശ്ചയിച്ചത് എന്ന് ഉറപ്പ് വരുത്തേണ്ടത് അക്രഡിറ്റഡ് ഏജൻസിയുടെ ചുമതലയാണെന്നിരിക്കെ നിരക്ക് സംബന്ധിച്ച യാതൊരു പരിശോധനയും ഒരു തലത്തിലും നടന്നിട്ടില്ല. ക്ഷമതയുള്ള ഉദ്യോഗസ്ഥൻ വ്യക്തമായ മൂല്യ നിർണ്ണയം നടത്തുകയും, മേലുദ്യോഗസ്ഥൻ ഉപരി പരിശോധന നടത്തുകയും , അളവ് പുസ്തകം ജില്ലാപഞ്ചായത്തിൽ ലഭിക്കുകയും ചെയ്യാതെ തുക പൂർണ്ണമായി നല്കിയത് പഞ്ചായത്ത് രാജ് പൊതുമരാമത്ത് ചട്ടങ്ങൾക്കും ചട്ടം 14,15 നം, പൊതുമരാമത്ത് മാന്വലിനും വിരുദ്ധമാണ്.

അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം 46 തീ 27-2-23) ന് KEL ജനറൽ മാനേജർ തയ്യാറാക്കിയ മറുപടി ജില്ലാ പഞ്ചായത്ത് സെക്രട്ടറി മുഖേന ഹാജരാക്കിയിട്ടുണ്ട്. മറുപടി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള അഭിപ്രായം ചുവടെ ചേർക്കുന്നു.

1. PMC ഏജൻസിയായ KEL കേരള സർക്കാർ ഇ-ടെണ്ടർ സംവിധാനം വഴി സുതാര്യമായ ടെണ്ടർ നടപടികളിലൂടെയാണ് കരാറുകാരനെ തെരഞ്ഞെടുത്തതെന്ന് മറുപടി നല്കി. എന്നാൽ കരാറുകാരെ കൂടി ഉൾപ്പെടുത്തി എഗ്രിമെന്റ് വയ്ക്കുകയോ ജി ഓ (പി )118/2018 ഫിൻ തീ 3-8-18 ൽ നിഷ്കർഷിക്കും പോലെ കരാറുകാരന് നേരിട്ട് തുക നല്കുകയോ ചെയ്യുന്നതിന് പകരം KEL നേരിട്ട് തുക കൈപ്പറ്റിയിട്ടുള്ളതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല.
2. PMC ഏജൻസി എന്ന നിലയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുക, സാങ്കേതിക അനുമതി നല്കുക, സൂപ്പർ വിഷൻ , അളവ് രേഖപ്പെടുത്തുക, ചെക്ക് മെഷർ ചെയ്യുക ,കരാറുകാരനുള്ള തുക ശുപാർശ ചെയ്യുക തുടങ്ങിയവ KEL ന്റെ ചുമതലയായിരുന്നു എങ്കിലും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയത്, അളവ് പുസ്തകം തുടങ്ങിയവ ജില്ലാപഞ്ചായത്തിന് നല്കിയില്ല. കരാറുകാരനുള്ള തുക ശുപാർശ ചെയ്യുന്നതിന് പകരം നേരിട്ട് കൈപ്പറ്റുകയാണ് ചെയ്തത്. ഇതിൽ നിന്നും PMC ഏജൻസിയായ KEL പ്രവൃത്തി നേരിട്ട് നടത്തിയതായേ പരിഗണിക്കാൻ കഴിയൂ. ഗവൺമെന്റ് അക്രഡിറ്റഡ് ഏജൻസിക്ക് മാത്രമാണ് 5 കോടി വരെ അടങ്കലുള്ള എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി നല്കാൻ ജി ഒ (പി) 77/2019 ഫിൻ തീ4-7-2019 അനുമതി നല്കുന്നുള്ളൂ.
3. PMC ഏജൻസി വഴി ചെയ്യുന്ന പ്രവൃത്തികൾക്ക് സെന്റേജ് ചാർജ് മാത്രമാണ് ഏജൻസിക്ക് നേരിട്ട് കൈപ്പറ്റാവുന്നത്( ജി ഓ (പി )118/2018 ഫിൻ തീ 3-8-18).
4. വിശദമായ എസ്റ്റിമേറ്റ്, അളവ് പുസ്തകം എന്നിവയുടെ അഭാവത്തിൽ ഓഫർ ലറ്ററിൽ പറഞ്ഞിട്ടുള്ള

Pole, LED ലൈറ്റ് എന്നിവയുടെ സ്പെസിഫിക്കേഷൻ അവ്യക്തമായിരുന്നു. നിലവിൽ ഏജൻസി കോട്ടയം ജില്ലാപഞ്ചായത്തിന് തയ്യാറാക്കിയ 6മീറ്റർ പോൾx 150W എൽ ഇ ഡി ലൈറ്റ് X3 യുടെ എസ്റ്റിമേറ്റ് ഒന്നിന് 133971.38 രൂപ വരുന്നത് ലഭ്യമായിട്ടുണ്ട്. എസ്റ്റിമേറ്റ് നിരക്ക് 133971.38 രൂപ ആയിട്ടും 125000/- രൂപ മാത്രമാണ് ചാർജ് ചെയ്തിട്ടുള്ളത് എന്നും 8971.38 രൂപ പ്രകാരം 55 ലൈറ്റിനായി 493505/- രൂപ സേവിംഗ്സ് ഉണ്ടായതായി മറുപടിയിൽ പറയുന്നു. എന്നാൽ എസ്റ്റിമേറ്റ് നിരക്ക് 133971.38 രൂപ പരിശോധിച്ചതിൽ ഏജൻസിക്ക് അർഹമല്ലാത്ത തുകയും ഉൾപ്പെട്ടതായി കാണുന്നു.

- ഫിനാൻസ് ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ 18/3/2020 ലെ Insp Tech-1/50/2019- Fin(1116281) കത്ത് പ്രകാരം അക്രഡിറ്റഡ് ഏജൻസി നേരിട്ട് ചെയ്യുന്ന പ്രവൃത്തികളിൽ കരാറുകാരന്റെ ലാഭം അനുവദനീയമല്ല, എന്നാൽ ഏജൻസി ഹാജരാക്കിയ എസ്റ്റിമേറ്റ് 7.5% കരാറുകാരന്റെ ലാഭം ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിട്ടുള്ളത്.( തുക നേരിട്ട് കൈപ്പറ്റിയതിനാലും ഏജൻസി അവകാശപ്പെട്ട കരാറുകാരനുമായി എഗ്രിമെന്റ് ഇല്ലാത്തതിനാലും PMC ഏജൻസിയായKEL പ്രവൃത്തി നേരിട്ട് നിർവ്വഹിച്ചതായേ കണക്കാക്കാൻ കഴിയൂ).
- ജി ഒ (പി) 67/2021 ഫിൻ തീ 28-4-2021 ഖ 8, 8-4 പ്രകാരം ഗവൺമെന്റ് ഏജൻസികൾ ഒഴികെ നേരിട്ട് പ്രവൃത്തി നടത്തുമ്പോൾ സാങ്കേതിക അനുമതി നല്കുക, അളവ്/മേലളവ് രേഖപ്പെടുത്തുക തുടങ്ങിയവ ബന്ധപ്പെട്ട വകുപ്പോ,ഏജൻസിയോ നടത്തിയതായി രേഖകളില്ല.(എസ്റ്റിമേറ്റ്, സാങ്കേതിക അനുമതി, അളവ് പുസ്തകം എന്നിവ ഫയലിൽ ഇല്ല, ഓഡിറ്റിന് ശേഷമാണ് 2023 ൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് നല്കിയിട്ടുള്ളത്). ഈ സാഹചര്യത്തിൽ ആയവ നടന്നിട്ടില്ല എന്നത് കണക്കിലെടുത്ത് PMC ചാർജിൽ 10% കുറവ് വരുത്തണം.
- അളവ് പുസ്തകം ലഭ്യമല്ലാത്തതിനാൽ കൊടുത്ത തുകക്ക് തുല്യമായ മൂല്യം പ്രവൃത്തി നടന്നു എന്ന് ഉറപ്പു വരുത്തുന്നതിന്കഴിഞ്ഞിട്ടില്ല.

ചെയ്ത പ്രവൃത്തികളുടെ അളവ് രേഖപ്പെടുത്തുകയോ Lump Sum പ്രോവിഷനായി ഉൾപ്പെടുത്തിയിരുന്ന ബോർഡ് സ്ഥാപിക്കൽ ,കെ എസ് ഇ ബി ഡപ്പോസിറ്റ് തുടങ്ങിയവയുടെ രസീത് ഹാജരാക്കുകയോ ചെയ്തിട്ടില്ല. അളവ് പുസ്തകം , Lump Sum പ്രോവിഷനായി ഉൾപ്പെടുത്തിയ ഇനങ്ങളുടെ ചെലവ് രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണ്.

1-22-2 മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി ഹൈമാസ്റ്റ് /മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 176 (ബി), പ്രകാരം പൊതു തെരുവുകളിൽ വിളക്ക് വയ്ക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള ചുമതല ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്. ഗ്രാമപഞ്ചായത്തിന്റെ ചുമതലകൾ ഏൽപിച്ച് നൽകിയ പട്ടിക I പ്രകാരവും തെരുവുവിളക്കുകളുടെ പരിപാലനം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെടുന്ന പ്രവർത്തിയാണ്.

സ.ഉ(അ)27/2017/ഫിൻ 26.02.2017,സർക്കുലർ നം.60/2018/ധന/02.07.2018 എന്നിവ പ്രകാരം എം എൽ എമാരുടെ നിയോജക മണ്ഡല ആസ്തി വികസന പദ്ധതി -ഹൈമാസ്റ്റ് /മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് മാർഗ്ഗ രേഖ പുറപ്പെടുവിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം പ്രാദേശികമായി സാധ്യമായ ഊർജ്ജോൽപാദന യൂണിറ്റുകൾ ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കാനാണ് പറഞ്ഞിരിക്കുന്നത്.

എന്നാൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2021-22 വർഷം കോട്ടയം ജില്ലാ പഞ്ചായത്ത് വിവിധ പ്രോജക്ടുകൾ പ്രകാരം ഹൈമാസ്റ്റ് /മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് വിശദാംശങ്ങൾ | നിക്ഷേപം നടത്തിയ തുക | ഫണ്ടിനം | ബിൽ നമ്പർ/ തീയതി | നിക്ഷേപം നടത്തിയ ഏജൻസി | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 271/21-22<br>ഭരണങ്ങാനം ഡിവിഷൻ -വിവിധ | 300000+<br>900000 | വികസന ഫണ്ട് | 89/21-22/<br>14.02.2022, | KEL(Kerala Electricals | ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, ഉടമ |

| | | | | | | |
|---|---|---|---|---|---|---|
| | കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | ആകെ-12,00,000 | (എസ് സി പി) | 130/21-22/ 26.03.2022 | & Allied Engineering) | പരിപാലനത്തിനുള്ള കമ്മിറ്റി തീരുമാനം, കറന്റ് ചാർജ് പഞ്ചായത്ത് വഹിക്കുന്നതാണെന്ന തീരുമാനം, കംപ്ലീഷൻ സർട്ടിഫിക്കറ്റ് കെഎസ്ഇബി യിൽ നിന്നുള്ളത് എന്നിവ ലഭ്യമല്ല |
| 2 | 407/21-22<br>മീനച്ചിൽ,കരൂർ,കടനാട് ,ഭരണങ്ങാനം പഞ്ചായത്തുകളിലെ വിവിധ ജംഗ്ഷനുകളിൽ മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 15,00,000 | വികസന ഫണ്ട് (CFC) | 49/21-22/ 17.11.2021 | KEL(Kerala Electricals & Allied Engineering) | |
| 3 | 978/21-22<br>കടപ്ലാമറ്റം, കാണക്കാരി, മാഞ്ഞൂർ,കുറവിലങ്ങാട് പഞ്ചായത്തുകളിലെ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 600000+<br>1800000<br>ആകെ-24,00,000 | വികസന ഫണ്ട് (CFC) | 1512/21-22/ 31.03.2022, 1513/21-22/ 31.03.2022, | KEL(Kerala Electricals & Allied Engineering) | 22 സ്ഥലത്ത് സ്ഥാപിച്ചതിന് കെഎസ്ഇബിയിൽ നിന്നുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭ്യമല്ല |
| 4 | 422/21-22<br>എരുമേലി ഗ്രാമ പഞ്ചായത്ത്- വിവിധ ഭാഗങ്ങളിൽ<br>മിനി ഹൈമാസ്റ്റ്<br>ലൈറ്റ് സ്ഥാപിക്കൽ | 2,00,000+<br>6,00,000<br>ആകെ8,00,000 | വികസന ഫണ്ട് (പൊതു) | 67/21-22/ 15.12.2021, 107/21-22/ 28.02.2022 | KEL(Kerala Electricals & Allied Engineering) | |
| 5 | 454/21-22<br>കുറിച്ചി ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ<br>മിനി മാസ്റ്റ്<br>ലൈറ്റ് സ്ഥാപിക്കൽ | 199867+<br>599600<br>ആകെ-799467 | വികസന ഫണ്ട് (പൊതു) | 92/21-22/ 11.02.2022, 143/21-22/ 27.03.2022 | KEL(Kerala Electricals & Allied Engineering) | |
| 6 | 904/21-22<br>എരുമേലി ഡിവിഷൻ വിവിധ എസ്.സി കോളനികളിൽ<br>മിനി മാസ്റ്റ് ഹൈമാസ്റ്റ്<br>ലൈറ്റ് സ്ഥാപിക്കൽ | 300000+<br>900000<br>ആകെ-1200000 | വികസന ഫണ്ട് (CFC) | 1046/21-22/ 16.03.2022,1511 /21-22/ 31.03.2022 | KEL(Kerala Electricals & Allied Engineering) | |
| 7 | 43/21-22<br>പൊൻകുന്നം ഡിവിഷനിലെ വിവിധ എസ്.സി കോളനികളിൽ എൽ ഇ ഡി ഹൈമാസ്റ്റ്<br>ലൈറ്റ് സ്ഥാപിക്കൽ | 300000+<br>900000<br>ആകെ-1200000 | വികസന ഫണ്ട് (എസ് സി പി) | 116/21-22/ 15.03.2022, 156/21-22/ 30.03.2022 | KEL(Kerala Electricals & Allied Engineering) | |
| 8 | 253/21-22<br>അയർകുന്നം ഡിവിഷൻ- വിജയപുരം , അയർകുന്നം,മണർകാട് പഞ്ചായത്തുകളിലെ വിവിധ | 1,60,000 | വികസന ഫണ്ട് (പൊതു) | 122/21-22/ 19.03.2022 | KEL(Kerala Electricals & Allied Engineering) | |

| | | | | | | |
|---|---|---|---|---|---|---|
| | വാർഡുകളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുക | | | | | |
| 9 | 452/21-22<br>തൃക്കൊടിത്താനം ഡിവിഷൻവിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 2,00,000 | വികസന ഫണ്ട് (പൊതു) | 115/21-22/<br>15.03.2022 | KEL(Kerala Electricals & Allied Engineering) | |
| 10 | 409/21-22<br>വാകത്താനം,മാടപ്പള്ളി,വാഴപ്പള്ളി പഞ്ചായത്തുകളിലെ വിവിധ ജംഗ്ഷനുകളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 300000+<br>900000<br>ആകെ-12,00,000 | വികസന ഫണ്ട് (CFC) | 497/21-22/<br>15.12.2021,<br>1016/21-22/<br>14.03.2022 | KEL(Kerala Electricals & Allied Engineering) | |
| 11 | 410/21-22<br>വാകത്താനം,മാടപ്പള്ളി,വാഴപ്പള്ളി പഞ്ചായത്തുകളിലെ വിവിധ ജംഗ്ഷനുകളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 200000+<br>600000<br>ആകെ-8,00,000 | വികസന ഫണ്ട് (പൊതു) | 496/21-22/<br>15.12.2021,<br>1017/21-22/<br>14.03.2022 | KEL(Kerala Electricals & Allied Engineering) | |
| 12 | 436/21-22<br>പാറത്തോട് പഞ്ചായത്ത് -കുരംശുക്ക് ഭാഗം ഹൈമാസ്റ്റ് ലൈറ്റ്-PWD-ൽ ഡെപ്പോസിറ്റ് | 100000+<br>300000<br>ആകെ-400000 | വികസന ഫണ്ട് (CFC) | 499/21-22/<br>15.12.2021,<br>887/21-22/<br>23.02.2022 | KEL(Kerala Electricals & Allied Engineering) | |
| 13 | 442/21-22<br>കിടങ്ങൂർ ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ<br>മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 580000+<br>1740000<br>ആകെ-23,20,000 | വികസന ഫണ്ട് (CFC) | 812/21-22/<br>16.02.2022,<br>1009/21-22/<br>11.03.2022 | KEL(Kerala Electricals & Allied Engineering) | 29 സ്ഥലത്ത് ലൈറ്റ് സ്ഥാപിച്ചതിന് 34 സ്ഥലത്തു ലൈറ്റ് സ്ഥാപിച്ചതായിട്ടുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിരിക്കുന്നു |
| 14 | 443/21-22<br>കിടങ്ങൂർ ഡിവിഷനിലെ വിവിധ എസ്.സി കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 516000+<br>1548000<br>ആകെ-20,64,000 | വികസന ഫണ്ട് (എസ് സി പി) | 494/21-22/<br>15.12.2021,<br>1256/21-22/<br>23.03.2022 | KEL(Kerala Electricals & Allied Engineering) | 26 സ്ഥലത്ത് സ്ഥാപിക്കുന്നതിന് വിഭാവനം ചെയ്തു. 21 സ്ഥലത്തു നിന്നുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റേ ലഭ്യമാക്കിയിട്ടുള്ളു |
| 15 | 444/21-22<br>വെള്ളൂർ ഡിവിഷൻ- വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 200000+<br>600000<br>ആകെ-8,00,000 | വികസന ഫണ്ട് (പൊതു) | 500/21-22/<br>15.12.2021,<br>931/21-22/<br>28.02.2022 | KEL(Kerala Electricals & Allied Engineering) | |
| 16 | 868/21-22<br>കറിച്ചി ഡിവിഷൻ-കറിച്ചി പഞ്ചായത്ത് കല്ലുകടവ് പനച്ചിക്കാട് പഞ്ചായത്ത് നെല്ലിക്കൽ ഷാപ്പും പടി എന്നീ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 80000+<br>240000<br>ആകെ-3,20,000 | വികസന ഫണ്ട് (CFC) | 817/21-22/<br>17.02.2022,<br>1343/21-22/<br>26.03.2022 | KEL(Kerala Electricals & Allied Engineering) | |
| 17 | 906/21-22<br>പൂഞ്ഞാർ ഡിവിഷനിലെ വിവിധ | 3,00,000 | വികസന ഫണ്ട് | 1182/21-22/<br>19.03.2022 | KEL(Kerala Electricals & Allied Engineering) | |

| | | | | | | |
|---|---|---|---|---|---|---|
| | എസ്.സി കോളനികളിലും സങ്കേതങ്ങളിലും മിനി മാസ്റ്റ്,ഹൈമാസ്റ്റ്, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | | (എസ് സി പി) | | | |
| 18 | 912/21-22 ഭരണങ്ങാനം ഡിവിഷൻ- വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ്, മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 198000+ 594000 ആകെ-7,92,000 | വികസന ഫണ്ട് (CFC) | 888/21-22/ 23.02.2022, 1525/21-22/ 31.03.2022 | KEL(Kerala Electricals & Allied Engineering) | |
| 19 | 421/21-22 തലപ്പലം ,തിടനാട് മേലുകാവ് പഞ്ചായത്തുകളിലെ വിവിധ സ്ഥലങ്ങളിൽ മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 300000+ 900000 ആകെ-12,00,000 | വികസന ഫണ്ട് (പൊതു) | 493/21-22/ 15.12.2021, 930/21-22/ 28.02.2022 | KEL(Kerala Electricals & Allied Engineering) | |
| 20 | 1025/21-22 തൃക്കൊടിത്താനം ഡിവിഷൻ -SC കോളനികളിൽ മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 42000/- | വികസന ഫണ്ട് (എസ് സി പി) | 929/ 28.02.2022 | പിഡബ്ല്യുഡി (ഇലക്ട്രിക്കൽ) | |
| ആകെ മൊത്തം | | 19697467 | | | | |

ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഹൈമാസ്റ്റ്/മിനി ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്ത് പ്രൊജക്ടുകൾ തയ്യാറാക്കി നടപ്പാക്കിയത് എന്നത് സാധൂകരിക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നമ്പർ 36/21-22 /13.02.2023) മറുപടി 13/3/23ലെ ഡി13/3279/22 പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് ഭരണാനുമതി ഡിപിസി അംഗീകാരം , ജില്ലാ പ്ലാനിംഗ് ഓഫീസറുടെ ക്ലിയറൻസ് എന്നിവ ഉള്ളതാണെന്നും 2022-23 വർഷം തൃശ്ശൂർ ജില്ലാ പഞ്ചായത്തിന് ഹൈമാസ്റ്റ്/മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് വികേന്ദ്രീകരണ ആസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റി ഗ്രാമപഞ്ചായത്തുകൾ തുടർ പരിപാലനം നടത്തണമെന്ന നിബന്ധനയോടെ അനുമതി നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. ജില്ലാപഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത അപാകതകൾ ഉള്ളതിനാലും ഖ: 1-22-1 ലെ അപാകതകൾ നിലനിൽക്കുന്ന സാഹചര്യത്തിലും മേൽ പ്രോജക്ടുകൾക്കായുള്ള 1,96,97,467/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-22-3 ജില്ലാ പഞ്ചായത്തിൽ പ്രോജക്ടുകളുടെ നിർവ്വഹണവും വെറ്റിങ്ങും ഒരേ ഉദ്യോഗസ്ഥൻ നൽകുന്നു

ജില്ലാ പഞ്ചായത്തിൽ 2021-22 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ വെറ്റിങ്ങ് നടത്തിയിരിക്കുന്നത് ജില്ലാ പഞ്ചായത്ത് സെക്രട്ടറി തന്നെയായിരുന്നു. സ.ഉ(കൈ)നം 11/2018 /തസ്വഭവ /29.01.2018 ലെ ഖണ്ഡിക 3.8.1 (1)iii,(3) പ്രകാരം ജില്ലാ പഞ്ചായത്തിന്റെ കാര്യത്തിൽ പ്രോജക്ടുകൾക്ക് അംഗീകാരം നൽകേണ്ടത് ബന്ധപ്പെട്ട സംസ്ഥാന തല ഉദ്യോഗസ്ഥനോ അല്ലെങ്കിൽ അവർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ആയിരിക്കണം . പ്രോജക്ട് അംഗീകരിക്കുന്ന ഉദ്യോഗസ്ഥനും നിർവ്വഹണം നടത്തുന്ന ഉദ്യോഗസ്ഥനും ഒരാളാകാൻ പാടില്ലായെന്നും പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നു. വിഹിതം ഡെപ്പോസിറ്റ് ചെയ്യുന്നതിനോ, കൈമാറ്റം ചെയ്യുന്നതിനോ വേണ്ടിയുള്ള പ്രോജക്ടുകൾക്ക് വെറ്റിംഗ് ഓഫീസറുടെ അംഗീകാരം ആവശ്യമില്ല പകരം നിർവ്വഹണോദ്യോഗസ്ഥന്റെ സാക്ഷ്യപത്രം മതിയാകും. എന്നാൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി അക്രെഡിറ്റഡ് ഏജൻസിയായ KEL(Kerala Electricals & Allied Engineering) മുഖേന അഡ്വാൻസായി തുക നൽകി ഹൈമാസ്റ്റ് /മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയ വിവിധ

പ്രോജക്ടുകൾ നടപ്പിലാക്കിയതിൻമേൽ വെറ്റിങ്ങ് ഉദ്യോഗസ്ഥന്റെ അംഗീകാരം ആവശ്യമുള്ളതാണ്. സംസ്ഥാനതല ഉദ്യോഗസ്ഥന്റെ വെറ്റിങ്ങ് കൂടാതെ പ്രൊജക്റ്റ് നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 51/21-22/03.03.2023)ന് മറുപടി 13/3/23 ലെ ഡി3/3279/22 ആയി ലഭിച്ചിട്ടുണ്ട്. പ്രൊജക്ടിന് ഡിപിസിയുടെയും പ്ലാനിംഗ് ഓഫീസറുടെയും അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. വിശദീകരണം തൃപ്തികരമല്ല. ജില്ലാപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായുള്ള പ്രൊജക്ടുകളുടെ വെറ്റിങ്ങ് സംസ്ഥാനതല ഉദ്യോഗസ്ഥൻ നടത്തേണ്ടിയിരുന്നു. അപാകതക ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും വെറ്റിംഗ് സംസ്ഥാനതല ഉദ്യോഗസ്ഥൻ നടത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-23 സർക്കാർ അനുമതി ഇല്ലാതെ ആംബുലൻസ് വാങ്ങി

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം 2021-22 വർഷം വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് ആംബുലൻസ് വാങ്ങുന്നതിനായി വികസന ഫണ്ട് (CFC) യിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | പ്രോജക്റ്റ് വിശദാംശങ്ങൾ | വാഹനം ലഭിച്ച ഗ്രാമ പഞ്ചായത്ത് | അനുവദിച്ച തുക | ബിൽ നമ്പർ | റിമാർക്സ് |
|---|---|---|---|---|---|
| 1 | 320/21-22 തൃക്കൊടിത്താനം ഡിവിഷൻ- മാടപ്പള്ളി, പായിപ്പാട് പഞ്ചായത്തിലേക്ക് ആംബുലൻസ് വാങ്ങുന്നതിന് വിഹിതം നൽകൽ | മാടപ്പള്ളി, പായിപ്പാട് | 11,50,000+ 11,50,000 23,00,000 | 1)1526/31.03.22 2)1527/31.03.22 | വാഹനത്തിന്റെ രജിസ്ട്രേഷൻ പൂർത്തീകരിച്ചതിന്റെ രേഖകൾ , ജിഎസ് ടി അടവാക്കിയതിന്റെ ചെല്ലാൻ പകർപ്പ്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ പായിപ്പാട് ഗ്രാമപഞ്ചായത്ത് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. |
| 2 | 322/21-22 തലയാഴം ഡിവിഷനിലെ പഞ്ചായത്തുകൾക്ക് ആംബുലൻസ് വാങ്ങുന്നതിന് വിഹിതം നൽകൽ | ടിവി പുരം, നീണ്ടൂർ ഗ്രാമ പഞ്ചായത്ത് | 11,50,000+ 719678 18,69,678/- | 1)1031/15.03.22 2)1052/16.03.22 | വാഹനത്തിന്റെ രജിസ്ട്രേഷൻ പൂർത്തീകരിച്ചതിന്റെ രേഖകൾ ,ജിഎസ് ടി സർക്കാരിലേക്ക് അടവാക്കിയതിന്റെ ചെല്ലാൻ പകർപ്പ്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ടിവിപുരം, നീണ്ടൂർ ഗ്രാമപഞ്ചായത്തുകൾ ഹാജരാക്കിയില്ല. |
| 3 | 338/21-22 വെള്ളൂർ ഡിവിഷൻ- കോവിഡ് | വെള്ളൂർ ഗ്രാമ പഞ്ചായത്ത് | 11,50,000/- | 1524/31.3.22 | വാഹനത്തിന്റെ ഇൻവോയിസ് രജിസ്ട്രേഷൻ |

| | | | | | |
|---|---|---|---|---|---|
| | പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ആംബുലൻസ് വാങ്ങൽ- പഞ്ചായത്തിന് വിഹിതം നൽകൽ | | | | പൂർത്തീകരിച്ചതിന്റെ രേഖകൾ , ജിഎസ് ടി അടവാക്കിയതിന്റെ ചെല്ലാൻ പകർപ്പ്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല. |
| 4 | 344/21-22 മുണ്ടക്കയം ഡിവിഷൻ- കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പിഎച്ച്സി സിഎച്ച്സി ലേക്ക് ആംബുലൻസ് വാങ്ങൽ- പഞ്ചായത്തിന് വിഹിതം നൽകൽ | പാറത്തോട് ഗ്രാമ പഞ്ചായത്ത് | 11,12,481/- | 1514/31.03.22 | വാഹനത്തിന്റെ ഇൻവോയ്സ് രജിസ്ട്രേഷൻ പൂർത്തീകരിച്ചതിന്റെ രേഖകൾ , ജിഎസ് ടി അടവാക്കിയതിന്റെ ചെല്ലാൻ പകർപ്പ്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല. |
| 5 | 346/21-22 മുത്തോലി,കിടങ്ങൂർ ഗ്രാമ പഞ്ചായത്തുകൾക്ക് ആംബുലൻസ് വാങ്ങൽ-പഞ്ചായത്ത് വിഹിതം നൽകൽ | കിടങ്ങൂർ ഗ്രാമ പഞ്ചായത്ത് | 11,31,836+ 18164 11,50,000 | 1049/16.03.2022 | വാഹനത്തിന്റെ ഇൻവോയിസ് രജിസ്ട്രേഷൻ പൂർത്തീകരിച്ചതിന്റെ രേഖകൾ , ജിഎസ് ടി അടവാക്കിയതിന്റെ ചെല്ലാൻ പകർപ്പ്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല. |
| 6 | 370/21-22 ചിറക്കടവ്,എലിക്കുളം ഗ്രാമ പഞ്ചായത്തുകളിൽ പാലിയേറ്റീവ് പ്രവർത്തനത്തിന് ആംബുലൻസ് -പഞ്ചായത്തിന് വിഹിതം നൽകൽ | ചിറക്കടവ്, എലിക്കുളം ഗ്രാമ പഞ്ചായത്ത് | 1144317+ 1144317 22,88,634 | 1)1528/31.3.22 2)1529/31.3.22 | വാഹനത്തിന്റെ രജിസ്ട്രേഷൻ പൂർത്തീകരിച്ചതിന്റെ രേഖകൾ , ജിഎസ് ടി സർക്കാരിലേക്ക് അടവാക്കിയതിന്റെ ചെല്ലാൻ പകർപ്പ്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ചിറക്കടവ് |

| | | | | | |
|---|---|---|---|---|---|
| | | | | | ഗ്രാമപഞ്ചായത്ത് ഹാജരാക്കിയില്ല |
| 7 | 312/21-22<br>കുറിച്ചി പഞ്ചായത്തിലേക്ക് ആംബുലൻസ് വാങ്ങൽ- പഞ്ചായത്തിന് വിഹിതം നൽകൽ | കുറിച്ചി ഗ്രാമ പഞ്ചായത്ത് | 11,50,000/- | 1050/16.3.22 | വാഹനത്തിന്റെ രജിസ്ട്രേഷൻ പൂർത്തീകരിച്ചതിന്റെ രേഖകൾ , ജിഎസ് ടി സർക്കാരിലേക്ക് അടവാക്കിയതിന്റെ ചെല്ലാൻ പകർപ്പ്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല |
| 8 | 858/21-22<br>വെള്ളൂർ ഡിവിഷൻ- മുളക്കുളം പഞ്ചായത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ആംബുലൻസ് വാങ്ങൽ-മുളക്കുളം പഞ്ചായത്തിന് വിഹിതം നൽകൽ | മുളക്കുളം ഗ്രാമ പഞ്ചായത്ത് | 11,50,000/- | 1048/16.3.22 | വാഹനത്തിന്റെ രജിസ്ട്രേഷൻ പൂർത്തീകരിച്ചതിന്റെ രേഖകൾ ,ജിഎസ് ടി സർക്കാരിലേക്ക് അടവാക്കിയതിന്റെ ചെല്ലാൻ പകർപ്പ്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല |
| 9 | 315/21-22<br>വൈക്കം ഡിവിഷൻ- ചെമ്പ്,ഉദയനാപുരം, ഗ്രാമ പഞ്ചായത്തുകളിലെ പിഎച്ച്സി സിഎച്ച്സിലേക്ക് ആംബുലൻസ് വാങ്ങൽ- പഞ്ചായത്തിന് വിഹിതം നൽകൽ | ചെമ്പ്, ഉദയനാപുരം ഗ്രാമ പഞ്ചായത്ത് | 11,62,481+<br>1153084<br>23,15,565 | 1)1491/31.03.2022<br>2)800/14.02.2022 | വാഹനത്തിന്റെ രജിസ്ട്രേഷൻ പൂർത്തീകരിച്ചതിന്റെ രേഖകൾ ,ജിഎസ് ടി സർക്കാരിലേക്ക് അടവാക്കിയതിന്റെ ചെല്ലാൻ പകർപ്പ്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല |
| 10 | 311/21-22<br>പനച്ചിക്കാട് ഗ്രാമ പഞ്ചായത്തിലേക്ക് ആംബുലൻസ് വാങ്ങൽ- പഞ്ചായത്തിന് വിഹിതം നൽകൽ | പനച്ചിക്കാട് ഗ്രാമ പഞ്ചായത്ത് | 11,50,000/- | 1051/16.03.2022 | വാഹനത്തിന്റെ രജിസ്ട്രേഷൻ പൂർത്തീകരിച്ചതിന്റെ രേഖകൾ ,ജിഎസ് ടി സർക്കാരിലേക്ക് അടവാക്കിയതിന്റെ ചെല്ലാൻ പകർപ്പ്, ധനവിനിയോഗ |

| | | | | | |
|---|---|---|---|---|---|
| | | | | | സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല |
| ആകെ | | 1,56,36,358 | | | |

ത്രിതല പഞ്ചായത്തുകൾക്ക് വാഹനം വാങ്ങുന്നതിനുള്ള ഉയർന്ന പരിധി പത്ത് ലക്ഷം രൂപയായി സർക്കാർ ഉത്തരവ് (സാധാ)നം 2528/2012/തസ്വഭവ /6.9.2012 പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. ടി പരിധിയിലധികരിച്ച് വാഹനങ്ങൾ വാങ്ങുന്നതിനായി ലഭിച്ച സർക്കാർ അനുമതി ഫയലിൽ ലഭ്യമല്ല. വാഹനങ്ങൾ വാങ്ങുന്നതിനായി ലഭിച്ച സർക്കാർ അനുമതിയുടെ പകർപ്പ് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് (നമ്പർ 2/21-22/08.11.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ അനുമതിയില്ലാതെ വാഹനം വാങ്ങൽ നടത്തിയതിനാലും ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാലും മേൽ പ്രൊജക്ടുകൾക്കായുള്ള 1,56,36,358/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-24 സംയുക്ത പ്രോജക്ടുകൾക്ക് വിഹിതം നൽകൽ- ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2021 – 2022 സാമ്പത്തിക വർഷം സംയുക്ത പ്രോജക്ടുകൾക്ക് വിഹിതം നൽകുന്നതിനായി പ്രോജക്ടുകൾ ആവിഷ്കരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. പ്രോജക്ടുകൾ പൂർത്തീകരിച്ച് അതത് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുണ്ട്.എന്നാൽ താഴെ പറയുന്ന പ്രോജക്ടുകളുടെ ധനവിനിയോഗ സാക്ഷ്യപത്രം /പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നമ്പർ | പ്രോജക്ട് വിശദാംശങ്ങൾ | കൈമാറിയ തുക | ഫണ്ടിനം | ബിൽ നമ്പർ/ തീയതി | തുക ലഭിച്ച സ്ഥാപനം | റിമാർക്സ് | തടസ്സപ്പെടുത്തിയ തുക |
|---|---|---|---|---|---|---|---|
| 1 | 401/21-22 കടുത്തുരുത്തി പഞ്ചായത്ത് -കിണർ റീചാർജ്ജിംഗ് പഞ്ചായത്തിന് തുക കൈമാറൽ | 624780+ 175220 8,00,000/- | വികസന ഫണ്ട് (ജനറൽ) | 1269/ 24.03.2022 1357/ 26.03.2022 | കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 800000 |
| 2 | 403/21-22 പള്ളിക്കത്തോട് ഗ്രാമ പഞ്ചായത്ത്- പുലിയുറുമ്പിൽ- നെയ്യാട്ടുശ്ശേരി കുടിവെള്ള പദ്ധതി പൂർത്തീകരണം -ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | 3,00,000/- | വികസന ഫണ്ട് (CFC) | 98/21-22 /21.02.2022 | പള്ളിക്കത്തോട് ഗ്രാമ പഞ്ചായത്ത് | ചെലവ് രേഖകൾ, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 300000 |
| 3 | 405/21-22 പള്ളിക്കത്തോട് ഗ്രാമ പഞ്ചായത്തിൽ വാഴേപ്പറമ്പ് കുടിവെള്ള പദ്ധതി- പഞ്ചായത്തിന് | 5,00,000/- | വികസന ഫണ്ട് (CFC) | 95/21-22 /21.02.2022 | പള്ളിക്കത്തോട് ഗ്രാമ പഞ്ചായത്ത് | ചെലവ് രേഖകൾ, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 500000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | വിഹിതം നൽകൽ | | | | | | |
| 4 | 1013/21-22<br>വാഴൂർ പഞ്ചായത്ത് -ജലജീവൻ മിഷൻ പദ്ധതിക്ക് വിഹിതം നൽകൽ | 15,00,000/- | വികസന ഫണ്ട്(ജനറൽ) | 132/21-22 /26.03.2022 | വാഴൂർ ഗ്രാമ പഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 1500000 |
| 5 | 982/21-22<br>തലയാഴം ഡിവിഷൻ-വെച്ചൂർ പഞ്ചായത്ത് 7-ാം വാർഡ് 75-ാം നമ്പർ അംഗനവാടി കെട്ടിട നിർമ്മാണം -വെച്ചൂർ പഞ്ചായത്തിന് വിഹിതം കൈമാറൽ | 5,00,000/-*(തുക Consolidated Fund -ലേക്ക് മാറ്റപ്പെട്ടു) | വികസന ഫണ്ട്(ജനറൽ) | 132/21-22 /26.03.2022 | വെച്ചൂർ ഗ്രാമ പഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 500000 |
| 6 | 1072/21-22<br>വെച്ചൂർ പഞ്ചായത്ത്- 13-ാം വാർഡ് നമ്പർ 79 അംഗനവാടി നിർമ്മാണം - പഞ്ചായത്തിന് വിഹിതം നൽകൽ | 2,00,000/- | വികസന ഫണ്ട്(ജനറൽ) | 153/21-22 /31.03.2022 | വെച്ചൂർ പഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 200000 |
| 7 | 392/21-22<br>പാമ്പാടി ഡിവിഷൻ- പാമ്പാടി ഗ്രാമ പഞ്ചായത്ത്- വാർഡ് 12- ഓർവെയൽ അംഗനവാടി കെട്ടിട നിർമ്മാണം - ഗ്രാമ പഞ്ചായത്തിന് വിഹിതം | 3,00,000/- | വികസന ഫണ്ട്(ജനറൽ) | 91/21-22 /31.03.2022 | പാമ്പാടി ഗ്രാമ പഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 300000 |
| 8 | 7/21-22<br>അംഗനവാടി പോഷകാഹാരം | 1,15,59,860/- | വികസന ഫണ്ട്(ജനറൽ) | ഓൺലൈൻ റിക്വിസിഷൻ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് തുക നൽകി . | വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് | താഴെ പറയുന്ന ഗ്രാമ പഞ്ചായത്തുകൾ ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല-<br>തൃക്കൊടിത്താനം (₹431143),<br>മരങ്ങാട്ട് പള്ളി (₹300000),<br>തിരുവാർപ്പ് (₹573763),<br>അകലകുന്നം, (₹375000),<br>പള്ളിക്കത്തോട് (₹200000), | 3212119 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | പാമ്പാടി (₹200000)), വിജയപുരം (₹269633), കൂട്ടിക്കൽ (₹300000), കരൂർ (₹200000), മുണ്ടക്കയം (₹167580), മണിമല (₹195000), | |
| 9 | 276/21-22 കോവിഡ് പ്രതിരോധം -ജില്ലയിലെ വിവിധ ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകൾക്ക് കോവിഡ് പ്രതിരോധത്തിനും സിഎഫ്എൽറ്റിസി അനുബന്ധ ആവശ്യങ്ങൾക്കും ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ | 300000+ 303590+ 500000 11,03,590/- | വികസന ഫണ്ട്(ജനറൽ) | 107/12.08.21 106/12.08.21 142/02.09.21 | തിരുവാർപ്പ്, വെച്ചൂർ ഗ്രാമ പഞ്ചായത്ത്, ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്തുകൾ | തിരുവാർപ്പ് ഗ്രാമ പഞ്ചായത്ത് ₹3,00,000/-, ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് (₹5,00,000/)- ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 800000 |
| 10 | 438/21-22 തലയാഴം ,ടി.വി.പുരം ,വെച്ചൂർ,കല്ലറ പഞ്ചായത്തുകളിൽ കോവിഡ് പ്രതിരോധത്തിന്റെ വയോജനങ്ങൾക്ക് ആയുർവേദ ആശുപത്രി വഴി മരുന്ന് നൽകൽ- തുക പഞ്ചായത്തുകൾക്ക് കൈമാറൽ | 2,00,000+ 1,00,000+ 1,00,000 4,00,000/- | വികസന ഫണ്ട്(ജനറൽ) | 624/13.01.22, 936/2.3.22, 1346/26.3.22 | വെച്ചൂർ,കല്ലറ, തലയാഴം ഗ്രാമ പഞ്ചായത്ത് | കല്ലറ ഗ്രാമ പഞ്ചായത്ത് (₹200000), ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 200000 |
| 11 | 866/21-22 ചിറക്കടവ് പഞ്ചായത്ത് കൃഷി ഭവൻ കാർഷിക വിപണന കേന്ദ്ര നിർമ്മാണം- ചിറക്കടവ് പഞ്ചായത്തിന് വിഹിതം നൽകൽ | 10,00,000/- | വികസന ഫണ്ട്(ജനറൽ) | 123/21-22/ 21.03.2022 | ചിറക്കടവ് ഗ്രാമ പഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 1000000 |
| 12 | 14/21-22 പാലിയേറ്റീവ് കെയർ-വിഹിതം നൽകൽ | 19,09,994/- | വികസന ഫണ്ട്(ജനറൽ) | 1)436/25.11.21 2)546/28.12.21 3)547/28.12.21 4)758/7.2.22 5)767/9.2.22 | കൂട്ടിക്കൽ, 1,50,000/- നീണ്ടൂർ 3,00,000/-, കൊഴുവനാൽ 2,00,000/-, | കൂട്ടിക്കൽ, നീണ്ടൂർ, കൊഴുവനാൽ, കല്ലറ,അയ്മനം, ഭരണങ്ങാനം ഗ്രാമ പഞ്ചായത്തകൾ | 1309994 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | 6)1175/19.3.22<br>7)1277/25.3.22<br>8)1278/25.3.22<br>9)1279/25.3.22<br>10)1344/26.3.22 | കല്ലറ<br>3,00,000/-,<br>അയ്മനം<br>2,99,994/-<br>ഭരണങ്ങാനം<br>60000/-<br>പൂഞ്ഞാർ 200000/-<br>മീനച്ചിൽ<br>400000/- | ധനവിനിയോഗ സാക്ഷ്യപത്രം<br>പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | |
| 13 | 411/21-22<br>കാണക്കാരി പഞ്ചായത്ത്- ഹോമിയോ ഡിസ്പൻസറി പുതിയ കെട്ടിട നിർമ്മാണം -ജില്ലാ പഞ്ചായത്ത് വിഹിതം | 15,00,000/- | വികസന ഫണ്ട്(ജനറൽ) | 70/21-22/<br>18.12.2021 | കാണക്കാരി പഞ്ചായത്ത് | 14,81,299/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി 18,701/- രൂപ ജില്ലാ പഞ്ചായത്തിൽ തിരിച്ചടച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. | 18701 |
| 14 | 15/21-22<br>DPC കെട്ടിട നിർമ്മാണ വിഹിതം | 10,00,000/- | വികസന ഫണ്ട്(ജനറൽ) | 43/21-22/<br>05.11.2021 | ജില്ലാ കളക്ടർ,കോട്ടയം | ധനവിനിയോഗ സാക്ഷ്യപത്രം<br>പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 1000000 |
| 15 | 902/21-22<br>പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്ത്- കടലാടിമറ്റം തൊട്ടിപ്പാറ -പാതാമ്പുഴ റോഡ് പുനരുദ്ധാരണം- പഞ്ചായത്തിന് വിഹിതം കൈമാറൽ | 7,87,440 | MF (Road) | 84/21-22<br>/31.01.2022 | പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം<br>പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 7,87,440 |
| 16 | 898/21-22<br>പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്ത്-<br>വാർഡ് 14 പൂഞ്ഞാർ-കട്ടപ്പാറ റോഡ് പുനരുദ്ധാരണം- തുക കൈമാറൽ | 8,76,374+<br>123626<br>10,00,000/- | 1)വികസന ഫണ്ട്(ജനറൽ)<br>2)MF (Road) | 1)85/21-22/<br>31.01.2022<br>2)93/21-22/<br>09.03.2022 | പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം<br>പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 1000000 |
| 17 | 323/21-22<br>കങ്ങഴ പഞ്ചായത്ത് വാർഡ് 5-തേക്കനാട്ട് പടി പാട്ടേരിപ്പടി റോഡ് പുനരുദ്ധാരണം -പഞ്ചായത്തിന് വിഹിതം നൽകൽ | 2,00,000/- | വികസന ഫണ്ട്(CFC Tied) | XVFC/2021-22/<br>P/66/31.03.2022 | കോൺട്രാക്ടർ സാബു എം.എ, മരുതേലിക്കുഴിയിൽ, റാന്നി | ധനവിനിയോഗ സാക്ഷ്യപത്രം<br>പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 200000 |

| | | | | | | | |
|---|---|---|---|---|---|---|---|
| 18 | 207/21-22<br>പൊൻകുന്നം ഡിവിഷൻ- പള്ളിക്കത്തോട് പഞ്ചായത്ത്- അമ്പാട്ടുപടി കരിപ്പക്കൽ റോഡ് മെയിന്റനൻസ് . | 4,00,000/- | MF (Road) | 886/23.02.22 | പള്ളിക്കത്തോട് ഗ്രാമ പഞ്ചായത്ത് | 3,97,363/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി 2637/- രൂപ ജില്ലാ പഞ്ചായത്തിൽ തിരിച്ചടച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. | 2637 |
| 19 | 378/21-22<br>കോവിഡ് പ്രതിരോധ പ്രവർത്തനം- ഉഴവൂർ ബ്ളോക്ക് പഞ്ചായത്തിന് ആംബുലൻസ് വാങ്ങൽ- വിഹിതം നൽകൽ | 14,10,527/- | വികസന ഫണ്ട്(ജനറൽ) | 435/25.11.21 | ഉഴവൂർ ബ്ളോക്ക് പഞ്ചായത്ത് | വാഹനത്തിന്റെ രജിസ്ട്രേഷൻ പൂർത്തീകരിച്ചതിന്റെ രേഖകൾ,GST സർക്കാറിലേക്ക് അടവാക്കിയതിന്റെ ചെല്ലാൻ പകർപ്പ്, എന്നിവ<br>പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 1410527 |
| 20 | 980/21-22<br>പള്ളിക്കത്തോട് പഞ്ചായത്ത് പുത്തൻപുര പാറേമക്കൽ കുറുമ്പുടി റോഡ് മെയിന്റനൻസ് -പഞ്ചായത്തിന് വിഹിതം<br>കൈമാറൽ | 5,00,000/- | വികസന ഫണ്ട്(ജനറൽ) | 100/21-22/<br>21.02.2022 | പള്ളിക്കത്തോട് ഗ്രാമ<br>പഞ്ചായത്ത് | 3,09,718/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി<br>1,90,282/- രൂപ ജില്ലാ പഞ്ചായത്തിൽ തിരിച്ചടച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. | 190282 |
| 21 | 428/21-22<br>സുഭിക്ഷ കേരളം- വിത്ത് നടീൽ വസ്തുക്കളുടെ വിതരണം (സുഫലം) | 100000+<br>949500<br>1049500 | വികസന ഫണ്ട് (ജനറൽ) | 102/<br>21.02.2022,<br>അലോട്ട്മെന്റ് വഴി | കങ്ങഴ,<br>മണിമല,<br>അയ്മനം,<br>വെള്ളൂർ,<br>നീണ്ടൂർ,<br>കറുകച്ചാൽ,<br>കല്ലറ,<br>തൃക്കൊടിത്താനം,<br>വെള്ളാവൂർ<br>ഗ്രാമ പഞ്ചായ<br>ത്തുകൾ | ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1049500 |
| 22 | 6/21-22<br>സുഭിക്ഷ കേരളം പദ്ധതി -നെൽ കർഷകർക്ക് കൂലി ചെലവ് സബ്സിഡി -വിഹിതം കൈമാറൽ | 932080+<br>300000+<br>567920<br>ആകെ<br>1800000 | വികസന ഫണ്ട് (ജനറൽ) | 902/25.02.22,<br>903/25.02.22,<br>1143/18.03.22 | കല്ലറ (15,00,000/- രൂപ), കടുത്തുരുത്തി<br>(3,00,000/- രൂപ) ഗ്രാമ പഞ്ചായത്തുകൾ | ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള<br>ഗുണഭോക്തൃലിസ്റ്റ്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. | 1800000 |
| 23 | 1012/21-22<br>സുഭിക്ഷ കേരളം | 109148+<br>400000+ | വികസന ഫണ്ട് (SCP) | 934/02.03.2022,<br>985/07.03.2022, | കല്ലറ (500000/-) കടുത്തുരുത്തി (400000/-) | ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള | 900000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | പദ്ധതിയുടെ ഭാഗമായി കടുത്തുരുത്തി ഡിവിഷനിൽ നെൽ കൃഷി ചെയ്യുന്ന SCകർഷകർക്ക് കൂലി ചെലവ്- സബ്സിഡി വിഹിതം കൈമാറൽ | 390852 ആകെ 9,00,000 | | 1144/18.03.2022 | ഗ്രാമ പഞ്ചായത്തുകൾ | ഗുണഭോക്തൃലിസ്റ്റ്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | |
| 24 | 4/21-22 സുഭിക്ഷ കേരളം- സുഫലം രണ്ടാം ഘട്ടം-വിത്ത് നടീൽ വസ്തുക്കളുടെ വിതരണം | 150000+ 25000+ 100000 ആകെ 275000 | വികസന ഫണ്ട് (ജനറൽ) | 984/07.03.2022, 1014/14.03.2022, 1249/23.03.2022 | ടി.വി.പുരം (150000/-) , കാണക്കാരി (25000/-) , കടുത്തുരുത്തി (100000/-) ഗ്രാമ പഞ്ചായത്തുകൾ | ടി.വി.പുരം, കാണക്കാരി , കടുത്തുരുത്തി ഗ്രാമ പഞ്ചായ ത്തുകൾ ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 275000 |
| 25 | 441/21-22 തലയാഴം പഞ്ചായത്ത് -മാന്നാത്ത്ശ്ശേരി പാടശേഖരത്തിന് മോട്ടോർ ഷെഡ് നിർമ്മാണം- തലയാഴം പഞ്ചായ ത്തിന് വിഹിതം നൽകൽ | 277239 | വികസന ഫണ്ട് (CFC) | 1471/30.03.2022 | തലയാഴം ഗ്രാമ പഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 277239 |
| 26 | 416/21-22 മേലുകാവ് പഞ്ചായത്ത്- മേലുകാവ് മറ്റം സെന്റ് തോമസ് യു.പി സ്കൂളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ടോയിലെറ്റ് സമുച്ചയ പൂർത്തീകരണം- പഞ്ചായ ത്തിന് തുക കൈമാറൽ | 594088 | വികസന ഫണ്ട് (CFC Tied) | 1347/26.03.2022 | മേലുകാവ് ഗ്രാമ പഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 594088 |
| 27 | 413/21-22 അയർക്കുന്നം പഞ്ചായത്ത്- സെന്റ് തോമസ് എൽ പി എസ് ടോയിലെറ്റ് സമുച്ചയം -വാർഡ് 13 പഞ്ചായ ത്തിന് തുക നൽകുന്ന | 200000 | വികസന ഫണ്ട് (CFC Tied) | 545/28.12.2021 | അയർക്കുന്നം ഗ്രാമ പഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 200000 |

| | | | | | | | |
|---|---|---|---|---|---|---|---|
| 28 | 437/21-22 തുക്കൊടിത്താനം ഗവ എച്ച്എസ്എസ് കിച്ചൺ വിത്ത് മെസ്സ് ഹാൾ നിർമ്മാണം- തുക്കൊടിത്താനം പഞ്ചായത്തിന് വിഹിതം കൈമാറൽ | 122135+ 446186 ആകെ 568321 | വികസന ഫണ്ട് (CFC ) | 1233/22.03.2022, 1234/22.03.2022 | തുക്കൊടിത്താനം ഗ്രാമ പഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 568321 |
| 29 | 8/21-22 ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പ് | 21291052 | വികസന ഫണ്ട് (ജനറൽ) | അലോട്ട്മെന്റ് വഴി | വിവിധ ഗ്രാമ പഞ്ചായത്തുകൾ | ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 20891052 |
| 30 | 1026/21-22 മണർകാട് പഞ്ചായത്ത് സിഎംഎസ് എൽ പി സ്കൂളിന് ടോയ് ലെറ്റ് (പഞ്ചായ ത്തിന് തുക നൽകുന്നു) | 70158 | വികസന ഫണ്ട് (ജനറൽ) | 1210/21.03.2022 | മണർകാട് ഗ്രാമ പഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 70158 |
| 31 | 11/21-22 എസ് എസ് കെ ആർ എം എസ് എ വിഹിതം | 2000000, 500000, 2000000 ആകെ 45,00,000 | വികസന ഫണ്ട് (ജനറൽ) | 331/28.10.2021, 625/13.01.2022, 1105/17.03.2022 | എസ് എസ് കെ | ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 4500000 |
| 32 | 1053/21-22 എസ് എസ് കെ ആർ എം എസ് എ (എസ് സി പി വിഹിതം ) | 5000000, 3000000 ആകെ 80,00,000 | വികസന ഫണ്ട് (എസ് സി പി ) | 1106/17.03.2022, 1341/26.03.2022 | എസ് എസ് കെ | ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 8000000 |
| ആകെ | | ₹82033127 | | | | | 54357058 |

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പുകൾക്ക് (നമ്പർ 1/21-22/08.11.2022, 13/21-22/29.11.2022,21/21-22/10.01.2023,24/21-22 /19.01.2023,37/21-22/10.02.2023) ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ട് എന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പ്രൊജക്ടുകൾക്കായുള്ള 54357058 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമല്ല.

2021-22 സാമ്പത്തിക വർഷം ജില്ലാ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പ്രകാരം കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി, അനർട്ട്, ഭൂഗർഭ ജല വകുപ്പ് ,മൈനർ ഇറിഗേഷൻ വകുപ്പ് തുടങ്ങിയ സ്ഥാപനങ്ങളിൽ തുകകൾ നിക്ഷേപിച്ചിട്ടുണ്ട്. കൂടാതെ അക്രഡിറ്റഡ് ഏജൻസികൾ വഴിയും പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.എന്നാൽ ഭൂരിഭാഗം നിക്ഷേപ പ്രവൃത്തികളും പൂർത്തീകരിച്ച് ധനവിനിയോഗ സാക്ഷ്യപത്രം/പൂർത്തീകരണ സാക്ഷ്യപത്രം ,പ്രവൃത്തിയുടെ ബില്ലിന്റെ പകർപ്പ് എന്നിവ ലഭിച്ചിട്ടുള്ളതായി കാണുന്നില്ല .

1. 2021-22 വർഷം കെ.എസ്.ഇ.ബിയിൽ നിക്ഷേപം നടത്തിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് വിശദാംശങ്ങൾ | നിക്ഷേപം നടത്തിയ തുക | ഫണ്ടിനം | നിക്ഷേപം നടത്തിയ ഏജൻസി | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 905/2022<br>കാഞ്ഞിരപ്പള്ളി ഡിവിഷൻ – മണിമല പഞ്ചായത്ത് വാർഡ് 1- സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ – തുക കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്യൽ | 99,978/-<br>150/31.3.2022 | വികസന ഫണ്ട് (പൊതുവിഭാഗം) | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ ഡിവിഷൻ,മണിമല | പ്രവൃത്തിയുടെ , ധനവിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം, ബില്ല് ഹാജരാക്കിയിട്ടില്ല |
| 2 | 1051/22<br>കിടങ്ങൂർ ഡിവിഷൻ -മുത്തോലി,കിടങ്ങൂർ പഞ്ചായത്തുകളിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിയ്ക്കലും, ലൈൻ നീട്ടലും | 3,49,201/-<br>146/21-22<br>/31.03.2022 | വികസന ഫണ്ട് (പൊതുവിഭാഗം) | എക്സി.എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, പാല | പ്രവൃത്തിയുടെ ധനവിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം, ബില്ല് ഹാജരാക്കിയിട്ടില്ല |
| 3 | 577/21-22<br>റെയിൽവെ ജംഗ്ഷൻ അറുന്നപാടം സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ- തുക കെ.എസ്.ഇ. ബിയിൽ ഡെപ്പോസിറ്റ് ചെയ്യൽ. | 3,99,666/-<br>114/22<br>/16.03.2022 | വികസന ഫണ്ട്(പൊതുവിഭാഗം) | എക്സിക്യൂട്ടിവ് എഞ്ചീനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ,വൈക്കം | പ്രവൃത്തിയുടെ , ധനവിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം, ബില്ല് ഹാജരാക്കിയിട്ടില്ല |
| 4 | 576/21-22<br>തിരുവാർപ്പ് ഗ്രാമ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ- കെ.എസ്.ഇ.ബിയിൽ തുക ഡെപ്പോസിറ്റ് ചെയ്യൽ. | 519554+<br>1218374=<br>17,37,928/-<br>(124/21-22<br>/21.03.2022) | വികസന ഫണ്ട്(പൊതുവിഭാഗം) | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ ഡിവിഷൻ,കുമരകം, അസിസ്റ്റന്റ് എഞ്ചിനീയർ,. കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ ഡിവിഷൻ,അയ്മനം | പ്രവൃത്തിയുടെ , ധനവിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം, ബില്ല് ഹാജരാക്കിയിട്ടില്ല |
| 5 | 419/21-22<br>പനച്ചിക്കാട് പഞ്ചായത്ത് -സ്ട്രീറ്റ് മെയിൻ വലിക്കൽ- | 1,49,949/-<br>(121/21-22<br>/22.03.2022) | വികസന ഫണ്ട്(പൊതുവിഭാഗം) | എക്സിക്യൂട്ടിവ് എഞ്ചീനീയർ കെ.എസ്.ഇ.ബി,പള്ളം | പ്രവൃത്തിയുടെ , ധനവിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം, ബില്ല് ഹാജരാക്കിയിട്ടില്ല |
| 6 | 536/21-22<br>തലയാഴം ഡിവിഷൻ വെച്ചൂർ പഞ്ചായത്ത് -വാർഡ് 3- തലയാഴം വാർഡ് 2എന്നീയിടങ്ങളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ-തുക കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്യൽ. | 1,99,892/-<br>(113/21-22<br>/16.03.2022) | വികസന ഫണ്ട്(പൊതുവിഭാഗം) | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ,തലയാഴം | പ്രവൃത്തിയുടെ , ധനവിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം, ബില്ല് ഹാജരാക്കിയിട്ടില്ല |
| 7 | 981/21-22<br>കിടങ്ങൂർ ഡിവിഷൻ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ | 4,98,447/-<br>(86/21-22<br>/31.01.2022) | വികസന ഫണ്ട്(പൊതുവിഭാഗം) | എക്സിക്യൂട്ടിവ് എഞ്ചീനീയർ കെ.എസ്.ഇ.ബി, | ധനവിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ |

| | | | | | |
|---|---|---|---|---|---|
| | വലിക്കലും ലൈൻ മാറ്റി സ്ഥാപിക്കലും | | | ഇലക്ട്രിക്കൽ സെക്ഷൻ,പാല | സാക്ഷ്യപത്രം, ബില്ല് ഹാജരാക്കിയിട്ടില്ല |
| 8 | 578/21-22 കാക്കശ്ശേരി ചക്കംകഴി റോഡ് സ്ട്രീറ്റ് ലൈൻ വലിക്കൽ-തുക കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്യൽ. | 3,99,985/- (111/21-22 /16.03.2022) | വികസന ഫണ്ട്(പൊതുവിഭാഗം) | എക്സിക്യൂട്ടിവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ,വൈക്കം | ധനവിനിയോഗ സാക്ഷ്യപത്രം/ പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല |
| ആകെ | | 38,35,046 | | | |

₹38,35,046/- വിവിധ പ്രോജക്ടുകൾക്കായി കെ.എസ്.ഇ.ബി യിൽ നിക്ഷേപിച്ചുവെങ്കിലും തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (നമ്പർ 1/21-22 /08.11.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള ₹38,35,046 /-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2. 2021-22 വർഷം കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപം നടത്തിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് വിശദാംശങ്ങൾ | നിക്ഷേപം നടത്തിയ തുക | ഫണ്ടിനം | ബിൽ നമ്പർ/ തീയതി | നിക്ഷേപം നടത്തിയ ഏജൻസി | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 292/21-22 പായിപ്പാട് പഞ്ചായത്ത് വാർഡ് 1 -പാറയ്ക്കൽ കോളനി കുടിവെള്ള പൈപ്പ് (എ സി കനാൽ ക്രോസ്സിംഗ് )പുനഃ സ്ഥാപിക്കൽ-KWAഡെപ്പോസിറ്റ് | 70,000/- | വികസന ഫണ്ട് (CFC Tied) | 1509/31.03.2022 | എക്സിക്യൂട്ടിവ് എഞ്ചിനീയർ,പബ്ളിക്ക് ഹെൽത്ത് ഡിവിഷൻ, KWA തിരുവല്ല. | ധനവിനിയോഗ സാക്ഷ്യപത്രം ,ബില്ല് ഹാജരാക്കി യിട്ടില്ല. |
| 2 | 26/21-22 വാഴപ്പള്ളി പഞ്ചായത്ത് വാർഡ് 12-മണ്ണാത്തിപ്പാറ ഭാഗത്ത് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 5,00,000/- | വികസന ഫണ്ട്(പൊതുവിഭാഗം) | 151/21-22/ 31.03.2022 | എക്സിക്യൂട്ടീവ് എഞ്ചിനീയർ,KWA തിരുവല്ല. | പ്രവൃത്തിയുടെ ധനവിനിയോഗ സാക്ഷ്യപത്രം ,ബില്ല് ഹാജരാക്കി യിട്ടില്ല |
| 3 | 28/21-22 നെടുങ്കുന്നം പഞ്ചായത്ത് വാർഡ് 2-പാറയ്ക്കൽ കോളനി പൈപ്പ് ലൈൻ നീട്ടൽ | 10,00,000/- | വികസന ഫണ്ട്(പൊതുവിഭാഗം) | 154/21-22/ 31.03.2022 | എക്സിക്യൂട്ടീവ് എഞ്ചിനീയർ,KWA തിരുവല്ല. | പ്രവൃത്തിയുടെ ധനവിനിയോഗ സാക്ഷ്യപത്രം ,ബില്ല് ഹാജരാക്കി യിട്ടില്ല |
| 4 | 395/21-22 കങ്ങഴ ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ | 2,20,000/- | വികസന ഫണ്ട് (CFC) | 152/21-22/ 31.03.2022 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, KWA തിരുവല്ല. | പ്രവൃത്തിയുടെ ധനവിനിയോഗ സാക്ഷ്യപത്രം , ബില്ല് ഹാജരാക്കി |

| | | | | | | |
|---|---|---|---|---|---|---|
| | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | | | | | യിട്ടില്ല |
| 5 | 446/21-22 പൊൻകുന്നം ഡിവിഷൻ ചിറക്കടവ് പഞ്ചായത്ത് വാർഡ് 5-വയസ്സു ക്കുന്നേൽ ആലപ്പാട് നേതാജി റോഡ് -പൈപ്പ് ലൈൻ നീട്ടൽ | 5,00.000/- | വികസന ഫണ്ട്(പൊതുവിഭാഗം) | 40/21-22/ 01.11.2021 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, KWA,കോട്ടയം | ധനവിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കി യിട്ടില്ല |
| 6 | 400/21-22 മുണ്ടക്കയം ഡിവിഷൻ- കൂരംതൂക്ക് കുടിവെള്ള പൈപ്പ് ലൈൻ- മൂർത്തിപ്പടി ഭാഗത്തേക്ക് നീട്ടലും നിലവിലുള്ള ലൈനിലെ കേടുപാടുള്ള പൈപ്പുകൾ മാറ്റി സ്ഥാപിക്കലും | 12,00,000/- | വികസന ഫണ്ട് (CFCtied) | 47/21-22/ 08.11.2021 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, KWA,കോട്ടയം | ധനവിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല |
| 7 | 876/21-22 പനച്ചിക്കാട് പഞ്ചായത്ത് തുണ്ടപ്പറമ്പ് തകിടിപ്പറമ്പ് റോഡ് പൈപ്പ് ലൈൻ നീട്ടൽ- തുക വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യൽ. | 2,60,000/- | വികസന ഫണ്ട്(പൊതുവിഭാഗം) | 101/21-22/ 21.02.2022 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, KWA,കോട്ടയം | ധനവിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല |
| 8 | 301/21-22 അയ്മനം പഞ്ചായത്ത് വാർഡ് -1 കോലടിച്ചിറ കരീമഠം കൊല്ലത്തുകരി പൈപ്പ് ലൈൻ ഇടൽ -തുക KWAയിൽ ഡെപ്പോസിറ്റ് ചെയ്യൽ. | 5,00,000/- | വികസന ഫണ്ട് (CFCgrant) | 1053/16.03.2022 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, KWA,കോട്ടയം | ധനവിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കി യിട്ടില്ല |
| 9 | 304/21-22 വാകത്താനം | 25,00,000/- | വികസന ഫണ്ട് (CFC Tied Grant) | 1506/ 31.03.2022 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, | ധനവിനിയോഗ സാക്ഷ്യപത്രം / |

| | | | | | | |
|---|---|---|---|---|---|---|
| | ഡിവിഷൻ-വാഴപ്പള്ളി പഞ്ചായത്ത്-പുറക്കടവ് മുസ്ലീം പള്ളി റോഡ് ജുമാ മസ്ജിദ് -പീസ് ലൈൻ റോഡ് മണ്ണാത്തിപ്പാറ പൈപ്പ് ലൈൻ എം സി റോഡ് -പുറത്തേരി ഭാഗം എന്നീ കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ-തുക KWAയിൽ ഡെപ്പോസിറ്റ് ചെയ്യൽ. | | | | KWA,തിരുവല്ല. | പൂർത്തീകരണ സാക്ഷ്യപത്രം, ഹാജരാക്കി യിട്ടില്ല |
| 10 | 907/21-22<br>പായിപ്പാട് പഞ്ചായത്ത് ഒന്നാം വാർഡ് -ഇടവംന്തര ജംഗ്ഷൻ മുതൽ ദൈവം പടി വരെ പൈപ്പ് ലൈൻ സ്ഥാപിക്കൽ - KWA ഡെപ്പോസിറ്റ് . | 4,00,000/- | വികസന ഫണ്ട് (CFCgrant) | 1531/31.03.2022 | എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>KWA,തിരുവല്ല. | ധനവിനിയോഗ സാക്ഷ്യപത്രം, / പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കി യിട്ടില്ല |
| 11 | 908/21-22<br>പായിപ്പാട് പഞ്ചായത്ത്-ഇടവംന്തര ഷാപ്പ് പടി മുതൽ കളത്തിൽ വീട് വരെ പൈപ്പ് ലൈൻ സ്ഥാപിക്കൽ - KWA ഡെപ്പോസിറ്റ് . | 2,30,000/- | വികസന ഫണ്ട് (CFC Tied Grant) | 1510/ 31.03.2022 | എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>KWA,തിരുവല്ല. | ധനവിനിയോഗ സാക്ഷ്യപത്രം / പൂർത്തീക<br>രണ സാക്ഷ്യപത്രം ഹാജരാക്കി യിട്ടില്ല |
| 12 | 909/21-22<br>വാഴപ്പള്ളി പഞ്ചായത്ത് വെട്ടിത്തുരുത്തേൽ-തെക്കേഓടേറ്റി കണ്ണമ്പുഴ മോട്ടോർതറ മുതൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ - KWA ഡെപ്പോസിറ്റ് . | 2,00,000/- | വികസന ഫണ്ട് (CFC Tied Grant) | 1507/31.03.2022 | എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>KWA,തിരുവല്ല. | ധനവിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം, ഹാജരാക്കി യിട്ടില്ല |
| 13 | 910/21-22 | 2,20,000/- | വികസന ഫണ്ട് (CFC Tied Grant) | 1508/31.03.2022 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, | ധനവിനിയോഗ സാക്ഷ്യപത്രം / |

| | | | | | | | |
|---|---|---|---|---|---|---|---|
| | പായിപ്പാട് പഞ്ചായത്ത് 15-ാം വാർഡ് ളായിക്കാട് ഗുരുമന്ദിരം -പാലത്ര റോഡ് പൈപ്പ് ലൈൻ സ്ഥാപിക്കൽ - KWA ഡെപ്പോസിറ്റ്. | | | | KWA,തിരുവല്ല. | പൂർത്തീകരണ സാക്ഷ്യപത്രം, ഹാജരാക്കി യിട്ടില്ല |
| ആകെ | | 78,00,000 | | | | |

₹78,00,000 /- രൂപ വിവിധ പ്രോജക്ടുകൾക്കായി നിക്ഷേപിച്ചുവെങ്കിലും തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (നമ്പർ 1/21-22/8.11.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 78,00,000 /-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3. 2021-22വർഷം അനർട്ടിൽ നിക്ഷേപം നടത്തിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് വിശദാംശങ്ങൾ | നിക്ഷേപം നടത്തിയ തുക | ഫണ്ടിനം | ബിൽ നമ്പർ/ തീയതി | നിക്ഷേപം നടത്തിയ ഏജൻസി | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 420/21-22<br>പനച്ചിക്കാട് പഞ്ചായത്ത് സോളാർ ലാമ്പ് വിത്ത് എൽ ഇ ഡി ബൾബുകൾ സ്ഥാപിക്കുക | 9,93,850/- | വികസന ഫണ്ട് (CFCgrant) | 128/21-22 /21.03.2022 | അനർട്ട് കോട്ടയം | ബൾബുകൾ സ്ഥാപിച്ചതിന്റെ ലൊക്കേഷൻ,ധനവിനിയോഗ സാക്ഷ്യപത്രം<br>ഹാജരാക്കിയിട്ടില്ല. |
| ആകെ | | 9,93,850/- | | | | |

₹9,93,850 /-വിവിധ പ്രോജക്ടുകൾക്കായി അനർട്ടിൽ നിക്ഷേപിച്ചുവെങ്കിലും തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (നമ്പർ 1/21-22 /8.11.2022) മറുപടി ലഭിച്ചിട്ടില്ല.ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 9,93,850 /-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

4. 2021-22 വർഷം ഭൂഗർഭ ജല വകുപ്പിൽ നിക്ഷേപം നടത്തിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് വിശദാംശങ്ങൾ | നിക്ഷേപം നടത്തിയ തുക | ഫണ്ടിനം | ബിൽ നമ്പർ/ തീയതി | നിക്ഷേപം നടത്തിയ ഏജൻസി | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 537/21-22<br>വാകത്താനം ഡിവിഷൻ- വാകത്താനം പഞ്ചായ<br>ത്ത് കിളിരൂകുന്ന് വള്ളിക്കാട് പാണകുന്ന് എന്നീ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ- തുക GWD-ൽ ഡെപ്പോസിറ്റ് | 15,00,000/- | വികസന ഫണ്ട് (CFCgrant) | 75/21-22 /30.12.2021 | ജില്ലാ ഓഫീസർ.ഭൂ ജല വകുപ്പ്,കോട്ടയം | ധനവിനിയോഗ സാക്ഷ്യപത്രം<br>ഹാജരാക്കി യിട്ടില്ല. |

| | | | | | | |
|---|---|---|---|---|---|---|
| | ചെയ്യൽ. | | | | | |
| 2 | 979/21-22<br>വിജയപുരം ഗ്രാമ പഞ്ചായത്ത് വാർഡ് 15-ഉണ്ണിക്കുന്ന് കുടിവെള്ള പദ്ധതി -തുക ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഡെപ്പോസിറ്റ് ചെയ്യൽ | 10,00,000/- | വികസന ഫണ്ട് (CFCgrant) | XVFC/2021-22/ P/40/31.03.2022 | ജില്ലാ ഓഫീസർ, ഭൂജല വകുപ്പ് ,കോട്ടയം | 10,00,000 /- രൂപയുടെ കുഴൽ കിണർ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് 25.01.2023 ലെ GWK/9866/ 22 കത്ത് പ്രകാരം റിവൈസ് ചെയ്ത് തുറന്ന കിണർ ആക്കിയും എസ്റ്റിമേറ്റ് തുക 13,00,000/ – ആക്കിയിട്ടുണ്ട്. ബാക്കി 3,00,000/- അടവാക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്. 30.01.23ലെ 1(6) കമ്മിറ്റി തീരുമാനം ഡെപ്പോസിറ്റ് തുക തിരികെ ജില്ലാ പഞ്ചായത്തിൽ അടവാക്കാൻ ഭൂജല വകുപ്പിനോട് നിർദ്ദേശിച്ചിട്ടുണ്ട്. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്. |
| ആകെ | | 25,00,000/- | | | | |

₹25,00,000/- ഭൂഗർഭ ജല വകുപ്പിൽ നിക്ഷേപിച്ചുവെങ്കിലും തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (നമ്പർ 1/21-22/8.11.2022) മറുപടി ലഭിച്ചിട്ടില്ല .ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 25,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

5.2021-22 സാമ്പത്തിക വർഷം മൈനർ ഇറിഗേഷൻ വകുപ്പിൽ നിക്ഷേപം നടത്തിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് വിശദാംശങ്ങൾ | നിക്ഷേപം നടത്തിയ തുക | ഫണ്ടിനം | ബിൽ നമ്പർ/ തീയതി | നിക്ഷേപം നടത്തിയ ഏജൻസി | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 1077/21-22<br>മീനടം പഞ്ചായത്ത് -വാർഡ് 12-മീനടം ഭഗവതി ക്ഷേത്രം ഭാഗത്ത് | 12,50,000/- | വികസന ഫണ്ട്(CFC Tied) | 1342/26.3.22 | എക്സിക്യൂട്ടീവ് എഞ്ചിനീയർ ,മൈനർ ഇറിഗേഷൻ ഡിവിഷൻ, കോട്ടയം | പ്രവൃത്തിയുടെ ധനവിനിയോഗ സാക്ഷ്യപത്രം , പൂർത്തീകരണ സാക്ഷ്യപത്രം, കരാർ എന്നിവ ഹാജരാക്കിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| വെൻഡഡ് ക്രോസ് ബാർ നിർമ്മാണം (ജല സംരക്ഷണ ത്തിനായുള്ള ചെക്ക് ഡാം നിർമ്മാണം ) പഞ്ചായത്തിന് വിഹിതം കൈമാറൽ | | | | | |
| ആകെ | 12,50,000/- | | | | |

₹12,50,000/- രൂപ മൈനർ ഇറിഗേഷൻ വകുപ്പിൽ നിക്ഷേപിച്ചുവെങ്കിലും തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (നമ്പർ 1/21-22/8.11.2022) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 12,50,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-26 ക്യാൻകോട്ടയം- ഫിറ്റ് കോട്ടയം-പാല ജനറൽ ആശുപത്രിക്ക് റേഡിയേഷൻ മെഷീൻ വാങ്ങൽ -മെഷീൻ നാളിതുവരെ ലഭ്യമായില്ല-ആവശ്യമായ തുക KMCSL ന് നൽകിയിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം. | 495/22 |
| അടങ്കൽ | 68,00,000/-(വികസനഫണ്ട് പൊതുവിഭാഗം)+<br>37,00,000/-(മറ്റ് ഗ്രാമപഞ്ചായത്ത്)<br>---------------<br>1,05,00,000/- |
| ചെലവ് | 6800000/- വികസന ഫണ്ട്<br>3700000/-ഗ്രാമപഞ്ചായത്ത് വിഹിതം |
| ബിൽ നം | 2/26-3-22-(6800000/-)<br>ചെക്ക് നം.547881/30.3.22-3700000/- |
| നിർവഹണഉദ്യോഗസ്ഥൻ | ജില്ലാ മെഡിക്കൽ ഓഫീസർ (അലോപ്പതി) |

പാലാ ജനറൽ ആശുപത്രിയിൽ കാൻസർ ചികിത്സയ്ക്കായി വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കൊബാൾട്ട് റേഡിയേഷൻ മെഷീൻ വാങ്ങുന്നതിലേക്ക് കേരളമെഡിക്കൽ സർവ്വീസ് കോർപ്പറേഷനിലേക്ക് തുക ഡെപ്പോസിറ്റ് ചെയ്യുന്നതിനാണ് പ്രൊജക്റ്റ് തയ്യാറാക്കിയിരുന്നത്. ആയതിനായി കേരളമെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ എംഡിയുടെ പേരിലുള്ള പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ടനം 3624001800000037) 1.05കോടി രൂപ മാറി നൽകുകയുണ്ടായി. പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണത്തിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. റേഡിയേഷൻ മെഷീൻ സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്, ടാക്സ് ഇൻവോയിസ് എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇതിൽ നിന്നും മെഷീൻ നാളിതുവരെ ലഭിച്ചിട്ടില്ലായെന്ന് കാണുന്നു.

2. മെഷിന്റെ സ്പെസിഫിക്കേഷൻ, വില , ഇൻസ്റ്റലേഷൻ എസ്റ്റിമേറ്റ് എന്നിവ സംബന്ധിച്ച് യാതൊരു രേഖകളും ഫയലിലില്ല. 1.05കോടി രൂപ എന്ന പ്രൊജക്റ്റ് ചെലവിലേക്ക് നിർവ്വഹണഉദ്യോസ്ഥൻ എത്തിച്ചേർന്നത് എന്ത് അടിസ്ഥാനത്തിലാണ് എന്നത് വ്യക്തമാക്കേണ്ടതാണ്.

3. തുക ഡെപ്പോസിറ്റ് ചെയ്ത KMCSL മായി നിർവ്വഹണോദ്യോഗസ്ഥൻ പൂർത്തീകരണം സംബന്ധിച്ച

വ്യവസ്ഥകൾ ഉൾപ്പെടുത്തിയ കരാറിലേർപ്പെട്ടിരുന്നോയെന്നത് വ്യക്തമാക്കേണ്ടതാണ്. സ. ഉ(കൈ)/11 /2018/ തസ്വഭവ തീയതി29-01-18 പ്രകാരം നിക്ഷേപം സ്വീകരിക്കുന്ന ഏജൻസി എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകി നിർവ്വഹണോദ്യോഗസ്ഥനുമായി കരാറിലേർപ്പെട്ടതിന് ശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണവേളയിൽ ഈ നടപടിക്രമം പാലിച്ചിട്ടില്ലായെന്ന് കാണുന്നു.

4. മെഷീൻ സ്ഥാപിക്കുന്നതിന് മുന്നോടിയായുള്ള സിവിൽ, ഇലക്ട്രിക് ജോലികൾ മറ്റ് ഫർണീച്ചർ, ബയോമെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ എന്നിവയും നിർവ്വഹിച്ചിരുന്നില്ല. മെഷീൻ സ്ഥാപിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെയാണ് തുക നിക്ഷേപം നടത്തിയത്.

മേൽ പറഞ്ഞ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/23.1.23) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത പ്രൊജക്റ്റ് നിർവ്വഹണത്തിനായി ജില്ലാപഞ്ചാത്ത് 2022-23 വർഷം 15ലക്ഷം രൂപ വകയിരുത്തിയതായി കാണുന്നു. മെഷിൻ വാങ്ങുന്നതിനായി ഇനി ആവശ്യമുള്ള തുകയെത്രയെന്നും ആയതിനുള്ള പ്രതീക്ഷിത സ്രോതസ്സ് ഏതാണെന്നും വ്യക്തമല്ല. KMCSL ന്റെ റണ്ണിങ്ങ് കോൺട്രാക്റ്റുള്ള ഉപകരണങ്ങളിൽ കൊബാൾട്ട് റേഡിയേഷൻ മെഷീന്റെ വില 2.25കോടിയാണ്. ആയതിന്റെ പകുതി തുകമാത്രമേ കണ്ടെത്തുവാൻ ജില്ലാപഞ്ചായത്തിന് സാധിച്ചുള്ളൂ. ബാക്കി തുകയുടെ പ്രതീക്ഷിത സ്രോതസ്സ് സംബന്ധിച്ച് നിർവ്വഹണഉദ്യോഗസ്ഥന് യാതൊരു ധാരണയില്ലായിരുന്നുവെന്ന് കാണുന്നു. പ്രസ്തുത വിഷയം ജില്ലാപഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയതായും കാണുന്നില്ല. റേഡിയേഷൻ മുറികൾ ഉൾപ്പടെയുള്ള അനുബന്ധസൗകര്യങ്ങൾക്കായുള്ള കൂടുതൽ തുക കണ്ടെത്തിയിട്ടുമില്ല. ഇക്കാര്യങ്ങൾക്ക് ആവശ്യമായ മുന്നൊരുക്കം നടത്താതെയാണ് തുക നിക്ഷേപിച്ചത് എന്ന് കാണുന്നു. മെഷീൻ സ്ഥാപിച്ച് ഉപയോഗപ്രദമാക്കാത്തതിനാൽ മേൽ പ്രൊജക്റ്റിനായുള്ള 1.05 കോടി രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത വിഷയത്തിൽ ആവശ്യമായ തുക കണ്ടെത്തുന്നതിനും മെഷീൻ സ്ഥാപിക്കുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-27 വൈക്കം താലൂക്ക് ആശുപത്രിയിൽ മാമോഗ്രാം സ്ഥാപിക്കൽ-വ്യക്തമായ ധാരണയില്ലാതെ സ്വാകാര്യ ബാങ്കിൽ 1.40 കോടി രൂപ നിക്ഷേപിച്ചു-പ്രൊജക്റ്റ് ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രൊജക്റ്റ് നം. | 892/22 |
| അടങ്കൽ | 1,40,00,000/-(വികസനഫണ്ട് പൊതുവിഭാഗം) |
| ചെലവ് | 1,40,00,000/- |
| ബിൽ നം | 1/11-3-22 |
| നിർവഹണഉദ്യോഗസ്ഥൻ | ജില്ലാ മെഡിക്കൽ ഓഫീസർ (അലോപ്പതി) |

വൈക്കം താലൂക്ക് ആശുപത്രിയിൽ എക്സ്റേ മാമോഗ്രാം, യുഎസ്ജി മാമോഗ്രാം, സ്ഥാപിക്കൽ, അനുബന്ധ സിവിൽ ഇലക്ട്രിക് ജോലികൾ മറ്റ് ഫർണീച്ചർ, ബയോമെഡിക്കൽ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായാണ് പ്രോജക്റ്റ് തയ്യാറാക്കിയിരുന്നത്. ഡിപിസി അനുമതി നിഷേധിച്ച പ്രസ്തുത പ്രോജക്റ്റിന് യൂണിറ്റിന്റെ പ്രവർത്തനത്തിന് റേഡിയോളജിസ്റ്റിനെ നിയമിക്കുമ്പോഴുള്ള ചെലവ് അടക്കമുള്ള കാര്യങ്ങൾ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി നിർവ്വഹിക്കണമെന്ന വ്യവസ്ഥയോടെ 18-12-2021 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മറ്റി അനുമതി നൽകിയിരുന്നു.

ജില്ലാ പ്രോഗ്രാം മാനേജരുടെ പേരിലുള്ള NHM അക്കൗണ്ടിലേക്ക് (HDFCഅക്കൗണ്ട് നം

50200029589522) 1.40കോടി രൂപ ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രോജക്റ്റിന്റെ നിർവ്വഹണത്തിൽ കാണപ്പെട്ട അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം25/23-1-23) മറുപടി ലഭ്യമായില്ല. അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്റ്റ് റിപ്പോർട്ട് പ്രകാരം നിർവ്വഹണ രീതി നേരിട്ടുള്ള നിർവ്വഹണമായും റേറ്റ് കോൺട്രാക്റ്റുള്ള സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തുന്നതിനുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ നിർവ്വഹണം നടത്തിയത് NHM ഡെപ്പോസിറ്റ് വർക്കായിട്ടാണ്. നിർവ്വഹണരീതി മാറ്റം വരുത്തിയതിന് അംഗീകാരം ലഭിച്ചിരുന്നില്ല.

2. ഇൻസ്റ്റലേഷൻ സർട്ടിഫിക്കേറ്റ്, ടാക്സ് ഇൻവോയിസ് എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കുകയുണ്ടായില്ല. ഇതിൽ നിന്നും വൈക്കം താലൂക്ക് ആശുപത്രിയിൽ മാമോഗ്രാംമെഷീൻ ലഭിച്ചിട്ടില്ലായെന്നത് വ്യക്തമാണ്.

3. മെഷിന്റെ സ്പെസിഫിക്കേഷൻ, വില , ഇൻസ്റ്റലേഷൻ എസ്റ്റിമേറ്റ് എന്നിവ സംബന്ധിച്ച് യാതൊരു രേഖകളും ഫയലിലില്ല. 1.40കോടി രൂപ എന്ന പ്രോജക്റ്റ് ചെലവിലേക്ക് നിർവ്വഹണഉദ്യോഗസ്ഥൻ എത്തിച്ചേർന്നത് എന്ത് അടിസ്ഥാനത്തിലാണ് എന്നത് വ്യക്തമല്ല.

4. NHM വഴി നിർവ്വഹണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചിട്ടില്ല. അതീവ സാങ്കേതികത ആവശ്യമുള്ള മെഷീനുകളുടെ വിതരണത്തിനായി NHMന് അക്രഡിറ്റഡ് ഏജൻസിയായി സർക്കാർ അനുമതി നൽകിയിട്ടില്ലാത്തതാണ്.

5. തുക ഡെപ്പോസിറ്റ് ചെയ്ത NHMമായി നിർവ്വഹണോദ്യോഗസ്ഥൻ പൂർത്തീകരണം സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയ കരാറിലേർപ്പെട്ടിരുന്നില്ല. സ. ഉ(കൈ)/11/2018/ തസ്വഭവ തീയതി29-01-18 പ്രകാരം നിക്ഷേപം സ്വീകരിക്കുന്ന ഏജൻസി എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകി നിർവ്വഹണോദ്യോഗസ്ഥനുമായി കരാറിലേർപ്പെട്ടതിന് ശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണവേളയിൽ ഈ നടപടിക്രമം പാലിച്ചിട്ടില്ലായെന്ന് കാണുന്നു.

6. മെഷീൻ സ്ഥാപനത്തിന് മുന്നോടിയായുള്ള സിവിൽ, ഇലക്ട്രിക് ജോലികൾ മറ്റ് ഫർണീച്ചറുകൾ, ബയോമെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കായിരുന്നു 40ലക്ഷം രൂപ വകയിരുത്തിയിരുന്നത്. എന്നാൽ ടി ജോലികളും നാളിതുവരെ നിർവ്വഹിച്ചിട്ടില്ല.

മേൽ പറഞ്ഞ അപാകതകളിൽ നിന്നും മെഷീൻ വില,സ്പെസിഫിക്കേഷൻ, സ്ഥാപിക്കാൻ വേണ്ട മുന്നൊരുക്കങ്ങൾ എന്നിവയെപ്പറ്റി യാതൊരു ധാരണയുമില്ലാതെയാണ് നിർവ്വഹണോദ്യോഗസ്ഥൻ തുക നിക്ഷേപം നടത്തിയത് എന്നത് വ്യക്തമാണ്. വികസനഫണ്ട് പിൻവലിച്ച് NHMന്റെ സ്വകാര്യബാങ്കിലുള്ള അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതും ക്രമപ്രകാരമല്ല. മെഷീൻ സ്ഥാപിച്ചതിന് ശേഷം ടെക്നീഷ്യൻമാർക്ക് ആവശ്യമായ പരിശീലനം നൽകുന്നത് സംബന്ധിച്ച് യാതൊരു മുന്നൊരുക്കങ്ങളും നടത്തിയതായി കാണുന്നില്ല. മെഷീൻ സ്ഥാപിച്ച് ഉപയോഗപ്രദമാക്കാത്തതിനാൽ മെഷീനും അനുബന്ധസൗകര്യങ്ങൾക്കുമായി നിക്ഷേപിച്ച 1.40 കോടി രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ പറഞ്ഞ അപാകതകൾ പരിഹരിച്ച് NHMമായി ചേർന്ന് മെഷീൻ സ്ഥാപിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-28 കൊയ്ത്ത് മെതിയന്ത്രങ്ങൾ വാങ്ങൽ- ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്റ്റ് നം 1048/22 പ്രകാരം ജില്ലാപഞ്ചായത്ത് കസ്റ്റംഹയറിങ്ങ് സെന്ററിലേക്ക് 3 കൊയ്ത്ത് മെതിയന്ത്രങ്ങൾ വാങ്ങുന്നതിനായി വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 90ലക്ഷം രൂപ അടങ്കലിൽ പ്രോജക്റ്റ് തയ്യാറാക്കിയിരുന്നു. ഇടെൻഡർ ക്ഷണിച്ചതിൽ മൂന്ന് സ്ഥാപനങ്ങൾ പങ്കെടുക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഡിവൈൻ ഓട്ടോമൊബൈൽസ് എന്ന സ്ഥാപനത്തിൽ നിന്നും 85,50,000/-രൂപ(ബിൽ നം23/30-3-22) ചെലവഴിച്ച് യന്ത്രങ്ങൾ വാങ്ങുകയും ചെയ്തിരുന്നു. വാങ്ങൽ നടപടിക്രമങ്ങളിലെ

അപാകതകൾ ചുവടെ ചേർക്കുന്നു.

1. എസ്റ്റിമേറ്റ് തുക 10ലക്ഷത്തിൽ കൂടുതലാണെങ്കിൽ പത്രപരസ്യം നൽകി ടെൻഡർ ക്ഷണിക്കേണ്ടതാണ്. വെബ്സൈറ്റിൽ നൽകുന്നതിന് പുറമെ മലയാളം , ഇംഗ്ലീഷ് ദിനപത്രങ്ങളിലും കേരളഗസറ്റിന്റെ സ്റ്റോർപർച്ചേസ് ഷീറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണെന്ന് സ്റ്റോർ പർച്ചേസ് മാനുവൽ ഖ7.13ൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ രീതിയിൽ പത്രപരസ്യം നൽകി ടെൻഡർ നടപടികൾ സ്വീകരിച്ചിരുന്നില്ല.

2. വിതരണകരാറിന്റെ ഭാഗമായി കൊയ്ത്ത് മെതിയന്ത്രം പ്രവർത്തിപ്പിക്കുന്നതിനുള്ള പരിശീലനം സൗജന്യമായി നൽകാൻ സ്ഥാപനം വ്യവസ്ഥചെയ്തിട്ടുണ്ട്. പരിശീലനത്തിനുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് നൽകാൻ ജില്ലാപഞ്ചായത്തിനോട് നിർവ്വഹണോദ്യോഗസ്ഥൻ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ ഒരു പരിശീലനം നടന്നതായി കാണുന്നില്ല.

3. വാങ്ങിയ യന്ത്രങ്ങൾ രജിസ്ട്രേഷൻ നടത്തിയതിന്റെ വിവരം, ഇൻഷുറൻസ് , ടാക്സ് എന്നിവ നൽകിയവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

മേൽപറഞ്ഞ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയിയ്ക്ക് (നം20/5-12-22) മറുപടി ലഭ്യമാക്കിയില്ല. കൊയ്ത്ത് മെതിയന്ത്രങ്ങളുടെ വാങ്ങലിൽ നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ ഈയിനത്തിലുള്ള 85,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 കസ്റ്റം ഹയറിങ്ങ് സെന്റർ -കൊയത്ത് മെതിയന്ത്രങ്ങളുടെ അറ്റകുറ്റപ്പണി - വാങ്ങൽ നടപടിക്രമങ്ങളിൽ അപാകത

| | |
|---|---|
| പ്രൊജക്റ്റ് നം | 511/22 |
| അടങ്കൽ | 35,00,000(വികസനഫണ്ട്-പൊതുവിഭാഗം) |
| ചെലവ് | 19,86,534 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എക്സി.എഞ്ചിനീയർ(കൃഷി) |

കസ്റ്റം ഹയറിങ്ങ് സെന്റർ -കൊയ്ത്ത് മെതിയന്ത്രങ്ങളുടെ അറ്റകുറ്റപ്പണി എന്ന പ്രൊജക്റ്റ് പ്രകാരം നടത്തിയ വിവിധ ചെലവുകളുടെ നടപടിക്രമങ്ങളിൻമേലുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1. CB No 13/21-22 പ്രകാരം കുട്ടനാട് പാക്കേജിൽപ്പെട്ട KP1, KP4, KP7, KP8 എന്നീ കൊയ്ത്ത് മെതിയന്ത്രങ്ങളുടെ അറ്റകുറ്റപ്പണിക്ക് സ്പെയർപാർട്സ് വാങ്ങുന്നതിനായി 10,31,137/- (CB No. 13/26.2.22) വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിരുന്നു. ഓരോ മെഷീനും എത്ര പാർട്സുകൾ ആവശ്യമാണെന്നതിനുള്ള മെക്കാനിക്കിന്റെ അപേക്ഷ, ആയത് സാക്ഷ്യപ്പെടുത്തിയുള്ള ഉയർന്ന ഉദ്യോഗസ്ഥന്റെ റിപ്പോർട്ട്, എക്സി.എഞ്ചീനീയറുടെ (കൃഷി) എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമായില്ല (കുട്ടനാട് പാക്കേജ് മെക്കനൈസേഷൻ പദ്ധതിയുടെ ജില്ലാമോണിറ്ററിങ്ങ് കമ്മറ്റിയുടെ 5-7-2011ലെ തീരുമാനപ്രകാരം 5ലക്ഷത്തിനു മുകളിലുള്ള റിപ്പയർ പരിശോധിക്കുന്നതിനും അംഗീകരിക്കുന്നതിനുമുള്ള അധികാരം കൃഷി വകുപ്പ് സ്റ്റേറ്റ് എഞ്ചിനീയർക്കാണ്). മേൽ പറഞ്ഞ വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ സ്പെയർ പാർട്സ് വാങ്ങുന്നതിനായുള്ള 1031137/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2.CB No 2/21-22 പ്രകാരം റോയൽ ലൂബ്രിക്കന്റ്സ് എന്ന സ്ഥാപനത്തിൽ നിന്നും ഹൈഡ്രോളിക് ഓയിൽ, എഞ്ചിൻ ഓയിൽ എന്നിവ വാങ്ങുന്നതിനായി 12775/- രൂപ (ബിൽ നം 455/17-3-21)ചെലവഴിച്ചിട്ടുണ്ട്. വാങ്ങിയ ഓയിലുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഇഷ്യൂചെയ്ത് ഉപയോഗിച്ചതായി കാണുന്നില്ല. സ്റ്റോക്കിൽ ചേർത്ത് വിതരണം ചെയ്യാത്ത ഓയിലിന്റെ വിലയായ 12775/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3. താഴെ ചേർക്കുന്ന വാഹനങ്ങളുടെ ലോഗ്ബുക്ക് പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല

1) KL01-BD-7706-Eicher Lorry

2) KL-04AA-2266 -Bolero Camper

4. ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ചതും കുട്ടനാട് പാക്കേജ് മെക്കനൈസേഷൻ പദ്ധതിയുടെ ഭാഗമായി മുൻകാലങ്ങളിൽ ലഭിച്ചതുമായ ഹാർവെസ്റ്റർ ഉൾപ്പടെയുള്ള കാർഷിക ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

5. 2021-22 വർഷം വിവിധ ബില്ലുകൾ പ്രകാരം വാങ്ങിയ സ്പെയർ പാർട്സുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

മേൽപറഞ്ഞ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19/6-12-22)മറുപടി ലഭ്യമാക്കിയില്ല. സ്റ്റോക്ക് രജിസ്റ്ററിന്റെ പരിപാലനത്തിലെ പോരായ്മകളും അറ്റകുറ്റണിക്കായി സാമഗ്രികൾ വാങ്ങിയതിൽ നടപടിക്രമങ്ങൾ പാലിക്കാത്തതും ലോഗ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കാത്തതും നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. സ്റ്റോക്ക് രജിസ്റ്റർ, ലോഗ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-30 ലക്ഷങ്ങൾ ചെലവഴിച്ച് വാങ്ങിയ കൊയ്ത്തു മെതിയന്ത്രങ്ങൾ നാശോന്മുഖമായ നിലയിൽ



കുട്ടനാട് പാക്കേജിൽപ്പട്ടുത്തി 12 കൊയ്ത്ത് മെതിയന്ത്രങ്ങളും ജില്ലാ പഞ്ചായത്ത് വാങ്ങി നൽകിയ 10 കൊയ്ത്ത് മെതിയന്ത്രങ്ങളും ഉൾപ്പെടെ 22 യന്ത്രങ്ങൾ ജില്ലയിലെ വിവിധ പാടശേഖരങ്ങളിലെ കർഷകർക്ക് വാടക ഈടാക്കി നൽകുന്നതിന് തീരുമാനിച്ചിരുന്നു. കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയിരുന്നു വാഹനങ്ങളുടെ കസ്റ്റോഡിയൻ. വാടക ഇനത്തിൽ ലഭിക്കുന്ന തുക ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ഒടുക്കിയിട്ടുണ്ട്. തൻ വർഷം വാടകയിനത്തിൽ 12,52,370/- രൂപ ലഭിച്ചിരുന്നു. എന്നാൽ 25ലക്ഷത്തിലധികം വിലമതിക്കുന്ന പല യന്ത്രങ്ങളും പ്രവർത്തനരഹിതമാണെന്ന് കാണുന്നു. കുട്ടനാട് പാക്കേജിൽ ലഭിച്ച 6 എണ്ണവും ജില്ലാപഞ്ചായത്തിൽ നിന്ന് വാങ്ങി നൽകിയ 5 എണ്ണവും പ്രവർത്തനരഹിതമായ നിലയിൽ കോഴയിലുള്ള കസ്റ്റം ഹയറിങ് സെന്ററിൽ കാണപ്പെട്ടു. ടി യന്ത്രങ്ങൾ ലേലനടപടികളിലൂടെ കയ്യൊഴിക്കുന്നതിന് തീരുമാനമെടുത്തതായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) അറിയിച്ചു . സ.ഉ.(കൈ)നം 45/2019/PWD തീയതി 16-10-19 പ്രകാരം പുറപ്പെടുവിച്ച മാനദണ്ഡങ്ങൾ പാലിച്ച് മാത്രം ലേലനടപടികളിലേക്ക് പ്രവേശിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

തൻവർഷം യന്ത്രങ്ങളുടെ അറ്റകുറ്റപ്പണിയ്ക്കായി 19,86,534/-രൂപ ചെലവഴിച്ചതായി കാണുന്നു. മെയിന്റനൻസിന് വളരെയധികം ചെലവ് വരുന്ന ടി യന്ത്രങ്ങളുടെ പരിപാലനത്തിന് എഎംസി യായി ഏജൻസികളെ ഏൽപ്പിക്കുന്നതിനുള്ള സാദ്ധ്യത കൂടി പരിശോധിക്കേണ്ടതുണ്ട്. കൂടാതെ കൊയ്ത്ത് മെതിയന്ത്രത്തിന്റെ നിയന്ത്രണം , മേൽനോട്ടം, നടത്തിപ്പ് എന്നിവയ്ക്കായി ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായി സമിതി രൂപീകരിക്കേണ്ടതും ലക്ഷങ്ങൾ വിലമതിയ്ക്കുന്ന യന്ത്രങ്ങളുടെ പ്രവർത്തനം വിലയിരുത്തേണ്ടതുമാണ്.

1-31 തലയാഴം പഞ്ചായത്തിൽ പാലച്ചുവട് -പുത്തൻപാലം(ആമേട) – ഉല്ലല -തുപ്പൊക്കുടം തോട് തെളിയിക്കൽ- ആവശ്യാധിഷ്ഠിതമല്ലാതെയുള്ള പ്രവൃത്തി നിർവ്വഹണം-ചെലവ് നിരാകരിക്കുന്നു

| | |
|---|---|
| പ്രൊജക്റ്റ് നം &പേര് | 522/22 വൈക്കം ഡിവിഷൻ-തലയാഴം പഞ്ചായത്തിൽ പാലച്ചുവട് -പുത്തൻപാലം(ആമേട) – ഉല്ലല -തുപ്പൊക്കുടം തോട് തെളിയിക്കൽ |
| അടങ്കൽ | 765000/-(വികസനഫണ്ട് പൊതുവിഭാഗം) |
| ചെലവ് | 683413/-(ബിൽ നം 21/25-3-22) |
| കരാറുകാരൻ | സേവ്യർ സി എം |
| കരാർ നം | 4/20-21 /22-06-20 |

മേൽ പ്രോജക്റ്റിന്റെ എസ്റ്റിമേറ്റ് പ്രകാരം, ഉല്ലല തുപ്പൊക്കുടം തോടിന്റെ 400m നീളത്തിൽ ഇരുവശങ്ങളിലെ സൈഡിലുള്ള ചെടികൾ നീക്കം ചെയ്ത് ക്ലിയർ ചെയ്യുന്നതിനും ക്ലിയർ ചെയ്ത400m നീളത്തിൽ ഹൈഡ്രോളിക് എസ്കവേറ്റർ ഉപയോഗിച്ച് Clay And Vegitation Removal ചെയ്യുന്നതിനുമുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തിയിരുന്നു. കൂടാതെ എസ്റ്റിമേറ്റിലെ 3-ാമത്തെ ഇനമായി 1460m നീളത്തിൽ ആമേട തോട് ആഴം കൂട്ടൽ പ്രവൃത്തിയും ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത പ്രൊജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 22-6-20 ലെ കരാർ പ്രകാരം പ്രവൃത്തി ആരംഭിച്ച് ഒരു വർഷത്തിനകം, 22-6-21 ന മുൻപായി പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 18-3-22 ന് മാത്രമാണ്. നിയമാനുസൃതം ഈടാക്കേണ്ടിയിരുന്ന പിഴ ഈടാക്കിയില്ലായെന്ന് കാണുന്നു. കോവിഡ് വ്യാപനം., വെള്ളപ്പൊക്കം, കരാറുകാരന് സംഭവിച്ച അപകടം എന്നിവ മൂലമാണ് പ്രവൃത്തി കൃത്യസമയത്ത് പൂർത്തീകരിക്കാതിരുന്നതെന്നും ആയതിനാലാണ് പിഴ ഈടാക്കാതിരുന്നതെന്നും നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു. മറുപടി തൃപ്തികരമല്ല. 2020ൽ ആരംഭിച്ച ആഴം കൂട്ടൽ പ്രൊജക്റ്റിന് ഇത്രയും കാലതാമസം വന്നത് ന്യായീകരിക്കാവുന്നതല്ല. കൂടാതെ പിഴ ഒഴിവാക്കി നൽകുന്നതിന് ജില്ലാപഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരവും വാങ്ങിയിരുന്നില്ല. നിയമാനുസൃതം ഈടാക്കേണ്ട പിഴ കരാറുകാരനിൽ നിന്നും വാങ്ങി ജില്ലാപഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

2. എസ്റ്റിമേറ്റ് റിപ്പോർട്ട്, സ്കെച്ച് എന്നിവ പ്രകാരം തുപ്പക്കുടം , ആമേട തോടുകളുടെ ആകെ നീളം, പ്രവൃത്തി ചെയ്യാനുദ്ദേശിക്കുന്ന നീളം എന്നിവ രേഖപ്പെടുത്തിയിരുന്നില്ല. ക്ലറിക്കൽ മിസ്റ്റേക്ക് മൂലമാണ് അളവ് രേഖപ്പെടുത്താൻ വിട്ടുപോയത് എന്ന് അറിയിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് റിപ്പോർട്ട് , സ്കെച്ച് എന്നിവയിൽ കൃത്യത പുലർത്തേണ്ടതാണ്.

3. 11/11/21 ലെ എഎക്സ്ഇ (കൃഷി) യുടെ കത്ത് പ്രകാരം പ്രവൃത്തി നടപ്പാക്കുന്നതിനായി സൈറ്റ് സന്ദർശിച്ചതിൽ നിലവിൽ ആമേട തോടിന്റെ പണി ഇറിഗേഷൻ വകുപ്പ് പൂർത്തീകരിച്ചതായും ആമേട തോടിന് പകരം തുപ്പൊക്കുടം തോടിന് ആഴം കൂട്ടൽ എന്ന പ്രവൃത്തി ചെയ്യുന്നതിന് അനുമതി നൽകണമെന്ന് ജില്ലാപഞ്ചായത്ത് കമ്മറ്റിയെ അറിയിക്കുകയും നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് എഎക്സ്ഇ യെ കമ്മറ്റി ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു (16/11/2021 ലെ തീരുമാനം നമ്പർ7(6)). 1460m നീളത്തിലുള്ള ആമേട തോടിന് പകരം തുപ്പൊക്കുടം തോട് ആഴം കൂട്ടുമ്പോൾ ആയതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയും പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ വാങ്ങുകയും ചെയ്യേണ്ടിയിരുന്നു. എന്നാൽ എസ്റ്റിമേറ്റ് പുതുക്കി അംഗീകാരം നേടിയില്ല. എസ്റ്റിമേറ്റ് ക്വാണ്ടിറ്റി അധികരിക്കാത്തതിനാലാണ് പ്രവൃത്തി റിവൈസ് ചെയ്യാതിരുന്നത് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി. എന്നാൽ മറുപടി തൃപ്തികരമല്ല. പ്രൊജക്റ്റ് പ്രകാരമുള്ള പ്രവൃത്തി നടത്തേണ്ട സൈറ്റിൽ വരെ വ്യതിയാനം വരുത്തുന്ന സാഹചര്യത്തിൽ എസ്റ്റിമേറ്റ് ക്വാണ്ടിറ്റിയിൽ അധികരിക്കുന്നില്ലായെങ്കിൽ കൂടി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അംഗീകാരം

തേടേണ്ടിയിരുന്നു. അപാകതകൾ ആവർത്തിയ്ക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

4. തോടുകൾ ഇറിഗേഷൻ വകുപ്പിന്റെ നിയന്ത്രണത്തിലുള്ളവയാണ്. ആയതിനാൽ തോടുകളുടെ ആഴം കൂട്ടൽ പ്രവൃത്തികൾക്ക് ഇറിഗേഷൻ വകുപ്പിൽ നിന്നും അനുമതി ആവശ്യമുണ്ട്. ആയത് ലഭിച്ചിട്ടില്ലെന്ന് കാണുന്നു.

5. എംബുക്ക് നം 7/21-22 പ്രകാരം തുപ്പൊക്കടം തോടിന്റെ വശങ്ങൾ 400m വൃത്തിയാക്കുകയും എസ്റ്റിമേറ്റിൽ ഉൾപ്പെടാതിരുന്ന 900m (4930m3) നീളത്തിൽ ഇനം 3 പ്രകാരം ആഴം കൂട്ടൽ (EW Excavation By Mechanical Means) നടത്തിയിട്ടുമുണ്ട്. 19-1-22 ന് പ്രവർത്തി പൂർത്തീകരിച്ചതായി കരാറുകാരൻ അറിയിക്കുകയും കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 18-3-22 ലെ ഉത്തരവ് നം എഇ(3)111/2020 നടപടിക്രമങ്ങൾ പ്രകാരം പ്രസ്തുത പ്രവർത്തി പൂർത്തീകരിച്ചിട്ടുള്ളതായും 291413/- അന്തിമബില്ലായി അനുവദിച്ചും ഉത്തരവായിരുന്നു. 22-3-22 ലെ കത്ത് പ്രകാരം ടി ബിൽ റദ്ദുചെയ്യണമെന്ന് ട്രഷറി ഓഫീസറോട് ആവശ്യപ്പെട്ടതായി കാണുന്നു. തുപ്പൊക്കടം തോടിന് ഇനം3പ്രകാരം ആഴം കൂട്ടൽ നടത്തിയതിനാൽ ഇനം 2 ആയി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന ഹൈഡ്രോളിക് എസ്കവേറ്റർ ഉപയോഗിച്ചുള്ള Clay And Vegetation Removal ആവശ്യമില്ലായെന്നിരിക്കെ പ്രവർത്തി പൂർത്തീകരണത്തിന് ശേഷം 24-3-2022 ന് 280mX10m വിസ്തൃതിയിൽ ഇനം 2പ്രകാരമുള്ള പ്രവർത്തി നടത്തി 392000/-രൂപ കൂടി ഉൾപ്പെടുത്തി ബിൽ(ആകെ ബിൽ തുക 683413) തയ്യാറാക്കിയത് ക്രമപ്രകാരമല്ല. അപാകതകൾക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/29.11.22) കൃഷിയ്ക്ക് പ്രയോജനപ്പെടുമെന്നതിനാലും അത്യാവശ്യമായതിനാലും ടി പ്രവൃത്തി കൂടി പൂർത്തീകരിച്ച ശേഷം തുക നൽകിയതെന്ന് നിർവ്വഹണോദ്യോഗസ്ഥന്റെ മറുപടി അംഗീകരിക്കാവുന്നതല്ല. ആഴം കൂട്ടൽ നടത്തിയ തോട്ടിൽ വീണ്ടും ഹൈഡ്രോളിക് എസ്കവേറ്റർ ഉപയോഗിച്ചുള്ള Clay And Vegetation Removal ആവശ്യമില്ലാത്തതാണ്. തുപ്പൊക്കടം തോട്ടിൽ ആഴം കൂട്ടൽ ഇല്ലാതെ ആദ്യ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ഉൾപ്പെടുത്തിയ Clay And Vegetation Removal ടി തോട്ടിൽ ആഴം കൂട്ടൽ നടത്തിയ സാഹചര്യത്തിൽ ആവശ്യമില്ലാത്തതാണ്. ആവശ്യമില്ലാത്ത പ്രവൃത്തിയ്ക്കായുള്ള 3,92,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. (2800 M2@140/m2). ടി തുക അളവുകളെടുത്ത അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി വിനിയ വി.എസ്., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ സുമേഷ് കുമാർ ടി. എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി സർക്കാരിലേക്ക് അടച്ച് വിവരമറിയിക്കേണ്ടതാണ്.

1-32 മുളക്കുളം -കുന്നപ്പള്ളി -ഇടയാറ്റ് പാടശേഖരം -തോട് ആഴം കൂട്ടൽ -പ്രോജക്റ്റ് പൂർത്തീകരിച്ചില്ല- നീരൊഴുക്ക് തടസ്സപ്പെടാൻ സാദ്ധ്യത

| | |
|---|---|
| പ്രൊജക്റ്റ് നം | 526/22മുളക്കുളം -കുന്നപ്പള്ളി -ഇടയാറ്റ് പാടശേഖരം -തോട് ആഴം കൂട്ടൽ |
| അടങ്കൽ | 1000000(വികസന ഫണ്ട് പൊതുവിഭാഗം) |
| ചെലവ് | 231008 |
| കരാറുകാരൻ | സുനിൽ എം, |
| ബിൽ നം | 15/20-3-22 |
| എംബുക്ക് നം | 5/2021-22, Field Book No 3/2021-22 |

കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി മുളക്കുളം - കുന്നപ്പള്ളി-ഇടയാറ്റ് പാടശേഖരത്തിലെ കൃഷിയുടെ സുഗമമായ നടത്തിപ്പിന് അത്യന്താപേക്ഷിതമായ തോടിന്റെ ആഴം കൂട്ടൽ എന്ന പ്രവൃത്തി നടപ്പാക്കുന്നതിനായി തയ്യാറാക്കിയ പ്രോജക്റ്റായിരുന്നു ഇത്. 2012m നീളത്തിൽ 80cm ആഴം കൂട്ടുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കുകയും ടെൻഡർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സുനിൽ എം(655751/-) എന്ന കരാറുകാരനുമായി കരാറിലേർപ്പെടുകയും ചെയ്തിരുന്നു.

ഫീൽഡ് ബുക്ക് പ്രകാരം ആഴം കൂട്ടുന്നതിനുള്ള പ്രൊപ്പോസ്ഡ് ക്വാണ്ടിറ്റി 4431.30m3 ആണ്. ഫീൽഡ് ബുക്ക് പ്രകാരം 900m മാത്രം നീളത്തിൽ ആഴം കൂട്ടൽ നടത്തി 1984.606m3 ക്വാണ്ടിറ്റിയിൽ പ്രവൃത്തി അവസാനിപ്പിച്ചതായി കാണുന്നു. 2012m നീളത്തിൽ ആഴം കൂട്ടൽ പ്രവൃത്തി നടത്താതെ പാടശേഖരത്തിലേക്കുള്ള നീരൊഴുക്ക് സുഗമമാകില്ലായെന്നിരിക്കെ 900m നീളത്തിൽ മാത്രം ആഴം കൂട്ടി കരാറുകാരൻ പ്രവൃത്തി അവസാനിപ്പിക്കുകയും കരാറുകാരന് ഫൈനൽ ബിൽ തുക നൽകുകയും ചെയ്ത നടപടി ക്രമപ്രകാരമല്ല. പ്രവൃത്തി പൂർത്തിയാക്കാത്ത ബില്ലിൽ നിന്നും റിട്ടെൻഷൻ തുക ഈടാക്കിയിരുന്നുമില്ല. ടി വർക്കിന് തുടർ വർഷം പ്രൊജക്റ്റ് തയ്യാറാക്കിയിട്ടില്ല. പ്രൊജക്റ്റിൽ വിഭാവനം ചെയ്ത രീതിയിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരന് ഫൈനൽ ബിൽ നൽകിയ നടപടിയും റിട്ടെൻഷൻ(2.5%) തുക ഈടാക്കാതിരുന്നതിനും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 18/30-11-22)മറുപടിയായി 450m ഭാഗത്ത് സംരക്ഷണഭിത്തി ഉള്ളതിനാൽ ആഴംകൂട്ടിയാൽ സംരക്ഷണഭിത്തി ഇടിഞ്ഞ് താഴുമെന്നതിനാലാണ് 900mൽ പ്രവൃത്തി അവസാനിപ്പിച്ച് ഫൈനൽ ബിൽ തുക നൽകിയത് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. സൈറ്റ് പരിശോധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ സംരക്ഷണഭിത്തി ഉള്ളതായി രേഖപ്പെടുത്തിയിട്ടില്ല. കൃത്യമായ സൈറ്റ് പരിശോധന നടത്താത്തത് മൂലം ഫണ്ട് വകയിരുത്തിയിട്ടും തുക ചെലവഴിക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. കൂടാതെ നീരൊഴുക്ക് സുഗമമാക്കൽ എന്ന പ്രൊജക്റ്റ് ലക്ഷ്യം കൈവരിക്കാനും സാധിക്കുന്നില്ലായെന്ന് കാണുന്നു. പ്രൊജക്റ്റ് നിർവ്വഹണവേളയിൽ നടപടിക്രമം പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതും പ്രൊജക്റ്റ് ലക്ഷ്യം കൈവരിക്കേണ്ടതുമാണ്.

1-33 കുറിച്ചി പഞ്ചായത്തിലെ കൊല്ലറ മണ്ണങ്കര ഫാം റോഡ് നിർമ്മാണത്തിൽ അപാകതകൾ

സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി തരിശ്ശ് ഭൂമി കൃഷിക്ക് ഉപയുക്തമാക്കുന്നതിന് കുറിച്ചി പഞ്ചായത്തില ഒന്നാം വാർഡിലെ കൊല്ലറ മണ്ണങ്കര ഫാം റോഡ് നിർമ്മാണത്തിന്റെ ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 903/20-21,529/21-22 |
| പ്രോജക്ടിന്റെ പേര് | സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി തരിശ്ശ് ഭൂമി കൃഷിക്ക് ഉപയുക്തമാക്കുന്നതിന് കുറിച്ചി പഞ്ചായത്ത് ഒന്നാം വാർഡിലെ കൊല്ലറ മണ്ണങ്കര ഫാം റോഡ് നിർമ്മാണം |
| അടങ്കൽ | 10,00,000/- (2021-22 ലെ അടങ്കൽ 423307) |
| ചെലവ് | 576693(First Part Bill)<br>306224/- (വികസന ഫണ്ട് ജനറൽ-2021-22) |
| ബിൽ നമ്പർ | 1304/29.03.2021,<br>11/21-22/24.03.2022 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ (കൃഷി) |
| എം ബുക്ക് നമ്പർ | 24/19-20 |
| കരാറുകാരന്റെ പേര് | പിജെ ആന്റണി |

എസ്റ്റിമേറ്റ് പ്രകാരം കുറിച്ചി കരിവട്ടം പാടശേഖരത്തിനായി 79.5m നീളത്തിൽ കൊല്ലറ-മണ്ണങ്കര ഫാം റോഡ് നിർമ്മിക്കുന്നതിനും, ഒരു വശത്ത് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനുമാണ് പ്രോജക്ട് വിഭാവനം ചെയ്തിരുന്നത്. പ്രോജക്ടിനായി ടെൻഡർ ക്ഷണിക്കുകയും ശ്രീ.പി.ജെ ആന്റണി-യുടെ 9,99622.42 രൂപയുടെ ടെൻഡർ 24.02.2022 ലെ ജില്ലാ പഞ്ചായത്ത് 1(6)തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തു.

1) മേൽ പ്രവൃത്തിയുടെ കരാർ നമ്പർ 17/2020-21/26.02.2021 പ്രകാരം 18/08/2021 നകം പണി പൂർത്തീകരിക്കേണ്ടതാണ്. കരാർ തീയതിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം പൂർത്തീകരണ കാലാവധിക്കുള്ളിൽ തന്നെ തീയതി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്.കരാറുകാരൻ കരാർ ദീർഘിപ്പിക്കുന്നതിന് അപേക്ഷ നൽകിയതായി കാണുന്നില്ല.

എം ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചത് 03.01.2022 -നാണ്. കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കിയതായി കാണുന്നില്ല.

2) പണി സ്ഥലത്തെ സാഹചര്യങ്ങൾ അനുസരിച്ച് പ്രവൃത്തിയിൽ മാറ്റം വരുത്തേണ്ടി വന്നതിനാൽ 12.01.2022 ലെ ജനറൽ കമ്മിറ്റി 1(2) തീരുമാന പ്രകാരമാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ അനുമതി നൽകിയത്. 15.02.2022 ലെ EE(2) 204/22 ഉത്തരവ് പ്രകാരമാണ് മേൽ പ്രവൃത്തിക്ക് പുതുക്കിയ സാങ്കേതികാനുമതി ലഭിച്ചത്. പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷമാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ അനുമതി തേടിയത്. M -Book/കംപ്ളീഷൻ സർട്ടിഫിക്കറ്റ് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചത് 03.01.2022 -നാണ്. പ്രവൃത്തി പൂർത്തീകരണത്തിന് ശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതും സാങ്കേതികാനുമതി ലഭ്യമാക്കുന്നതും ക്രമപ്രകാരമല്ല

3)ഫാം റോഡ് നിർമ്മാണത്തിനായി മൂന്ന് വ്യക്തികൾ ഭൂമി വിട്ടുകൊടുത്തു കൊണ്ട് സമ്മതപത്രം സമർപ്പിച്ചിട്ടുണ്ട്.(07/2020 ൽ)

| ക്രമ നമ്പർ | പേര് | സർവ്വേ നമ്പർ |
|---|---|---|
| 1 | നിർമ്മൽ ചെറിയാൻ ജോസ്,<br>പറുവത്ര,നീലംപേരൂർ,കുറിച്ചി | 115/3 |
| 2 | പീറ്റർ കെ ഡി,കൊല്ലാറ,<br>നീലംപേരൂർ,കുറിച്ചി | 118/2-5 (4Are,25sqm) |
| 3 | രാജു.കെ.കുര്യൻ,കോയിത്ര,<br>നീലംപേരൂർ,കുറിച്ചി | 123/2,152/1 |

മേൽ സ്ഥലം പോക്ക് വരവ് നടത്തി പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ നൽകിയ അന്വേഷണ കുറിപ്പിന് (നമ്പർ 14/21-22/ 29.11.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-34 സമഗ്ര എബിസി പ്രൊജക്ക്റ്റ് - ചെലവ് രേഖകൾ കൃത്യമല്ല

| | |
|---|---|
| പ്രോജക്ട് നം. | 463/22തെരുവുനായ നിയന്ത്രണം-സമഗ്ര എബിസി പ്രൊജക്ക്റ്റ് |
| അടങ്കൽ | 9,00,000/-(തനത് ഫണ്ട്)<br>1,42,00,000/-(ഗ്രാമപഞ്ചായത്ത് വിഹിതം)<br>33,00,000/-(ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |

| | |
|---|---|
| | 30,00,000/-(മറ്റുള്ളവ)<br>------------------<br>2,14,00,000/- |
| ചെലവ് | 9,00,000/-(തനത് ഫണ്ട്)<br>ചെക്ക് നം 5432457/20-1-22 |
| നിർവ്വഹണോദ്യോഗസ്ഥൻ | കുടുംബശ്രീ ജില്ലാമിഷൻ കോർഡിനേറ്റർ |

വിവിധ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ/നഗരസഭകൾ എന്നിവിടങ്ങളിൽ നിന്നും 2015-16, 2016-17 വർഷങ്ങളിൽ തെരുവുനായ നിയന്ത്രണത്തിനായി 1,65,66,818/-രൂപ പദ്ധതി വിഹിതം ലഭ്യമായതിൽ ഇൻഫ്രാസ്ടക്ച്ചറിനും 2016-17 വർഷം വരെ വന്ധ്യംകരണം നടത്തിയ ഇനത്തിലും 60,31,320/-രൂപ ചെലവഴിച്ചിരുന്നു. 1കോടി രൂപ അടങ്കലായി 2017-18 വർഷം പ്രൊജക്റ്റ് ആവിഷ്കരിക്കുകയും 2018-19, 2019-20 വർഷങ്ങളിൽ സ്പിൽ ഓവറായി നടപ്പാക്കിയതിൽ നൽകുവാൻ ശേഷിച്ച 9,00,000/- രൂപയുടെ വിനിയോഗത്തിനായാണ് 2021-22 വർഷം പ്രോജക്റ്റ് ആവിഷ്കരിച്ചത്. 2019-20 വർഷം എബിസി പ്രോജക്റ്റ് നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവിന്റെ ബില്ലുകൾ പ്രകാരമുള്ള തുക നൽകുന്നതിനാണ് ടി തുക വിനിയോഗിച്ചത്. പ്രസ്തുത പ്രൊജക്റ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ABC Register(21-22) പ്രകാരം 20-1-22 ൽ ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ച 9,00,000/-രൂപ 29-1-22ന് സ്റ്റാർ എബിസി ഗ്രൂപ്പിന് നൽകിയതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ടി തുക നന്മ, സ്റ്റാർ എന്നീ എബിസി ഗ്രൂപ്പുകൾക്ക് നൽകിയതായി കാണുന്നു. ജില്ലാമിഷൻ കോ-ഓർഡിനേറ്ററുടെ 27-1-22 ലെ 991/2018/ABC/(1)/KSKTM നമ്പർ ഉത്തരവ് പ്രകാരം 8,05,763/-രൂപ നന്മ എബിസി യൂണിറ്റിനും 94237രൂപ സ്റ്റാർ എബിസിയൂണിറ്റിനും നൽകുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. എന്നാൽ പരിശോധനക്ക് ഹാജരാക്കിയ വൗച്ചറുകൾപ്രകാരം നന്മ എബിസി ഗ്രൂപ്പ് ചെലവഴിച്ച 688983/- രൂപയുടെ വൗച്ചറുകൾ മാത്രമേ പരിശോധനക്ക് ലഭിച്ചിട്ടുള്ളൂ. നന്മ എബിസിഗ്രൂപ്പിന് തുക നൽകിയതിന്റെ മുഴുവൻ വൗച്ചറുകളും പരിശോധനക്ക് ലഭ്യമാക്കിയില്ല.

2. തുക ലഭ്യമായ കുടുംബശ്രീയൂണിറ്റുകളുടെ കൈപ്പറ്റ് രസീത്, തുക ക്രഡിറ്റ് വന്നതിന്റെ പാസ്ബുക്കിന്റെ പകർപ്പ് സഹിതം പരിശോധനക്ക് ലഭ്യമാക്കിയിരുന്നില്ല

3. വിവിധ ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണസ്ഥാപനത്തിലെ പ്രസിഡന്റ്, വെറ്ററിനറിസർജൻ, ബന്ധപ്പെട്ട വാർഡ് മെമ്പർ ഉൾപ്പടെയുള്ള 5അംഗ മോണിറ്ററിങ്ങ് സമിതി രൂപീകരിച്ച് മോണിറ്ററിങ്ങ് നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിരുന്നില്ല.

4. ജില്ലയിലെ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും നടപ്പാക്കേണ്ടതും വിവിധ ഗ്രാമപഞ്ചായത്തുകൾ നേരിട്ട് നടപ്പാക്കുന്നതുൾപ്പടെ ലക്ഷങ്ങൾ ചെലവഴിച്ച് മരുന്ന് വാങ്ങൽ നടത്തുമ്പോൾ ജില്ലക്ക് മൊത്തമായി ആവശ്യം വരുന്ന മരുന്നുകൾ കണക്കാക്കി വാങ്ങുന്നതിന് കേന്ദ്രീകൃത സംവിധാനത്തിൽ ടെണ്ടർ നടപടി സ്വീകരിച്ച് നടപ്പാക്കേണ്ടതിന് പകരം ഓരോ കുടുംബശ്രീയൂണിറ്റുകളെ ക്വട്ടേഷൻ വാങ്ങി മരുന്ന് വാങ്ങാൻ അനുവദിച്ചതിന്റെ കാരണം വ്യക്തമല്ല. വാങ്ങിയ മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

5. ജില്ലാപഞ്ചായത്തിൽ നിന്നും പ്രൊജക്റ്റ് നിർവ്വഹണത്തിനായി ലഭിക്കുന്ന തുകകളും ഗ്രാമപഞ്ചായത്തുകൾ നേരിട്ട് ഡെപ്പോസിറ്റ് ചെയ്യുന്ന തുകകളും ഒരേബാങ്ക് അക്കൗണ്ടിൽ (യൂണിയൻബാങ്ക്) സൂക്ഷിക്കുന്നു. ടി അക്കൗണ്ടിന്റെ കാഷ്ബുക്കിലും ചെലവ് വിശദാംശങ്ങൾ ഒരുമിച്ച് രേഖപ്പെടുത്തുന്നതുമൂലം പ്രത്യേകം ചെലവ് കണക്കുകൾ ലഭിക്കുന്നത് സാദ്ധ്യമല്ലാതാവുന്നു.

6. 2019-20 വരെ ചെലവഴിച്ചതിന്റെ ബാക്കി തുകയായ 9ലക്ഷം രൂപ നൽകാനായി സ്പിൽ ഓവറായി

പ്രൊജക്റ്റ് തയ്യാറാക്കേണ്ടതുള്ളപ്പോൾ 2021 -22 വർഷത്തെ പ്രൊജക്റ്റിൽ (പ്രൊ.നം 463/22) 9ലക്ഷം രൂപ ജില്ലാപഞ്ചായത്ത് വിഹിതം 1.42കോടി രൂപ ഗ്രാമപഞ്ചായത്ത് വിഹിതം 33ലക്ഷം ബ്ലോക്ക് പഞ്ചായത്ത് വിഹിതം 30ലക്ഷം നഗരസഭാ വിഹിതം ഉൾപ്പടെ 2.14 കോടി രൂപ അടങ്കലായാണ് തയ്യാറാക്കിയത്. ഇത്തരത്തിൽ പ്രൊജക്റ്റ് തയ്യാറാക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല.

7. 2021-22 വർഷത്തെ ABC രജിസ്റ്റർ പ്രകാരം കിടങ്ങൂർ, മൂന്നിലവ്, ചെമ്പ്, തീക്കോയി ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുകകളുടെ വിനിയോഗവിവരം കൃത്യമായി രേഖപ്പെടുത്തുന്നില്ലായെന്ന് കാണുന്നു. നന്മ, സ്റ്റാർ, ഐഡിയ ഗ്രൂപ്പുകൾക്ക് മരുന്ന്, ഡോക്ടർമാരുടെ വേതനം ഉൾപ്പടെയുള്ള തുക പൂർണ്ണമായും നൽകുന്നതായി കാണുന്നു. 29-1-22 ന് ശേഷം അക്കൗണ്ടിൽ നിന്നും ചെലവ് നടന്നിട്ടില്ലായെന്ന് കാണുന്നു. നേരിട്ട് തുക നിക്ഷേപിച്ച തദ്ദേശസ്ഥാപനങ്ങളുടെ തുകയുടെ വിനിയോഗം നിരീക്ഷിക്കുന്നതെങ്ങനെയെന്ന് വ്യക്തമല്ല.

8. 2019-20 വർഷത്തെ ചെലവ് വൗച്ചറുകൾ കാഷ്ബുക്ക് ഉൾപ്പടെ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല.

മേൽപറഞ്ഞ അപാകതകൾ ചൂണ്ടിക്കാട്ടി വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 22/13.01.2023) മറുപടി ലഭ്യമാക്കിയിരുന്നില്ല. ഈ സാഹചര്യത്തിൽ സമഗ്ര എ ബി സി പ്രോജക്റ്റിനായി 2021-22 വർഷത്തെ 9,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-35 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകൽ-- സർക്കാർ ഉത്തരവിന് വിരുദ്ധമായി ഉയർന്ന നിരക്കിലെ ലാപ് ടോപ്പ് വാങ്ങി നൽകി

1) പൊതുവിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടിഡയറക്ടർ നിർവ്വഹണോദ്യാഗസ്ഥനായി പ്രോജക്റ്റ് നം. 888/22 പ്രകാരം കോട്ടയം ജില്ലയിലെ ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിലെ 250 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിനായി എസ് സി ഫണ്ട് 1,10,00,000/-രൂപഅടങ്കലായി പ്രോജക്റ്റ് തയ്യാറാക്കിയിരുന്നു. ആയത് പ്ര കാ രം 250 കുട്ടികൾക്ക് 43981 രൂ പ നിരക്കിൽ 1,09,95249/- രൂപ (ബിൽ നം. 19222/22.03.22) ചെലവഴിച്ച് കെൽട്രോണിൽ നിന്നും ലാപ്ടോപ്പ് വാങ്ങി നൽകിയിട്ടുണ്ട്.

20-1-2020 ലെ ഡിഎ1/363/2019/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം മിഡിൽ ലെവൽ സ്പെസിഫിക്കേഷനില്ലുള്ള വിൻഡോസ് അധിഷ്ഠിത ലാപ് ടോപ്പിന് 27722/-രൂപയും ഉബുണ്ടു അധിഷ്ഠിതമായതിന് 22895/- രൂപയുമാണ് അനുവദിച്ചിരുന്നത്. കൂടാതെ 20-10-2020ലെ സർക്കുലർ നം ഡിഎ1/208/2020/തസ്വഭവ പ്രകാരം ഓൺലൈൻ പഠനത്തിനായി മിഡിൽലെവൽ സ്പെസിഫിക്കേഷൻ ഉള്ള ലാപ് ടോപ്പ് വാങ്ങി നൽകേണ്ടതില്ലായെന്നും ഏറ്റവും Base Model ആയ ലാപ് ടോപ്പ് വാങ്ങി നൽകിയാൽ മതിയെന്നും നിർദ്ദേശിച്ചിരുന്നു. ഈ രീതിയിൽ കുറഞ്ഞനിരക്കിൽ Base Model കമ്പ്യൂട്ടർ വാങ്ങാൻ നിർദ്ദേശം ഉണ്ടായിരിക്കെ ഉയർന്ന നിരക്കിലും സ്പെസിഫിക്കേഷനിലുമുള്ള ലാപ്ടോപ്പ് വാങ്ങിയത് ക്രമപ്രകാരമല്ല. ഉയർന്ന നിരക്കിൽ ലാപ് ടോപ്പ് വാങ്ങി നൽകുന്നതിന് അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം12/16-11-22) മറുപടിയായി സ.ഉ(സാധാ) നം 3847/2019 തീയതി 27-9-2019 പ്രകാരമാണ് വാങ്ങൽ നടത്തിയിട്ടുള്ളത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ടി ഉത്തരവിൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്കൂളുകൾക്ക് ലാബിലേക്ക് ആവശ്യമായ ലാപ് ടോപ്പ് വാങ്ങുന്നതിനുള്ള നിരക്കാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് വിദ്യാർത്ഥികൾക്ക് നൽകുന്ന ലാപ് ടോപ്പിനുള്ള നിരക്കല്ല . വിൻഡോസ് അധിഷ്ഠിത ലാപ് ടോപ്പിന് പരമാവധി നൽകാവുന്ന നിരക്ക് 27722/-രൂപയാണ്. 250 ലാപ് ടോപ്പുകൾക്ക് അധികമായി നൽകിയ 250x16259(43981-27722)= 40,64,750/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ പൊതുവിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും ഈടാക്കേണ്ടതാണ്.

2) 13-ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ബിരുദം/ഡിപ്ലോമ തുടങ്ങിയ കോഴ്സുകൾ പഠിക്കുന്ന എസ് സി വിദ്യാർത്ഥികൾക്കാണ് ലാപ് ടോപ്പിന് അർഹതയുണ്ടാവുന്നത്. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ

2020-21 അക്കാദമിക് വർഷം മുതൽ സ്കൂളുകൾ തുറന്ന് പ്രവർത്തിയ്ക്കാൻ കഴിയാതിരുന്ന സാഹചര്യത്തിൽ ഓൺലൈൻ പഠനസൗകര്യം ഒരുക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകുന്നതിന് തുക ചെലവഴിക്കുന്നതിന് അനുമതി നൽകിയിരുന്നു. 2021 നവംബർ 15മുതൽ സംസ്ഥാനത്തെ സ്കൂളുകൾ എല്ലാം തന്നെ തുറന്ന് പ്രവർത്തനം ആരംഭിച്ചിരുന്നു. എന്നാൽ ടി തീയതിയ്ക്ക് ശേഷമാണ് നിർവ്വഹണഉദ്യോഗസ്ഥൻ കെൽട്രോണുമായി വാങ്ങൽ നടപടികൾ ആരംഭിച്ചത്. പ്രത്യേകസാഹചര്യത്തിലേക്കുണ്ടായിരുന്ന സർക്കാർ ഉത്തരവിനെ മുൻനിർത്തി ആവശ്യാധിഷ്ഠിതമല്ലാതെ വാങ്ങൽ നടപടികൾ സ്വീകരിച്ചതിന് വിശദീകരണമായി കോവിഡ് മൂന്നാം തരംഗത്തിന് സാദ്ധ്യതയുണ്ടെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് വാങ്ങൽ നടപടികളുമായി മുന്നോട്ട് പോയത് എന്ന് അറിയിച്ചിട്ടുണ്ട്. പ്രവർത്തി നിർവ്വഹണം ആവശ്യാധിഷ്ഠിതമായിരിക്കാൻ നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

3) കടുത്തുരുത്തി വിദ്യാഭ്യാസ ഉപജില്ലയുടെ കീഴിൽ ലാപ്ടോപ്പ് നൽകിയ മുഴുവൻകുട്ടികളുടെയും അപേക്ഷകളും അനുബന്ധ രേഖകളും ഹാജരാക്കിയിരുന്നില്ല. ആയത് അടിയന്തിരമായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി ആയത് ലഭ്യമാക്കുവാൻ കടുത്തുരുത്തി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. അനുബന്ധരേഖകൾ ലഭ്യമാക്കാത്ത 21 കുട്ടികൾക്ക് നൽകിയ ലാപ് ടോപ്പിന്റെ വിലയായ 1011563/- രൂപയിൽ ഉപഖണ്ഡിക (1) ൽ നിരാകരിച്ച 341439/-(43981-27722)X21) രൂപ കിഴിച്ചുള്ള 582162/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അനുബന്ധരേഖകൾ ലഭ്യമാക്കാത്ത വിദ്യാർത്ഥികളുടെ വിവരം ചുവടെ ചേർക്കുന്നു.

1. നന്ദു സുപ്രൻ ഗവ.വി .എച്ച്.എസ്. കടുത്തുരുത്തി

2. ഗൗരിമോൾ പ്രവീൺ ,,

3. അശ്വിൻ പി . അനീഷ് ,,

4. ഗായത്രി സുനിൽ ,,

5. നിത്യ രാജേ ഷ് ,,

6. പവി പവിത്രൻ ,,

7. അശ്വതി ചിത്തിര ,,

8. അഭിരാം ബിജു ,,

9. ദേവേഷ് ബിജു ,,

10. വിനായക് ശശിധരൻ ,,

11. അശ്വതി തങ്കച്ചൻ ,,

12. ഹരി നന്ദന ഗവ.വി .എച്ച്.എസ്.എസ്., കാണക്കാരി

13. റിതിക വിജേ ഷ് ,,

14. ദേവിക ശ്രീനി ,,

15. അശ്വിൻ വിനോദ് ,,

16. അഭിജിത് കെ .എ. ഗവ.എച്ച്.എസ്. കടരേഖകൾ ലഭ്യമല്ലാത്ത വിദ്യാർത്ഥികളുടെ പേര് വിവരം അനുബന്ധമായി ചേർക്കുന്നു . പ്പൂ ർ

17. അഭിഷേക് സുരേന്ദ്രൻ ഗവ.എച്ച്.എസ്.എസ്., കുലശേഖരമംഗലം

18. ഡിനിൽ കെ .ദിലീപ് ,,

19. ഉത്തര രാജൻ ,,

20. അവന്തികാമോൾ എ.കെ., ജി .വി .എച്ച്.എസ്.എസ്. ഫോർ ഗേൾസ്, പെരുവ

21. ഹരികൃഷ്ണൻ കെ .രമേശ് , YMBS തലയോലപ്പറമ്പ്

അനുബന്ധ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-36 വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, നിർവ്വഹിച്ച പ്രോജക്ട് സംബന്ധമായ രേഖകൾ ലഭ്യമല്ല.

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, നിർവ്വഹണോദ്യോഗസ്ഥനായി 2021-22 വർഷം താഴെ പറയുന്ന പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

1 )

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 18/21-22<br>കോട്ടയം ജില്ലയിലെ സ്കൂളുകൾക്ക് ഫർണിച്ചർ |
| അടങ്കൽ | 1,23,43,000 മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) |
| ചെലവ് | 1,23,41,148 മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) |
| ബിൽ നമ്പർ | 3/21-22/20.01.2022 ₹1553942,<br>6/21-22/21.02.2022 ₹1275816,<br>7/21-22/28.02.2022₹2086830,<br>8/21-22/10.03.2022 ₹1044772,<br>13/21-22/25.03.2022₹1601378<br>12/21-22/25.03.2022 ₹ 525100<br>15/21-22/30.03.2022 ₹997690,<br>17/21-22/30.03.2022 ₹3255620. |

2021-22 വർഷം 48 ഗവൺമെന്റ് സ്കൂളുകൾക്ക് KADCO-ൽ നിന്നും 12341148 രൂപയുടെ ഫർണ്ണീച്ചർ വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ ഫർണിച്ചർ കൈപ്പറ്റിയതിന്റെയും അവ സ്റ്റോക്കിലെടുത്തതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 1,23,41,148 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2)

| | |
|---|---|
| പ്രോജക്ട് നമ്പർ /പേര് | 1000/21-22<br>ജില്ലയിലെ വിവിധ ഹൈസ്കൂൾ,ഹയർ സെക്കണ്ടറി സ്കൂളുകളിൽ നാപ്കിൻ സൂക്ഷിക്കുന്നതിനുള്ള അലമാര വാങ്ങലും ഇൻസിനറേറ്റർ സ്ഥാപിക്കലും അനുബന്ധ പ്രവൃത്തികളും |
| അടങ്കൽ | 26,00,000വികസന ഫണ്ട് (ജനറൽ) |
| ചെലവ് | 25,74,970വികസന ഫണ്ട് (ജനറൽ) |
| ബിൽ | 9/21-22/15.03.2022 ₹1495420, |

| | |
|---|---|
| നമ്പർ | 16/21-22/30.03.2022 ₹1079550. |

ARTCO- ൽ നിന്നും 195 എണ്ണം അലമാര 6499 രൂപ 18% ജി.എസ്.ടി ഉൾപ്പെടെ 7668.82 രൂപ നിരക്കിൽ 52 സ്കൂളുകൾക്ക് 14,95,420/-രൂപയ്ക്ക് (ജി എസ് ടി ഉൾപ്പടെ) വാങ്ങി നൽകിയിട്ടുണ്ട്. (INV No.476/16.02.2022). കൂടാതെ 30 എണ്ണം നാപ്കിൻ ഡിസ്പോസറിനായി 17.03.2022 ലെ DDEKTM/ 10091/2021-HA1(1),(2),(3) എന്നിവ പ്രകാരം KSIE -ൽ സപ്ളൈ ഓർഡർ നൽകിയിട്ടുണ്ട്. അലമാരകൾ സ്കൂളുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. നാപ്കിൻ ഡിസ്പോസറിന്റെ ഇൻവോയ്സ്, സ്കൂളുകളിൽ ഇൻസിനറേറ്റർ സ്ഥാപിച്ചതിന്റെ ഇൻസ്റ്റാലേഷൻ സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 2574970 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

3)

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 887/21-22<br>കുമരകം ഡിവിഷൻ-കുമരകം എച്ച് എസ്,എച്ച് എസ്എസ്,വിഎച്ച് എസ്എസ്, ചെങ്ങളം എച്ച് എസ്,എച്ച് എസ്എസ് എന്നീ സ്കൂളുകളിൽ ലാബ് ഉപകരണങ്ങൾ നൽകൽ |
| അടങ്കൽ | 4,00,000 വികസന ഫണ്ട് (ജനറൽ) |
| ചെലവ് | 3,94,765വികസന ഫണ്ട് (ജനറൽ) |
| ബിൽ നമ്പർ | 14/21-22/23.03.2022 ₹394765. |

ചെങ്ങളം എച്ച് എസ്,എച്ച് എസ്എസ് സമർപ്പിച്ച ലാബ് ഉപകരണങ്ങളുടെ ആവശ്യകതാ ലിസ്റ്റ്, ലാബ് ഉപകരണങ്ങളുടെ കൈപ്പറ്റ് രസീത്, സ്കൂളുകൾ ലാബ് ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയവ ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 3,94,765 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-37 കങ്ങഴഡിവിഷൻ- വെള്ളാവൂർ ഗ്രാ.പ-പൂണിക്കാവ് എസ് സി കുടിവെള്ളപദ്ധതി-ജിഎസ് ടി അധികമായി നൽകി- തിരികെ ഈടാക്കിയില്ല

| | |
|---|---|
| പ്രൊ.നം | 586/22 |
| അടങ്കൽ | 600000(CFC) |
| ചെലവ് | 283091 |
| കരാറുകാരൻ | സത്യൻ ഡി, 108/AEE/LSGD/2021-22 Dtd 9/12/2021 |
| ബിൽ നം | ബിൽനം 93(II)/30-3-22 |
| എംബുക്ക് നം | 629/20-21 |

1. കങ്ങഴ ഡിവിഷൻ- വെള്ളാവൂർ ഗ്രാ.പ-പൂണിക്കാവ് എസ് സി കുടിവെള്ളപദ്ധതിയ്ക്കായി മോട്ടോർ സ്ഥാപിക്കുന്നതിനും അനുബന്ധ ഇലക്ട്രിഫിക്കേഷൻ ജോലികൾക്കുമായി തയ്യാറാക്കിയ 300000/-രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം കരാറുകാരന് ജിഎസ്.ടി കോംപൻസേഷൻ നൽകുന്നതിനുള്ള വിഹിതം ഉൾപ്പെടുത്തിയിരുന്നില്ല. ഡി എസ് ആർ 2016 കോസ്റ്റ് ഇൻഡക്സ് 37.93 പ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ ജി എസ് റ്റി ഒഴിവാക്കിയിട്ടുള്ളതിനാൽ 12% ജി എസ് റ്റി കോമ്പൻസേഷൻ നല്കുന്നതിന് അനുമതിയുണ്ട്. എന്നാൽ മേൽ പ്രവൃത്തിയുടെ സാങ്കേതിക അനുമതി പരിശോധിച്ചതിൽ 2012 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ ജി എസ് റ്റി കോമ്പൻസേഷൻ

ഇനത്തിൽ കരാറുകാരന് അധികതുക നല്കുന്നതിന് അനുമതി ഉള്ളതായി കാണുന്നില്ല. എന്നാൽ പ്രസ്തുത പ്രവർത്തിയ്ക്കായി ജിഎസ് ടി ഇനത്തിൽ 12% തുക അധികമായി നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആകെ വേലമൂല്യം = 231597

അധികമായി നൽകിയ ജിഎസ് ടി 12% = 27792

ജിഎസ് ടി കോപൻസേഷൻ ഇനത്തിൽ അധികമായി നൽകിയ 27792/- രൂപ ഈടാക്കി സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കുവൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം11/8-11-22) GSTഇനത്തിൽ അധികം നൽകിയ തുകയായ 27792/- രൂപ തിരിച്ചടയ്ക്കാൻ കരാറുകാരനെ അറിയിച്ചിട്ടുള്ളതായി മറുപടി നൽകിയിരുന്നു. കരാറുകാരന് അധികം നൽകിയ 27792/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക കരാറുകാരനിൽ നിന്നും ഈടാക്കാത്ത പക്ഷം ഉത്തരവാദിയായ അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

2. പ്രസ്തുത പ്രൊജക്റ്റിന്റെ ഭാഗമായുള്ള വാട്ടർ ടാങ്ക്, കിണർ,പമ്പ് ഹൗസ് , പമ്പിങ്ങ് മെയിൻ, എന്നിവയുടെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. വിതരണലൈനുകൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു. പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്ത് ഗുണഭോക്തൃസമിതിയ്ക്ക് കൈമാറേണ്ടതാണ്.

1-38 കാഞ്ഞിരപ്പള്ളി ഡിവിഷൻ- മണിമല പഞ്ചായത്ത്-1-ാം വാർഡിൽ പഞ്ചായത്ത് സ്റ്റേഡിയത്തിൽ ഓപ്പൺ സ്റ്റേജ്- നിർമ്മാണം പാതി വഴിയിൽ ഉപേക്ഷിച്ച നിലയിൽ-

| | |
|---|---|
| പ്രൊ.നം | 841/22 |
| അടങ്കൽ | 13,16,466/-( വികസനഫണ്ട് പൊതു വിഭാഗം) |
| ചെലവ് | 12,87,786/-(ബിൽ നം131/27-3-2022) |
| കരാറുകാരൻ | ചെല്ലദുരൈ എ |
| കരാർ | 87/AEE/LSGD/19-20 Dt 20-2-20 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.എക്സി.എഞ്ചിനീയർ |

2019-20 വർഷം വികസനഫണ്ട് പൊതുവിഭാഗം 23 ലക്ഷം രൂപ അടങ്കലായി തയ്യാറാക്കിയ പ്രൊജക്റ്റായിരുന്നു ഇത്. 2021-22 വർഷം വരെ 21, 01,320/-രൂപ പ്രസ്തുത നിർമ്മാണത്തിനായി ചെലവഴിച്ചിട്ടുണ്ട്. 2-2-2023 ന് പ്രസ്തുത സ്ഥലം നേരിൽ പരിശോധിക്കുകയുണ്ടായി .

നിലവിൽ സ്റ്റേജ് ഫൗണ്ടേഷൻ കെട്ടി ഡിആർ, ആർആർ എന്നിവയും , റൂഫിങ്ങ്, ഭാഗീകമായി സോളിഡ് ബ്ലോക്ക് മേസണറിഎന്നിവയും ചെയ്തിട്ടുണ്ട്. സ്റ്റേജിന്റെ പൂർത്തീകരണത്തിന് പ്ലാസ്റ്ററിങ്ങ്, ഫ്ലോറിങ്ങ് , ടോയ് ലറ്റിന്റെ ഫിറ്റുങ്ങുകൾ ഉൾപ്പടെയുള്ള പ്രവൃത്തികൾ അവശേഷിക്കുന്നു. 2022-23 വർഷം ജില്ലാപഞ്ചായത്തോ ഗ്രാമപഞ്ചായത്തോ തുടർ പ്രവൃത്തനങ്ങൾക്കായി പ്രൊജക്റ്റ് രൂപീകരിച്ചിരുന്നില്ല. പദ്ധതി നിലവിൽ പാതി വഴിയിൽ ഉപേക്ഷിച്ച നിലയിലാണ്.



മണിമല ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 8-8-22 ലെ കത്ത് പ്രകാരം ടി സ്റ്റേജിന്റെ നിർമ്മാണം പാതി വഴിയിൽ ഉപേക്ഷിച്ചതുമൂലം ഇവിടം സാമൂഹ്യവിരുദ്ധരുടെ താവളമായി മാറിയിരിക്കുന്നതായും സ്റ്റേജ് നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണമെന്നും ജില്ലാപഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 31/3.2.23) മറുപടിയായി 2023-24 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ച് ഉപയോഗപ്രദമാക്കുന്നതാണ് എന്ന് അറിയിച്ചിരുന്നു. ജില്ലാപഞ്ചായത്ത് സ്റ്റേജ് പൂർത്തീകരണത്തിന് തുടർപ്രൊജക്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാലും സ്റ്റേജ് ഫലപ്രദമായി ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ലാത്തതിനാലും മേൽ പ്രോജക്ടിനായുള്ള തൻവർഷത്തെ 12,87,786/-രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. നിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-39 തലയാഴം ഡിവിഷനിൽ കല്ലറ പഞ്ചായത്ത്- നെട്ടിത്തറ പാറേൽ റോഡ് നിർമ്മാണം- പ്രൊജക്റ്റ് ഫലപ്രാപ്തിയെത്തിയില്ല

| | |
|---|---|
| പ്രൊ.നം | 834/22 |
| അടങ്കൽ | 17,40,354/-(SCP) |
| ചെലവ് | 17,01,089/-(ബിൽ നം40/3-2-2022) |
| കരാറുകാരൻ | റോബി സേവ്യർ |
| കരാർ | 413/AEE/LSGD/18-19 Dt 23-2-19 |
| എംബുക്ക് | 243/19-20, 230/19-20 |
| നിർവഹണഉദ്യോഗസ്ഥൻ | അസി.എക്സി.എഞ്ചിനീയർ |

2018-19 വർഷത്തെ പദ്ധതിയിൽപ്പെടുത്തി 50 ലക്ഷം രൂപ അടങ്കലായി എസ് സിപി ഫണ്ട് ഉപയോഗിച്ച് തയ്യാറാക്കിയ പ്രൊജക്റ്റാണ് നെട്ടിത്തറ പാറേൽ റോഡ് നിർമ്മാണം. നെട്ടിത്തറ പാലത്തിന് ശേഷം ഇരുവശങ്ങളിലും സംരക്ഷണഭിത്തി നിർമ്മിച്ച് 5 മീറ്റർ വീതിയിൽ 1മീറ്റർ കനത്തിൽ മണ്ണ് നിറച്ച് റോഡ് നിർമ്മിക്കുവാനും പാലത്തിലേക്കുള്ള അപ്രോച്ച് റോഡ് പാലത്തിന്റെ ലെവലിൽ എത്തിയ്ക്കുവാനും ആയിരുന്നു പ്രൊജക്റ്റ് ഉദ്ദേശിച്ചിരുന്നത്. പ്രസ്തുത റോഡ് നിർമ്മാണത്തിനായി ആകെ 36,60,735/-രൂപ SCPഫണ്ട് ചെലവഴിച്ചിട്ടുണ്ട്. 25-1-23ന് കല്ലറ ഗ്രാമ പഞ്ചായത്തിലെ

അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ കണ്ടെത്തിയ അപാകതകളും ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകളും ചുവടെ ചേർക്കുന്നു.

1. നിലവിൽ പാലം മുതൽ ചാലുവരെയുള്ള ഭാഗത്ത് സംരക്ഷണഭിത്തികെട്ടിയിട്ടുണ്ട്. അപ്രോച്ച് റോഡിന്റെ വലത് ഭാഗത്ത് 99.45m നീളത്തിലും ഇടത് ഭാഗം 49.35m നീളത്തിലും RCC ബെൽറ്റ് കൊടുത്ത് നിർത്തിയിരിക്കുകയാണ്. എന്നാൽ മണ്ണ് ഫില്ലിങ്ങ് നടത്തി പാലത്തിലേക്കുള്ള പ്രവേശനം സുഗമമാക്കാൻ സാധിച്ചിട്ടില്ല.

2. റോഡ് മുഴുവൻ നീളത്തിലും (2000m) 5 M വീതിയിലും 15cm കനത്തിൽ മണ്ണെടുത്ത് Compaction ചെയ്യുവാനും റിവൈസ് ചെയ്ത എസ്റ്റിമേറ്റിൽ ഉദ്ദേശിച്ചിരുന്നു. എന്നാൽ എംബുക്ക് പ്രകാരം 1560m നീളത്തിൽ മാത്രമേ Compaction ചെയ്തിട്ടുള്ളൂ. Compact ചെയ്ത് മണ്ണ് ഫില്ലിങ്ങ് നടത്തി എംബാങ്ക്മെന്റ് ഉയർത്തി സഞ്ചാരയോഗ്യമാകുന്ന രീതിയിലല്ല നിർമ്മാണം നടത്തിയിട്ടുള്ളത്.

3. 23-2-19ന് കരാർ വച്ച് പ്രവൃത്തി ആരംഭിച്ചതിന് ശേഷം 21-10-20നാണ് പട്ടികജാതി വികസനഓഫീസർ ഫീസിബിലിറ്റി സർട്ടിഫിക്കേറ്റ് നൽകിയിരിക്കുന്നത്. പ്രൊജക്റ്റ് രൂപീകരണ വേളയിൽ ഫീസിബിലിറ്റി സർട്ടിഫിക്കേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം പ്രൊജക്റ്റ് നടപടികൾ സ്വീകരിക്കണമെന്നിരിക്കെ നിർവ്വഹണം ആരംഭിച്ച് ഒരു വർഷത്തിന് ശേഷം ഫീസിബിലിറ്റി സർട്ടിഫിക്കേറ്റ് ലഭ്യമാക്കിയതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.



നിലവിൽ 36.60 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മാണം പ്രവർത്തനങ്ങൾ നടത്തിയിട്ടും ടി റോഡ് സഞ്ചാരയോഗ്യമായിട്ടില്ലായെന്ന് കാണുന്നു. പാലത്തിനോട് ചേർന്ന ഭാഗത്ത് ഇരുവശങ്ങളിലും സംരക്ഷണഭിത്തി നിർമ്മിച്ചുവെന്നത് ഒഴിച്ചാൽ പാലവും പാലത്തിലേക്കുള്ള വഴിയും യാതൊരു പ്രയോജനവും ചെയ്യുന്നില്ലായെന്ന് കാണുന്നു. റോഡ് മാർഗം പാലത്തിലേക്ക് എത്താൻ സാദ്ധ്യമല്ലാത്ത അവസ്ഥയാണ്. സംരക്ഷണഭിത്തി നിർമ്മിച്ചതിൽ കൂടി നടന്ന് മാത്രമേ പാലത്തിലേക്ക് എത്താൻ സാധിക്കൂ. ജനസഞ്ചാരമില്ലാതെ റോഡും പാലത്തിന്റെ വശങ്ങളുമെല്ലാം കാട് പിടിച്ച് നിൽക്കുന്ന അവസ്ഥയാണ്. സ്കെച്ചിലോ പ്ലാനിലോ ടി വഴി ഏതെങ്കിലും റോഡിലേക്ക് എത്തിച്ചേരുന്നതായി കാണുന്നില്ല. പാലത്തിന് ശേഷമുള്ള വെള്ളച്ചാലുള്ള ഭാഗത്ത് കട്ടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് നിർമ്മാണം നടത്തിയ കലുങ്കും ഉപേക്ഷിക്കപ്പെട്ട നിലയിൽ കാണുന്നു. 4അടിയിലേറെ ഉയരമുള്ള പ്രസ്തുത കലുങ്കിലൂടെ വേണം പാലത്തിൽ നിന്നുള്ള റോഡ് പോകേണ്ടത്. അത്രയും ഉയരത്തിൽ മണ്ണിട്ടുയർത്തി റോഡിനിർമ്മാണം സാദ്ധ്യമാകണമെങ്കിൽ വൻതുക ഇനിയും കണ്ടെത്തേണ്ടിയിരിക്കുന്നു. റോഡും പാലവും ഫലപ്രദമായി ഉപയോഗപ്പെടുത്താൻ മാർഗ്ഗങ്ങൾ സ്വീകരിക്കാതെ ഭാഗികമായി പ്രൊജക്റ്റ് തയ്യാറാക്കുക വഴി പ്രൊജക്റ്റ് ഉദ്ദേശലക്ഷ്യം കൈവരിച്ചിട്ടില്ലായെന്ന് കാണുന്നു. ടി പ്രവൃത്തിയ്ക്കായി തുടർ വർഷങ്ങളിലും പ്രൊജക്റ്റ് തയ്യാറാക്കിയിട്ടില്ലായെന്ന് കാണുന്നു. നെട്ടിത്തറ റോഡിന്റെ തുടക്കത്തിൽ ചെയ്ത 169m നീളത്തിലുള്ള സംരക്ഷണഭിത്തി നിർമ്മാണം ഒഴിച്ചാൽ മറ്റ് പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകൾ പാഴ് ചെലവായി മാറിയതായി കാണുന്നു. ഈ സാഹചര്യത്തിൽ തൻ വർഷം ചെലവഴിച്ച 17,01,089 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മഴസമയങ്ങളിലും കൃഷി കഴിയുന്ന സാഹചര്യങ്ങളിൽ പാടശേഖരത്തിൽ വെള്ളം കയറ്റിയിടുന്നത് കൊണ്ടും ടി റോഡ് വെള്ളത്തിൽ മുങ്ങിക്കിടക്കുകയായിരിക്കുമെന്ന് കരാറുകാരന്റെ വർക്ക് എക്സ്റ്റെൻഷനായുള്ള അപേക്ഷയിൽ സൂചിപ്പിച്ച് കാണുന്നു. ദീർഘവീക്ഷണമില്ലാതെ പ്രൊജക്റ്റ് തയ്യാറാക്കുന്നത് മൂലം പ്രൊജക്റ്റ് അനന്തമായി നീണ്ടുപോകുന്നതിനും ഫലപ്രാപ്തിയിലെത്താതിരിക്കുന്നതിനും ഇടയാക്കുന്നു. മേൽ വിഷയം സംബന്ധിച്ച് 28.01.23 ൽ നൽകിയ 27 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത റോഡ് ഉപയോഗപ്രദമാകുന്നതിന് ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്ത് നിന്നും തുടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഭരണസമിതിയുടെ സത്വരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-40 കടുത്തുരുത്തി ഡിവിഷൻ-ഞീഴൂർ ഗ്രാമപഞ്ചായത്ത്- വനിത തൊഴിൽ പരിശീലനകേന്ദ്രം- പണി പൂർത്തീകരിക്കുകയോ തുടർ പ്രൊജക്റ്റ് തയ്യാറാക്കി ലക്ഷ്യം കൈവരിക്കുകയോ ചെയ്തിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം. | 615/22 |
| അടങ്കൽ | 3,46,000/-(CFC) |
| ചെലവ് | 3,45,044/- |
| ബിൽ നം | 25/31-12-2021 |
| കരാർ | 389/AEE/LSGD/18-19 Dt 13-2-19 |
| എംബുക്ക് | 239/19-20, 182/20-21 |
| നിർവഹണഉദ്യോഗസ്ഥൻ | അസി.എക്സി.എഞ്ചിനീയർ |



2018-19 വർഷം വനിതാതൊഴിൽ പരിശീലനകേന്ദ്രം നിർമ്മാണത്തിനായി 10 ലക്ഷം രൂപ അടങ്കലായി പ്രൊജക്റ്റ് തയ്യാറാക്കുകയും ഷാജി ജോസഫ് എന്ന കരാറുകാരനുമായി കരാറിലേർപ്പെട്ട് പ്രവൃത്തി ഏൽപ്പിച്ച് നൽകുകയും 8,01,810/- രൂപ ചെലവഴിച്ച് കെട്ടിടനിർമ്മാണം നടത്തുകയും ചെയ്തിരുന്നു. ഫയൽ പരിശോധനയിലും 5-1-2023 ന് ഞീഴൂർ അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിലും കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 13-2-19 ന് വച്ച കരാർ പ്രകാരം 6 മാസത്തിനകം (12-8-19നകം)പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് അവസാനഅളവുകൾ എടുത്തിരിക്കുന്നത് 22-2-2021നാണ്. 1വർഷം 6മാസം കാലതാമസമുണ്ടായിട്ടും ഈടാക്കിയ പിഴ 1% മാത്രമാണ്. നിയമപ്രകാരമുള്ള പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. എസ്റ്റിമേറ്റ് പ്രകാരം 59.16m2 ഏരിയയിൽ RCC സ്ട്രക്ച്ചർ നിർമ്മാണം മാത്രമായിരുന്നു തയ്യാറാക്കിയത്. കെട്ടിടത്തിന്റെ ഫ്ലോറിങ്ങ് , ഇലക്ട്രിഫിക്കേഷൻ എന്നിവയ്ക്ക് എസ്റ്റിമേറ്റിൽ പ്രൊവിഷൻ വച്ചിട്ടില്ല. സ.ഉ(കൈ)11/2018 തസ്വഭവ തീയതി 29-1-2018 പ്രകാരം നിർമ്മാണപ്രവൃത്തികളുടെ എസ്റ്റിമേറ്റ് പ്രവൃത്തി പൂർത്തീകരണത്തിനുള്ള എല്ലാ ഇനങ്ങളുമുൾപ്പെടുത്തി സമഗ്രമായിരിക്കണമെന്നും ഇലക്ട്രിഫിക്കേഷൻ

ഉൾപ്പടെയുള്ള എല്ലാ ഇനങ്ങളും ഉൾപ്പെടുത്തി ഒറ്റ പ്രൊജക്റ്റായി വേണം തയ്യാറാക്കാനെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇലക്ട്രിഫിക്കേഷൻ, ഫ്ലോറിങ്ങ് എന്നിവ ഉൾപ്പെടുത്താതെയാണ് പ്രൊജക്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്.

3. എസ്റ്റിമേറ്റ് പ്രകാരം കരാറിലേർപ്പെട്ട പ്രവൃത്തികൾ മുഴുവനും പൂർത്തീകരിക്കാതെയും റിട്ടെൻഷൻ തുക കുറവ് ചെയ്യാതെയും കരാറുകാരന് ഫൈനൽ ബിൽ തുക മാറി നൽകിയിരിക്കുന്നു. ടോയ് ലറ്റ് ഫിറ്റിങ്ങുകൾ, വാൾടൈൽ എന്നിവ പൂർത്തിയാക്കിയില്ല. പ്രവൃത്തി പൂർത്തീകരിക്കാതെ ഫൈനൽബിൽ നൽകിയ നടപടി ക്രമപ്രകാരമല്ല.

4. എംബുക്ക് പേജ് നം 76 പ്രകാരം ടോയ് ലറ്റിന് രണ്ട് പിവിസി ഡോറുകൾ സ്ഥാപിച്ചതായി അസി.എഞ്ചിനീയർ രേഖപ്പെടുത്തുകയും ഒരു ഡോറിന് 2781/-രൂപ നിരക്കിൽ 5562/-രൂപ കരാറുകാരന് നൽകിയിട്ടുമുണ്ട്. എന്നാൽ അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ഡോറുകൾ സ്ഥാപിച്ചിട്ടില്ലായെന്നത് ബോദ്ധ്യപ്പെട്ടു. ചെയ്യാത്ത പ്രവൃത്തിയ്ക്ക് തുക കരാറുകാരന് നൽകിയ നടപടി വിശദീകരിച്ചിട്ടില്ല. പ്രസ്തുത വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം26/ 28-1-23) മറുപടി ലഭ്യമാക്കിയില്ല. ചെയ്യാത്ത പ്രവൃത്തിയ്ക്ക് നൽകിയ 5562/- രൂപ അളവുകളെടുത്ത ഉത്തരവാദിയായ ഞീഴൂർ ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

5. കെട്ടിടം പണിത ഭൂമി ഗ്രാമപഞ്ചായത്ത് പേരിൽക്കൂട്ടി പോക്ക് വരവ് ചെയ്ത് കരം നൽകുന്നതാണോയെന്നത് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ഭൂമി ഗ്രാമപഞ്ചായത്തിന്റെ പേരിൽ കൂട്ടി പോക്ക് വരവ് നടത്തി ആസ്തിയാക്കാത്ത പക്ഷം കെട്ടിടവും അനുബന്ധസ്ഥലവും അന്യാധീനപ്പെട്ട പോകാൻ സാദ്ധ്യതയുണ്ട്.

6. കോംബൗണ്ട് വാൾ ഉൾപ്പെടെ കെട്ടിടം പണി പൂർത്തീകരിക്കാൻ തുടർ പ്രൊജക്റ്റുകൾ ആവിഷ്ക്കരിച്ചിട്ടില്ലായെന്ന് കാണുന്നു. 2022-23വർഷം ഗ്രാമപഞ്ചായത്തോ ജില്ലാപഞ്ചായത്തോ പ്രസ്തുത പ്രൊജക്റ്റ് പൂർത്തീകരണത്തിനായി പ്രൊജക്റ്റ് തയ്യാറാക്കിയിരുന്നില്ല. ഫലത്തിൽ പ്രൊജക്റ്റ് ഉപേക്ഷിച്ച നിലയിലാണ്. കെട്ടിടവും പരിസരവും സ്വകാര്യവ്യക്തികൾ കൈയ്യേറി സാധനസാമഗ്രികൾ സൂക്ഷിക്കുന്നതായി കാണുന്നു. 8ലക്ഷത്തിലധികം തുക ചെലവഴിച്ച് നിർമ്മാണം നടത്തിയ കെട്ടിടം പൂർത്തീകരിച്ച് ഫലപ്രദമാക്കാൻ നടപടി സ്വീകരിക്കാത്ത പക്ഷം നടത്തിയ ചെലവ് പാഴ് ചെലവായി മാറുന്ന സാഹചര്യമുണ്ട്. ഭരണസമിതി ഇക്കാര്യത്തിൽ സജീവ ഇടപെടലുകൾ നടത്തേണ്ടതുണ്ട്. കെട്ടിട നിർമ്മാണത്തിനായി തൻവർഷം ചെലവഴിച്ച 3,45,044 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തിയാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-41 ഇടക്കോലി GHSSമെയിന്റനൻസ് -രണ്ടു പ്രൊജക്റ്റ് പ്രകാരം ചെയ്തത് ഒരേ പ്രവൃത്തി.

ഇടക്കോലി GHSSമെയിന്റനൻസിനായി 2020-21, 2021-22 വർഷങ്ങളിൽ തയ്യാറാക്കിയ രണ്ട് പ്രോജക്റ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോ.നം | 567/22ഇടക്കോലി GHSSമെയിന്റനൻസ് | 688/22ഇടക്കോലി(സ്പിൽ ഓവർ) GHSSമെയിന്റനൻസ് |
| അടങ്കൽ | 500000(MGNR) | 600000(MGNR) |
| ചെലവ് | 479110(ബിൽ നം20,/30-3-2022) | 588306(ബിൽ നം69/30-3-2022) |
| കരാറുകാരൻ | സ്റ്റീഫൻ ലൂക്കോസ് | സ്റ്റീഫൻ ലൂക്കോസ് |
| കരാർ | 193/AEE /LSGD21-22dtd 1/2/2022 | 195/AEE/LSGD20-21dtd 1/2/2022 |
| എംബുക്ക് നം | 435/20-21 | 434/20-21 |

പ്രോ .നം 567/22 പ്രകാരം നിലവിൽ ഓട്പതിച്ചിരുന്ന സ്കൂൾ കെട്ടിടത്തിന്റെ ഓട് മാറ്റൽ, 1370 Kg സ്റ്റീൽ വർക്ക് പർലിൻ ചെയ്ത് ഓടുകൾ വീണ്ടും പതിക്കുക, എന്നിവയ്ക്കായിരുന്ന എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. പ്രൊ .നം 688/22 പ്രകാരവും അതേ കെട്ടിടത്തിന്റെ തന്നെ നിലവിൽ ഓട്പതിച്ചിരുന്ന കെട്ടിടത്തിന്റെ ഓട് മാറ്റൽ, 898.914kgപർലിൻ വർക്ക് ചെയ്ത് ഓടുകൾ വീണ്ടും പതിക്കുക, ഫാൾസ് സീലിങ്ങ് നടത്തുക എന്നിവയ്ക്കായിരുന്ന എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എസ്റ്റിമേറ്റിനൊപ്പം ലഭ്യമാക്കിയിട്ടുള്ള പ്രവർത്തി നടത്തുന്ന കെട്ടിടത്തിന്റെ സ്കെച്ച് രണ്ടു പ്രൊജക്റ്റിനും ഒരേ കെട്ടിടത്തിന്റേതാണ്. ഒരു കരാറുകാരൻ തന്നെ ഒരേ തീയതിയിൽ കരാറിലേർപ്പെടുകയും ഒരേ കെട്ടിടത്തിന്റെ മെയിന്റനൻസ് പ്രവർത്തികൾ ഒരേ എസ്റ്റിമേറ്റ് പ്രകാരം ഏറ്റെടുത്ത് ചെയ്തത് വഴി പ്രവർത്തികളിൽ ഇരട്ടിപ്പ് വന്നതായി കാണുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം10/8-11-22 ) മറുപടി ലഭ്യമാക്കിയില്ല. കെട്ടിടത്തിന്റെ ആകെ നീളം , ആവശ്യമായ പർലിന്റെ അളവ് എന്നിവയൊന്നും എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയിട്ടില്ല. ഓരോ പ്രൊജക്റ്റ് പ്രകാരവും ചെയ്ത പ്രവൃത്തി കെട്ടിടത്തിന്റെ ഏത് ഭാഗത്താണ് എന്നത് സംബന്ധിച്ച് യാതൊരു രേഖപ്പെടുത്തലും രണ്ട് പ്രൊജക്റ്റ് പ്രകാരവുമുള്ള എംബുക്കുകളിൽ ഇല്ല. രണ്ട് പ്രൊജക്റ്റ് പ്രകാരവും പർലിൻ സ്ഥാപിച്ച് ഓട് പതിപ്പിക്കുന്ന ഒരേ പ്രവൃത്തി നടത്തിയിട്ടുള്ളതിനാലും വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ട്, സ്കെച്ച് എന്നിവയുടെ അഭാവത്തിലും പുതിയ പ്രോജക്റ്റിനായുള്ള 479110 /- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക എസ്റ്റിമേറ്റ് തയ്യാറാക്കുകയും അളവെടുക്കുകയും ചെയ്ത രാമപുരം ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. രാജേഷ് ഡി നായർ, നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

1-42 ഗുണഭോക്തൃസമിതി വഴിയുള്ള പ്രൊജക്റ്റ് നിർവ്വഹണം -സർക്കാർ നിർദ്ദേശപ്രകാരമുള്ള പരിധി പാലിച്ചില്ല

13-ാം പദ്ധതിക്കാലയളവിലേക്ക് ബാധകമായ മാർഗ്ഗരേഖപ്രകാരം(സ.ഉ(കൈ)നം11/2018/തസ്വഭവ തീയതി 29-1-18) അടങ്കൽ പരിധി 25ലക്ഷം രൂപ വരെയുള്ള പ്രൊജക്റ്റുകൾ പിടിഎ ഉൾപ്പടെയുള്ള ഗുണഭോക്തൃസമിതികൾ മുഖേന ഏറ്റെടുത്ത് നടത്താവുന്നതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഗുണഭോക്തൃസമിതികളെയോ മറ്റ് ഏജൻസികളെയോ ഏൽപ്പിക്കുന്നതിനായി പ്രവൃത്തി വിഭജിക്കരുതെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തലയോലപ്പറമ്പ് എജെ ജോൺ മെമ്മോറിയൽ എച്ച്എസ്എസ് പുനരുദ്ധാരണത്തിനായി തയ്യാറാക്കിയ താഴെപറയുന്ന പ്രൊജക്റ്റുകൾ പ്രകാരം പിടിഎ പ്രവൃത്തി ഏൽപ്പിച്ച് നൽകുന്നതിനായി അടങ്കൽ പരിധിയ്ക്കുള്ളിൽ നിൽക്കുന്ന രീതിയിൽ പ്രവൃത്തി വിഭജിച്ച് നൽകി പ്രൊജക്റ്റുകൾ നടപ്പാക്കിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊ.നം | 846/22 | 702/22 |
|---|---|---|
| അടങ്കൽ | 1378806(MGNR) | 2000000(MGNR) |
| ചെലവ് | 1003602 | 1640166 |
| കൺവീനർ | വികെ അശോക് കുമാർ , | വികെ അശോക് കുമാർ , |
| കരാർ | 199/AEE /LSGD20-21dtd 26/2/2021 | 198/AEE /LSGD20-21dtd 26/2/2021 |
| ബിൽ നം | 63/31-3-22 | 47/31-3-22 |
| എംബുക്ക് നം | ലഭ്യമാക്കിയില്ല | 178/20-21 |

സ്കൂൾ പ്രിൻസിപ്പൽ കൺവീനറായി ഒരേദിവസം കരാറിലേർപ്പെട്ട മേൽപരാമർശിച്ച രണ്ടു പ്രോജക്ടുകൾക്കുമായി ആകെ അടങ്കൽ തുക 33,78,806/-രൂപയാണ്. ഈ രീതിയിൽ അടങ്കൽ തുക വിഭജിച്ച് പ്രോജക്റ്റ് നടപ്പാക്കുന്നത് സർക്കാർ ഉത്തരവുകളുടെ ലംഘനമാണ്. പ്രസ്തുത വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം8/8-11-22) മറുപടിയായി സ്പിൽഓവർ പ്രോജക്റ്റ് ആദ്യഭരണസമിതിയുടെ കാലത്തും രണ്ടാമത്തെ പ്രോജക്ട് പിന്നീട് വന്ന ഭരണസമിതിയുടെ കാലത്തുമാണ് തയ്യാറാക്കിയത് എന്ന് അറിയിച്ചിരുന്നു. എന്നാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. 2020-21 വർഷം ആരംഭിച്ചതായിരുന്ന രണ്ട് പ്രോജക്റ്റിന്റെയും നിർവ്വഹണോദ്യോഗസ്ഥൻ അസി.എക്സി.എഞ്ചിനീയർ തന്നെയായിരുന്നു. ആദ്യ പ്രോജക്ട് കരാർ പോലും വയ്ക്കാതെ പ്രവൃത്തി ആരംഭിക്കാത്ത കാര്യം നിർവ്വഹണോദ്യോഗസ്ഥന് അറിവുള്ളതുമാണ്. ഈ സാഹചര്യത്തിൽ മറ്റൊരു പ്രോജക്റ്റും കൂടി ഒരേവർഷം തയ്യാറാക്കുകയും നടപ്പാക്കുകയും ചെയ്തത് അടങ്കൽ തുക വിഭജിച്ച് ഗുണഭോക്തൃസമിതിയ്ക്ക് പ്രോജക്റ്റ് ഏൽപിച്ച് നൽകുന്നതിന് വേണ്ടിയാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1 മേൽപറഞ്ഞ രണ്ടു പ്രോജക്ടുകളിലുമായി പൊളിച്ചുമാറ്റപ്പെട്ട തടി ഉരുപ്പടികളുടെയും ജി ഐ ഷീറ്റിന്റെയും ആകെ മൂല്യം സർവ്വെ റിപ്പോർട്ട് പ്രകാരം 15913/- രൂപയായിരുന്നു. ആയത് പിറ്റിഎ യെ ഏൽപിച്ചതായി നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

2. Proj No 702/22 പ്രകാരമുള്ള പ്രോജക്റ്റിന്റെ വേലമൂല്യം 1726491/- രൂപയാണ്. എന്നാൽ ഫയലിൽ 10,97,769/-രൂപയുടെ ചെലവ് രേഖകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ബാക്കിയുള്ള തുകയുടെ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല. ബില്ലും വൗച്ചറും പ്രത്യേകം പ്രത്യേകം വച്ചതിനാലാണ് അപാകത സംഭവിച്ചത് എന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിരുന്നു. എന്നാൽ മറുപടിയെ സാധൂകരിക്കുന്ന കൃത്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല.

ഗുണഭോക്തൃസമിതിയെ പ്രവൃത്തി ഏൽപ്പിച്ച് നൽകുന്നതിനായി അടങ്കൽ പരിധി യ്ക്കുള്ളിൽ നിൽക്കുന്ന രീതിയിൽ പ്രവൃത്തി വിഭജിച്ച് നൽകി പ്രോജക്ടുകൾ നടപ്പാക്കുന്നത് സർക്കാർ ഉത്തരവുകളുടെ ലംഘനമാണ്. പ്രോജക്ടുകളുടെ രൂപീകരണ/നിർവ്വഹണവേളയിൽ നിർവ്വഹണോദ്യോഗസ്ഥൻ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-43 പൂഞ്ഞാർ ഗ്രാമപഞ്ചായത്ത്-പാറമട കുടിവെള്ളപദ്ധതി പൂർത്തീകരണം- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

| പ്രൊ.നം | 870/22 | 222/22 |
|---|---|---|
| അടങ്കൽ | 6,00,000(CFC) | 1000000(CFC) |
| ചെലവ് | 599545 (ബിൽ നം. 877/22.02.2022) | 597970 (ബിൽ നം. 1287/25.03.2022, ബിൽ നം. 1447/30.03.2022 ) |
| കൺവീനർ | ജോമി മാത്യു | മനോജ് ടി ജി |
| കരാർ | 4/AEE/LSGD20-21dtd 29/6/2021 | 184/AEE/LSGD22-23 Dtd 28/1/2022 |

2021-22 വർഷം അസി.എക്സി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി തയ്യാറാക്കിയ മേൽപരാമർശിച്ച രണ്ട് പ്രൊജക്ടുകൾ പ്രകാരം പ്രസ്തുത കുടിവെള്ളപദ്ധതിയ്ക്കായി 23300ലി. കപ്പാസിറ്റിയുള്ള വാട്ടർ ടാങ്ക് നിർമ്മാണം, 10HP മോട്ടോർ, പമ്പിങ്ങ്മെയിൻ, NRV വാൽവ്, ടാപ്പ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കുളം, പമ്പ്ഹൗസ് എന്നിവ നിലവിലുണ്ടായിരുന്നു. 63mm വിതരണപൈപ്പ് ലൈൻ404mമാത്രമേ സ്ഥാപിച്ചിട്ടുള്ളൂ. വിതരണലൈൻ ആകെ എത്ര മീറ്റർ നീളത്തിൽ ആവശ്യമുണ്ട് എന്ന വിവരം എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

കിണർ, പമ്പ് ഹൗസ്, വാട്ടർ ടാങ്ക് എന്നിവ നിർമ്മിച്ച സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച

രേഖകൾ ഫയലിലില്ല. കുടിവെള്ളപദ്ധതിയുടെ തുടർപ്രവർത്തിയായ വിതരണപൈപ്പുകൾ സ്ഥാപിക്കൽ ഏത് തദ്ദേശസ്വയംഭരണസ്ഥാപനമാണ് നിർവ്വഹിക്കുന്നത് എന്നത് സംബന്ധിച്ച വിശദാംശങ്ങൾ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരുന്നില്ല. . കുടിവെള്ളപദ്ധതി പൂർത്തീകരിക്കാനാവശ്യമായ എല്ലാഇനങ്ങളും ഉൾപ്പെടുത്തി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാതിരുന്നതും ക്രമപ്രകാരമല്ല.

13-ാംപദ്ധതി മാർഗരേഖപ്രകാരം (7.1.(ബി) 1) എല്ലാ കുടിവെള്ള പ്രൊജക്റ്റുകൾക്കും പരമാവധി ഗുണഭോക്തൃവിഹിതം സമാഹരിക്കണമെന്നും കുടിവെള്ള പ്രൊജക്റ്റുകളുടെ തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃസമിതികളെ ഏൽപിക്കണമെന്നും വ്യവസ്ഥചെയ്തിരുന്നു. എന്നാൽ ഈ രീതിയിൽ ഗുണഭോക്തൃസമിതികളെ തെരഞ്ഞെടുത്തതായി രേഖകളില്ല. ഗുണഭോക്തൃവിഹിതം സമാഹരിക്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല.

3-1-23 ന് ഓഡിറ്റ് ടീം പ്രസ്തുത പ്രവൃത്തികളുടെ സ്ഥലപരിശോധന നടത്തിയതിൽ വിതരണലൈൻ പൂർത്തിയാക്കി പദ്ധതി കമ്മീഷൻ ചെയ്തിട്ടില്ലായെന്ന് കാണുന്നു. മേൽ പരാമർശിച്ച അപാകതകളിൻമേൽ വിശദീകരണം ലഭ്യമാക്കേണ്ടതും പ്രവൃത്തി പൂർത്തിയാക്കി കമ്മീഷൻ ചെയ്ത് ലക്ഷ്യം കൈവരിക്കാത്തതിനാൽ പ്രസ്തുത കുടിവെള്ള പദ്ധതിയ്ക്കായി 2 പ്രോജക്ടുകൾക്കായുള്ള 1197515 രൂ (599545+597970) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി ഗുണഭോക്തൃസമിതിയ്ക്ക് കൈമാറി വിവരം അറിയിക്കേണ്ടതാണ്.

## 1-44 അകലക്കുന്നം ഗ്രാമപഞ്ചായത്ത് -കല്ലൂർക്കുളം RRC ലൈബ്രറി കെട്ടിട നിർമ്മാണം -സർക്കാർ ഉത്തരവിൽ അധികരിച്ച് കെട്ടിടനിർമ്മാണം-പണി പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രൊ.നം | 725/22 |
| അടങ്കൽ | 15,00,000/-(CFC) |
| ചെലവ് | 13,25,173/-(ബിൽ നം35/27-1-2022& 94/30-3-22) |
| കരാറുകാരൻ | ഷാജു ജോസഫ് |
| കരാർ | 33/AEE/LSGD/21-22 Dt 10-08-21 |
| എംബുക്ക് | 89/20-21, 572/20-21 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.എക്സി.എഞ്ചിനീയർ |



പ്രസ്തുത ലൈബ്രറികെട്ടിടത്തിന്റെ ലൈബ്രറി പ്രവൃത്തിയ്ക്കുന്ന ഗ്രൗണ്ട് ഫ്ലോർ എംഎൽഎ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചിരുന്നു. ഒന്നാം നിലയാണ് ജില്ലാപഞ്ചായത്ത് നിർമ്മിച്ച് നൽകിയത്. 31-1-23ന് പ്രസ്തുത സ്ഥല പരിശോധനയിലും ഫയൽ പരിശോധനയിലും കണ്ടെത്തിയ കാര്യങ്ങൾ ചുവടെ

ചേർക്കുന്നു.

1. ജിഒ(ആർടി) 2057/2010/ തസ്വഭവ/22-6-2010 പ്രകാരം ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള ലൈബ്രറികൾക്ക് പുതിയ കെട്ടിടം പണിയുന്നതിനായി പരമാവധി 10 ലക്ഷം രൂപ വരെ സഹായം നൽകുന്ന പദ്ധതികൾ ജില്ലാപഞ്ചായത്തിന് ഏറ്റെടുക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 15 ലക്ഷം രൂപ അടങ്കലിൽ ലൈബ്രറിയ്ക്കായി കെട്ടിടനിർമ്മാണത്തിന് പ്രൊജക്ട് തയ്യാറാക്കുവാൻ പ്രത്യേക അനുമതി ലഭ്യമായിരുന്നോയെന്നത് വ്യക്തമല്ല.

1. സർക്കാർ ഉത്തരവുകൾപ്രകാരം ലൈബ്രറി പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടവും അനുബന്ധ ഉപകരണങ്ങളുടെ വാങ്ങലുമാണ് ജില്ലാപഞ്ചായത്തിന് നടപ്പാക്കാവുന്നത്. ടി കെട്ടിടത്തിൽ ലൈബ്രറിയ്ക്കായി മുറി എംഎൽഎ ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടത്തിയിട്ടുണ്ട്. ജില്ലാപഞ്ചായത്ത് ഒന്നാം നിലയിൽ ഹാൾ നിർമ്മാണം നടത്തിയതിന്റെ ആവശ്യകത വ്യക്തമാക്കിയിട്ടില്ല. നിലവിൽ ടി ഹാളിൽ ജിംനേഷ്യം പ്രവർത്തിക്കുന്നതായി കാണുന്നു.

2. കെട്ടിടത്തിന്റെ നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. രണ്ട് ടോയ് ലറ്റുകളുടെ പൂർത്തീകരണം ഇലക്ട്രിഫിക്കേഷൻ, പ്ലമ്പിങ്ങ്, പെയിന്റിങ്ങ്, ജനാലകളുടെ ഷട്ടർ, സ്റ്റെയർകേസിന് കൈവരി എന്നിവ പൂർത്തീകരിക്കാനവശേഷിക്കുന്നു. ആയതിന്റെ പൂർത്തീകരണത്തിന് ജില്ലാപഞ്ചായത്ത് പ്രൊജക്ട് രൂപീകരിച്ചിരുന്നില്ല. പൂർത്തീകരണപദ്ധതി തയ്യാറാക്കി കെട്ടിടം പണി പൂർത്തീകരിക്കുന്നതാണ് എന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.
പ്രസ്തുത വിഷയങ്ങളിൽ വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം 29/1-2-23) മറുപടിയായി ലൈബ്രറി ഭരണ സമിതിയുടെ അപേക്ഷപ്രകാരമാണ് നിർമ്മാണ പ്രോജക്ട് തയ്യാറാക്കിയതെന്നും മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
. സർക്കാർ ഉത്തരവ് പ്രകാരമുള്ള പരിധിയിൽ നിന്നും അധികമായി തുക വകയിരുത്തി പ്രൊജക്ട് തയ്യാറാക്കുകയും തുക ചെലവഴിക്കുകയും ചെയ്ത നടപടിയ്ക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്. ജില്ലാപഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത കാര്യങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നത് ക്രമപ്രകാരമല്ല. കൂടാതെ കെട്ടിടം പൂർത്തീകരണത്തിനാവശ്യമായ ഫണ്ട് സ്രോതസ് കണ്ടെത്തുക, തുടർ പ്രൊജക്ട് തയ്യാറാക്കി കെട്ടിടം പൂർത്തീകരണത്തിലെത്തിക്കുക എന്നിവയിൽ ഭരണസമിതിയുടെ സജീവ ശ്രദ്ധപതിയേണ്ടതുണ്ട്. മേൽ പറഞ്ഞ അപാകതകൾ നിലനിൽക്കുന്നതിനാൽ ടി കെട്ടിടനിർമ്മാണത്തിനായി 2021-22 വർഷം ചെലവഴിച്ച 13,25,173/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-45 കുറവിലങ്ങാട് ഡിവിഷൻ-കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത്-ജലമൈത്രി ശുദ്ധജലവിതരണപദ്ധതി-മെറ്റൽ സ്റ്റാക്കിങ്ങ് -വോയിഡ്സ് കുറവ് ചെയ്തില്ല

| | |
|---|---|
| പ്രൊ.നം | 113/22 കുറവിലങ്ങാട് ഡിവിഷൻ- കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത്-ജലമൈത്രി ശുദ്ധജലവിതരണപദ്ധതി |
| അടങ്കൽ | 1000000(CFC) |
| ചെലവ് | 871238 |
| കരാറുകാരൻ | ജോമോൻ എബ്രഹാം,<br>208/AEE/LSGD/2021-22 Dtd 9/2/2022 |
| എംബുക്ക് നം | 224/20-21 |

കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത്-ജലമൈത്രി ശുദ്ധജലവിതരണപദ്ധതിയ്ക്ക് പുതിയ കിണർ നിർമ്മാണത്തിനായി തയ്യാറാക്കിയ പ്രസ്തുത പ്രൊജക്ട് പ്രകാരം കിണറിന്റെ വശങ്ങൾ

ഫില്ലുചെയ്യുന്നതിനായി 13.2mm, 11.2mm വലിപ്പമുള്ള മെറ്റൽ സ്റ്റാക്ക് ചെയ്തിരുന്നു. CPWD സ്പെസിഫിക്കേഷനിൽ നടത്തുന്ന പ്രവർത്തികളിൽ ഉപയോഗിക്കുന്ന മെറ്റലിന്റെ സ്റ്റാക്ക് ചെയ്ത അളവിൽ നിന്നും 7.5% വോയിഡ്സ് കുറവ് ചെയ്ത് മാത്രമാണ് കരാറുകാരന് തുക നൽകാവുന്നത്. എന്നാൽ പ്രസ്തുത പ്രവർത്തിയിൽ ഇപ്രകാരം കുറവ് വരുത്താതെ മുഴവൻ തുകയും കരാറുകാരന് നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Extra Item No 3- Supply &Stacking 13.2mm Metal=36.9m3

കുറവ് ചെയ്യേണ്ടിയിരുന്നത് (-)7.5% =2.768m3 @Rs 2046.33/m3= Rs 5664/-

Extra Item No 4- Supply &Stacking 11.2mm Metal=34.44m3

കുറവ് ചെയ്യേണ്ടിയിരുന്നത് (-)7.5% =2.583m3 @2343.49/m3 = Rs 6053/-

ആകെ കുറവ് ചെയ്യേണ്ടിയിരുന്ന തുക = 5664+6053= 11717/-

വോയിഡ്സ് കുറവ് ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (നം 7/8-11-22) മറുപടിയായി കോംപാക്ഷൻ ഇല്ലാതെ സ്വാഭാവികമായിട്ടാണ് ഫില്ലുചെയ്തത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. കിണറിന്റെ വശങ്ങളിൽ മെറ്റൽ ഫില്ലുചെയ്യുമ്പോൾ തന്നെ സ്വാഭാവികമായ കോംപാക്ഷനും നടക്കുന്നുണ്ട്. ആയതിനാൽ തന്നെ മെറ്റൽ സ്റ്റാക്ക് ചെയ്യുന്ന വേളയിൽ 7.5%വോയിഡ്സ് കുറവ് ചെയ്യാൻ Cpwd സ്പെസിഫിക്കേഷനിൽ വ്യക്തമാക്കിയിട്ടുണ്ട്. വോയിഡ്സ് കുറവ് ചെയ്യാതിരുന്നത് മൂലം വന്ന അധിക ചെലവ് 11717/- രൂപ അളവുകളെടുത്ത ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ബിൽ അംഗീകരിച്ച അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

1-46 മീനച്ചിൽ പഞ്ചായത്ത് - 5-ാം വാർഡിൽ വനിതകൾക്ക് വിശ്രമകേന്ദ്രം നിർമ്മാണം-കെട്ടിടം പണി പാതിവഴിയിൽ

| | |
|---|---|
| പ്രോജക്ട് നം. | 814/22 |
| അടങ്കൽ | 16,00,000/-(CFC) |
| ചെലവ് | 15,44,762/-(ബിൽ നം71/30-3-2022) |
| കരാറുകാരൻ | മാത്യു തോമസ് |
| കരാർ | 66/AEE/LSGD/21-22 Dt 16-11-21 |
| എംബുക്ക് | 12/20-21 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

മീനച്ചിൽ ഗ്രാമപഞ്ചായത്ത് 5-ാം വാർഡിൽ വനിതകൾക്ക് വിശ്രമകേന്ദ്രം കെട്ടിടത്തിന്റെ പൂർത്തീകരണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കുകയും ടെണ്ടർ നടപടികൾ സ്വീകരിച്ച് കരാർ നൽകുകയും ചെയ്തിരുന്നു. ടോയ് ലറ്റുകൾ ഉൾപ്പെടെ പ്രവൃത്തി പൂർത്തീകരിക്കാനുള്ള ഇനങ്ങളെല്ലാം എസ്റ്റിമേറ്റിലുണ്ടായിരുന്നു. എന്നാൽ നിർവ്വഹണവേളയിൽ കെട്ടിടത്തിന്റെ അളവുകളിൽ വ്യത്യാസം വരുത്തുകയും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തപ്പോൾ കെട്ടിടത്തിന്റെ സ്ട്രക്ച്ചർ നിർമ്മാണം മാത്രമാണ് നടപ്പാക്കാൻ സാധിച്ചത്. 31-1-23ന് പ്രസ്തുത സ്ഥലം ഓഡിറ്റ് ടീം നേരിൽ പരിശോധിച്ചതിൽ കെട്ടിടത്തിന്റെ ഫ്രെയിം വർക്ക് മാത്രമാണ് നടത്തിയിട്ടുള്ളതെന്ന് കാണുന്നു. സോളിഡ് ബ്ലോക്ക് മെസണറി ഭാഗീകമായി ചെയ്തിട്ടുണ്ട്. കരാറുകാരന് ഫൈനൽ ബിൽ നൽകി പ്രവൃത്തി അവസാനിപ്പിച്ചതായി കാണുന്നു.



കെട്ടിടത്തിന്റെ പൂർത്തീകരണത്തിന് ജില്ലാപഞ്ചായത്തോ ഗ്രാമപഞ്ചായത്തോ 2022-23ൽ പ്രൊജക്റ്റ് രൂപീകരിച്ചിട്ടില്ല. പ്രസ്തുത കെട്ടിടത്തിന്റെ പൂർത്തീകരണത്തിനാവശ്യമായ ഫണ്ട് സംബന്ധിച്ചും നിർവ്വഹണം നടത്താനുദ്ദേശിക്കുന്ന രീതി സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം28/1-2-23) മറുപടി ലഭ്യമായില്ല. കെട്ടിടനിർമ്മാണം പൂർത്തിയാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 15,44,762/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുടർ നിർമ്മാണത്തിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-47 ചിറക്കടവ് പഞ്ചായത്ത് എസ് ആർവി കുടിവെള്ളപദ്ധതി- പഴയ GIപൈപ്പുകൾ ലേലനടപടികൾക്കായി കൈമാറിയില്ല.

| | |
|---|---|
| പ്രൊ.നം | 788/22 |
| അടങ്കൽ | 500000(CFC) |
| ചെലവ് | 367137 |
| കരാർ | 42/AEE/LSGD2021-22 Dtd 10/11/2021 |
| ബിൽ നം | 93(II)/30-3-22 |

ചിറക്കടവ് പഞ്ചായത്തിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന എസ് ആർവി കുടിവെള്ളപദ്ധതിയ്ക്ക് 1132.30m നീളത്തിൽ നാശോന്മുഖമായ GI പൈപ്പ് മാറ്റി 63mm Dia 10kg/cm2 HDPE പൈപ്പ് സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയ പ്രൊജക്റ്റായിരുന്നു ഇത്. നീക്കം ചെയ്ത 1132.30m പഴയ GI പൈപ്പ് ലേലം ചെയ്ത് മുതൽക്കൂട്ടുന്നതിനായി വാല്യുവേഷൻ എടുത്ത് ഗ്രാമപഞ്ചായത്തിന് കൈമാറിയിരുന്നോയെന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം35)മറുപടിയായി ബന്ധപ്പെട്ട അസി.എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. പഴയ ജി ഐ പൈപ്പ് ലേലം ചെയ്ത് മുതൽക്കൂട്ടുന്നതിന് അടിയന്തിര നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണണ്ടതാണ്.

## 1-48 വൈക്കപ്രയാർ -മൺപാത്രനിർമ്മാണപ്രവർത്തനം നടത്തുന്നവർക്ക് വർക്ക്ഷെഡ്- തദ്ദേശസ്ഥാപനങ്ങളുടെ ആസ്തിയിലുൾപ്പെടാത്ത സ്ഥലത്തുള്ള നിർമ്മാണം

പ്രൊജക്റ്റ് നം 1070 /22 – പ്രകാരം വൈക്കപ്രയാർ -മൺപാത്രനിർമ്മാണപ്രവർത്തനം നടത്തുന്നവർക്ക് വർക്ക്ഷെഡിനായി നിർമ്മാണപ്രവർത്തികൾ നടത്തുകയുംപൊതുവിഭാഗം വികസനഫണ്ടിൽ നിന്നും 5,63,347/- രൂപ ചെലവഴിക്കുകയും ചെയ്തിരുന്നു. പ്രസ്തുത സ്ഥലം ഗ്രാമ/ബ്ലോക്ക് / ജില്ലാപഞ്ചായത്തുകളുടെ ആസ്തിയിലുൾപ്പെട്ടതാണോ/ കൈമാറിക്കിട്ടിയതാണോ യെന്നത് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം30/3-2-23)മറുപടി ലഭ്യമാക്കിയില്ല. . ആസ്തിയിലുൾപ്പെട്ടിട്ടില്ലായെങ്കിൽ ഏത് സാഹചര്യത്തിലാണ് ടി പ്രൊജക്റ്റ് ഏറ്റെടുത്തത് എന്നതും വ്യക്തമല്ല. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ആസ്തിയിലുൾപ്പെട്ട സ്ഥലത്തു മാത്രം

നിർമ്മാണപ്രവർത്തനം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

1-49 കരാർ വയ്ക്കാൻ കാലതാമസം- പിഴ ഈടാക്കിയില്ല

| | |
|---|---|
| പ്രൊ.നം | 859/22വെള്ളൂർ ഡിവിഷൻ-മുളക്കുളം ഗ്രാമപഞ്ചായത്ത്-ലൈബ്രറിപ്പടി വായനശാല നവീകരണം |
| അടങ്കൽ | 400000(CFC) |
| APAC | 315110.62 |
| ചെലവ് | 208249 |
| കരാറുകാരൻ | ജയ്സൺ കുര്യൻ |
| ബിൽ നം | 49/30-3-22 |

പ്രസ്തുത പ്രൊജക്റ്റിനായി ടെണ്ടർ ക്ഷണിച്ചതിൽ ശ്രീ ജയ്സൺ കുര്യൻ എന്ന കരാറുകാരന്റെ ടെണ്ടർ 01.01.2022 തീയതിയിലെ ജനറൽ കമ്മറ്റി അംഗീകരിക്കുകയും ടിയാൾക്ക് 12-01-2022 ന് സെലക്ഷൻ നോട്ടീസ് അയയ്ക്കുകയും 14 ദിവസത്തിനകം കരാറിലേർപ്പെടണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. എന്നാൽ ടിയാൾ കരാറിലേർപ്പെട്ടത് 7-2-2022 ന് മാത്രമാണ്. 14 ദിവസത്തിനകം കരാറിലേർപ്പെടാത്തപക്ഷം കരാർ തുകയുടെ 1% പിഴ ഈടാക്കി കരാർ നല്കേണ്ടതായിരുന്നു. ആയത് ഈടാക്കിയിട്ടില്ലായെന്ന് കാണുന്നു. പിഴയിനത്തിൽ ഈടാക്കേണ്ട തുകയായ 3151/- രൂപ(315110x1%) ഈടാക്കിയിട്ടുണ്ടെങ്കിൽ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം 9/) മറുപടിയായി തുക അടയ്ക്കാൻ കരാറുകാരന് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-50 ബാരൽ വില തനത് ഫണ്ടിൽ സൂക്ഷിക്കുന്നു- സർക്കാർ ഫണ്ടിന് നഷ്ടം

ജില്ലാപഞ്ചായത്തിൽ 2021-22 വർഷം അസിസ്റ്റന്റ് എക്സി എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ്ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ ബാരൽ വില (238+18% GST) കിഴിച്ചുള്ള തുകയാണ് കരാറുകാരന് നൽകിയിട്ടുള്ളത് . ബാരൽ വില പിൻവലിച്ച് Sale Of Empties & Waste Material എന്ന ശീർഷകത്തിൽ സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. എന്നാൽ സർക്കുലർ നം.59827/എഫ്എം/07/തസ്വഭവ/30.10.07 പ്രകാരം ടാറിങ്ങ്പ്രവർത്തി ചെയ്യാൻ തുക ഏത് ഫണ്ടിൽ നിന്നാണോ ചെലവഴിച്ചത് ആ ഫണ്ടിലേയ്ക്ക് തന്നെ ബാരൽ വില തിരിച്ചടവാക്കേണ്ടതാണ്എന്ന് വ്യക്തമാക്കിയിരുന്നു. ജില്ലാപഞ്ചായത്തിന്റെ 2021-22 വാർഷികകണക്കുകൾ പ്രകാരം Sale Of Empties & Waste Material എന്ന ശീർഷകത്തിൽ 59031/-രൂപ വരവുണ്ട്. വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഹിതം എന്നിവ ഉപയോഗിച്ച് ചെയ്ത റോഡ് ടാറിങ്ങ് പ്രവർത്തികളിൽ നിന്ന് ഈടാക്കിയ ബാരൽ വില പൂർണ്ണമായും തനത് ഫണ്ടിലാണ് നിക്ഷേപിച്ച് വരുന്നത്. ബാരൽ വില ബന്ധപ്പെട്ട സർക്കാർഫണ്ടുകളിലേയ്ക്ക് അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 32/6-2-23) മറുപടി ലഭ്യമാക്കിയില്ല. ബാരൽ വില കണക്കാക്കി ബന്ധപ്പെട്ട സർക്കാർ ഫണ്ടുകളിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

1-51 എരുമേലി ഗ്രാമ പഞ്ചായത്ത് -തിരുവള്ളുവർ ഹൈസ്കൂൾ ഗേൾസ് ഫ്രണ്ട് ലി ടോയ് ലെറ്റ് നിർമ്മാണം -പൂർത്തീകരണ വിവരം ലഭ്യമല്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്,നമ്പർ | എരുമേലി ഗ്രാമ പഞ്ചായത്ത് -തിരുവള്ളുവർ ഹൈസ്കൂൾ ഗേൾസ് ഫ്രണ്ട് ലി ടോയ് ലെറ്റ് നിർമ്മാണം<br>748/21-22 |

| | |
|---|---|
| കരാറുകാരൻ | എൻ എ അബ്ദുൾ സലാം ,നെടുംഗാലിൽ (H),കുട്ടിക്കൽ |
| അടങ്കൽ | 6,00,000 (വികസന ഫണ്ട് (CFC) |
| ചെലവ് | 134565 (വികസന ഫണ്ട് (CFC)<br>ബിൽ നം.1398/ 27-03-2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (LSGD) |

പ്രസ്തുത പ്രൊജക്റ്റ് പ്രകാരം തിരുവള്ളുവർ ഹൈസ്കൂളിൽ ഗേൾസ് ഫ്രണ്ട് ലി ടോയ് ലെറ്റ് നിർമ്മാണത്തിനായി ക്വട്ടേഷൻ ക്ഷണിക്കുകയും എൻ എ അബ്ദുൾ സലാം എന്നയാളുടെ ക്വട്ടേഷൻ എസ്റ്റിമേറ്റ് നിരക്കിൽ അംഗീകരിച്ച് കരാർ (126/AEE/LSGD/21-22/6.01.2022) വച്ചിട്ടുള്ളതും സൈറ്റ് 6.01.2022ൽ കൈമാറിയിട്ടുള്ളതുമാണ്.കരാർ പ്രകാരം വർക്ക് 120 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടിയിരുന്നു. എംബുക്ക്(നം 220/21) പ്രകാരം ടോയ് ലെറ്റിന്റെ ഫൗണ്ടേഷൻ പ്രവ്യത്തി പൂർത്തീകരിച്ച് 11-3-22 ൽ ചെക്ക് മെഷർ ചെയ്യുകയും പാർട്ട് ബിൽ മാറി(134565 രൂപ )നൽകുകയും ചെയ്തിട്ടുണ്ട്. ഗേൾസ് ഫ്രണ്ട് ലി ടോയ് ലെറ്റിന്റെ ലൊക്കേഷൻ പ്ളാൻ പ്രകാരം നിലവിൽ ലൊക്കേറ്റ് ചെയ്ത സ്ഥലത്ത് നിന്നും മാറ്റി സ്ഥാപിച്ച തരണമെന്ന് ടീച്ചർ ഇൻ ചാർജ്ജ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് (7/2/2022 ലെ 93/22 നമ്പർ) നൽകിയിട്ടുണ്ട്. എന്നാൽ ഈ രീതിയിൽ ലൊക്കേഷൻ മാറ്റിയതായി ഫയലിൽ രേഖകളില്ല. ടോയ് ലറ്റ് നിർമ്മാണത്തിന്റെ തുടർ പ്രവർത്തനങ്ങൾ നടന്നതായി ഫയലിൽ രേഖപ്പെടുത്തലുകൾ കാണുന്നില്ല. പ്രവ്യത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.53/28.03.2023) മറുപടി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കാത്തതിനാലും പ്രവർത്തി പൂർത്തീകരിച്ച് ലക്ഷ്യം കൈവരിക്കാത്തതിനാലും മേൽ പ്രവ്യത്തിക്കായി ചെലവഴിച്ച 134565 /- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. പ്രവർത്തി പൂർത്തീകരിച്ച് രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-52 ജില്ലാ ആശുപത്രി (അലോപ്പതി) KMSCL -ൽ നിന്നും വാങ്ങിയ ഉപകരണങ്ങൾ ,മരുന്നുകൾ എന്നിവ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2021-22 വർഷം സൂപ്രണ്ട് /ചീഫ് മെഡിക്കൽ ഓഫീസർ ,ജില്ലാ ആശുപത്രി (അലോപ്പതി) നിർവ്വഹണം നടത്തിയ പാലിയേറ്റീവ് കെയർ പ്രോജക്ടിനായി 1879702 രൂപ ചെലവഴിച്ചതിൽ KMSCL ൽ ഹോം കെയർ കിറ്റിനായി 506703/- രൂപയും മരുന്നുകൾ വാങ്ങുന്നതിനായി 900000/- രൂപയും നൽകിയിട്ടുണ്ട്. കാരുണ്യ ഫാർമസിയിൽ മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി 395469/- രൂപയും ഫോൺ ബില്ലിനത്തിൽ 77530/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഇതിൽ PRF No.5561/8.2.2022, PRF 5558/8.02.2022 എന്നിവ പ്രകാരം KMSCL -ൽ 14,06,703/- രൂപ ഹോം കെയർ കിറ്റ് ,മരുന്ന് എന്നിവ വാങ്ങുന്നതിനായി ഒടുക്കിയിട്ടുണ്ട് .എന്നാൽ വാങ്ങിയ ഉപകരണങ്ങൾ ,മരുന്നുകൾ എന്നിവ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ,പ്രോജക്ടിന്റെ പേര് | 22/21-22,പാലിയേറ്റീവ് കെയർ |
| ഫണ്ട് | വികസന ഫണ്ട്(ജനറൽ) |
| അടങ്കൽ | 20,00,000 |
| ചെലവ് | 18,79,702/- |

അപാകത സംബന്ധിച്ച് എൻക്വയറി നൽകിയതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 3 /21-22 തീയതി : 8/11/2022) ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതായി മറുപടി ഹാജരാക്കിയിട്ടുണ്ടെങ്കിലും(28.12.2022 ലെ B3/11909/2022 നമ്പർ കത്ത്) രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ട്രഷറി ബിൽ നമ്പർ 58/21-22

/22.02.2022, 59/21-22/22.02.2022 പ്രകാരമുള്ള 14,06,703/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-53 ചീഫ് മെഡിക്കൽ ഓഫീസർ ,ഹോമിയോ നടപ്പാക്കിയ പ്രോജക്ടിൽ അപാകതകൾ

2021-22 വർഷം സൂപ്രണ്ട് ജില്ലാ ആശുപത്രി ഹോമിയോ നിർവ്വഹണോദ്യോഗസ്ഥനായി മരുന്ന് വാങ്ങുന്നതിനായി ഹോംകൊയ്ക്ക് തുക നൽകുകയുണ്ടായി .വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 263/21-22<br>ജില്ലാ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 8,00,000/- |
| ചെലവ് | 8,00,000/-(ബിൽ 3/21-22 /07.01.2022) |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) |

ഫയൽ പരിശോധിച്ചതിൽ ഹോംകോയ്ക്ക് 8,00,000/- നൽകിയതിൽ 4,11,945/-രൂപയുടെ മരുന്നുകൾ മാത്രമെ ലഭിച്ചതായി കാണുന്നുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ 4 /21-22 തീയതി : 08/11/2022) മറുപടി ലഭിച്ചിട്ടില്ല . ബാക്കി 388055/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് . ലഭ്യമാക്കാനുള്ള മരുന്നുകളുടെ വിലയായ 3,88,055/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-54 ഭവന നിർമ്മാണ പ്രവൃത്തികൾ ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് 2021-22 വർഷം താഴെ പറയുന്ന പ്രോജക്ടുകൾ നടപ്പിലാക്കിയെങ്കിലും ഭവന നിർമ്മാണ പ്രവൃത്തികൾ ലക്ഷ്യം കൈവരിച്ചില്ല. 2020-21 വർഷം ആരംഭിച്ച ഭവന നിർമ്മാണ പ്രവൃത്തികൾ നിലവിലും പൂർത്തീകരിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നമ്പർ 5 /21-22 തീയതി : 08/11/2022)മറുപടി ലഭിച്ചിട്ടില്ല.

1)

| | |
|---|---|
| പ്രോജക്ട് നമ്പർ , പ്രോജക്ടിന്റെ പേര് | S0465/21-22<br>എട്ട് മുറി കോളനി സമഗ്ര വികസനം(എസ് സി പി) |
| അടങ്കൽ | 10,80,000/- |
| ചെലവ് | 8,80,000/- |
| ബിൽ നം. | 7/21-22, 21.02.21- 100000/-,<br>1/21-22, 04.10.2021 – 480000/-,<br>3/21-22, 23.11.21 – 100000/-,<br>4/21-22, 30.11.21 – 100000/-,<br>5/21-22, 29.12.21 – 100000/- |
| ഫണ്ട് | വികസന ഫണ്ട്(എസ് സി പി) |

ഫയൽ പരിശോധിച്ചതിൽ സുജാത എന്ന ഗുണഭോക്താവ് മാത്രമെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളൂ. മറ്റ് രണ്ട് ഗുണഭോക്താക്കളായ കുഞ്ഞുമോൾ തങ്കച്ചൻ, രാജു സി.ജി എന്നിവർക്ക്

3-ാം ഗഡു വരെ തുക അനുവദിച്ചിട്ടുണ്ട്. ഭവന നിർമ്മാണം ലിന്റൽ ലവൽ വരെ മാത്രമെ പൂർത്തീകരിച്ചിട്ടുള്ളു. ഇവരുടെ ഭവന നിർമ്മാണം പൂർത്തീകരിച്ച് വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് . രേഖകൾ ഹാജരാക്കുന്നതുവരെ ഇതിനായി ചെലവഴിച്ച 520000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

2)

| | |
|---|---|
| പ്രോജക്ട് നമ്പർ, പ്രോജക്ടിന്റെ പേര് | SO 466/21-22<br>എട്ട് മുറി കോളനി സമഗ്ര വികസനം(ടി എസ് പി) |
| അടങ്കൽ | 7,60,000/- |
| ചെലവ് | 2,00,000/- |
| ബിൽ നം. | 2/21-22, 04.10.2021 – 160000/-,<br>6/21-22, 21.02.2022 – 40000/- |
| ഫണ്ട് | വികസന ഫണ്ട്(ടി എസ് പി) |

ഫയൽ പരിശോധിച്ചതിൽ കുഞ്ഞപ്പൻ എന്ന ഗുണഭോക്താവിന് 2-ാം ഗഡു വരെ തുക അനുവദിച്ചിട്ടുണ്ട്. ഭവന നിർമ്മാണം തറ നിരപ്പ് വരെ മാത്രമെ പൂർത്തീകരിച്ചിട്ടുള്ളു. രണ്ടാമത്തെ ഗുണഭോക്താവായ അമ്പിളി അഡ്വാൻസ് തുക മാത്രമെ കൈപ്പറ്റിയിട്ടുള്ളു. മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ച് വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് . രേഖകൾ ഹാജരാക്കുന്നതുവരെ 200000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

3)

| | |
|---|---|
| പ്രോജക്ട് നമ്പർ, പ്രോജക്ടിന്റെ പേര് | SO 464/21-22<br>എട്ട് മുറി കോളനി സമഗ്ര വികസനം |
| അടങ്കൽ | 8,00,000/- |
| ചെലവ് | 40,000/-<br>ബിൽ നം. 08/21-22/19.3.22 |
| ഫണ്ട് | വികസന ഫണ്ട്(ജനറൽ ) |

പ്രോജക്ടിന്റെ ഗുണഭോക്താവായ ചിന്നമ്മ സി.പി ഭവന നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ശാന്തമ്മ ശ്രീധരൻ അഡ്വാൻസ് തുക മാത്രമെ കൈപ്പറ്റിയിട്ടുള്ളു. പ്രോജക്ടിൽപ്പെട്ട രണ്ട് ഗുണഭോക്താക്കളും ലൈഫ് മാനദണ്ഡ പ്രകാരം ധനസഹായത്തിന് അർഹതയില്ലെങ്കിലും ഇവരെ ഒഴിവാക്കി മറ്റുള്ളവർക്ക് ഭവന നിർമ്മിച്ച് നൽകുന്നത് പ്രായോഗികമല്ലായെന്നും ചിന്നമ്മ സി.പി സർവീസ് പെൻഷർ ആയതിനാൽ ലൈഫ് നിരക്കിന്റെ 60% ജില്ലാ പഞ്ചായത്ത് നൽകണമെന്നും 40% ഗുണഭോക്താവ് വഹിക്കണമെന്നും സ.ഉ(സാധാ)നം 2378/2021/തസ്വഭവ/25.11.21 പ്രകാരം ഉത്തരവായിട്ടുണ്ട്. ശാന്തമ്മ ശ്രീധരന് ലൈഫ് നിരക്കിലും ആണ് ധനസഹായത്തിന് അർഹത. ഇവരുടെ ഭവന നിർമ്മാണം പൂർത്തീകരിച്ച് വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് . രേഖകൾ ഹാജരാക്കുന്നതുവരെ 40,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

4)

| | |
|---|---|
| പ്രോജക്ട് നമ്പർ, | 201/21-22<br>ലൈഫ് (ടി എസ് പി) |

| | | | |
|---|---|---|---|
| പ്രോജക്റ്റിന്റെ പേര് | | | |
| അടങ്കൽ | വികസന ഫണ്ട്(ജനറൽ ) 8,23,883/- | വികസന ഫണ്ട് (ട്രിഎസ് പി) 62,43,258/- | ആകെ 70,67,141 |
| ചെലവ് | വികസന ഫണ്ട്(ജനറൽ ) 8,23,883/- | വികസന ഫണ്ട് (ട്രിഎസ് പി) 62,43,258/- | ആകെ 70,67,141 (ഓൺലൈൻ റിക്വിസിഷൻ വഴി) |

വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിച്ച തുകകളുടെ വിനിയോഗ സാക്ഷ്യപത്രം,വീടുകളുടെ പൂർത്തീകരണ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതുവരെ മേൽ പ്രൊജക്റ്റിനായുള്ള 70,67,141/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

5)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പ്രോജക്റ്റിന്റെ പേര് | 200/21-22 ലൈഫ് (എസ് സി പി) |
| അടങ്കൽ | 6,16,53,000/-വികസന ഫണ്ട് (എസ് സി പി ) |
| ചെലവ് | 6,16,53,000/-വികസന ഫണ്ട് (എസ് സി പി ) (ഓൺലൈൻ റിക്വിസിഷൻ വഴി) |

വിവിധ ഗ്രാമ/ബ്ളോക്ക് പഞ്ചായത്തുകൾക്ക് അനുവദിച്ച തുകകളുടെ വിനിയോഗ സാക്ഷ്യപത്രം, വീടുകളുടെ പൂർത്തീകരണ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 6,16,53,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

6)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പ്രോജക്റ്റിന്റെ പേര് | 85/21-22 ലൈഫ് (ജനറൽ ) |
| അടങ്കൽ | 5,50,53,717/-വികസന ഫണ്ട് (ജനറൽ) |
| ചെലവ് | 5,50,53,717/-വികസന ഫണ്ട് (ജനറൽ) (ഓൺലൈൻ റിക്വിസിഷൻ വഴി) |

വിവിധ ഗ്രാമ/ബ്ളോക്ക് പഞ്ചായത്തുകൾക്ക് അനുവദിച്ച തുകകളുടെ വിനിയോഗ സാക്ഷ്യപത്രം,വീടുകളുടെ പൂർത്തീകരണ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. ഇവയുടെ അഭാവത്തിൽ 5,50,53,717/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വിനിയോഗ സാക്ഷ്യപത്രം, വീടുകളുടെ പൂർത്തീകരണ വിവരം എന്നിവയുടെ അഭാവത്തിൽ മേൽ പ്രൊജക്റ്റുകൾക്കായുള്ള 12,45,33,858/- രൂപയുടെ (520000+200000+40000+7067141+61653000+ 55053717) ചെലവ് തടസ്സപ്പെടുത്തുന്നു.

1-55 ക്ഷീര വർദ്ധിനി -ക്ഷീര സഹകരണ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് നിരീക്ഷിച്ചില്ല.

2021-22 വർഷം ക്ഷീരവികസനവകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥനായി താഴെ

പറയുന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 111/21-22<br>ക്ഷീര സഹകരണ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് -ക്ഷീര വർദ്ധിനി |
| അടങ്കൽ | 60,00,000/- വികസന ഫണ്ട് (ജനറൽ) |
| ചെലവ് | 60,00,000/- വികസന ഫണ്ട് (ജനറൽ) |
| ബിൽ നമ്പർ /തുക | 1/21-22/21.3.2022 ₹8,00,000/-<br>2/21-22/21.3.2022 ₹10,00,000/-<br>3/21-22/21.3.2022 ₹8,00,000/-<br>5/21-22/21.3.2022 ₹12,00,000/-<br>6/21-22/21.3.2022 ₹22,00,000/- |

കോട്ടയം ജില്ലാ പഞ്ചായത്ത് അനുവദിച്ച 60 ലക്ഷം രൂപ 30 ക്ഷീര സഹകരണ സംഘങ്ങൾക്ക് ₹ 2,00,000/- വീതവും ,ഓരോ ക്ഷീര സഹകരണ സംഘം ₹40,000/- വീതം പലിശ രഹിത വായ്പയായി ക്ഷീര കർഷകർക്ക് അനുവദിച്ചിട്ടുണ്ട് .ധനസഹായം ലഭിച്ച് മൂന്ന് മാസത്തിനകം തിരിച്ചടവ് ആരംഭിക്കണം. തിരിച്ചടച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 6/21-22/7.11.2022) മറുപടി ലഭിച്ചിട്ടുണ്ട്. 28 ക്ഷീര സഹകരണ സംഘങ്ങളുടെ തിരിച്ചടവ് വിവരങ്ങൾ (8.12.2022-ലെ DDKTM/124444/2022-Cനമ്പർകത്ത്) ലഭ്യമാക്കിയിട്ടുണ്ട്.

ഇതിൽ കൊതവറ ക്ഷീര വ്യവസായ സഹകരണ സംഘത്തിന് 30.03.2022-ന് തുക നൽകിയിട്ടുണ്ടെങ്കിലും 30.11.2022 നാണ് ക്ഷീര കർഷകന് തുക നല്കിട്ടുള്ളത്. തിരിച്ചടവ് ആരംഭിച്ചിട്ടില്ല. റിവോൾവിംഗ് ഫണ്ട് തവണ തിരിച്ചടവിനായി നിർവ്വഹണോദ്യോഗസ്ഥന്റെ പേരിലുള്ള റിവോൾവിംഗ് ഫണ്ട് റീക്കപ്പ്മെന്റ് സംബന്ധിച്ച് ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ,റിവോൾവിംഗ് ഫണ്ട് സംബന്ധിച്ച് ഓരോ സംരംഭകന്റെയും വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ എന്നിവ നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയിട്ടില്ല ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-56 തനത് ഫണ്ടിൽ നിന്നും നൽകിയ തുക അസിസ്റ്റന്റ് ഡയറക്ടർ(RPF)ന്റെ അക്കൗണ്ടിൽ ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 845/21-22<br>മണർകാട് പ്രാദേശിക കോഴിവളർത്തൽ കേന്ദ്രം ഗ്രാമസമൃദ്ധി എഗ്ഗർ നഴ്സറി യൂണിറ്റ് പദ്ധതി |
| അടങ്കൽ | 535920 |
| ചെലവ് | 484043 |
| ഫണ്ട് | തനത് ഫണ്ട് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയറക്ടർ ,RPF മണർകാട് |

മേൽ പ്രൊജക്ട് പ്രകാരം തനത് ഫണ്ടിൽ നിന്നും (എസിആർ ബിൽ നം 1232/22.03.2022 ) 17654/-രൂപ അസിസ്റ്റന്റ് ഡയറക്ടർ ,RPF മണർകാടിന് നൽകിയിട്ടുണ്ട്. പ്രോജക്ടിന് സുലേഖ ചെലവ് പത്രിക പ്രകാരം ടി തുക ഉൾപ്പടെ ₹484043 രൂപ ചെലവ് കാണിച്ചിട്ടുണ്ട് .എന്നാൽ ടി തുക RPF മണർകാടിന്റെ TSB അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 708011140000053) വരവ് വന്നിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. മേൽ തുക ഏത് അക്കൗണ്ടിലേക്കാണ് ക്രഡിറ്റ് ചെയ്തത് എന്നത് പരിശോധിച്ച് വിശദാംശം രേഖകൾ സഹിതം ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ

ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നമ്പർ 39/21-22/24.02.2023) 6/03/2023/D3/3279/22 പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 22/03/2022 ൽ ACR ലും സുലേഖയിലും വെബ് സാംഖ്യയിലും 17654/- രൂപ 22/03/2022 ൽ പേയ്മെന്റായി കാണിച്ച് ബിൽ ജനറേറ്റ് ചെയ്തിട്ടുണ്ട്. വെബ് സാംഖ്യയിൽ ഓൺ ഫണ്ട് പേയ്മെന്റ് കാണിച്ചിട്ടുണ്ടെങ്കിലും സാങ്കേതിക കാരണങ്ങളാൽ ട്രഷറി മുഖേന പേയ്മെന്റ് ആയിട്ടില്ല എന്നാണ് മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-57 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി കോട്ടയം ജില്ലാ പഞ്ചായത്ത് കോവിഡ് ഫസ്റ്റ് ലെവൽ ട്രീറ്റ്മെന്റ് സെന്റർ ( CFLTC) മണർകാട് പ്രവർത്തിപ്പിച്ചിരുന്നു. 2021-2022 വാർഷിക പദ്ധതിയുടെ ഭാഗമായി, ജില്ലാ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി രണ്ട് പ്രോജക്ടുകൾ ആവിഷകരിച്ച് നടപ്പിലാക്കുകയുണ്ടായി.പ്രോജക്ട് നം. 273/2022 പ്രകാരം 39,80,723 രൂപയും, 276/2022 പ്രകാരം 11,03,590രൂപയും ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് നം. 273/2022 CFLTC നടത്തിപ്പിനും അനുബന്ധ ചെലവുകൾക്കും വേണ്ടിയുള്ളതായിരുന്നു. CFLTC ജീവനക്കാരുടെ വേതനം,രോഗബാധിതരായവർക്കുള്ള താമസ ഭക്ഷണ ചെലവുകൾ,കുടിവെള്ളം, ശുചീകരണ ചെലവുകൾ, മാലിന്യ സംസ്കരണം,ബയോ ടോയിലെറ്റ് വാടക,ട്രീറ്റ്മെന്റ് സെന്ററുകൾക്ക് അടിസ്ഥാന സൗകര്യമൊരുക്കൽ എന്നിവയ്ക്കുമാണ് ജില്ലാ പഞ്ചായത്ത് പ്രധാനമായും തുക ചെലവഴിച്ചത്. തനത് ഫണ്ട് 999198 രൂപയും ,വികസന ഫണ്ട് 22229906 രൂപയും ,സംഭാവനയായി ലഭിച്ച 292396 രൂപയും ,DDMA ഫണ്ടിനത്തിൽ ലഭ്യമായ 4,66,223 രൂപയും ഉൾപ്പടെ 39,80,723 രൂപ ജില്ലാ പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട് . പ്രോജക്ട് നം. 276/2022 പ്രകാരം CFLTC അനുബന്ധ പ്രവർത്തനങ്ങൾക്കായി കോട്ടയം ജില്ലാ പഞ്ചായത്ത് തിരുവാർപ്പ് ,വെച്ചൂർ എന്നീ ഗ്രാമപഞ്ചായത്തുകൾക്കും ,ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്തിനും വിഹിതം നൽകിയിട്ടുണ്ട് .കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് കോട്ടയം ജില്ലാ പഞ്ചായത്തിന് കഴിഞ്ഞിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 കങ്ങഴ ഡിവിഷൻ- വെള്ളാവൂർ ഗ്രാമ പഞ്ചായത്ത് -പൂണിക്കാവ് എസ് സി കുടിവെള്ളപദ്ധതി-ജിഎസ് ടി ഇനത്തിൽ അധികമായി തുക നൽകി- തിരികെ ഈടാക്കിയില്ല

| | |
|---|---|
| പ്രൊ.നം. | 586/22 |
| അടങ്കൽ | 600000(CFC) |
| ചെലവ് | 283091(259389+7857+2529+13316) |
| കരാറുകാരൻ | സത്യൻ ഡി , 108/AEE/LSGD/2021-22 Dtd 9/12/2021 |
| ബിൽ നം. | ബിൽനം 93(II)/30-3-22 |
| എംബുക്ക് നം. | 629/20-21 |

1. കങ്ങഴ ഡിവിഷൻ- വെള്ളാവൂർ ഗ്രാമ പഞ്ചായത്ത്-പൂണിക്കാവ് എസ് സി കുടിവെള്ളപദ്ധതിയ്ക്കായി മോട്ടോർ സ്ഥാപിക്കുന്നതിനും അനുബന്ധ ഇലക്ട്രിഫിക്കേഷൻ ജോലികൾക്കുമായി തയ്യാറാക്കിയ 300000/-രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം കരാറുകാരന് ജിഎസ്ടി കോംപൻസേഷൻ നൽകുന്നതിനുള്ള വിഹിതം ഉൾപ്പെടുത്തിയിരുന്നില്ല. ഡി എസ് ആർ 2016 കോസ്റ്റ് ഇൻഡക്സ് 37.93 പ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ ജി എസ് റ്റി ഒഴിവാക്കിയിട്ടുള്ളതിനാൽ 12% ജി എസ് റ്റി കോമ്പൻസേഷൻ നല്കുന്നതിന് അനുമതിയുണ്ട്. എന്നാൽ മേൽ പ്രവൃത്തിയുടെ സാങ്കേതിക അനുമതി പരിശോധിച്ചതിൽ 2012 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ ജി എസ് റ്റി കോമ്പൻസേഷൻ ഇനത്തിൽ കരാറുകാരന് അധികതുക നല്കുന്നതിന് അനുമതി ഉള്ളതായി കാണുന്നില്ല. എന്നാൽ പ്രസ്തുത പ്രവർത്തിയ്ക്കായി ജിഎസ് ടി ഇനത്തി്ൽ 12% തുക അധികമായി നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആകെ വേലമൂല്യം = 231597

അധികമായി നൽകിയ ജിഎസ് ടി 12% = 27792

ജി എസ് ടി കോമ്പൻസേഷൻ ഇനത്തിൽ അധികമായി നൽകിയ 27792/- രൂപ ഈടാക്കി സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/8-11-22) GSTഇനത്തിൽ അധികം നൽകിയ തുകയായ 27,792/- രൂപ തിരിച്ചടയ്ക്കാൻ കരാറുകാരനെ അറിയിച്ചിട്ടുള്ളതായി മറുപടി നൽകിയിരുന്നു. അധികം നൽകിയ 27,792/- രൂപ നിരാകരിക്കുന്നു. ടി തുക കരാറുകാരനിൽ നിന്നും ഈടാക്കാത്ത പക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

2. പ്രസ്തുത പ്രൊജക്റ്റിന്റെ ഭാഗമായുള്ള വാട്ടർ ടാങ്ക്, കിണർ,പമ്പ് ഹൗസ് , പമ്പിങ്ങ് മെയിൻ, എന്നിവയുടെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. വിതരണലൈനുകൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു. പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്ത് ഗുണഭോക്തൃസമിതിയ്ക്ക് കൈമാറേണ്ടതാണ്.

3-2 കുറവിലങ്ങാട് ഡിവിഷൻ-കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത്-ജലമൈത്രി ശുദ്ധജലവിതരണപദ്ധതി-മെറ്റൽ സ്റ്റാക്കിങ്ങ് -വോയിഡ്സ് കുറവ് ചെയ്തില്ല

| | |
|---|---|
| പ്രൊ.നം | 113/22<br>കുറവിലങ്ങാട് ഡിവിഷൻ- കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത്-ജലമൈത്രി ശുദ്ധജലവിതരണപദ്ധതി |
| അടങ്കൽ | 1000000(CFC) |
| ചെലവ് | 871238 (ബിൽ നം. 1379/27.03.2022) |
| കരാറുകാരൻ | ജോമോൻ എബ്രഹാം,<br>208/AEE/LSGD/2021-22 Dtd 9/2/2022 |
| എംബുക്ക് നം. | 224/20-21 |

കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത്-ജലമൈത്രി ശുദ്ധജലവിതരണപദ്ധതിയ്ക്ക് പുതിയ കിണർ നിർമ്മാണത്തിനായി തയ്യാറാക്കിയ പ്രസ്തുത പ്രൊജക്റ്റ് പ്രകാരം കിണറിന്റെ വശങ്ങൾ ഫില്ലുചെയ്യുന്നതിനായി 13.2mm, 11.2mm വലിപ്പമുള്ള മെറ്റൽ സ്റ്റാക്ക് ചെയ്തിരുന്നു. CPWD സ്പെസിഫിക്കേഷനിൽ നടത്തുന്ന പ്രവർത്തികളിൽ ഉപയോഗിക്കുന്ന മെറ്റലിന്റെ സ്റ്റാക്ക് ചെയ്ത അളവിൽ നിന്നും 7.5% വോയിഡ്സ് കുറവ് ചെയ്ത് മാത്രമാണ് കരാറുകാരന് തുക നൽകാവുന്നത്. എന്നാൽ പ്രസ്തുത പ്രവർത്തിയിൽ ഇപ്രകാരം കുറവ് വരുത്താതെ മുഴുവൻ തുകയും കരാറുകാരന് നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Extra Item No 3- Supply &Stacking 13.2mm Metal=36.9m3

കുറവ് ചെയ്യേണ്ടിയിരുന്നത് (-)7.5% =2.768m3 @Rs 2046.33/m3= Rs 5664/-

Extra Item No 4- Supply &Stacking 11.2mm Metal=34.44m3

കുറവ് ചെയ്യേണ്ടിയിരുന്നത് (-)7.5% =2.583m3 @2343.49/m3 = Rs 6053/-

ആകെ കുറവ് ചെയ്യേണ്ടിയിരുന്ന തുക = 5664+6053= 11717/-

വോയിഡ്സ് കുറവ് ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്എൻക്വയറിയ്ക്ക് (നം 7/8-11-22) മറുപടിയായി കോംപാക്ഷൻ ഇല്ലാതെ സ്വാഭാവികമായിട്ടാണ് ഫില്ലുചെയ്തത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. കിണറിന്റെ വശങ്ങളിൽ മെറ്റൽ ഫില്ലുചെയ്യുമ്പോൾ തന്നെ സ്വാഭാവികമായ കോംപാക്ഷനും നടക്കുന്നുണ്ട്. ആയതിനാൽ തന്നെ മെറ്റൽ സ്റ്റാക്ക് ചെയ്യുന്ന വേളയിൽ 7.5%വോയിഡ്സ് കുറവ് ചെയ്യാൻ Cpwd സ്പെസിഫിക്കേഷനിൽ വ്യക്തമാക്കിയിട്ടുണ്ട്. അളവുകളിൽ കുറവ് ചെയ്യേണ്ടിയിരുന്ന 11711/- രൂപ ഉത്തരവാദിയായ അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

3-3 തലയാഴം പഞ്ചായത്തിൽ പാലച്ചുവട് -പുത്തൻപാലം(ആമേട) – ഉല്ലല -തൂപ്പൊക്കടം തോട് തെളിയിക്കൽ- ആവശ്യാധിഷ്ഠിതമല്ലാതെയുള്ള പ്രവൃത്തി നിർവ്വഹണം

| | |
|---|---|
| പ്രൊജക്റ്റ് നം &പേര് | 522/22 വൈക്കം ഡിവിഷൻ-തലയാഴം പഞ്ചായത്തിൽ പാലച്ചുവട് -പുത്തൻപാലം(ആമേട) – ഉല്ലല -തൂപ്പൊക്കടം തോട് തെളിയിക്കൽ |
| അടങ്കൽ | 765000/-(വികസനഫണ്ട് പൊതുവിഭാഗം) |
| ചെലവ് | 683413/-(ബിൽ നം 21/25-3-22) |
| കരാറുകാരൻ | സേവ്യർ സി എം |
| കരാർ നം | 4/20-21 /22-06-20 |

മേൽ പ്രോജക്റ്റിന്റെ എസ്റ്റിമേറ്റ് പ്രകാരം, ഉല്ലല തൂപ്പൊക്കടം തോടിന്റെ 400m നീളത്തിൽ ഇരുവശങ്ങളിലെ സൈഡിലുള്ള ചെടികൾ നീക്കം ചെയ്ത് ക്ലിയർ ചെയ്യുന്നതിനും ക്ലിയർ ചെയ്ത400m നീളത്തിൽ ഹൈഡ്രോളിക് എസ്കവേറ്റർ ഉപയോഗിച്ച് Clay And Vegitation Removal ചെയ്യുന്നതിനുമുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തിയിരുന്നു. കൂടാതെ എസ്റ്റിമേറ്റിലെ 3-ാമത്തെ ഇനമായി 1460m നീളത്തിൽ ആമേട തോട് ആഴം കൂട്ടൽ പ്രവൃത്തിയും ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത പ്രൊജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 22-6-20 ലെ കരാർ പ്രകാരം പ്രവൃത്തി ആരംഭിച്ച് ഒരു വർഷത്തിനകം, 22-6-21 ന മുൻപായി പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 18-3-22 ന് മാത്രമാണ്. നിയമാനുസൃതം ഈടാക്കേണ്ടിയിരുന്ന പിഴ ഈടാക്കിയില്ലായെന്ന് കാണുന്നു. കോവിഡ് വ്യാപനം., വെള്ളപ്പൊക്കം, കരാറുകാരന് സംഭവിച്ച അപകടം എന്നിവ മൂലമാണ് പ്രവൃത്തി കൃത്യസമയത്ത് പൂർത്തീകരിക്കാതിരുന്നതെന്നും ആയതിനാലാണ് പിഴ ഈടാക്കാതിരുന്നതെന്നും നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു. മറുപടി തൃപ്തികരമല്ല. 2020ൽ ആരംഭിച്ച ആഴം കൂട്ടൽ പ്രൊജക്റ്റിന് ഇത്രയും കാലതാമസം വന്നത് ന്യായീകരിക്കാവുന്നതല്ല. കൂടാതെ പിഴ ഒഴിവാക്കി നൽകുന്നതിന് ജില്ലാപഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരവും വാങ്ങിയിരുന്നില്ല. നിയമാനുസൃതം ഈടാക്കേണ്ട പിഴ കരാറുകാരനിൽ നിന്നും വാങ്ങി ജില്ലാപഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

2. എസ്റ്റിമേറ്റ് റിപ്പോർട്ട്, സ്കെച്ച് എന്നിവ പ്രകാരം തൂപ്പക്കടം , ആമേട തോടുകളുടെ ആകെ നീളം, പ്രവൃത്തി ചെയ്യാനുദ്ദേശിക്കുന്ന നീളം എന്നിവ രേഖപ്പെടുത്തിയിരുന്നില്ല. ക്ലറിക്കൽ മിസ്റ്റേക്ക് മൂലമാണ് അളവ് രേഖപ്പെടുത്താൻ വിട്ടുപോയത് എന്ന് അറിയിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് റിപ്പോർട്ട് , സ്കെച്ച് എന്നിവയിൽ കൃത്യത പുലർത്തേണ്ടതാണ്.

3. 11/11/21 ലെ എഎക്സ്ഇ (കൃഷി) യുടെ കത്ത് പ്രകാരം പ്രവൃത്തി നടപ്പാക്കുന്നതിനായി സൈറ്റ് സന്ദർശിച്ചതിൽ നിലവിൽ ആമേട തോടിന്റെ പണി ഇറിഗേഷൻ വകുപ്പ് പൂർത്തീകരിച്ചതായും ആമേട തോടിന് പകരം തുപ്പൊക്കടം തോടിന് ആഴം കൂട്ടൽ എന്ന പ്രവൃത്തി ചെയ്യുന്നതിന് അനുമതി നൽകണമെന്ന് ജില്ലാപഞ്ചായത്ത് കമ്മറ്റിയെ അറിയിക്കുകയും നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് എഎക്സ്ഇ യെ കമ്മറ്റി ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു (16/11/2021 ലെ തീരുമാനം നമ്പർ7(6)). 1460m നീളത്തിലുള്ള ആമേട തോടിന് പകരം തുപ്പൊക്കടം തോട് ആഴം കൂട്ടുമ്പോൾ ആയതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയും പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ വാങ്ങുകയും ചെയ്യേണ്ടിയിരുന്നു. എന്നാൽ എസ്റ്റിമേറ്റ് പുതുക്കി അംഗീകാരം നേടിയില്ല. എസ്റ്റിമേറ്റ് ക്വാണ്ടിറ്റി അധികരിക്കാത്തതിനാലാണ് പ്രവൃത്തി റിവൈസ് ചെയ്യാതിരുന്നത് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി. എന്നാൽ മറുപടി തൃപ്തികരമല്ല. പ്രൊജക്റ്റ് പ്രകാരമുള്ള പ്രവൃത്തി നടത്തേണ്ട സൈറ്റിൽ വരെ വ്യതിയാനം വരുത്തുന്ന സാഹചര്യത്തിൽ എസ്റ്റിമേറ്റ് ക്വാണ്ടിറ്റിയിൽ അധികരിക്കുന്നില്ലായെങ്കിൽ കൂടി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അംഗീകാരം തേടേണ്ടിയിരുന്നു. അപാകതകൾ ആവർത്തിയ്ക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

4. തോടുകൾ ഇറിഗേഷൻ വകുപ്പിന്റെ നിയന്ത്രണത്തിലുള്ളവയാണ്. ആയതിനാൽ തോടുകളുടെ ആഴം കൂട്ടൽ പ്രവൃത്തികൾക്ക് ഇറിഗേഷൻ വകുപ്പിൽ നിന്നും അനുമതി ആവശ്യമുണ്ട്. ആയത് ലഭിച്ചിട്ടില്ലെന്നു കാണുന്നു.

5. എംബുക്ക് നം 7/21-22 പ്രകാരം തുപ്പൊക്കടം തോടിന്റെ വശങ്ങൾ 400m വൃത്തിയാക്കുകയും എസ്റ്റിമേറ്റിൽ ഉൾപ്പെടാതിരുന്ന 900m (4930m3) നീളത്തിൽ ഇനം 3 പ്രകാരം ആഴം കൂട്ടൽ (EW Excavation By Mechanical Means) നടത്തിയിട്ടുമുണ്ട്. 19-1-22 ന് പ്രവർത്തി പൂർത്തീകരിച്ചതായി കരാറുകാരൻ അറിയിക്കുകയും കൃഷി എഎക്സ്ഇ യുടെ 18-3-22 ലെ ഉത്തരവ് നം എഇ(3)111/2020 നടപടിക്രമങ്ങൾ പ്രകാരം പ്രസ്തുത പ്രവർത്തി പൂർത്തീകരിച്ചിട്ടുള്ളതായും 291413/- അന്തിമബില്ലായി അനുവദിച്ചും ഉത്തരവായിരുന്നു. 22-3-22 ലെ കത്ത് പ്രകാരം ടി ബിൽ റദ്ദുചെയ്യണമെന്ന് ട്രഷറി ഓഫീസറോട് ആവശ്യപ്പെട്ടതായി കാണുന്നു. തുപ്പൊക്കടം തോടിന് ഇനം3പ്രകാരം ആഴം കൂട്ടൽ നടത്തിയതിനാൽ ഇനം 2 ആയി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന ഹൈഡ്രോളിക് എസ്കവേറ്റർ ഉപയോഗിച്ചുള്ള Clay And Vegetation Removal ആവശ്യമില്ലായെന്നിരിക്കെ പ്രവർത്തി പൂർത്തീകരണത്തിന് ശേഷം 24-3-2022 ന് 280mX10m വിസ്തൃതിയിൽ ഇനം 2പ്രകാരമുള്ള പ്രവർത്തി നടത്തി 392000/-രൂപ കൂടി ഉൾപ്പെടുത്തി ബിൽ(ആകെ ബിൽ തുക 683413) തയ്യാറാക്കിയത് ക്രമപ്രകാരമല്ല. അപാകതകൾക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(16/29.11.22) കൃഷിയ്ക്ക് പ്രയോജനപ്പെടുമെന്നതിനാലും ടി പ്രവൃത്തി അത്യാവശ്യമായതിനാലും ടി പ്രവൃത്തി കൂടി പൂർത്തീകരിച്ച ശേഷം തുക നൽകിയതെന്ന നിർവ്വഹണോദ്യോഗസ്ഥന്റെ മറുപടി അംഗീകരിക്കാവുന്നതല്ല. ആഴം കൂട്ടൽ നടത്തിയ തോട്ടിൽ വീണ്ടും ഹൈഡ്രോളിക് എസ്കവേറ്റർ ഉപയോഗിച്ചുള്ള Clay And Vegetation Removal ആവശ്യമില്ലാത്തതാണ്. തുപ്പൊക്കടം തോട്ടിൽ ആഴം കൂട്ടൽ ഇല്ലാതെ ആദ്യ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ഉൾപ്പെടുത്തിയ Clay And Vegetation Removal ടി തോട്ടിൽ ആഴം കൂട്ടൽ നടത്തിയ സാഹചര്യത്തിൽ ആവശ്യമില്ലാത്തതാണ്. ആവശ്യമില്ലാത്ത പ്രവൃത്തിയ്ക്കായുള്ള 3,92,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. (2800 M^2@140/m^2). ടി തുക അളവുകളെടുത്ത അസിസ്റ്റന്റ് എഞ്ചിനീയർ വിനിയ വിഎസ്., അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ സുമേഷ് കുമാർ ടി. എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി സർക്കാരിലേക്ക് അടച്ച് വിവരമറിയിക്കേണ്ടതാണ്.

### 3-4 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകൽ-- സർക്കാർ ഉത്തരവിന് വിരുദ്ധമായി ഉയർന്ന നിരക്കിലെ ലാപ് ടോപ്പ് വാങ്ങി നൽകി

1) പൊതുവിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടിഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്റ്റ് നം. 888/22 പ്രകാരം കോട്ടയം ജില്ലയിലെ ഹൈസ്കൂൾ, ഹയർ സെക്കന്ററി , വൊക്കേഷണൽ ഹയർസെക്കന്ററി

സ്കൂളുകളിലെ 250 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിനായി എസ് സി ഫണ്ട് 1,10,00,000/-രൂപഅടങ്കലായി പ്രോജക്ട് തയ്യാറാക്കിയിരുന്നു. ആയത് പ്ര കാ രം 250 കു ട്ടി കൾക്ക് 43981 രൂ പ നി രക്കിൽ 1,09,95249/- രൂപ (ബിൽ നം. 19222/22.03.22) ചെലവഴിച്ച് കെൽട്രോണിൽ നിന്നും ലാപ്ടോപ്പ് വാങ്ങി നൽകിയിട്ടുണ്ട്.

20-1-2020 ലെ ഡിഎ1/363/2019/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം മിഡിൽ ലെവൽ സ്പെസിഫിക്കേഷനിലുള്ള വിൻഡോസ് അധിഷ്ഠിത ലാപ് ടോപ്പിന് 27722/-രൂപയും ഉബുണ്ടു അധിഷ്ഠിതമായതിന് 22895/- രൂപയുമാണ് അനുവദിച്ചിരുന്നത്. കൂടാതെ 20-10-2020ലെ സർക്കുലർ നം ഡിഎ1/208/2020/തസ്വഭവ പ്രകാരം ഓൺലൈൻ പഠനത്തിനായി മിഡിൽലെവൽ സ്പെസിഫിക്കേഷൻ ഉള്ള ലാപ് ടോപ്പ് വാങ്ങി നൽകേണ്ടതില്ലായെന്നും ഏറ്റവും Base Model ആയ ലാപ് ടോപ്പ് വാങ്ങി നൽകിയാൽ മതിയെന്നും നിർദ്ദേശിച്ചിരുന്നു. ഈ രീതിയിൽ കുറഞ്ഞനിരക്കിൽ Base Model കമ്പ്യൂട്ടർ വാങ്ങാൻ നിർദ്ദേശം ഉണ്ടായിരിക്കെ ഉയർന്ന നിരക്കിലും സ്പെസിഫിക്കേഷനിലുമുള്ള ലാപ്ടോപ്പ് വാങ്ങിയത് ക്രമപ്രകാരമല്ല. ഉയർന്ന നിരക്കിൽ ലാപ് ടോപ്പ് വാങ്ങി നൽകുന്നതിന് അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം12/16-11-22) മറുപടിയായി സ.ഉ(സാധാ) നം 3847/2019 തീയതി 27-9-2019 പ്രകാരമാണ് വാങ്ങൽ നടത്തിയിട്ടുള്ളത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ടി ഉത്തരവിൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്കൂളുകൾക്ക് ലാബിലേക്ക് ആവശ്യമായ ലാപ് ടോപ്പ് വാങ്ങുന്നതിനുള്ള നിരക്കാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് വിദ്യാർത്ഥികൾക്ക് നൽകുന്ന ലാപ് ടോപ്പിനുള്ള നിരക്കല്ല . വിൻഡോസ് അധിഷ്ഠിത ലാപ് ടോപ്പിന് പരമാവധി നൽകാവുന്ന നിരക്ക് 27722/-രൂപയാണ് . 250 ലാപ് ടോപ്പുകൾക്ക് അധികമായി നൽകിയ 250x16259(43981-27722)= 40,64,750/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക പൊതുവിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും ഈടാക്കേണ്ടതാണ്.

### 3-5 ഇടക്കോലി GHSS മെയിന്റനൻസ് - രണ്ടു പ്രോജക്ട് പ്രകാരം ചെയ്തത് ഒരേ പ്രവൃത്തി

ഇടക്കോലി GHSS മെയിന്റനൻസിനായി 2020-21, 2021-22 വർഷങ്ങളിൽ തയ്യാറാക്കിയ രണ്ട് പ്രോജക്റ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോ.നം | 567/22ഇടക്കോലി GHSSമെയിന്റനൻസ് | 688/22ഇടക്കോലി(സ്പിൽ ഓവർ) GHSSമെയിന്റനൻസ് |
|---|---|---|
| അടങ്കൽ | 500000(MGNR) | 600000(MGNR) |
| ചെലവ് | 479110(ബിൽ നം20,/30-3-2022) | 588306(ബിൽ നം69/30-3-2022) |
| കരാറുകാരൻ | സ്റ്റീഫൻ ലൂക്കോസ് | സ്റ്റീഫൻ ലൂക്കോസ് |
| കരാർ | 193/AEE /LSGD21-22dtd 1/2/2022 | 195/AEE/LSGD20-21dtd 1/2/2022 |
| എംബുക്ക് നം | 435/20-21 | 434/20-21 |

പ്രോ .നം 567/22 പ്രകാരം നിലവിൽ ഓട് പതിച്ചിരുന്ന സ്കൂൾ കെട്ടിടത്തിന്റെ ഓട് മാറ്റൽ, 1370 Kg സ്റ്റീൽ വർക്ക് പർലിൻ ചെയ്ത് ഓടുകൾ വീണ്ടും പതിക്കുക, എന്നിവയ്ക്കായിരുന്നു എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. പ്രൊ .നം 688/22 പ്രകാരവും അതേ കെട്ടിടത്തിന്റെ തന്നെ നിലവിൽ ഓട്പതിച്ചിരുന്ന കെട്ടിടത്തിന്റെ ഓട് മാറ്റൽ, 898.914kgപർലിൻ വർക്ക് ചെയ്ത് ഓടുകൾ വീണ്ടും പതിക്കുക, ഫാൾസ് സീലിങ് നടത്തുക എന്നിവയ്ക്കായിരുന്നു എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്.എസ്റ്റിമേറ്റിനൊപ്പം ലഭ്യമാക്കിയിട്ടുള്ള പ്രവർത്തി നടത്തുന്ന കെട്ടിടത്തിന്റെ സ്കെച്ച്

രണ്ടു പ്രൊജക്ടിനും ഒരേ കെട്ടിടത്തിന്റേതാണ്. ഒരു കരാറുകാരൻ തന്നെ ഒരേ തീയതിയിൽ കരാറിലേർപ്പെടുകയും ഒരേ കെട്ടിടത്തിന്റെ മെയിന്റനൻസ് പ്രവർത്തികൾ ഒരേ എസ്റ്റിമേറ്റ് പ്രകാരം ഏറ്റെടുത്ത് ചെയ്തത് വഴി പ്രവർത്തികളിൽ ഇരട്ടിപ്പ് വന്നതായി കാണുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം10/8-11-22 )മറുപടി ലഭ്യമാക്കിയില്ല. കെട്ടിടത്തിന്റെ ആകെ നീളം , ആവശ്യമായ പർലിന്റെ അളവ് എന്നിവയൊന്നും എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയിട്ടില്ല. ഓരോ പ്രൊജക്റ്റ് പ്രകാരവും ചെയ്ത പ്രവൃത്തി കെട്ടിടത്തിന്റെ ഏത് ഭാഗത്താണ് എന്നത് സംബന്ധിച്ച് യാതൊരു രേഖപ്പെടുത്തലും രണ്ട് പ്രൊജക്റ്റ് പ്രകാരവുമുള്ള എംബുക്കുകളിൽ ഇല്ല. രണ്ട് പ്രൊജക്റ്റ് പ്രകാരവും പർലിൻ സ്ഥാപിച്ച് ഓട് പതിപ്പിക്കുന്ന ഒരേ പ്രവൃത്തി നടത്തിയിട്ടുള്ളതിനാലും വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ട്, സ്കെച്ച് എന്നിവയുടെ അഭാവത്തിലും പുതിയ പ്രോജക്ടിനായുള്ള 479110 /- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക എസ്റ്റിമേറ്റ് തയ്യാറാക്കുകയും അളവെടുക്കുകയും ചെയ്ത രാമപുരം ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. രാജേഷ് ഡി നായർ, നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2021-22 | 22-02-2023മുതൽ 24-02-2023 വരെ |

(ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട്.)

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| വിവിധ ഗ്രാമ പഞ്ചായത്തുകൾ | 2021-22 | 525931 | ക്യാൻ കോട്ടയം ഫിറ്റ് കോട്ടയം | 525931 | 0 |
| ബ്ളോക്ക് പഞ്ചായത്തുകൾ | 2021-22 | 250000 | ക്യാൻ കോട്ടയം ഫിറ്റ് കോട്ടയം | 250000 | 0 |
| ആകെ | | 775931 | | 775931 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി

തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഏജൻസി | പ്രോജക്ട് നമ്പർ, പ്രവൃത്തിയുടെ പേര്, | വൗച്ചർ നമ്പർ/ ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | | | | | | |
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ,കെ.എസ്.ഇ.ബി,ഇലക്ട്രിക്കൽ ഡിവിഷൻ, മണിമല | 905/2022കാഞ്ഞിരപ്പള്ളി ഡിവിഷൻ -മണിമല പഞ്ചായത്ത് വാർഡ് 1- സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ -തുക കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്യൽ | 150/31.3.2022 | 99,978/- | 0 | 99,978/- |
| 2 | എക്സി.എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ,പാല | 1051/22 കിടങ്ങൂർ ഡിവിഷൻ -മുത്തോലി,കിടങ്ങൂർ പഞ്ചായത്തുകളിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിയ്ക്കലും, ലൈൻ നീട്ടലും | 146/21-22/ 31.03.2022 | 3,49,201/- | 0 | 3,49,201/- |
| 3 | എക്സിക്യൂട്ടിവ് എഞ്ചിനീയര്, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, വൈക്കം | 577/21-22 റെയിൽവെ ജംഗ്ഷൻ അറുന്നപാടം സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ- തുക കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്യൽ. | 114/22/ 16.03.2022 | 3,99,666/- | 0 | 3,99,666/- |
| 4 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ ഡിവിഷൻ,കുമരകം, അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ ഡിവിഷൻ, അയ്മനം | 576/21-22 തിരുവാർപ്പ് ഗ്രാമ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ- കെ.എസ്.ഇ.ബിയിൽ തുക ഡെപ്പോസിറ്റ് ചെയ്യൽ. | 124/21-22/ 21.03.2022 | 519554+ 1218374= 17,37,928/- | 0 | 17,37,928/ |
| 5 | എക്സിക്യൂട്ടിവ് എഞ്ചിനീയര് കെ.എസ്.ഇ.ബി,ഇലക്ട്രിക്കൽ ഡിവിഷൻ,പള്ളം | 419/21-22 പനച്ചിക്കാട് പഞ്ചായത്ത് -സ്ട്രീറ്റ് മെയിൻ വലിക്കൽ- | 121/21-22/ 22.03.2022 | 1,49,949/- | 0 | 1,49,949/- |
| 6 | അസിസ്റ്റന്റ് എഞ്ചിനീയർ,കെ.എസ്.ഇ.ബി,ഇലക്ട്രിക്കൽ സെക്ഷൻ,തലയാഴം | 536/21-22തലയാഴം ഡിവിഷൻ വെച്ചൂർ പഞ്ചായത്ത് -വാർഡ് 3- തലയാഴം വാർഡ് 2 എന്നീയിടങ്ങളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ-തുക കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്യൽ. | 113/21-22/ 16.03.2022 | 1,99,892/- | 0 | 1,99,892/- |
| 7 | എക്സിക്യൂട്ടിവ് എഞ്ചിനീയര് കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ,പാല | 981/21-22 കിടങ്ങൂർ ഡിവിഷൻ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കലും ലൈൻ മാറ്റി സ്ഥാപിക്കലും | 86/21-22/ 31.01.2022 | 4,98,447/- | 0 | 4,98,447/- |
| 8 | എക്സിക്യൂട്ടിവ് എഞ്ചിനീയര്, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ,വൈക്കം | 578/21-22 കാക്കശ്ശേരി ചക്കംകുഴി റോഡ് സ്ട്രീറ്റ് ലൈൻ വലിക്കൽ-തുക | 111/21-22/ 16.03.2022 | 3,99,985/- | 0 | 3,99,985/- |

| | | | | | | |
|---|---|---|---|---|---|---|
| | | കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്യൽ. | | | | |
| ആകെ | | | | 38,35,046 | 0 | 38,35,046 |
| കേരള വാട്ടർ അതോറിറ്റി | | | | | | |
| 1 | എക്സിക്യൂട്ടീവ് എഞ്ചീനീയര്,പബ്ളിക്ക് ഹെൽത്ത് ഡിവിഷൻ,KWA തിരുവല്ല. | 292/21-22<br>പായിപ്പാട് പഞ്ചായത്ത് വാർഡ് 1 -പാറയ്ക്കൽ കോളനി കടിവെള്ള പൈപ്പ് (എ സി കനാൽ ക്രോസ്സിംഗ് )പുനഃ സ്ഥാപിക്കൽ-KWAഡെപ്പോസിറ്റ് | 1509/31.03.2022 | 70,000/- | 0 | 70,000/- |
| 2 | എക്സിക്യൂട്ടീവ് എഞ്ചിനീയർ,KWA,പി.എച്ച് ഡിവിഷൻ തിരുവല്ല. | 26/21-22<br>വാഴപ്പള്ളി പഞ്ചായത്ത് വാർഡ് 12-മണ്ണാത്തിപ്പാറ ഭാഗത്ത് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 151/21-22/<br>31.03.2022 | 5,00,000/- | 0 | 5,00,000/- |
| 3 | എക്സിക്യൂട്ടീവ് എഞ്ചിനീയർ,KWA,പി.എച്ച് ഡിവിഷൻ തിരുവല്ല | 28/21-22<br>നെടുങ്കുന്നം പഞ്ചായത്ത് വാർഡ് 2-പാറയ്ക്കൽ കോളനി പൈപ്പ് ലൈൻ നീട്ടൽ | 154/21-22/<br>31.03.2022 | 10,00,000/- | .<br>0 | 10,00,000/- |
| 4 | എക്സിക്യൂട്ടീവ് എഞ്ചിനീയർ,KWA,പി.എച്ച് ഡിവിഷൻ തിരുവല്ല. | 395/21-22<br>കങ്ങഴ ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്ടെൻഷൻ | 152/21-22/<br>31.03.2022 | 2,20,000/- | 0 | 2,20,000/- |
| 5 | എക്സിക്യൂട്ടീവ് എഞ്ചിനീയർ,KWA,പി.എച്ച് ഡിവിഷൻ കോട്ടയം | 446/21-22<br>പൊൻകുന്നം ഡിവിഷൻ ചിറക്കടവ് പഞ്ചായത്ത് വാർഡ് 5-വയസുക്കുന്നേൽ ആലപ്പാട് നേതാജി റോഡ് -പൈപ്പ് ലൈൻ നീട്ടൽ | 40/21-22/<br>01.11.2021 | 5,00,000/- | 0 | 5,00,000/- |
| 6 | എക്സിക്യൂട്ടീവ് എഞ്ചിനീയർ,KWA,പി.എച്ച് ഡിവിഷൻ, കോട്ടയം | 400/21-22<br>മുണ്ടക്കയം ഡിവിഷൻ-കൂരംശുക്ക് കടിവെള്ള പൈപ്പ് ലൈൻ-മൂർത്തിപ്പടി ഭാഗത്തേക്ക് നീട്ടലും നിലവിലുള്ള ലൈനിലെ കേടുപാടുള്ള പൈപ്പുകൾ മാറ്റി സ്ഥാപിക്കലും | 47/21-22/<br>08.11.2021 | 12,00,000/- | 0 | 12,00,000/- |
| 7 | എക്സിക്യൂട്ടീവ് എഞ്ചിനീയർ,KWAപി.എച്ച് ഡിവിഷൻ ,കോട്ടയം | 876/21-22<br>പനച്ചിക്കാട് പഞ്ചായത്ത് ഉണ്ടപ്പറമ്പ് തകിടിപ്പറമ്പ് റോഡ് പൈപ്പ് ലൈൻ നീട്ടൽ-തുക വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യൽ. | 101/21-22/<br>21.02.2022 | 2,60,000/- | 0 | 2,60,000/- |
| 8 | .എക്സിക്യൂട്ടീവ് എഞ്ചിനീയർ,KWA,പി.എച്ച് ഡിവിഷൻ , കോട്ടയം | 301/21-22<br>അയ്മനം പഞ്ചായത്ത് വാർഡ് -1 കോലടിച്ചിറ | 1053/16.03.2022 | 5,00,000/- | 0 | 5,00,000/- |

| | | | | | | |
|---|---|---|---|---|---|---|
| | | കരീമഠം കൊല്ലത്തുകരി പൈപ്പ് ലൈൻ ഇടൽ -തുക KWAയിൽ ഡെപ്പോസിറ്റ് ചെയ്യൽ | | | | |
| 9 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, KWA,പി.എച്ച് ഡിവിഷൻ, തിരുവല്ല | 304/21-22<br>വാകത്താനം ഡിവിഷൻ- വാഴപ്പള്ളി പഞ്ചായത്ത്- പുറക്കടവ് മുസ്ലീം പള്ളി റോഡ് ജുമാ മസ്ജിദ് -പീസ് ലൈൻ റോഡ് മണ്ണാത്തിപ്പാറ പൈപ്പ് ലൈൻ എം സി റോഡ് -പുറത്തേരി ഭാഗം എന്നീ കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ-തുക KWAയിൽ ഡെപ്പോസിറ്റ് ചെയ്യൽ. | 1506/31.03.2022 | 25,00,000/- | 0. | 25,00,000/- |
| 10 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, KWA,പി.എച്ച് ഡിവിഷൻ , തിരുവല്ല. | 907/21-22<br>പായിപ്പാട് പഞ്ചായത്ത് ഒന്നാം വാർഡ് -ഇടവംന്തറ ജംഗ്ഷൻ മുതൽ ദൈവം പടി വരെ പൈപ്പ് ലൈൻ സ്ഥാപിക്കൽ - KWA ഡെപ്പോസിറ്റ് . | 1531/31.03.2022 | 4,00,000/- | 0 | 4,00,000/- |
| 11 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, KWA,പി.എച്ച് ഡിവിഷൻ ,തിരുവല്ല | 908/21-22<br>പായിപ്പാട് പഞ്ചായത്ത്- ഇടവംന്തറ ഷാപ്പ് പടി മുതൽ കളത്തിൽ വീട് വരെ പൈപ്പ് ലൈൻ സ്ഥാപിക്കൽ - KWAൽഡെപ്പോസിറ്റ് . | 1510/31.03.2022 | 2,30,000/- | 0 | 2,30,000/- |
| 12 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, KWA, പി.എച്ച് ഡിവിഷൻ തിരുവല്ല. | 909/21-22<br>വാഴപ്പള്ളി പഞ്ചായത്ത് വെട്ടിത്തുരുത്തേൽ- തെക്കേ ഓടേറ്റി കണ്ണമ്പുഴ മോട്ടോർതറ മുതൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ - KWAൽ ഡെപ്പോസിറ്റ് . | 1507/31.03.2022 | 2,00,000/- | 0 | 2,00,000/- |
| 13 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, KWA,പി.എച്ച് ഡിവിഷൻ തിരുവല്ല. | 910/21-22<br>പായിപ്പാട് പഞ്ചായത്ത് 15-ാം വാർഡ് ളായിക്കാട് ഗുരുമന്ദിരം -പാലത്ര റോഡ് പൈപ്പ് ലൈൻ സ്ഥാപിക്കൽ - KWA ഡെപ്പോസിറ്റ് | 1508/31.03.2022 | 2,20,000/- | 0 | 2,20,000/- |
| ആകെ | | | | 78,00,000 | 0 | 78,00,000 |
| അനർട്ട് | | | | | | |
| 1 | അനർട്ട്, കോട്ടയം | 420/21-22<br>പനച്ചിക്കാട് പഞ്ചായത്ത് സോളാർ ലാമ്പ് വിത്ത് എൽ ഇ ഡി ബൾബുകൾ സ്ഥാപിക്കുക | 128/21-22/ 21.03.2022 | 9,93,850/- | 0 | 9,93,850/- |

| | | | | | | |
|---|---|---|---|---|---|---|
| ആകെ | | | | 9,93,850/- | 0 | 9,93,850/- |
| ഭൂഗർഭ ജല വകുപ്പ് | | | | | | |
| 1 | ജില്ലാ ഓഫീസർ. ഭൂഗർഭ ജല വകുപ്പ് , കോട്ടയം | 537/21-22<br>വാകത്താനം ഡിവിഷൻ-വാകത്താനം പഞ്ചായത്ത് കിളിരൂകുന്ന് വള്ളിക്കാട് പാണകുന്ന് എന്നീ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്ടെൻഷൻ-തുക GWD-ൽ ഡെപ്പോസിറ്റ് ചെയ്യൽ. | 75/21-22/ 30.12.2021 | 15,00,000/- | 0 | 15,00,000/- |
| 2 | ജില്ലാ ഓഫീസർ, ഭൂഗർഭ ജല വകുപ്പ് ,കോട്ടയം | 979/21-22<br>വിജയപുരം ഗ്രാമ പഞ്ചായത്ത് വാർഡ് 15- ഉണ്ണിക്കുന്ന് കുടിവെള്ള പദ്ധതി -തുക ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഡെപ്പോസിറ്റ് ചെയ്യൽ | XVFC/21-22 /P/40/31.03.22 | 10,00,000 | | 10,00,000 |
| ആകെ | | | | 25,00,000/- | 0 | 25,00,000/- |
| പിഡബ്യൂഡി (ഇലക്ട്രിക്കൽ) | | | | | | |
| 1 | പിഡബ്യൂഡി (ഇലക്ട്രിക്കൽ) | 1025/2022<br>തൃക്കൊടിത്താനം ഡിവിഷൻ -SC കോളനികളിൽ മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 929/28.02.2022 | 42000/- | 0 | 42000/- |
| ആകെ | | | | 42000 | 0 | 42000 |
| ജലസേചന വകുപ്പ് | | | | | | |
| 1 | എക്സിക്യൂട്ടീവ് എഞ്ചിനീയർ ,മൈനർ ഇറിഗേഷൻ ഡിവിഷൻ, കോട്ടയം | 1077/21-22<br>മീനടം പഞ്ചായത്ത് -വാർഡ് 12-മീനടം ഭഗവതി ക്ഷേത്രം ഭാഗത്ത് വെൻഡഡ് ക്രോസ് ബാർ നിർമ്മാണം (ജല സംരക്ഷണ ത്തിനായുള്ള ചെക്ക് ഡാം നിർമ്മാണം) പഞ്ചായത്തിന് വിഹിതം കൈമാറൽ | 1342/26.3.22 | 12,50,000/- | 0 | 12,50,000/- |
| ആകെ | | | | 12,50,000/- | 0 | 12,50,000/- |
| അക്രെഡിറ്റഡ് ഏജൻസി | | | | | | |
| 1 | KEL(Kerala Electricals & Allied Engineering) | 271/21-22<br>ഭരണങ്ങാനം ഡിവിഷൻ –<br>വിവിധ കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 89/21-22/ 14.02.2022, 130/21-22/ 26.03.2022 | 300000+ 900000<br>12,00,000 | 0 | 12,00,000 |
| 2 | KEL(Kerala Electricals & Allied Engineering) | 407/21-22<br>മീനച്ചിൽ,കരൂർ,കടനാട് ,ഭരണങ്ങാനം പഞ്ചായത്തുകളിലെ വിവിധ ജംഗ്ഷനുകളിൽ | 49/21-22/ 17.11.2021 | 15,00,000 | 15,00,000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | മിനി<br>ഹൈമാസ്റ്റ് ലൈറ്റ്<br>സ്ഥാപിക്കൽ | | | | |
| 3 | KEL(Kerala Electricals & Allied Engineering) | 978/21-22<br>കടപ്ളാമറ്റം ,കാണക്കാരി,മാഞ്ഞൂർ, കുറവിലങ്ങാട് പഞ്ചായത്തുകളിലെ വിവിധ സ്ഥലങ്ങളിൽ ഹൈമാ സ്റ്റ് മിനി സ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1512/21-22/<br>31.03.2022,<br>1513/21-22/<br>31.03.2022, | 24,00,000 | 0 | 24,00,000 |
| 4 | KEL(Kerala Electricals & Allied Engineering) | 422/21-22<br>എരുമേലി ഗ്രാമ പഞ്ചായത്ത്- വിവിധ ഭാഗങ്ങളിൽ<br>മിനി ഹൈമാസ്റ്റ്<br>ലൈറ്റ് സ്ഥാപിക്കൽ | 67/21-22/<br>15.12.2021,<br>107/21-22/<br>28.02.2022 | 2,00,000+<br>6,00,000<br>8,00,000 | 8,00,000 | 0 |
| 5 | KEL(Kerala Electricals & Allied Engineering) | 454/21-22<br>കുറിച്ചി ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ<br>മിനി മാസ്റ്റ്<br>ലൈറ്റ് സ്ഥാപിക്കൽ | 92/21-22/<br>11.02.2022,<br>143/21-22/<br>27.03.2022 | 199867+<br>599600<br>799467 | 799467 | 0 |
| 6 | KEL(Kerala Electricals & Allied Engineering) | 904/21-22<br>എരുമേലി ഡിവിഷൻ വിവിധ എസ്.സി കോളനികളിൽ<br>മിനി മാസ്റ്റ് ഹൈമാസ്റ്റ്<br>ലൈറ്റ് സ്ഥാപിക്കൽ | 1046/21-22/<br>16.03.2022<br>,1511/21-22/<br>31.03.2022 | 300000+<br>900000<br>1200000 | 1200000 | 0 |
| 7 | KEL(Kerala Electricals & Allied Engineering) | 43/21-22<br>പൊൻകുന്നം ഡിവിഷനിലെ വിവിധ എസ്.സി കോളനികളിൽ എൽ ഇ ഡി ഹൈമാസ്റ്റ്<br>ലൈറ്റ് സ്ഥാപിക്കൽ | 116/21-22/<br>15.03.2022,<br>156/21-22/<br>30.03.2022 | 300000+<br>900000<br>1200000 | 1200000 | 0 |
| 8 | KEL(Kerala Electricals & Allied Engineering) | 253/21-22<br>അയർകുന്നം ഡിവിഷൻ- വിജയപുരം ,അയർകുന്നം,മണർകാട് പഞ്ചായത്തുകളിലെ വിവിധ വാർഡുകളിൽ ഹൈമാസ്റ്റ്<br>ലൈറ്റ് സ്ഥാപിക്കുക | 122/21-22/<br>19.03.2022 | 160000 | 160000 | 0 |
| 9 | KEL(Kerala Electricals & Allied Engineering) | 452/21-22<br>തൃക്കൊടിത്താനം ഡിവിഷൻവിവിധ സ്ഥലങ്ങളിൽ<br>മിനി മാസ്റ്റ് ഹൈമാസ്റ്റ്<br>ലൈറ്റ് സ്ഥാപിക്കൽ | 115/21-22/<br>15.03.2022 | 200000 | 200000 | 0 |
| 10 | KEL(Kerala Electricals & Allied Engineering) | 409/21-22<br>വാകത്താനം,മാടപ്പള്ളി, വാഴപ്പള്ളി പഞ്ചായത്തുകളിലെ | 497/21-22/<br>15.12.2021,<br>1016/21-22/ | 300000+<br>900000<br>1200000 | 1200000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | വിവിധ ജംഗ്ഷനുകളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 14.03.2022 | | | |
| 11 | KEL(Kerala Electricals & Allied Engineering) | 410/21-22 വാകത്താനം, മാടപ്പള്ളി, വാഴപ്പള്ളി പഞ്ചായത്തുകളിലെ വിവിധ ജംഗ്ഷനുകളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 496/21-22/ 15.12.2021, 1017/21-22/ 14.03.2022 | 200000+ 600000 800000 | 800000 | 0 |
| 12 | KEL(Kerala Electricals & Allied Engineering) | 436/21-22 പാറത്തോട് പഞ്ചായത്ത് -കുരംഗുക്ക് ഭാഗം ഹൈമാസ്റ്റ് ലൈറ്റ്-PWD-ൽ ഡെപ്പോസിറ്റ് | 499/21-22/ 15.12.2021, 887/21-22/ 23.02.2022 | 100000+ 300000 400000 | 400000 | 0 |
| 13 | KEL(Kerala Electricals & Allied Engineering) | 442/21-22 കിടങ്ങൂർ ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 812/21-22/ 16.02.2022, 1009/21-22/ 11.03.2022 | 580000+ 1740000 2320000 | 0 | 2320000 |
| 14 | KEL(Kerala Electricals & Allied Engineering) | 443/21-22 കിടങ്ങൂർ ഡിവിഷനിലെ വിവിധ എസ്.സി കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 494/21-22/ 15.12.2021, 1256/21-22/ 23.03.2022 | 516000+ 1548000 2064000 | 0 | 2064000 |
| 15 | KEL(Kerala Electricals & Allied Engineering) | 444/21-22 വെള്ളൂർ ഡിവിഷൻ- വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 500/21-22/ 15.12.2021, 931/21-22/ 28.02.2022 | 200000+ 600000 800000 | 800000 | 0 |
| 16 | KEL(Kerala Electricals & Allied Engineering) | 868/21-22 കുറിച്ചി ഡിവിഷൻ- കുറിച്ചി പഞ്ചായത്ത് കല്ലുകടവ് പനച്ചിക്കാട് പഞ്ചായത്ത് നെല്ലിക്കൽ ഷാപ്പും പടി എന്നീ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 817/21-22/ 17.02.2022, 1343/21-22/ 26.03.2022 | 80000+ 240000 320000 | 320000 | 0 |
| 17 | KEL(Kerala Electricals & Allied Engineering) | 906/21-22 പൂഞ്ഞാർ ഡിവിഷനിലെ വിവിധ എസ്.സി കോളനികളിലും സങ്കേതങ്ങളിലും മിനി മാസ്റ്റ്,ഹൈമാസ്റ്റ് ,സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 1182/21-22/ 19.03.2022 | 300000 | 300000 | 0 |
| 18 | KEL(Kerala Electricals & Allied Engineering) | 912/21-22 ഭരണങ്ങാനം ഡിവിഷൻ- | 888/21-22/ 23.02.2022, | 198000+ 594000 | 792000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ്, മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1525/21-22/ 31.03.2022 | 792000 | | |
| 19 | KEL(Kerala Electricals & Allied Engineering) | 421/21-22 തലപ്പലം ,തിടനാട് മേലുകാവ് പഞ്ചായത്തുകളിലെ വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 493/21-22/ 15.12.2021, 930/21-22/ 28.02.2022 | 300000+ 900000 1200000 | 1200000 | 0 |
| ആകെ | | | | 19655467 | 11671467 | 79,84,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

മൊബിലൈസേഷൻ അഡ്വാൻസായി തൻ വർഷം തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

വായ്പ /വായ്പ തിരിച്ചടവ് ഇനത്തിൽ തൻ വർഷം വരവ് /ചെലവ് ഇല്ല

## 4-6 സ്ഥിര നിക്ഷേപം

2021-22 വാർഷിക ധനകാര്യ പത്രിക പ്രകാരം ജില്ലാപഞ്ചായത്തിന് സ്ഥിര നിക്ഷേപം ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

2021-22 വാർഷികധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ തുക വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 24 | 2003-04 | 5-3(1) | എസ് സി വിദ്യാർത്ഥികൾക്ക് ഡിക്ഷണറി വിതരണം ചെയ്തതിലെ ക്രമക്കേടുകൾ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2011-14) 23-ാമത് റിപ്പോർട്ട് ഖണ്ഡിക 10 |
| 1998-99 | 3,4,5 | 2003-04 | 5-3(5) | സ്വാശ്രയ സംഘങ്ങൾക്ക് ധനസഹായം നൽകിയതിലെ അപാകതകൾ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2011-14) 23-ാമത് റിപ്പോർട്ട് ഖണ്ഡിക 37 പ്രകാരം സെക്രട്ടറി, ഫിനാൻസ് ഓഫീസർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കണം |
| 1998-99 | 7 | 2003-04 | 5-3(3) | വില കൊടുത്ത ബിറ്റുമിൻ യഥാസമയം ഏറ്റുവാങ്ങാതിരുന്നതിനാൽ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2011-14) |

| | | | | | |
|---|---|---|---|---|---|
| | | | | നഷ്ടം സംഭവിച്ചു | 23-ാമത് റിപ്പോർട്ട് ഖണ്ഡിക 24 പ്രകാരം തുക സെക്രട്ടറിയിൽ നിന്നും ഈടാക്കണം |
| 1998-99 | 8 | 2003-04 | 5-3(4) | സർക്കാർ അനുമതി ഇല്ലാതെ 30%ൽ അധികം ടെണ്ടർ എക്സസ് നൽകി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2011-14) 23-ാമത് റിപ്പോർട്ട് ഖണ്ഡിക 30 പ്രകാരം ടെണ്ടർ ഉറപ്പിച്ച ജനറൽ കമ്മറ്റി അംഗങ്ങളിൽ നിന്നും ഈടാക്കണം |
| 1999-00, 2000-01 | 23-1 | 2003-04 | 5-3(6) | കുടിവെള്ള പദ്ധതികൾ നടപ്പാക്കൽ അപാകതകൾ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2011-14) 23-ാമത് റിപ്പോർട്ട് ഖണ്ഡിക 44 പ്രകാരം ഭരണവകുപ്പ് സമഗ്ര അന്വേഷണ റിപ്പോർട്ട് സമർപ്പിക്കണം |
| 1999-00, മുതൽ 2001-02 വരെയുള്ള ജനകീയാസൂത്രണ ഓഡിറ്റ് | 2(ജെ) | 2003-04 | 5-3(8) | പദ്ധതി വിഹിതം സമയ ബന്ധിതമായി ചെലവഴിച്ചില്ല. | (2011-14) 23-ാമത് റിപ്പോർട്ട് പ്രകാരം ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കണം |
| | 4 | 2003-04 | 5-3(9) | ജില്ലാ പഞ്ചായത്ത് ഭവൻ കെട്ടിട നിർമ്മാണം സർക്കാർ നിർദ്ദേശങ്ങൾ ലംഘിക്കപ്പെട്ടു- പദ്ധതി തുക വകമാറ്റി ചെലവഴിച്ചു | ടി ഖ.56-61 പ്രകാരം സെക്രട്ടറി, സെക്രട്ടറി ഇൻ ചാർജ് എന്നിവരിൽ നിന്ന് ഈടാക്കണം |
| | 5 | 2003-04 | 5-3(10) | റബർ പാർക്ക് നിർമ്മാണം രൂപീകരണ ത്തിലെ അപാകതകൾ | ടി ഖ.67 പ്രകാരം സെക്രട്ടറി, സ്റ്റാന്റിങ്ങ് കമ്മിറ്റി അംഗങ്ങൾ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കണം |
| | 6 | 2003-04 | 5-3(11) | പട്ടിക ജാതി വനിതകൾക്ക് തയ്യൽ മെഷീൻ വിതരണം ക്രമക്കേടുകൾ | ടി ഖ.61 പ്രകാരം സെക്രട്ടറി വിജയകൃഷ്ണൻ IAS-ൽ നിന്ന് ഈടാക്കണം |
| | 7 | 2004-05 | 2-3 | യന്ത്രവത്കൃത ഡീഫൈബറിംഗ് യൂണിറ്റ് പ്രവർത്തനക്ഷമമായില്ല. | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2005-06 | 3-3 | 2007-08 | 3-38-1 | കണ്ണാടിച്ചാൽ പാലം അപ്രോച്ച് റോഡ് | ,, |

| | | | | | |
|---|---|---|---|---|---|
| | | | | നിർമ്മാണം | |
| 2005-06 | 3-6 | 2007-08 | 3-38-2 | പെൺകുട്ടികൾക്ക് ഇംഗ്ലീഷ്,കണക്ക് വിഷയങ്ങളിൽ മെച്ചപ്പെട്ട നിലവാരം ഉയർത്തൽ | " |
| 2005-06 | 3-9 | 2007-08 | 3-38-3 | കമ്പ്യൂട്ടർ പരിശീലന പരിപാടി ക്രമക്കേടുകൾ | " |
| 2007-08 | Pro No.446/08 445/08 441/08 398/08 80/08 67/08 129/08 114/08 447/08 443/08 407/08 437/08 434/08 44/088 442/08 | 2009-10 | 2-8 | നിക്ഷേപ വേലകൾ പൂർത്തീകരിക്കാത്തത് | " |
| 2008-09 | 3-21 | 2010-11 | 2-14 | നിക്ഷേപ വേലകൾ പൂർത്തീകരിക്കാത്തത് | " |
| 2008-09 | 3-2 | 2010-11 | 5-4-6(1) | സ്വകാര്യ വ്യക്തിയുടെ അധീനതയിലുള്ള സ്ഥലത്ത് ജില്ലാ പഞ്ചായത്ത് കെട്ടിടം നിർമ്മിച്ച | " |
| 2010-11 | 3-6(2) | 2012-13 | 4-4-2 | ഇടക്കുന്നം പഴുമല പട്ടിക വർഗ്ഗ കോളനികളുടെ സമഗ്ര വികസനം ലക്ഷ്യം നേടിയില്ല | നിയമസഭാ സമിതിയുടെ (2016-19) 6-ാമത് റിപ്പോർട്ട് ഖണ്ഡിക 50 പ്രകാരം മാർഗ്ഗരേഖ ലംഘിച്ച് നൽകിയ മുഴുവൻ തുകയും ക്രമീകരിക്കുന്നതിനും കർഷകർക്ക് ഇൻഷ്വറൻസ് തുക ലഭ്യമാകുന്നതിനും നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാകേണ്ടതാണ്. |
| 2014-15 | - | 2013-14 | 5-2 | തസ്വഭവ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും -പ്രവർത്തന ക്ഷമതാ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

| | | | | | |
|---|---|---|---|---|---|
| | | | | റിപ്പോർട്ട് | |
| 2014-15 പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | | 2014-15 | 5(എ) | തസ്വഭവ സ്ഥാപനങ്ങളും മൃഗ സംരക്ഷണം ക്ഷീര വികസന മേഖലയും -പ്രാദേശിക കോഴി വളർത്തൽ കേന്ദ്രം മണർകാട് | നിയമസഭാ സമിതി നാളിതു വരെ പരിഗണിച്ചിട്ടില്ല |
| 2015-16 | 3-49 | 2016-17 | 9-2 | തെരുവ് നായ നിയന്ത്രണം/പേവിഷ ബാധ നിർമ്മാർജ്ജന പരിപാടി | നിയമസഭാ സമിതി നാളിതു വരെ പരിഗണിച്ചിട്ടില്ല |
| 2016-17 | 3-20 | 2017-18 | 1-5-1 | വ്യക്തമായ ആസൂത്രണമില്ലാതെയും അശാസ്ത്രീയമായും മിനി പാർക്ക് നിർമ്മിച്ചത് വഴി വൻ തുകയുടെ പാഴ് ചെലവ് | നിയമസഭാ സമിതി നാളിതു വരെ പരിഗണിച്ചിട്ടില്ല |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : 847807911 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 722285201 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 4975369 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 290821286 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 27792 | ശ്രീ.വർഗ്ഗീസ് ഈപ്പൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽഎസ്ജിഡി |
| 3-2 | | 11717 | ശ്രീ.വർഗ്ഗീസ് ഈപ്പൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽഎസ്ജിഡി |

| | | | |
|---|---|---|---|
| 3-3 | | 196000 | ശ്രീ.സുമേഷ് കുമാർ റ്റി., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) |
| | | 196000 | ശ്രീമതി വിനിയ വി.എസ്., അസിസ്റ്റന്റ് എഞ്ചിനീയർ (കൃഷി) |
| 3-4 | | 4064750 | ശ്രീമതി സുജയ എൻ., ഡെപ്യൂട്ടി ഡയറക്ടർ പൊതുവിദ്യാഭ്യാസം |
| 3-5 | | 239555 | ശ്രീ.രാജേഷ് ഡി.നായർ, അസിസ്റ്റന്റ് എഞ്ചിനീയർ, രാമപുരം ഗ്രാമപഞ്ചായത്ത് |
| | | 239555 | ശ്രീ.വർഗ്ഗീസ് ഈപ്പൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽഎസ്ജിഡി |
| ആകെ | | 4975369 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22(2) | 19697467 | ശ്രീമതി മേരി ജോ വി., സെക്രട്ടറി-ഇൻ ചാർജ് |
| 1-23 | 15636358 | ശ്രീമതി മേരി ജോ വി., സെക്രട്ടറി-ഇൻ ചാർജ് |
| 1-24 | 54357058 | ശ്രീമതി മേരി ജോ വി., സെക്രട്ടറി-ഇൻ ചാർജ് |
| 1-25(1) | 3835046 | ശ്രീമതി മേരി ജോ വി., സെക്രട്ടറി-ഇൻ ചാർജ് |
| 1-25(2) | 7800000 | ശ്രീമതി മേരി ജോ വി., സെക്രട്ടറി-ഇൻ ചാർജ് |
| 1-25(3) | 993850 | ശ്രീമതി മേരി ജോ വി., സെക്രട്ടറി-ഇൻ ചാർജ് |
| 1-25(4) | 2500000 | ശ്രീമതി മേരി ജോ വി., സെക്രട്ടറി-ഇൻ ചാർജ് |
| 1-25(5) | 1250000 | ശ്രീമതി മേരി ജോ വി., സെക്രട്ടറി-ഇൻ ചാർജ് |
| 1-26 | 10500000 | ഡോ.പ്രിയ എൻ., ജില്ലാ മെഡിക്കൽ ഓഫീസർ, കോട്ടയം |
| 1-27 | 14000000 | ഡോ.പ്രിയ എൻ., ജില്ലാ മെഡിക്കൽ |

| | | |
|---|---|---|
| | | ഓഫീസർ, കോട്ടയം |
| 1-28 | 8550000 | സുമേഷ് കുമാർ റ്റി., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) |
| 1-29 (1) | 1031137 | സുമേഷ് കുമാർ റ്റി., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) |
| 1-29 (2) | 12775 | സുമേഷ് കുമാർ റ്റി., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) |
| 1-34 | 900000 | അഭിലാഷ് കെ. ദിവാകർ, ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ |
| 1-35 (3) | 582162 | സുജയ എൻ., ഡെപ്യൂട്ടി ഡയറക്ടർ പൊതുവിദ്യാഭ്യാസം |
| 1-36 (1) | 12341148 | സുജയ എൻ., ഡെപ്യൂട്ടി ഡയറക്ടർ പൊതുവിദ്യാഭ്യാസം |
| 1-36 (2) | 2574970 | സുജയ എൻ., ഡെപ്യൂട്ടി ഡയറക്ടർ പൊതുവിദ്യാഭ്യാസം |
| 1-36 (3) | 394765 | സുജയ എൻ., ഡെപ്യൂട്ടി ഡയറക്ടർ പൊതുവിദ്യാഭ്യാസം |
| 1-38 | 1287786 | വർഗ്ഗീസ് ഈപ്പൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽഎസ്ജിഡി |
| 1-39 | 1701089 | വർഗ്ഗീസ് ഈപ്പൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽഎസ്ജിഡി |
| 1-40 | 345044 | വർഗ്ഗീസ് ഈപ്പൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽഎസ്ജിഡി |
| 1-43 | 1197515 | വർഗ്ഗീസ് ഈപ്പൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽഎസ്ജിഡി |
| 1-44 | 1325173 | വർഗ്ഗീസ് ഈപ്പൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽഎസ്ജിഡി |
| 1-46 | 1544762 | വർഗ്ഗീസ് ഈപ്പൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽഎസ്ജിഡി |
| 1-51 | 134565 | വർഗ്ഗീസ് ഈപ്പൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽഎസ്ജിഡി |
| 1-52 | 1406703 | ഡോ.ബിന്ദുകുമാരി, സൂപ്രണ്ട്, ജില്ലാ ആശുപത്രി (അലോപ്പതി), കോട്ടയം |
| 1-53 | 388055 | ഡോ.സുകുമാരി റ്റി., സൂപ്രണ്ട്, ജില്ലാ |

| | | |
|---|---|---|
| | | ആശുപത്രി (ഹോമിയോ), കോട്ടയം |
| 1-54 | 124533858 | ഷിനോ പി.എസ്., പ്രോജക്ട് ഡയറക്ടർ, പി.എ.യു. |
| ആകെ | 290821286 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവ യ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വർഗ്ഗീസ് ഈപ്പൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽഎസ്ജിഡി | വിരമിച്ചു | വയലുങ്കൽ മലയിൽ, മുണ്ടാനിത്താനം പി.ഒ., കങ്ങഴ, കോട്ടയം |
| സുമേഷ് കുമാർ റ്റി., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി), ജില്ലാ പഞ്ചായത്ത്, കോട്ടയം | കൊച്ചുപുരയ്ക്കൽ അപ്പാർട്ട്മെന്റ്, പുതുപ്പള്ളി പി.ഒ., കോട്ടയം |
| ശ്രീമതി വിനിയ വി.എസ്., അസിസ്റ്റന്റ് എഞ്ചിനീയർ (കൃഷി) | അസിസ്റ്റന്റ് എഞ്ചിനീയർ (കൃഷി), ജില്ലാ പഞ്ചായത്ത് കോട്ടയം | ഫ്ലാറ്റ് നം. 3F, DD മജസ്റ്റിക് മൗണ്ട്, ചൂട്ടുവേലി, എസ്.എച്ച്.മൗണ്ട് പി.ഒ., കോട്ടയം |
| സുജയ എൻ., ഡെപ്യൂട്ടി ഡയറക്ടർ പൊതുവിദ്യാഭ്യാസം | വിരമിച്ചു | കൗസ്തുഭം, ചാരുംമൂട് പി.ഒ., ഇടക്കുന്നം, ആലപ്പുഴ ജില്ല |
| രാജേഷ് ഡി.നായർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, അതിരമ്പുഴ ഗ്രാമപഞ്ചായത്ത് | ക്വാളിറ്റി റസിഡൻസി, പുലിയന്നൂർ പി.ഒ., കോട്ടയം-686573 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻ വർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരകുറിപ്പ്/റിപ്പോർട്ട് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ എഫ് കെപി8/189/2012/21.03.2012 |
| 1998-99 | എൽ എഫ് കെപി8/564/2010/02.03.2012 |
| 1999-00, 2000-01,2001-02 | എൽ എഫ് കെപി8/1163/15/14.09.2015 |
| 2002-03 | എൽ എഫ് കെപി8/652/15/15.09.2015 |
| 2003-04 | എൽ എഫ് കെപി1/1088/06/20.03.07 /16.04.07 |
| 2004-05 | എൽ എഫ് കെപി1/616/08/30.03.10 |
| 2005-06 | എൽ എഫ് കെപി8/458/2011/11.10.2011 |
| 2006-07 | എൽ എഫ് കെപി1/234/2010/14.05.2010 |
| 2007-08 | എൽ എഫ് കെപി1/1114/09/09.10.2009 |
| 2008-09 | എൽ എഫ് കെപി8/188/2012/05.03.2012 |
| 2009-10 | എൽ എഫ് കെപി8/1098/13/02.04.2014 |
| 2010-11 | കെഎസ്എ കെറ്റിഎംപി8/1162/15/ 03.10.2015 |
| 2011-12 | എൽ എഫ് കെപി8/141/2015/14.09.2015 |
| 2012-13 | എൽ എഫ് കെപി8/210/14/27.04.15 |
| 2013-14 | കെഎസ്എ കെറ്റിഎംപി 18/442 /2017/19.04.2017 |
| 2014-15 | കെഎസ്എ കെറ്റിഎംപി 18/443 /2017/26.04.2017 |
| 2015-16 | കെഎസ്എ കെറ്റിഎം പി 16/147 /18/21.03.2018 |
| 2016-17 | കെഎസ്എ കെറ്റിഎം.പി 16/1349/2019/ 31.01.2020/14.02.2020 |
| 2017-18 | കെഎസ്എ കെറ്റിഎംപി16/1443/2022/ 11.08.2022 |
| 2018-19 | കെഎസ്എ കെറ്റിഎംപി16/1300/2022/ 22.09.2022 |
| 2019-20 | കെഎസ്എ കെറ്റിഎംപി16/1042/2022/ 26.09.2022 |
| 2020-21 | കെഎസ്എ കെറ്റിഎംപി16/1320 /2022/17.08.2022 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്